# സമഗ്രവികസന രേഖ



അധികാരം ജനങ്ങളിലേക്ക്

OFFICE OF THE VALLICODE GRAMA PANCHAYAT

## വള്ളിക്കോട് ഗ്രാമപഞ്ചായത്ത്

### ജനകീയാസൂത്രണം

31-5



സമൂഹത്തിൻെറ ഒട്ടാകെയുള്ള നന്മയ്ക്കുവേണ്ടി
സാമൂഹിക നിയന്ത്രണങ്ങൾക്കു വഴങ്ങുന്നത്
വ്യക്തിയേയും, അവർ അംഗമായ
സമൂഹത്തേയും സമ്പന്നമാക്കുന്നു.


കേരളം
പത്തനംതിട്ട ജില്ല

# പത്തനംതിട്ട ജില്ല



വള്ളിക്കോട് പഞ്ചായത്ത്

# വള്ളിക്കോട് ഗ്രാമപഞ്ചായത്ത്




18 ശനിയാഴ്ച

1997 ജനുവരി ~~14 ചൊവ്വാഴ്ച~~ രാവിലെ 9.30ന് വള്ളിക്കോട് പി.ഡി.യു.പി.എസ്സ് ആഡിറ്റോറിയത്തിൽ ചേർന്ന പഞ്ചായത്തു വികസനസെമിനാറിൽ അവതരിപ്പിച്ച റിപ്പോർട്ട്

# പഞ്ചായത്ത് ഭരണസമിതി



രാജമ്മ മുരളീധരൻ
പ്രസിഡൻറ്



സജികൊട്ടയ്ക്കാട്
വൈ: പ്രസിഡൻറ്



ഓമന പവിത്രൻ
സ്റ്റാൻഡിംഗ് കമ്മറ്റി
ചെയർ പേഴ്സൺ



എം.പി.ജോസ്



എസ്. നാരായണപിള്ള



പൊന്നമ്മ ജോൺ



കുഞ്ഞുകുഞ്ഞ്



T.R. ചന്ദ്രശേഖരൻ നായർ



ഉഷാവിജയൻ



T.V. ഗോപാലകൃഷ്ണൻ നായർ

# സമഗ്രവികസന രേഖയുടെ ശില്പികൾ

## എഡിറ്റോറിയൽ ബോഡ്

ചീഫ് എഡിറ്റർ

എം.കെ. രാഘവൻ

എഡിറ്റേഴ്സ്:

ആർ. ഗോപാലകൃഷ്ണൻനായർ
ഒ.എൻ. കൃഷ്ണക്കുറുപ്പ്
എൻ. കമലൻ
സി.ജി. ഏബ്രഹാം

## റിസോഴ്സ് പേഴ്സൺസ്

സർവ്വശ്രീ ജി. ശശികുമാർ KRP
കെ. ആർ. സുകുമാരൻനായർ KRP
കെ.കെ. ശ്രീനിവാസൻ DRP
പി.ഡി. തങ്കച്ചൻ DRP
വി. രഘുനാഥപിള്ള DRP
എൻ. ഗോപാലകൃഷ്ണൻനായർ DRP
പ്രൊ: ഏബ്രഹാം കുര്യൻ DRP
എം.ജി. ബേബി DRP

## കൺവീനേഴ്സ്

ശ്രീ. ഒ.എൻ. കൃഷ്ണക്കുറുപ്പ്
ശ്രീ. ആർ. ഗോപാലകൃഷ്ണൻനായർ
ശ്രീ. എം.കെ. രാഘവൻ
ഡോ: സതീഷ് ബാബു
ശ്രീ. ആർ. ഗോപാലക്കുറുപ്പ്
ശ്രീ. കെ. തങ്കപ്പൻ
ശ്രീമതി. സരോജനിയമ്മ
ശ്രീ. കെ.ജി. ഗോപാലൻനായർ
ശ്രീമതി. ബി. ചന്ദ്രീകാദേവി
ശ്രീ. എം.എ. രാമൻ
ശ്രീ. വി. ജോയി
പ്രൊഫ: ഏബ്രഹാം കുര്യൻ


| | |
|---|---|
| കവർ | : എം.എൻ.കുട്ടപ്പൻ |
| ലേ ഔട്ട് | : വള്ളിക്കോട് സന്തോഷ് |
| ഡി.റ്റി.പി | : ലെയ്സർ ലിങ്ക്സ്, കോട്ടയം |
| പ്രിൻറിങ് | : അർച്ചന പ്രിൻേഴ്സ്, കോട്ടയം |
| പബ്ലിഷർ | : വള്ളിക്കോട് ഗ്രാമ പഞ്ചായത്ത് കമ്മറ്റി |

# ഉള്ളടക്കം


(1) ആമുഖം....................9

(2) പഞ്ചായത്ത് പൊതുവിവരങ്ങൾ....................10

പഞ്ചായത്ത് പൊതുസ്ഥാപനങ്ങൾ....................11

മുൻഭരണസമിതി അംഗങ്ങൾ....................12

പഞ്ചായത്ത് ഭരണചരിത്രം....................13

(3) ചരിത്രപശ്ചാത്തലം....................15

പഠനപര്യടനപാത 1,2....................17, 18

(4) ഭൂപ്രകൃതി, ജനപ്രകൃതി, ജലപ്രകൃതി, മൺതരങ്ങൾ....................19

(5) വികസന മേഖലകളുടെ അവലോകനം....................21

1. കൃഷിയും ജലസേചനവും....................23
2. മൃഗസംരക്ഷണവും മത്സ്യബന്ധനവും....................43
3. വ്യവസായം....................47
4. വിദ്യാഭ്യാസം....................51
5. കുടിവെള്ളവും പൊതുജനാരോഗ്യവും....................65
6. ഗതാഗതം, ഊർജ്ജം, മാർക്കറ്റ്....................76
7. പാർപ്പിടവും സാമൂഹ്യക്ഷേമവും....................83
8. സംസ്കാരം....................91
9. വനിതാക്ഷേമം....................97
10. സഹകരണമേഖല....................99
11. പട്ടികജാതിപട്ടികവർഗ്ഗക്ഷേമം....................103
12. വിഭവസമാഹരണം....................111

നന്ദിയോടെ....................117

# വാർഡ് തല പരിശീലകർ

**വാർഡ് - 1**

ശ്രീ. എം.ആർ. സുകുമാരൻ
ശ്രീ. എസ്. അനിയൻ
ശ്രീ. എം.എസ്. ജോർജ്ജ്
ശ്രീ. എം.എ. രാമൻ
ശ്രീ. ശ്രീധരക്കുറുപ്പ്
ശ്രീ. ശ്രീധരൻ ആചാരി
ശ്രീ. ജേക്കബ് ചെറിയാൻ

**വാർഡ് - 2**

ശ്രീ. കെ.കെ. ഗോപാലകൃഷ്ണൻനായർ
ശ്രീ. സി.എം. രാമകൃഷ്ണൻനായർ
അഡ്വ. എ.കെ. സതീഷ്
ശ്രീ. കുഞ്ഞുമോൻ
ശ്രീ. എം. കെ. തോമസ്

**വാർഡ് - 3**

ശ്രീ. വർഗീസ് ഡാനിയേൽ
ശ്രീ. വി. ജോയി
ശ്രീ. പി.സി. രാമചന്ദ്രൻ
ശ്രീ. സി.പി. വർഗീസ്
ശ്രീ. ഗോപിനാഥൻനായർ
ശ്രീ. പി.എസ്. കൃഷ്ണകുമാർ
ശ്രീ. കെ.സി. യോഹന്നാൻ

**വാർഡ് - 4**

ശ്രീ. ആർ കുഞ്ഞുപിള്ള
ശ്രീ. ടി.എ. സുരേന്ദ്രൻ
ശ്രീ. എസ്.വി. മനോഹരൻനായർ
ശ്രീ. പി.കെ. ശ്രീധരൻ
ശ്രീമതി. കെ.സുധ
ശ്രീ.കെ.കെ. മാധവൻനായർ

**വാർഡ് - 5**

ശ്രീ. സജി
ശ്രീമതി. ജാനമ്മ
ശ്രീ. കെ.ജി. വർഗീസ്

**വാർഡ് - 6**

ശ്രീ. പി. ജി. കോശി
ശ്രീ. വി.പി. രങ്കനാഥൻ
ശ്രീ. ശശിധരൻനായർ
ശ്രീ. ട്രൂത്സൺസത്യ
ശ്രീ.കെ. കുട്ടപ്പനാചാരി
ശ്രീ. നാരായണൻ
ശ്രീ. കെ. ഗോപിനാഥൻനായർ
ശ്രീമതി. പൊന്നമ്മ

**വാർഡ് - 7**

ശ്രീ. എം.കെ. രാഘവൻ
ശ്രീ. ആർ. ഗോപാലകൃഷ്ണൻ നായർ
ശ്രീ. കെ.കെ. ഭാസ്കരൻ
ശ്രീ. ആർ ഗോപാലക്കുറുപ്പ്
ശ്രീ എം.പി. സത്യവ്രതൻ
ശ്രീമതി ബി. ചന്ദ്രികാദേവി
ശ്രീ. ആർ മോഹനൻ നായർ
ശ്രീ. കെ നാരായണൻനായർ
ശ്രീ. കെ.ജി. ഗോപാലൻനായർ
ശ്രീ. കെ. തങ്കപ്പൻ
ശ്രീ. എം.കെ. വാസുദേവക്കുറുപ്പ്

**വാർഡ് - 8**

ശ്രീ. കെ.ആർ പ്രമോദ്
ശ്രീ. ഷിബു വർഗീസ്
ശ്രീമതി വത്സല എസ്. വിക്രമൻ
ശ്രീ. ശശിധരൻ
ശ്രീ. ഗോപാലകൃഷ്ണൻനായർ
ശ്രീ. നാരായണൻനായർ
ശ്രീ. സി.കെ. ബാലചന്ദ്രൻനായർ

**വാർഡ് - 9**

ശ്രീ. ജോൺസൺ കോശി
ശ്രീ. എം.കെ. നെൽസൺ
ശ്രീ. റ്റി.ജി. ഡാനിയേൽ
ശ്രീ. ഡി. മനോജ് കുമാർ
അഡ്വ. കെ.ജെ. മനു.
ശ്രീ. കെ.കെ. ഡാനിയേൽ
ശ്രീ. വൈ. മണിലാൽ
ശ്രീ. എൻ.ജെ. സാമുവേൽ
ശ്രീ. പി.ജെ. ജോർജ്ജ്
ശ്രീമതി. വത്സല പി.പിള്ളൈ

**വാർഡ് - 10**

ശ്രീ. പി. രാധാകൃഷ്ണൻ നായർ
ശ്രീ. പി.ആർ. വിജയൻ
ശ്രീ. എ. സതീഷ്കുമാർ
ശ്രീ. സുരേഷ് കുമാർ
ശ്രീ. തോമസ് ജോൺ
ശ്രീ. കെ.ജി. പ്രസന്നകുമാർ
ശ്രീ. രാമകൃഷ്ണക്കുറുപ്പ്
ശ്രീമതി. വി.ആർ. വിനോദിനി.

# 1




ആസൂത്രണ ചരിത്രത്തിൽ പുതിയ ഒരദ്ധ്യായം എഴുതി ചേർത്തുകൊണ്ട് വമ്പിച്ച സാമൂഹിക മുന്നേറ്റത്തിന് കളമൊരുക്കുകയാണ് നമ്മുടെ സംസ്ഥാനം. വികസനമെന്നാൽ മുകൾത്തട്ടിൽനിന്നും ആവിഷ്കരിച്ച് നടപ്പിലാക്കേണ്ട പ്രക്രിയയാണെന്ന മാമൂൽ ധാരണ ഇതോടെ തിരുത്തി കുറിക്കപ്പെടുന്നു. ജനങ്ങൾ തങ്ങൾക്ക് വേണ്ടതെന്തെന്ന് തിരിച്ചറിഞ്ഞ് ആവശ്യപ്പെടാനും പരിഹാരമാർഗ്ഗങ്ങൾ കൂട്ടായി ചർച്ച ചെയ്ത് കണ്ടെത്താനും അങ്ങനെ പുതിയൊരു വികസന സംസ്കാരത്തിന് രൂപം കൊടുക്കുവാനുമുള്ള പരിശ്രമം കേരളത്തിൽ നടന്നു വരുന്നു. ജനകീയാസൂത്രണ പരിപാടി അതിൻെറ പുതുമ കൊണ്ട് തന്നെ സവിശേഷ ശ്രദ്ധ നേടിക്കഴിഞ്ഞു. കേരളത്തിൻെറ ഒൻപതാം പദ്ധതി ജനപങ്കാളിത്തത്തോടുകൂടി ആവിഷ്കരിക്കുന്നതിന് വേണ്ടിയാണ് സംസ്ഥാന സർക്കാരും, ആസൂത്രണ ബോർഡും ചേർന്ന് ജനകീയാസൂത്രണ പ്രസ്ഥാനത്തിന് രൂപം കൊടുത്തിട്ടുള്ളത്. വികസന പദ്ധതികൾ കേന്ദ്രത്തിലും സംസ്ഥാന തലത്തിലും തീരുമാനമെടുത്ത് നടപ്പിലാക്കുന്ന പതിവിൽ നിന്ന് വ്യത്യസ്ഥമായി പദ്ധതിയുടെ 30-40ശതമാനത്തിൻെറ ആസൂത്രണവും നടത്തിപ്പും പഞ്ചായത്തുകളെയും നഗരസഭകളെയും ഏല്പിക്കുന്നതിനാണ് തീരുമാനം, മനുഷ്യവിഭവമടക്കം വൻ തോതിൽ വിഭവസമാഹരണം നടത്തി പ്രാദേശിക തലത്തിൽ സന്തുലിത വികസനം ഉറപ്പാക്കുകയാണതിൻെറ ലക്ഷ്യം.

മുൻപറഞ്ഞ ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ട് വള്ളിക്കോട് ഗ്രാമപഞ്ചായത്തിലും അതിൻെറ പരിപാടികൾ നടന്നു വരുന്നു. നമ്മുടെ പഞ്ചായത്തിൻെറ സാമൂഹ്യ, സാമ്പത്തിക, സാംസ്കാരിക പശ്ചാത്തലം, കൃഷിയും ജലസേചനവും മൃഗസംരക്ഷണവും, മത്സ്യബന്ധനവും, വ്യവസായം, ഊർജ്ജം, ഗതാഗതം, മാർക്കറ്റ്, പാർപ്പിടം, വിദ്യാഭ്യാസം, ആരോഗ്യം, പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം, സാമൂഹ്യക്ഷേമ മേഖല, വനിതാ സാംസ്കാരികരംഗം, സഹകരണ മേഖല, വിഭവ സമാഹരണം, എന്നീ മേഖലകളെ അടിസ്ഥാനമാക്കി ഒരു വികസന റിപ്പോർട്ടിന് രൂപം കൊടുത്തിരിക്കുകയാണ്. ഗ്രാമസഭ റിപ്പോർട്ടുകൾ, പഠന പര്യടനം, കാരണവചർച്ചകൾ ഉദ്യോഗസ്ഥ സഹകരണം, ലഭ്യമായ സ്ഥിതി വിവരണ കണക്കുകൾ വിദഗ്ദ്ധ ഉപദേശം എന്നിവ വച്ചുകൊണ്ട് തയാറാക്കിയ ഒരു വികസന റിപ്പോർട്ടാണിത്. സമഗ്രമായ ഒന്നാണെന്ന് അവകാശപ്പെടുന്നില്ലെങ്കിലും മുൻപറഞ്ഞ മേഖലകളെ പരമാവധി സ്പർശിച്ചുകൊണ്ട് തയ്യാറാക്കിയതാണിത്. ഈ റിപ്പോർട്ട് തയ്യാറാക്കുന്നതിന് സഹായകരമായി പ്രവർത്തിച്ച ഈ പഞ്ചായത്തിലെ എല്ലാ നല്ലവരോടും നിസ്സീമമായ നന്ദി രേഖപ്പെടുത്തി കൊള്ളുന്നു. തുടർന്നുള്ള എല്ലാ പ്രവർത്തന ഘട്ടങ്ങളിലും എല്ലാവരുടെയും സഹകരണം പ്രതീക്ഷിക്കുന്നു. ഈ റിപ്പോർട്ടിനെ അടിസ്ഥാനപ്പെടുത്തി നടക്കുന്ന വികസന സെമിനാറും, തുടർന്നുള്ള ക്രമീകരണവും വിജയകരമാകട്ടെ. ഓരോ ഗ്രാമവും ഓരോ സർക്കാരുകളായിത്തീരണം എന്ന സങ്കല്പം സാക്ഷാത്കരിക്കുന്ന രാമരാജ്യം എന്ന മഹാത്മജിയുടെ സ്വപ്നം പൂവണിയാൻ പോകുന്നു എന്ന ചാരിതാർത്ഥ്യത്തോടെ ഞാൻ ഈ റിപ്പോർട്ട് ബഹുജനസമക്ഷം സമർപ്പിക്കുന്നു.

എന്ന്

രാജമ്മ മുരളീധരൻ (ഒപ്പ്)
പ്രസിഡൻറ്
വള്ളിക്കോട് ഗ്രാമപഞ്ചായത്ത്

വള്ളിക്കോട്
30/12/96

# 2 പഞ്ചായത്ത് : പൊതുവിവരങ്ങൾ

പഞ്ചായത്തിൻെറ പേര് .......................................... വള്ളിക്കോട് ഗ്രാമപഞ്ചായത്ത്

റവന്യൂ ജില്ലയുടെ പേര് .......................................... പത്തനംതിട്ട

ബ്ലോക്കു പഞ്ചായത്ത് ഡിവിഷൻ ........... വള്ളിക്കോട് -1 കോട്ടയം വി. (ഭാഗികം)

ബ്ലോക്കു പഞ്ചായത്ത് .......................................... കോന്നി

താലൂക്ക് .......................................... കോഴഞ്ചേരി

ജില്ല .......................................... പത്തനംതിട്ട

അസംബ്ലിമണ്ഡലം .......................................... പത്തനംതിട്ട

പഞ്ചായത്തിൻെറ വിസ്തീർണ്ണം .......................................... 18.86 ച.കി.മീ.

ജനസംഖ്യ .......................................... 19746

വാർഡുകളുടെ എണ്ണം ..........................................പത്ത്

പ്രസിഡൻറിൻെറ പേര് .......................................... രാജമ്മ മുരളീധരൻ

വൈസ് പ്രസിഡൻറിൻെറ പേര് .......................................... സജി കൊട്ടയ്ക്കാട്

# പഞ്ചായത്തിലെ പൊതു സ്ഥാപനങ്ങൾ

| സ്ഥാപനത്തിൻെറ പേര് | | എണ്ണം |
|---|---|---|
| വില്ലേജ് ആഫീസ് | – | 1 |
| പഞ്ചായത്ത് ആഫീസ് | – | 1 |
| പോസ്റ്റാഫീസ് | – | 6 |
| ടെലിഫോൺ എക്സ്ചേഞ്ച് | – | 1 |
| കൃഷിഭവൻ | – | 1 |
| ഇലക്ട്രിസിറ്റി ആഫീസ് | – | 1 |
| വില്ലേജ് എക്സ്റ്റൻഷൻ ആഫീസ് | – | 2 |
| പ്രൈമറി ഹെൽത്ത് സെൻറർ | – | 1 |
| പ്രൈമറി സബ് സെൻറർ | – | 3 |
| മൃഗാശുപത്രി | – | 1 |
| ഐ.സി.ഡി.പി. യൂണിറ്റ് | – | 1 |
| ആയുർവേദ ഡിസ്പൻസറി | – | 1 |
| വിഷവൈദ്യശാല | – | 1 |
| ഹൈസ്കൂളുകൾ (ഒന്ന് VHSS) | – | 2 |
| പ്രൈമറി സ്കൂൾ | – | 6 |
| യൂ.പി. സ്കൂൾ | – | 2 |
| പോലീസ് ഔട്ട്പോസ്റ്റ് | – | 1 |
| ആശുപത്രി (അലോപ്പതി) | – | 3 |
| ആശുപത്രി (ഹോമിയോ) | – | 3 |
| അങ്കണ്‍വാടികൾ | – | 25 |
| പ്രീ പ്രൈമറി സ്കൂൾ | – | 1 |
| നഴ്സറി സ്കൂൾ | – | 3 |
| സാങ്കേതികസ്ഥാപനം | – | 3 |
| ട്യൂട്ടോറിയൽ | – | 3 |
| ഗ്രന്ഥശാലകൾ | – | 7 |
| തീയേറ്ററുകൾ | – | 2 |
| കോ- ഓപ്പറേറ്റീവ് ബാങ്ക് | – | 2 |
| ഷെഡ്യൂൾഡ് ബാങ്ക് | – | 3 |

# മുൻഭരണസമിതി അംഗങ്ങൾ

### വർഷം 1951

ശ്രീ. ഡി. ദാമോദരൻ പോറ്റി. (പ്രസിഡൻറ്)
ശ്രീ. എ. രാമൻ (വൈ. പ്രസിഡൻറ്)
ശ്രീ. റ്റി.കെ. ശിവരാമൻ നായർ
ശ്രീ. സി.കെ. ശശാങ്കൻനായർ
ശ്രീ. കെ. ഗോപാലൻ നായർ
ശ്രീ തേരകത്ത് റ്റി.എം. ഫിലിപ്പ്
ശ്രീ. ഡോ: എം.റ്റി. തോമസ്

### വർഷം 1963 - 1979

ശ്രീ. സി.കെ. ശശാങ്കൻനായർ (പ്രസിഡൻറ്)
ഫാദർ ഡാനിയേൽ എൻ വർഗീസ് (വൈ.പ്രസിഡൻറ്)
ശ്രീ. വി.എസ്. ജോർജ്
ശ്രീ. എം. ജി. കൃഷ്ണപിള്ള
ശ്രീ. ഒ.എൻ. കൃഷ്ണക്കുറുപ്പ്
ശ്രീ. എൻ. കൃഷ്ണൻ
ശ്രീ. എം.കെ. ഗോവിന്ദൻ നായർ
ശ്രീ. പി.ഡി. ഡാനിയേൽ
ശ്രീമതി. റ്റി.കെ. രത്നാഭായി

*(മുകളിൽ പറഞ്ഞിട്ടുള്ള അംഗങ്ങളിൽ ഫാദർ ഡാനിയേൽ എൻ.വർഗീസ്, ശ്രീ. ഒ.എൻ. കൃഷ്ണക്കുറുപ്പ്, ശ്രീ.പി.സി. ഡാനിയേൽ എന്നിവർ രാജിവെച്ച് ഒഴിഞ്ഞതിനാൽ തൽസ്ഥാനങ്ങളിലേക്ക് ശ്രീമതി. റ്റി.കെ. പൊന്നമ്മ, ശ്രീ.വി. രഘുനാഥപിള്ള, ശ്രീ.കെ. രാഘവക്കുറുപ്പ് എന്നിവർ തെരഞ്ഞെടുക്കപ്പെട്ടു തുടർന്ന് ശ്രീ. എം.ജി. കൃഷ്ണപിള്ള. വൈ. പ്രസിഡൻറായി തെരഞ്ഞെടുക്കപ്പെടുകയും ചെയ്തു.)*

### വർഷം 1980 - 1985

ശ്രീ. സി.കെ. ശശാങ്കൻനായർ (പ്രസിഡൻറ്)
ശ്രീ. കെ.ജെ. ജോഷ്വാ (വൈ. പ്രസിഡൻറ്)
ശ്രീ. കൊച്ചുമ്മൻ കോശി
ശ്രീ. എൻ.കെ. രാഘവൻ നായർ
ശ്രീ. എം.എസ്. കൊച്ചുകൊച്ച്
ശ്രീമതി. എം.ജി. റേച്ചൽ
ശ്രീ.കെ. ശ്രീധരക്കുറുപ്പ്
ശ്രീ.എം.ആർ. മാധവൻനായർ
ശ്രീ. ഒ.എൻ. കൃഷ്ണക്കുറുപ്പ്

### വർഷം 1988 - 1995

ശ്രീ. ജി. ശശിധരൻ നായർ (പ്രസിഡൻറ്)
ശ്രീമതി ലിസ്സിമാത്യു (വൈ. പ്രസിഡൻറ്)
ശ്രീമതി രൂഹാമ്മ വർഗീസ്
ശ്രീ. രാജു നെടുവംപുറം
ശ്രീ. എ.കെ. തങ്കപ്പൻപിള്ള
ശ്രീ. റ്റി.ആർ. ചന്ദ്രശേഖരൻ നായർ
ശ്രീ. എം. എസ്. കൊച്ചുകൊച്ച്
ശ്രീ. പി. രാധാകൃഷ്ണൻനായർ
ശ്രീ. എ.എൻ. രാഘവൻപിള്ള

## നിലവിലുള്ള ഭരണസമിതി

### വർഷം 1995

ശ്രീമതി. രാജമ്മ മുരളീധരൻ (പ്രസിഡൻറ്)
ശ്രീ. സജി കൊട്ടയ്ക്കാട് (വൈ. പ്രസിഡൻറ്)
ശ്രീ. എം.പി. ജോസ്
ശ്രീ. എസ്. നാരായണപിള്ള
ശ്രീമതി പൊന്നമ്മ ജോൺ
ശ്രീ.കെ. കുഞ്ഞുകുഞ്ഞ്
ശ്രീ. റ്റി.ആർ ചന്ദ്രശേഖരൻനായർ
ശ്രീമതി. ഓമന പവിത്രൻ
ശ്രീമതി. ഉഷാ വിജയൻ
ശ്രീ.റ്റി.വി. ഗോപാലകൃഷ്ണൻനായർ

# പഞ്ചായത്ത് ഭരണചരിത്രം

മുൻകാലത്ത് കുന്നത്തൂർ താലൂക്കിന്റെ ഭാഗമായിരുന്ന വള്ളിക്കോടു വില്ലേജിൽ ഒരു വില്ലേജ് യൂണിയൻ നിലവിൽ വന്നത് 1951ൽ ആയിരുന്നു. ഏഴംഗങ്ങൾ ഉണ്ടായിരുന്ന സമിതിയുടെ പ്രസിഡൻറ് യശശ്ശരീരനായ കൈനിക്കര ഇല്ലത്ത് ഡി. ദാമോദരൻ പോറ്റിയായിരുന്നു. അദ്ദേഹത്തിന്റെ നേതൃത്വത്തിലുള്ള ഭരണ സമിതിക്ക് അനേകം വികസന പ്രവർത്തനങ്ങളുടെ തുടക്കം കുറിക്കാൻ കഴിഞ്ഞു. 1963ൽ വള്ളിക്കോട് പഞ്ചായത്ത് ഒമ്പതു വാർഡുകളായി വിഭജിക്കുകയും അതിന്റെ ആദ്യത്തെ ഭരണസമിതി യശശ്ശരീരനായ സി. കെ. ശശാങ്കൻനായർ പ്രസിഡൻറായി അധികാരമേല്ക്കുകയും ചെയ്തു. ഈ ഭരണസമിതിക്ക് 1963 മുതൽ 1979 വരെ അധികാരത്തിൽ തുടരാൻ കഴിഞ്ഞു. അന്നത്തെ പഞ്ചായത്ത് ആസ്ഥാനം മായാലിൽ ആയിരുന്നു. പ്രസ്തുത കാലത്ത് 7-ാം വാർഡിൽ ഒരു പ്രൈമറി ഹെൽത്ത് സെൻറർ സ്ഥാപിച്ചു. അതിന്റെ തുടർന്നുള്ള വികസനത്തിനു തറക്കല്ലിട്ടു. എന്നാൽ പണികൾ ആരംഭിക്കാൻ കഴിഞ്ഞില്ല. ഗ്രാമവികസന ബോർഡിൽ നിന്നും വായ്പ എടുത്ത് പുത്തൻചന്തയിൽ രണ്ടു നില ക്കെട്ടിടം പണിത് അവിടേക്ക് പഞ്ചായത്ത് ആസ്ഥാനം മാറ്റിയതും ഈ ഭരണ സമിതിയുടെ കാലത്തായിരുന്നു. വരുമാനം അനുസരിച്ച് പഞ്ചായത്തുകളേ തരം തിരിച്ചപ്പോൾ വള്ളിക്കോടു പഞ്ചായത്ത് സ്പെഷ്യൽ ഗ്രേഡായി ഉയർത്തപ്പെട്ടു. ഇക്കാലത്ത് പഞ്ചായത്തു പ്രദേശത്തിൽ നാല്, ലക്ഷംവീടു കോളനികൾക്ക് സ്ഥലം കണ്ടെത്തുകയും വീടു നിർമ്മിച്ചു കൊടുക്കുകയും ചെയ്തിട്ടുണ്ട്. തുടർന്ന് നടന്ന തെരഞ്ഞെടുപ്പിൽ അധികാരത്തിൽ വന്ന മൂന്നാമത്തേ ഭരണ സമിതിയുടെ പ്രസിഡൻറും സി. കെ. ശശാങ്കൻ നായരായിരുന്നു. ഈ ഭരണ സമിതിക്ക്, കൈപ്പട്ടൂർ മൃഗാശുപത്രിയും, വാഴമുട്ടം ആയുർവേദാശുപത്രിയും സ്ഥാപിക്കാൻ കഴിഞ്ഞിട്ടുണ്ട്. 1963മുതൽ 1984 വരെ പഞ്ചായത്തു ഭരണസമിതികളിൽ പ്രസിഡൻറായി പഞ്ചായത്തിനെ നയിക്കുകയും, അതിനുമുമ്പ് പഞ്ചായത്തു കമ്മറ്റിയിൽ സേവനമനുഷ്ഠിക്കുകയും ചെയ്ത സി. കെ. ശശാങ്കൻ നായർ പിൽക്കാലത്ത് കോന്നിനിയോജകമണ്ഡലത്തെ പ്രതിനിധീകരിച്ച് എം. എൽ.എ. ആയി സേവനം ചെയ്യുകയും ചെയ്തിട്ടുണ്ട്. അദ്ദേഹത്തിന്റെ സേവനതല്പരതയും, അർപ്പണബോധവും ഈ പഞ്ചായത്തിന്റെ നാനാമുഖമായ വികസനത്തിന് കളമൊരുക്കിയിട്ടുണ്ട്. തുടർന്ന് വന്ന ഭരണസമിതി 1988ൽ അധികാരത്തിൽ വന്നപ്പോൾ ശ്രീമാൻ ജി. ശശിധർനായരായിരുന്നു പ്രസിഡൻറ്. ഈ കമ്മറ്റിക്ക് അനേകം നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടത്തുവാൻ കഴിഞ്ഞു. 7-ാം വാർഡിൽ ഒരു മിനി സ്റ്റേഡിയം സ്ഥാപിച്ചു. ചന്തയിൽ ഒരു ഓപ്പൺ എയർ തീയേറ്റർ നിർമ്മിക്കുകയും, 8-ാം വാർഡിൽ ഒരു സാംസ്കാരിക നിലയം സ്ഥാപിച്ചെടുക്കുകയും ചെയ്തു. പ്രൈമറി ഹെൽത്ത് സെൻററിൽ ഒരു പുതിയ വാർഡ് പണിയുന്നതിലേക്ക് ശ്രീ. എസ്. രാമചന്ദ്രൻപിള്ള എം. പി യുടെ വികസന ഫണ്ടിൽ നിന്നും 3 ലക്ഷത്തിൽപരം രൂപ അനുവദിപ്പിക്കുന്നതിനു സാധിച്ചു. മുപ്രമൺ താഴൂർക്കടവു റോഡിന്റെ സമഗ്രവികസനത്തിന് പത്തനംതിട്ട എം.എൽ.എ. ശ്രീ. കെ. കെ. നായർ അവർകളുടെ എം.എൽ.എ ഫണ്ടിൽ നിന്നും തുക കണ്ടെത്തിയതും ഇക്കാലത്താണ്. കൂടാതെ പഞ്ചായത്തിലുള്ള റോഡുകൾ, കുളിക്കടവുകൾ, ചീപ്പുകൾ എന്നിവയുടെ അറ്റകുറ്റപ്പണികളും, പുനർനിർമ്മാണവും ധാരാളമായി നടത്തിയിട്ടുണ്ട്. കുടിവെള്ളക്ഷാമത്തിന്റെ രൂക്ഷത അനുഭവപ്പെടുന്ന വള്ളിക്കോടു പഞ്ചായത്തിന്

ഏറെ അനുഗ്രഹമായ വള്ളിക്കോടു കൊടുമൺ ശുദ്ധജല വിതരണ പദ്ധതിയെ സംബന്ധിച്ച നടപടിക്രമങ്ങൾ പൂർത്തിയാക്കാൻ ഈ കമ്മറ്റിക്കു കഴിഞ്ഞിട്ടുണ്ട്. 1991 ലെ ഒന്നാം ഘട്ട സാക്ഷരതായജ്ഞ പരിപാടിക്ക് പഞ്ചായത്തിലുണ്ടായ വിജയം ഈ കമ്മറ്റിക്ക് അവകാശപ്പെട്ടതാണ്. 1995ൽ പഞ്ചായത്തു വാർഡുകൾ 10 ആക്കി പുനഃ ക്രമീകരിച്ചു.

അന്നു നടന്ന തെരഞ്ഞെടുപ്പിൽ ശ്രീമതി രാജമ്മ മുരളീധരൻ പ്രസിഡൻറായി പത്തംഗസമിതി 1995 ഒക്ടോബർ രണ്ടാം തീയതി അധികാരമേറ്റു. അന്നു മുതൽ ഇന്നോളമുള്ള പരിമിതമായ കാലഘട്ടത്തിലും പല വികസന പ്രവർത്തനങ്ങൾക്ക് ആരംഭമിട്ടു. ശ്രീ. പാലാ കെ. എം. മാത്യു എം. പി യുടെ വികസന ഫണ്ടിൽ നിന്നും 1 ലക്ഷം രൂപാ പ്രയോജനപ്പെടുത്തി കൈപ്പട്ടൂർ വള്ളത്തോൾ ഗ്രന്ഥശാലയ്ക് ഒരു കെട്ടിടം നിർമ്മിക്കാനും, വാഴമുട്ടം9-ാം വാർഡിൽ ഒരു ആഗ്രോ സർവ്വീസ് സെൻററിന് തറക്കല്ലിട്ടു പ്രവർത്തനം കുറിക്കാനും ഈ കമ്മറ്റിക്കു കഴിഞ്ഞു. 8-ാം വാർഡിലെ ചോനൽമുരുപ്പു കോളനി IHDP പദ്ധതിയുടെ കീഴിൽ കൊണ്ടുവരാൻ സാധിച്ചത് ഈ കമ്മറ്റി നിലവിൽ വന്ന ശേഷമാണ്.

നിലവിലുള്ള കമ്മറ്റിയുടെ നേതൃത്വത്തിൽ കൈപ്പട്ടൂർ മൃഗാശുപത്രിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നു കൊണ്ടിരിക്കുന്നു. 1951 മുതൽ കാലാകാലങ്ങളായി അധികാരത്തിലിരുന്ന എല്ലാ ഭരണസമിതി അംഗങ്ങളും, രാഷ്ട്രീയ ചിന്താഗതികൾക്ക് അതീതമായി, അവികസിതവും അർദ്ധ വികസിതവുമായ ഗ്രാമപ്രദേശത്ത് വികസനത്തിൻെറ കൈത്തിരി, വിജയ പ്രദമായി കൊളുത്താൻ ശ്രമിച്ചിട്ടുണ്ട് എന്നതിൽ ഈ നാട്ടുകാർക്ക് അഭിമാനമുണ്ട്.

●●●

# 3 ചരിത്രപശ്ചാത്തലം

അച്ചൻ കോവിലാറ് അതിരിടുന്ന കാർഷിക പ്രധാനമായ വള്ളിക്കോടിന് അഭിമാനിക്കാവുന്ന ഒരു ചരിത്രപശ്ചാത്തലമുണ്ട്. ഏറെ പഴക്കമുള്ള ആരാധനാലയങ്ങളും കർമ്മധീരരായ ചരിത്രപുരുഷന്മാരുടെ സാന്നിദ്ധ്യവും ഈ നാടിനെ ധന്യമാക്കിയിട്ടുണ്ട്.

പുരാതന ശിലായുഗ സംസ്കാരത്തിന്റെ പ്രതീകമായ "കൽമഴു" കേരളാ ഗസറ്റിയറിന്റേയും പുരാവസ്തുവകുപ്പിന്റേയും പഠനസംഘം കൈപ്പട്ടൂരിൽ കണ്ടെത്തിയതായി 1979 ഏപ്രിൽ 14-ാം തീയതിയിലെ കേരളകൗമദി ദിനപ്പത്രം റിപ്പോർട്ടു ചെയ്തിരുന്നു.

വള്ളിക്കോടു ഗ്രാമപഞ്ചായത്തിൽപ്പെട്ട സ്ഥലങ്ങളും ചന്ദനപ്പള്ളി - കൊടുമൺ പ്രദേശങ്ങളും കൊല്ലവർഷാരംഭത്തിൽ ചെന്നീർക്കര സ്വരൂപത്തിൽപ്പെട്ടതായിരുന്നു. വള്ളിക്കോടിനോടു ചേർന്നുള്ള ചന്ദനപ്പള്ളിയിൽ ചെന്നീർക്കര സ്വരൂപത്തിന്റെ സ്ഥാപകനും ദേശവാഴിയുമായിരുന്ന ശക്തി ഭദ്രൻ ഒരു കോട്ട സ്ഥാപിച്ചിരുന്നു. ഈ കോട്ടയ്ക്ക് വള്ളിക്കോടു കോട്ടയെന്നും പേരുണ്ടായിരുന്നുവെന്നു ചരിത്രകാരന്മാർ രേഖപ്പെടുത്തിയിരിക്കുന്നു. മാർത്താണ്ഡവർമ്മ യുവരാജാവ് ശത്രക്കളെ ഭയന്ന് അന്നത്തേ ദേശവാഴിയുടെ ഒത്താശയോടെ പ്രസ്തുത കോട്ടയിൽ ഒളിവു ജീവിതം നടത്തിയിരുന്നതായ തൃപ്പാറക്ഷേത്രത്തിൽ ചെന്നു ദർശനം നടത്തിയിരുന്നതായും രേഖകൾ വ്യക്തമാക്കുന്നു. വള്ളിക്കോട് "പാതാനി വട്ടത്ത്" ഇല്ലത്തു നിന്നുമാണ് രാജാവിനും രാമയ്യനും ഭക്ഷണം കൊടുത്തിരുന്നതെന്നും അതിനു പ്രത്യുപകാരമായി കൈപ്പട്ടൂർ മുതൽ മുഴിക്കടവുവരെയുള്ള സ്ഥലത്തിന്റെ ജന്മിസ്ഥാനം പാതാനിവട്ടം കുടുംബത്തിന് നൽകിയിരുന്നതായും പറയപ്പെടുന്നുണ്ട്.

984-ലെ കുണ്ടറ വിളംബരത്തിനുശേഷം ബ്രിട്ടീഷ് സൈന്യവുമായുണ്ടായ ഏറ്റുമുട്ടലിൽ പരിക്ഷീണനനായ വേലുതമ്പിദളവ വള്ളിക്കോടു കോട്ടയിൽ അഭയം പ്രാപിച്ചിരുന്നതായും അദ്ദേഹത്തെ തേടിയെത്തിയതായ ബ്രിട്ടീഷ് സൈന്യം "ചെമ്പത്" വയലിൽ താവളമടിച്ചിരുന്നതായും ചരിത്രം പറയുന്നു.

1915- ൽ പ്രസിദ്ധീകരിച്ച ഓക്സ് ഫോർഡ് ഭൂപടത്തിൽ, ഇന്നത്തെ പത്തനംതിട്ട ജില്ലയുടെ മേഖലയിൽ അടൂർ, വള്ളിക്കോട് എന്നീ സ്ഥലങ്ങൾ മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളൂ.

നാടിന്റെ പ്രാചീനസംസ്കാരം വിളംബരം ചെയ്യുന്ന മഹാക്ഷേത്രങ്ങളും പള്ളികളും ഇവിടെയുണ്ട്. വയലാ വടക്ക് ഇണ്ടിളയപ്പൻ ക്ഷേത്രത്തിന് ആയിരം വർഷങ്ങളിൽ കൂടുതൽ പഴക്കമുണ്ടെന്നു ക്ഷേത്രരേഖകളിൽ കാണുന്നു. ദക്ഷിണ കാശിയെന്നറിയപ്പെടുന്ന മഹാക്ഷേത്രമാണ് തൃപ്പാറ. അവിടെ നടന്നിരുന്ന "തൃപ്പാറക്കൂട്ടം" വളരെ പ്രസിദ്ധമായിരുന്നു. തൃക്കോവിലെ ശ്രീ പദ്മനാഭ സ്വാമിക്ഷേത്രം മദ്ധ്യ തിരുവിതാം കൂറിൽ ഏറെ പ്രശസ്തി ആർജിച്ചിരുന്നു. വിഷ്ണു ഭക്തനായ വില്വമംഗലത്തു സ്വാമിയാരാണ് ടി ക്ഷേത്രത്തിൽ പ്രതിഷ്ഠ നടത്തിയത്. അതിനുശേഷമാണ് അദ്ദേഹം തിരുവനന്തപുരം ശ്രീപദ്മനാഭസ്വാമി ക്ഷേത്രത്തിൽ പ്രതിഷ്ഠ നടത്തിയതെന്നും ഐതീഹ്യമുണ്ട്. വാഴമുട്ടം വിഷ്ണു ക്ഷേത്രത്തിന് അഞ്ചുനൂറ്റാണ്ടു കാലത്തേ പഴക്കമുണ്ട്. കൈപ്പട്ടൂർ സെന്റ് ഇഗ്നേഷ്യസ് ഓർത്തഡോക്സ്, വലിയപള്ളിയുടെ നിർമ്മാണം കഴിഞ്ഞിട്ട് 130-ഓളം വർഷങ്ങളായി. 200 വർഷങ്ങൾക്കു മുൻമ്പ് ഒരു വാനനിരീ

ക്ഷണ ശാസ്ത്രജ്ഞൻ ഈ പ്രദേശത്ത് ജീവിച്ചിരുന്നതായി അഞ്ചൽ ആർ വേലുപ്പിള്ളയുടെ ഒരു പുസ്തകത്തിൽ കാണുന്നുണ്ട്.

ഈ പഞ്ചായത്തിൽ അങ്ങിങ്ങായി സർപ്പക്കാവുകളും കുളങ്ങളും ഇന്നും നിലനില്ക്കുന്നുണ്ട്. ബുദ്ധജൈനമതങ്ങളുടെ പ്രചാരം വിളിച്ചറിയിക്കുന്ന സ്മാരകങ്ങളാണിവ. നരിയാപുരം പെരുന്തിട്ടമഠം കാവിൽ ഒരു ബുദ്ധവിഗ്രഹം കാണുന്നു. പ്രകൃതിയുടെ ഒരു ഭാഗമാണ് ഈ പ്രദേശത്തെ മലകൾ. ഈ പ്രദേശത്തുള്ള മിക്കവാറും എല്ലാ മലകളിലും മലദൈവങ്ങളെ പ്രതിഷ്ഠിച്ച് ആരാധിച്ചു വരുന്നു.

ഭുവനേശ്വരത്ത്, പുനലൂരിൽ നിന്നും വന്ന പുല്ലൂർ കുറുപ്പന്മാരുടെ കളരി ഇന്നും നിലനില്ക്കുന്നുണ്ട്. വാഴമുട്ടത്ത് തേവലശ്ശേരി പറമ്പിൽ കാവും, കളരിത്തറയും ഇപ്പോഴും കാണുവാനുണ്ട്.

ഈ പഞ്ചായത്തിൽകൂടി കടന്നുപോകുന്ന പ്രധാന റോഡ് തൃക്കുന്നപ്പുഴ- അച്ചൻകോവിൽ റോഡിൻെറ ഭാഗമാണ്. 500വർഷത്തിൽ കൂടുതൽ പഴക്കമുള്ള തണൽമരങ്ങളും ചുമടുതാങ്ങികളും അടുത്തകാലംവരെ റോഡിൻെറ വശങ്ങളിൽ ഉണ്ടായിരുന്നു.

പത്തനംതിട്ട താലൂക്കിലെ ഏറെ പഴക്കമുള്ള സ്ക്കൂളാണ് മായാലിലെ മലയാളം സ്ക്കൂൾ. വള്ളിക്കോടു വില്ലേജ് ആഫീസ്സിനും നൂറ്റാണ്ടുകളുടെ പഴക്കമുണ്ട്. അച്ചൻകോവിൽ വരെയുള്ള സ്ഥലങ്ങൾ ഈ വില്ലേജിൻെറ പരിധിയിൽ പെട്ടിരുന്നു. വില്ലേജാഫീസ്സിനു അടുത്തുണ്ടായിരുന്ന അഞ്ചലാഫീസ് അധികകാലം അവിടെ പ്രവർത്തിച്ചില്ല.

വള്ളിക്കോടു വില്ലേജിൻെറ കിഴക്കൻ മേഖലകളെല്ലാം തന്നെ വനപ്രദേശങ്ങളായിരുന്നു. കൈപ്പട്ടൂർ കല്ലുപാലത്തിനടുത്ത് 100വർഷങ്ങൾക്കുമുമ്പ് ഒരു ആനക്കൂടുണ്ടായിരുന്നു. കെട്ടുവള്ളങ്ങളിൽ ചരക്കുകൾ കയറ്റിറക്കു നടത്തിയിരുന്നു ഒരു സ്ഥലമായിരുന്നു കൈപ്പട്ടൂർ കുരുമ്പേലിൽ കടവ്. കൈപ്പട്ടൂരിലെ കാരയ്ക്കാട്ടു ചന്തയ്ക്ക് ഏറെ പഴക്കമുണ്ടായിരുന്നു. ചന്തയോടു ചേർന്നായിരുന്നു അന്നത്തെ പണ്ടകശാല നരിയാപുരത്തു സെൻറ് പോൾസ് ഹൈസ്ക്കൂൾ സ്ഥിതിചെയ്യുന്ന സ്ഥലം പന്തളം രാജാവിൻെറ കോട്ടയായിരുന്നു.

സ്വാതന്ത്ര്യ സമരത്തിൽ പങ്കെടുത്ത ദേശാഭിമാനികൾ ഈ പ്രദേശത്തും ഉണ്ടായിരുന്നു. അവരിൽ ചിലരുടെ പേര് എടുത്തു പറയേണ്ടിയിരിക്കുന്നു. കൈപ്പട്ടൂർ വല്യവീട്ടിൽ കുടുംബത്തിലെ ഡേവിഡ് വി. ജോർജ്ജ് അവരിൽ പ്രധാനിയായിരുന്നു. സ്വാതന്ത്ര്യസമരത്തിൽ സജീവമായി പങ്കെടുത്തതിൻെറ പേരിൽ അദ്ദേഹത്തിനു ജയിൽ വാസം അനുഭവിക്കേണ്ടി വന്നു. ഇൻഡ്യൻ ദേശീയതയുടെ പാവന പ്രതീകമായ ഡോ. ജി. രാമചന്ദ്രൻെറ സാന്നിദ്ധ്യവും സഹകരണവുമാണ് ശ്രീമാൻ ഡേവിഡിനെ സ്വാധീനിച്ചത്. പിൽക്കാലത്ത് വല്യവീട്ടിൽ കുടുംബവും പടിഞ്ഞാറ്റടത്തു കുടുംബവും സി. അച്ച്യുതമേനോൻ K.Cജോർജ്ജ് തുടങ്ങിയ നേതാക്കൾക്ക് ഒളിവുകാല ജീവിതത്തിൽ അഭയം നൽകിയിട്ടുണ്ട്.

ഗാന്ധിജിയുടെ ആദർശങ്ങളിൽ അടിയുറച്ചു നിന്നുകൊണ്ട് സ്വാതന്ത്ര്യ സമരരംഗത്ത് സജീവമായി പ്രവർത്തിച്ച വയലാ വടക്ക് ഇളങ്ങാട്ടുവീട്ടിൽ ശ്രീമാൻ അയ്യപ്പസ്വാമി പൂർവ്വകാല സ്മരണകളുമായി 98ൽ എത്തി നില്ക്കുന്നു.

വിദ്യാഭ്യാസത്തിലും രാഷ്ട്രീയ പ്രബുദ്ധതയിലും വള്ളിക്കോട് മുന്നിൽതന്നെയായിരുന്നു. കൈപ്പട്ടൂർ തേരകത്ത് കുടുംബത്തിൽ T.M കോശി (വല്ല്യകുഞ്ഞ്) ഇംഗ്ലണ്ടിൽ പോയി I.C.S നു പഠിച്ചിരുന്നു. ഇരട്ടിയാണിക്കൽ വീട്ടിൽ ശ്രീമാൻ N. ഗോപാലകൃഷ്ണൻ നായർ I.A.S ഈ നാടിന് ഒരുമുതൽക്കൂട്ടായിരുന്നു. കൈനിക്കര ഇല്ലത്തെ ദേവകീ അന്തർജ്ജനം M.L.C, ശ്രീ. C.K. ഹരിചന്ദ്രൻ നായർ M.L.A, ശ്രീ.C.K. ശശാങ്കൻ നായർ M.L.A തുടങ്ങിയവർ അഭിമാനപൂർവ്വം സ്മരിക്കപ്പെടേണ്ടവരാണ്.

●●●

## പഠനപര്യടനപാത. 1.

തെക്കുകിഴക്ക് ⟷ വടക്കുപടിഞ്ഞാറ്

0. മണക്കാപ്പ.
1. ആശാരിമുരുപ്പ്.
2. വേട്ടക്കുളം.
3. ചോനൽമുരുപ്പ്.
4. വട്ടമുരുപ്പ്.
5. കോടിയാട്ടുമുരുപ്പ്.
6. മായാലിൽ വയൽ.
7. വെള്ളപ്പാറമുരുപ്പ്.
8. കുമ്പേലിപ്പടി ഏലാ.
9. കാരക്കാട്ടുമല.
10. ഇണ്ടിളയപ്പൻ ക്ഷേത്രഭാഗം.
11. പമ്പുക്കുഴിമല.
12. ഭുവനേശ്വരം.
13. ആറ്റുതീരം.




| | 0 | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 |
|---|---|---|---|---|---|---|---|---|---|---|---|---|---|
| ഭൂപ്രകൃതി | താഴ്വര | കുന്നിൻ ചരിവ് | താഴ്വര. | കുന്ന് | കുന്നിൻ ചരിവ് | കുന്നിൻ മുകൾ | താഴ്വര | കുന്നിൻ മുകൾ | താഴ്വര | കുന്നിൻ മുകൾ | സമതലം. | കുന്നിൻ മുകൾ | ആറ്റുതീരം. |
| മൺതരം | ചെളി മണ്ണ് | ചെളി മണ്ണ് | ചെളി മണൽ | ചെമ്മണ്ണ് | മണൽ കലർന്ന ചെമ്മണ്ണ്. | ചെമ്മണ്ണ്. | ചെളി മണ്ണ് | മണൽ കലർന്ന ചെമ്മണ്ണ് | ചെളി, മണൽ | മണൽ കലർന്ന ചെമ്മണ്ണ്. | ചെമ്മണ്ണ്. | പാറ. | എക്കൽ മണ്ണ്. |
| സസ്യാവരണം | നെല്ല് | റബ്ബർ | നെല്ല് | റബ്ബർ, ഫലവൃക്ഷങ്ങൾ | റബ്ബർ, ഫലവൃക്ഷങ്ങൾ | റബ്ബർ | നെല്ല് | റബ്ബർ | നെല്ല് | റബ്ബർ, ഫലവൃക്ഷങ്ങൾ | റബ്ബർ, ഫലവൃക്ഷങ്ങൾ | റബ്ബർ, ഫലവൃക്ഷങ്ങൾ | റബ്ബർ |
| പരിസ്ഥിതി പ്രശ്നങ്ങൾ. | പാടം നികത്തുന്നു. | മണ്ണൊലിപ്പ്. | പാടം നികത്തുന്നു. | മണ്ണൊലിപ്പ് | മണ്ണൊലിപ്പ് | മണ്ണൊലിപ്പ് | നിലം നികത്തുന്നു. | മണ്ണൊലിപ്പ്. | ആറ്റുവെള്ളം [illegible] | മണ്ണൊലിപ്പ് | മണ്ണൊലിപ്പ് | മണ്ണൊലിപ്പ് | [illegible] |

# പഠനപര്യടനപാത 2

വടക്കുകിഴക്ക് ⟷ തെക്കുപടഞ്ഞാറ്.

0. അമ്മൂമ്മത്തോട്.
1. ചോറ്റിയോത്ത് ഏലാ.
2. മുളകുന്ന്.
3. മൂർത്തിമുരുപ്പ്.
4. വള്ളിമുരുപ്പ്.
5. ഓരാളൻ കുന്ന്.
6. താഴൂർമണ്ണ്.
7. കള്ളോട്ടുമുരുപ്പ്.
8. മായാലിൽ.
9. തൃപ്പാറ.
10. കോട്ടവയൽ.
11. കാരയ്ക്കാട്ടുമല.
12. തുരുത്തുവയൽ.
13. വയലാവടക്ക്.




| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| ഭൂപ്രകൃതി | താഴ്‌വര. | കുന്ന്, ചെറിയ ചരിവ്. | കുന്നിൻ മുകൾ. | കുത്തനെ ചരിവ്. | കുന്നിൻ മുകളും അതിനോട് ചേർന്ന ചരിവും. | താഴ്‌വര. | ചെറിയ കുന്ന്. | താഴ്‌വര. | ചരിവ് | താഴ്‌വര. | കുന്നും, ചെറു ചരിവും. | താഴ്‌വര. |
| മൺതരം | ചെളി, മണ്ണ്, മണൽ. | ചരൽ, മണ്ണ്, വെട്ടുകല്ല്. | വെട്ടുകല്ല്, പാറ. | വെട്ടുകല്ല്, പാറ. | വെട്ടുകല്ല്, കരിങ്കല്ല്, പാറ. | ചെളിമണ്ണ്, മണൽ. | വെട്ടുകല്ല് | ചെളിമണ്ണ് മണൽ | ചരൽ വെട്ടുകല്ല് | കളിമണ്ണ്. | ചരൽമണ്ണ് വെട്ടുകല്ല്. | മണൽ കളിമണ്ണ്. |
| സസ്യാവരണം | നെല്ല്. | റബ്ബർ, തെങ്ങ്. | റബ്ബർ, തെങ്ങ്. | റബ്ബർ, ഫലവൃക്ഷങ്ങൾ. | റബ്ബർ, ഫലവൃക്ഷങ്ങൾ | റബ്ബർ, ഫലവൃക്ഷങ്ങൾ. | റബ്ബർ. | റബ്ബർ, ഫലവൃക്ഷങ്ങൾ. | റബ്ബർ | നെല്ല് | റബ്ബർ ഫലവൃക്ഷങ്ങൾ | നെല്ല്. |
| പരിസ്ഥിതി പ്രശ്നങ്ങൾ | നെൽപാടം നികത്തുന്നു. | മണ്ണൊലിപ്പ്. | മണ്ണൊലിപ്പ്. | മണ്ണൊലിപ്പ്, പാറപൊട്ടിക്കൽ. | മണ്ണൊലിപ്പ്, പാറപൊട്ടിക്കൽ. | മണ്ണ് കുഴിച്ചെടുക്കൽ. | മണ്ണൊലിപ്പ്. | മണ്ണ് കുഴിച്ചെടുക്കൽ | മണ്ണൊലിപ്പ്. | | മണ്ണൊലിപ്പ്. | നെൽപാടം നികത്തുന്നു. |

# ഭൂപ്രകൃതി – ജനപ്രകൃതി ജലപ്രകൃതി മൺതരങ്ങൾ



## 4

പത്തനംതിട്ട ജില്ലയിൽ കോഴഞ്ചേരി താലൂക്കിൽ ജില്ലാ ആസ്ഥാനത്തുനിന്ന് 7 കിലോ മീറ്റർ തെക്കു പടിഞ്ഞാറായി സ്ഥിതി ചെയ്യുന്ന പഞ്ചായത്താണ് വള്ളിക്കോട് ചെറുകുന്നുകുളം താഴ്വരകളുമടക്കം വൈവിദ്ധ്യമാർന്ന ഭൂപ്രകൃതിയാൽ അനുഗ്രഹീതമാണ് ഈ പഞ്ചായത്ത് ഓമല്ലൂർ, കൊടുമൺ, പ്രമാടം, ചെന്നീർക്കര, തുമ്പമൺ പന്തളം തെക്കേക്കര എന്നീ പഞ്ചായത്തുകൾ വള്ളിക്കോടു പഞ്ചായത്തിൻെറ അതിരുകളിൽ സ്ഥിതിചെയ്യുന്നു. തെക്കുനിന്നും വടക്കോട്ടും കിഴക്കുനിന്നും പടിഞ്ഞോറോട്ടും ചരിഞ്ഞുകിടക്കുന്നു. ഈ പഞ്ചായത്തിൻെറ വടക്കേ അതിരിൽ കൂടി ഏകദേശം 15 കിലോമീറ്റർ ദൂരം അച്ചൻ കോവിലാറ് ഒഴുകുന്നു.

ഭൂപ്രകൃതിയനുസരിച്ച് ഈ പഞ്ചായത്തിനെ എട്ട് വ്യത്യസ്ത മേഖലകളായി തിരിക്കാം. നദിതീരസമതലം, കുന്നുകൾ, കുന്നിൽപുറത്തുള്ള സമതലം, ചരിവുപ്രദേശം, സമതലം നെൽപാടങ്ങൾ വെള്ളം കയറുന്ന മേഖല, തട്ട് പ്രദേശങ്ങൾ എന്നിങ്ങനെ പതിനഞ്ച് കിലോമീറ്ററോളം വരുന്ന നദീതീര പ്രദേശം പൊതുവെ ഫലഭൂയിഷ്ഠമാണ്. ഈ നദീതീരപ്രദേശങ്ങൾ വെള്ളപ്പൊക്കബാധിത പ്രദേശങ്ങളാണ്. ഇടവിട്ടിടവിട്ടുള്ള കുന്നുകൾ ഭൂപ്രകൃതിപരമായി എടുത്തു കാണിക്കാവുന്ന ഒരു പ്രത്യേകതയാണ്. സമതല നിരപ്പിൽ നിന്നും 100 മീറ്ററിൽ കൂടുതൽ ഉയരമുള്ള കുന്നുകൾ ഈ പഞ്ചായത്തിൻെറ സവിശേഷതയാണ്. പല കുന്നുകളുടേയും മുകൾ ഭാഗം വിശാലമായ നിരപ്പ് പ്രദേശങ്ങളാണ്. പഞ്ചായത്തിൻെറ കിഴക്കൻ മേഖലയിലാണ് കുന്നുകൾ അധികവും ഉള്ളത്. പഞ്ചായത്തിൻെറ പടിഞ്ഞാറൻ മേഖല കിഴക്കൻ മേഖലയെ അപേക്ഷിച്ച് സമതല പ്രദേശമാണ്. മൂർത്തിമുരുപ്പ് ആശാരിമുരുപ്പ്, കോടിയാട്ടുമുരുപ്പ്. ചോനൽ മുരുപ്പ്, കാഞ്ഞിരപ്പാറ, പനയക്കുന്നിൽ മുരുപ്പ്, പള്ളിമുരുപ്പ്, വട്ടമുരുപ്പ്, മഞ്ഞുങ്കുന്നിമല, കുട്ടിക്കുന്നു കാരയ്ക്കാട്ടു മല, പമ്പുക്കുഴി മല തുടങ്ങിയവയാണ് പ്രധാന കുന്നുകൾ. കുന്നുകളും അവയോടു ചേർന്ന് വലിയ കരിങ്കൽ പാറകളും ഉണ്ട്. പഞ്ചായത്തിൻെറ കിഴക്കൻ മേഖലയിലുള്ള ഈ പാറകൾ പൊട്ടിച്ച് കരിങ്കൽ വിദൂരദേശങ്ങളിലേക്കു കൊണ്ടു പോകുന്നുണ്ട്.

കുന്നിൽ ചരിവുകൾ മിക്കവയും കുത്തനെയുള്ളതിനാൽ ഫല ഭൂയിഷ്ഠി കുറഞ്ഞ ഭൂപ്രകൃതിയാണിവിടെ. മണ്ണൊലിപ്പ് ഈ പ്രദേശങ്ങളിൽ വളരെ കൂടുതലായി ഉണ്ടാകുന്നു. സമതലങ്ങൾ കാർഷിക വിളകളുടെ ഉൽപാദനത്തിനനുയോജ്യമായ ഭൂപ്രകൃതിയോടു കൂടിയവയാണ്. വയലുകളും, ഉയർന്നതും താഴ്ന്നതുമായ സമതലങ്ങൾ പല ഭാഗങ്ങളിലായി കാണുന്നു. നെൽ വയലുകളും റബ്ബർ തോട്ടങ്ങളും ഈ പ്രദേശങ്ങളിൽ കാണാവുന്നതാണ്. മനുഷ്യവാസം ഈ പ്രദേശങ്ങളിൽ മറ്റു ഭാഗത്തെക്കാൾ കൂടുതലാണ്. കുന്നുകളും താഴ്വരകളുമല്ലാത്ത തട്ടുപ്രദേശങ്ങൾ ഈ പഞ്ചായത്തിൽ ധാരാളമുണ്ട്. ദീർഘകാല നാണ്യവിളകൾ

കൃഷിചെയ്യുന്നതിന് ഈ തട്ടു പ്രദേശങ്ങൾ പ്രയോജനപ്പെടുത്തുന്നു.

## മൺതരങ്ങൾ

മണൽ, ചരൽമണ്ണ്, ചെമ്മണ്ണ്, വെട്ടുകൽ മണ്ണ്, കരിമണ്ണ്, ചെളിമണ്ണ്, എന്നിവയാണ് പ്രധാനമായി വള്ളിക്കോടു പഞ്ചായത്തിൽ കാണുന്ന മൺതരങ്ങൾ. പഞ്ചായത്തിൻെറ കിഴക്കൻ മേഖലകളിൽ കൂടുതലായി ചരൽമണ്ണും, ചെമ്മണ്ണും ആണുള്ളത്. വയലുകളിൽ പശിമരാശിമണ്ണും, തീരസമതലങ്ങൾ എക്കൽ മണ്ണും നിറഞ്ഞതാണ്. ഈ പഞ്ചായത്തിൻെറ പല ഭാഗങ്ങളിലും 20 അടി താഴ്ചയിൽ വെട്ടുകല്ല് ധാരാളമായി കാണുന്നു. പഞ്ചായത്തിൻെറ കിഴക്കൻ ഭാഗങ്ങളിൽ കരിങ്കൽ പാറകൾ നിരവധി ഉണ്ട്. ഉയർന്ന കുന്നിൽ പ്രദേശങ്ങളോടു ചേർന്ന് ഈ പാറകൾ സ്ഥിതിചെയ്യുന്നു. മണ്ണൊലിപ്പ് കാരണമായി മൺതരങ്ങൾക്ക് മാറ്റം വരുന്നതായി കാണാം. നദീതീരത്തെ എക്കൽമണ്ണ് വളരെ ഫലഭൂയിഷ്ഠിയുള്ളതായി കാണാം. പഞ്ചായത്തിലെ കൂടുതൽ പ്രദേശങ്ങളും ചരൽ കലർന്ന ചെമ്മണ്ണോടുകൂടിയാതാണ്. പശിമരാശിമണ്ണും എക്കൽ കലർന്ന മണലും താരതമ്യേന കുറവാണ്.

## ജനപ്രകൃതി

1991ലെ സെൻസസ്സ് പ്രകാരം വള്ളിക്കോടു പഞ്ചായത്തിലെ ജനസംഖ്യ 19,746 ആയിരുന്നു. ഇതിൽ 10,422 സ്ത്രീകളും 9324 പുരുഷന്മാരുമുണ്ട്. ആകെ ജനസംഖ്യയുടെ മൂന്നിലൊന്നിൽതാഴെ ജനങ്ങൾക്കു മാത്രമാണ് വ്യക്തമായ തൊഴിലുള്ളത്. മറ്റുള്ളവർ താല്ക്കാലിക തൊഴിലുകളിലേർപ്പെട്ടു കഴിയുന്നു. കാർഷികമേഖലയിൽ പണിയെടുക്കുന്നവരാണ് കൂടുതലായിട്ടുള്ളത്. വ്യാവസായിക മേഖലയിൽ തൊഴിൽ ചെയ്യുന്നവരുടെ എണ്ണം വിരളമാണ്. തമിഴ്നാട്ടിൽ നിന്നും തൊഴിൽ തേടി എത്തിയ നിരവധി ആളുകൾ ഈ പഞ്ചായത്തിൽ താമസിക്കുന്നുണ്ട്. അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മ പ്രധാന പ്രശ്നമാണ്. തൊഴിൽ തേടി വിദേശരാജ്യങ്ങളിൽ പ്രധാനമായും ഗൾഫ് നാടുകളിൽ പോയവരുടെ സംഖ്യ ആയിരത്തിലധികം ഉണ്ട്. കേരളത്തിനു വെളിയിൽ മറ്റു സംസ്ഥാനങ്ങളിൽ ജോലി നോക്കുന്നവരുടെ എണ്ണം ഏകദേശം രണ്ടായിരത്തിലധികവും. ഹിന്ദുക്കളും, കൃസ്ത്യാനികളും അടങ്ങുന്ന രണ്ടു മതവിഭാഗങ്ങളിൽപ്പെടുന്നവരാണ് പ്രധാനമായി ഇവിടുള്ളത്. അവർ മതസൗഹാർദ്ദത്തോടെ കഴിയുന്നു. ആകെ ജനസംഖ്യയുടെ ഏകദേശം 18 ശതമാനത്തോളം പട്ടികജാതി വിഭാഗത്തിൽപ്പെടുന്നവരാണ്. കാർഷികമേഖലയിൽ പണിയെടുക്കുന്നവരാണ് അവരിൽ അധികം പേരും. പാരമ്പര്യതൊഴിൽ മേഖല പ്രതിസന്ധിയെ നേരിട്ടത് പട്ടികജാതിക്കാരിൽ തൊഴിൽ കുറഞ്ഞതിനു കാരണമായി ജാതിപരമായ ഉച്ചനീചത്വങ്ങൾ കുറഞ്ഞുവരുന്നതായി കാണാൻ കഴിയും.

ജനസംഖ്യയിൽ കൂടുതൽ ശതമാനം വരുന്ന സ്ത്രീകളിൽ നാലിലൊരു ഭാഗത്തിന് യാതൊരു തൊഴിലും ലഭിക്കുന്നില്ല. ശാസ്ത്രസാങ്കേതികരംഗങ്ങളിൽ അഭ്യസ്തവിദ്യരായ നിരവധി യുവതീയുവാക്കൾ തൊഴിലന്വേഷകരായി കഴിയുന്നു. ഈ പ്രശ്നങ്ങൾക്ക് ജനകീയാസൂത്രണം ഒരു പരിഹാരമാകും എന്നു പ്രത്യാശിക്കാം.

## ജലപ്രകൃതി

പഞ്ചായത്തിലെ ഭൂരിപക്ഷം ആളുകളും ജല ഉപഭോഗത്തിന് കിണറുകളെ ആണ് ആശ്രയിക്കുന്നത് - പഞ്ചായത്തിൽ മൊത്തത്തിൽ ഒരു ശുദ്ധജല വിതരണപദ്ധതിക്കു വേണ്ടി നടപടി ആരംഭിച്ചിട്ടുണ്ട്. പഞ്ചായത്തിൻെറ വിവിധഭാഗങ്ങളിൽ വർഷത്തിൽ ആറുമാസത്തോളം രൂക്ഷമായ കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്നു. 15 കിലോമീറ്റർ ദൂരത്തിൽ ആറ്റു തീരമുള്ള ഒരു പഞ്ചായത്താണെങ്കിലും ആറ്റു തീരപ്രദേശങ്ങൾ രൂക്ഷമായ കുടിവെള്ള ക്ഷാമത്തെ അഭിമുഖീകരിക്കുന്നു. പട്ടികജാതി കോളനികളിലും ജലക്ഷാമം രൂക്ഷമാണ്.

ഒരു വർഷത്തിൽ ശരാശരി 2896 മില്ലിമീറ്റർ മഴ ലഭിക്കുന്നതായി കണക്കാക്കപ്പെടുന്നു. ഇടവപ്പാതി, തുലാവർഷങ്ങളിലാണ് പ്രധാനമായും ജലം ലഭ്യമാകുന്നത്. ഒറ്റപ്പെട്ട മഴയും ലഭിക്കുന്നുണ്ട്. 41 തോടുകൾ, 22 കുളങ്ങൾ, 5 ചാലുകൾ, 3 ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ എന്നിവയും കല്ലടഇറിഗേഷനുമായി ബന്ധപ്പെട്ടുള്ള സബ്കനാലുകളും ഡിസ്ട്രിബ്യൂട്ടറി ലൈനുകളുമാണ് പ്രധാന ജലസ്രോതസ്സുകൾ കുളങ്ങളും ചാലുകളും വേണ്ടതരത്തിൽ സംരക്ഷിക്കുവാനും, ജലസേചനത്തിനുപയോഗിക്കാനും കഴിയാതെ വരുന്നു. കല്ലട ഇറിഗേഷൻ പദ്ധതിയുടെ ജലസമ്പത്ത് ശരിയായ രീതിയിൽ ഉപയോഗപ്പെടുത്തുവാനും സാധിക്കാത്ത അവസ്ഥയിലാണ്. നീരൊഴുക്കു തോടുകൾ വറ്റിവരണ്ടു പോകുന്ന അവസ്ഥയിലാണ്. മഴക്കാലങ്ങളിൽ മാത്രം ഈ തോടുകൾ പ്രയോജനപ്പെടുന്നു. ജലസ്രോതസ്സുകൾ സംരക്ഷിച്ചും, തടയണകൾ നിർമ്മിച്ചും, ഈടികയ്യാലകൾ തീർത്തും, ഒരു പരിധിവരെ നിലവിലുള്ള ജലപ്രകൃതി പരമാവധി പ്രയോജനപ്പെടുത്തുവാൻ സാധിക്കും.

# 5

# വികസന മേഖലകളുടെ അവലോകനം



# കൃഷിയും ജലസേചനവും

## 5.1

അച്ചൻ കോവിലാറിന്റെ തീരപ്രദേശവും വൈവിധ്യമാർന്ന ഭൂപ്രകൃതിയും വിവിധയിനം കാർഷിക വിളകളുമുള്ള കൃഷിപ്രധാനമായ ഒരു പ്രദേശമാണ് വള്ളിക്കോടു ഗ്രാമപഞ്ചായത്ത്. ജനങ്ങളിൽ ഭൂരിഭാഗവും കൃഷിയെമാത്രം ആശ്രയിച്ചു ജീവിക്കുന്നു. അവരിൽ ഭൂരിഭാഗവും ചെറുകിടനാമമാത്രക്കൃഷിക്കാരാണ്.

നാലുപതിറ്റാണ്ടുകൾക്കുമുമ്പ് ഈ പ്രദേശത്ത് നെല്ല്, തെങ്ങ്, മരച്ചീനി, കരിമ്പ്, കുരുമുളക്, വാഴ മധുരക്കിഴങ്ങ്, ചേന, കാച്ചിൽ, ഇഞ്ചി തുടങ്ങിയവിളകൾ വ്യാപകമായി കൃഷിചെയ്തിരുന്നു. നെൽക്കൃഷിക്കായിരുന്നു ഒന്നാം സ്ഥാനം. കരഭൂമി തോണ്ടിക്കുഴിച്ച് നിലമാക്കി നെൽക്കൃഷി ചെയ്തിരുന്നവരുമുണ്ട്. നദീതീരങ്ങളിലും മൺപ്രദേശങ്ങളിലും മലകളുടെ താഴ്വരകളിലും നല്ല കായ്ഫലമുള്ള തെങ്ങുകൾ തഴച്ചുവളർന്നിരുന്നു. വെള്ളപ്പൊക്ക ബാധിത പ്രദേശങ്ങളിൽ കരിമ്പു കൃഷിക്കായിരുന്നു മുൻതൂക്കം. ഇഞ്ചി, വാഴ, മരച്ചീനി, കുരുമുളക് തുടങ്ങിയ കൃഷികളിൽ നിന്നും, രാസവളപ്രയോഗം കൂടാതെ തന്നെ നല്ല വിളവുകിട്ടിയിരുന്നു. ഈ വിളവുകൾ കാളവണ്ടികളിൽ കയറ്റി കായംകുളം, പറക്കോട് തുടങ്ങിയ കമ്പോളങ്ങളിൽ വിറ്റഴിച്ചിരുന്നു.

തുടർന്നുള്ള വർഷങ്ങളിൽ ഭക്ഷ്യവിളകളിൽ നിന്നും ദീർഘകാല നാണ്യവിളകളിലേക്ക് കർഷകർ മാറിത്തുടങ്ങി. ഭക്ഷ്യവിളകൾക്ക് ഉണ്ടായിക്കൊണ്ടിരുന്ന വിലയിടിവ്, കാർഷികമേഖലയിൽ കർഷകതൊഴിലാളികൾക്കുള്ള ആഭിമുഖ്യകുറവ്, ഏകീകൃതസ്വഭാവമില്ലാത്ത കൂലി നിരക്ക്, കാർഷികരംഗത്ത് കർഷകർക്കുണ്ടായിക്കൊണ്ടിരിക്കുന്ന അസുഖകരമായ അനുഭവങ്ങൾ, വളങ്ങളുടെ വിലക്കയറ്റം, പ്രകൃതിക്ഷോഭങ്ങൾ തുടങ്ങിയവയാണ് ഈ മാറ്റത്തിന് പ്രേരണ നൽകി വരുന്നത്.

ഈ സാഹചര്യത്തിൽ ഭക്ഷ്യവിളകളുടെ അഭിവൃദ്ധിക്കുതകുന്ന വികസനപരിപാടികളും ആശ്വാസനടപടികളും ഉണ്ടാവണമെന്നത് അതിപ്രധാനമാണ്.

റബ്ബർ കൃഷിയോട് കർഷകന്റെ അമിതമായ ആഭിമുഖ്യം ഭക്ഷ്യവിളകളുടെ ഉല്പാദനത്തെ സാരമായി ബാധിച്ചിട്ടുണ്ട്. ഈ പ്രവണത നമ്മെ ഉപഭോക്തൃസംസ്കാരത്തിന്റെ അടിമകളാക്കും.

ഇപ്പോഴത്തെ സ്ഥിതിയിൽ ഭക്ഷ്യവിളകളുടെ അഭിവൃദ്ധിക്ക് പ്രാധാന്യം കൊടുക്കുന്നതോടൊപ്പം നാണ്യവിളകൾക്കും പരിഗണനന നൽകുന്ന ഒരു സമ്മിശ്ര കാർഷികമേഖലയാണ് നമ്മുടെ പഞ്ചായത്തിന് അനുഗുണമായിട്ടുള്ളത്.

### വള്ളിക്കോടു ഗ്രാമപഞ്ചായത്ത് ഭൂമിസംബന്ധിച്ച വിവരങ്ങൾ

**പട്ടിക 1**

| ഇനം | വിസ്തീർണ്ണം |
|---|---|
| നിലം | 346 ഹെക്ടർ |
| പുരയിടം | 1350 " |
| പുറമ്പോക്ക് | 130 " |
| കൃഷിയോഗ്യ തരിശ് | 18 " |
| ആകെ | 1844 ഹെക്ടർ |

## ഭൂപ്രകൃതി

18.8 ച:കി.മീ. വിസ്തീർണ്ണം വരുന്ന നമ്മുടെ പഞ്ചായത്തിൻെറ ഭൂപ്രകൃതിക്ക് ചില സവിശേഷതകളുണ്ട്. 15 കി. മീ. ദൈർഘ്യം വരുന്ന അച്ചൻ കോവിലാറിൻെറ തീരപ്രദേശം. അങ്ങിങ്ങ് കുന്നുകളും അവയുടെ താഴ്‌വരകളും. വിസ്തൃതമായ നെൽപ്പാടങ്ങൾ! വറ്റാത്ത കുളങ്ങളും ചാലുകളും. വെള്ളമൊഴുക്കുള്ള തോടുകൾ അനേകം. പണിതീർത്തതും തീരാത്തതുമായ ഇറിഗേഷൻ ചാനലുകൾ. എവിടെയും പച്ചത്തലപ്പ്!

മണ്ണിൻെറ ഘടനയ്ക്കും കാര്യമായ പ്രത്യേകതകളുണ്ട്. നദിയുടെ തീരപ്രദേശങ്ങളിൽ എക്കലും മണലും കലർന്ന ഫലപുഷ്ടിയുള്ള പശിമരാശിമണ്ണാണ്. മിക്കവാറും എല്ലാ കൃഷികളും ഇടകലർത്തി ചെയ്യുന്നു. നിലങ്ങളിലെ മണ്ണും ഏറെക്കുറെ ഇതേ സ്വഭാവത്തിലുള്ളതാണ്. ചില ഭാഗങ്ങളിൽ കളിമണ്ണിൻെറ അംശം കൂടുതൽ കാണുന്നുണ്ട്. നെൽകൃഷി ചെയ്തു വരുന്നു.

കല്ലുകൾ കലർന്ന ചെമ്മണ്ണാണ് കുന്നിൻ പ്രദേശങ്ങളിൽ എല്ലാകരക്കൃഷികളും ഇടകലർത്തി ചെയ്യുന്നുണ്ട്. റബ്ബറിനാണ് മുൻതൂക്കം. അങ്ങിങ്ങായി കശുമാവുകളും ഉണ്ട്.

മൺപ്രദേശങ്ങളിലും കരനിലങ്ങളിലും ചെളിയും മണലും കലർന്ന തിട്ടുമണ്ണ്. കരിമ്പ്, തെങ്ങ്, വാഴ, പച്ചക്കറി തുടങ്ങിയ കൃഷികൾ ചെയ്തു വരുന്നു. ഈയിടെ കയ്യാലകളുടെ അപര്യാപ്തത പൊതുവിൽ, എല്ലാ പ്രദേശങ്ങളിലും കാണുവാനുണ്ട് ഇടവഴികളിൽ പലതും കുണ്ടും കുഴിയുമായി കിടക്കുന്നു

## നെൽക്കൃഷി

865 ഏക്കർ നിലമാണ് നമ്മുടെ പഞ്ചായത്തിലുള്ളത്. അതിൻെറ 70%ൽ കുറവുമാത്രമേ നെൽക്കൃഷി ചെയ്യുന്നുള്ളൂ. ഈ മേഖല ഇനിയും ചുരുങ്ങാനാണു സാധ്യത. അത്യുൽപ്പാദനശേഷിയുള്ള വിത്തിനങ്ങളും ശാസ്ത്രീയമായ കൃഷിരീതികളും അവലംബിക്കുന്നതുകൊണ്ട് ഭേദപ്പെട്ട ഉല്പാദനക്ഷമത നിലനിൽക്കുന്നു. അനുബന്ധമായി ചേർക്കുന്നവിധം ലിഫ്റ്റ് ഇറിഗേഷൻ പ്രകൃതി ദത്തമായ നീരൊഴുക്ക് സൗകര്യങ്ങൾ വർദ്ധിപ്പിച്ച് കാര്യക്ഷമമാക്കുകയും കല്ലടഇറിഗേഷൻ ഈ പ്രദേശങ്ങളിൽക്കൂടി പ്രയോജനപ്പെടത്തക്കവിധം സംവിധാനം ചെയ്യുകയും നദിയിലും തോടുകളിലും നിർദ്ദിഷ്ടസ്ഥലങ്ങളിൽ ചെക്ക് ഡാം നിർമ്മിക്കുകയും തോടുകളിലെ ക്രോസ് ബാറുകൾക്ക് ഊന്നൽ നൽകുകയും പുതിയ ജലസ്രോതസ്സുകൾ കണ്ടെത്തി ഇറിഗേഷൻ സാധ്യതകൾ വർദ്ധിപ്പിക്കുകയും ഈ പ്രദേശത്തിൻെറ പ്രത്യേകതകൾ കണക്കിലെടുത്തുകൊണ്ട് യന്ത്രവൽക്കരണം നടത്തുകയും പാടശേഖരസമിതികളുടെ പ്രവർത്തനം കൂടുതൽ ഊർജ്ജസ്വലവും കാര്യക്ഷമവുമാക്കുകയും ഗ്രൂപ്പ് ഫാമിംഗ് സംവിധാനം പ്രാവർത്തികമാക്കുകയും നിലങ്ങളിലേക്കുള്ള റബ്ബറിൻെറ കടന്നുകയറ്റം നിരുത്സാഹപ്പെടുത്തുകയും ചെയ്താൽ കൃഷിക്കാർ ഈ മേഖലയിൽ പിടിച്ചു നിൽക്കുക തന്നെ ചെയ്യും. അതോടെ പല ഏലാകളിലും മൂന്നു പൂവ് കൃഷി ചെയ്യുവാൻ സാധിക്കും. ഉൽപ്പാദന ക്ഷമതയിൽ കാര്യമായ വർദ്ധനയുണ്ടാകും. പച്ചക്കറികളുടെ ഉല്പാദനവും ഗണ്യമായി വർദ്ധിക്കും.

### പട്ടിക -2
### ഭൂമി സംബന്ധിച്ച വിവരങ്ങൾ (Ref. A. Register, B.T. രജിസ്റ്റർ)

| | ഭൂമിയുടെ വിസ്തീർണ്ണം (ഏക്കറിൽ) | | | | | ഉടമസ്ഥരുടെ എണ്ണം | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| വില്ലേജ് | പുരയിടം | നിലം | പുറമ്പോക്ക് | തരിശ് | ആകെ | 1-10 സെൻറ് | 1-25 സെൻറ് | 25-50 സെൻറ് | 50-100 സെൻറ് | 1-2 ഏക്കർ | 2-5 ഏക്കർ | 5 ഏക്കറിനു മുകളിൽ |
| 13 | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 |
| വള്ളിക്കോട് | 3373.66 | 864.50 | 326.54 | 46.78 | 4611.48 | 5320 | 1170 | 2430 | 2010 | 1450 | 2475 | 176 |

## തെങ്ങ്

റബ്ബർ കൃഷിയുടെ മുന്നേറ്റം തെങ്ങുകൃഷിയെ പിന്നോട്ടു തള്ളിയിട്ടുണ്ട്. കായ്ഫലമുള്ള തെങ്ങുകൾ 43592 എണ്ണം ഈ പഞ്ചായത്തിലുണ്ടെന്നും അവയിൽ 6488 എണ്ണം രോഗം ബാധിച്ചവയാണെന്നുമാണ് കണക്ക്. രോഗബാധ തെങ്ങുകൃഷിയെ കാര്യമായി കീഴ്പ്പെടുത്തിക്കൊണ്ടിരിക്കുന്ന അവസ്ഥയാണിന്ന്, സൗജന്യനിരക്കിൽ വളം വിതരണം,

## പട്ടിക 3A
## വിള, വിസ്തീർണ്ണവും ഉല്പാദനവും സംബന്ധിച്ച വിവരങ്ങൾ
## (Reg. അടിസ്ഥാന വിവര രജിസ്റ്റർ)

| വിള | വസ്തീർണ്ണം | മൊത്തം ഉല്പാദനം | ഉല്പാദനക്ഷമത |
|---|---|---|---|
| നെല്ല് (ഒന്നാംവിള) | 256 ഹെക്ടർ | 896 M.T | 3500 കി.ഗ്രാം /ഹെക്ടർ |
| നെല്ല് (രണ്ടാംവിള) | 280 ഹെക്ടർ | 1170 M.T | 4200 കി.ഗ്രാം /ഹെക്ടർ |
| നെല്ല് (മൂന്നാംവിള) | - | - | - |
| പയറ് | 30 ഹെക്ടർ | 12 MT | 400 കി.ഗ്രാം /ഹെക്ടർ |
| എള്ള് | 3 ഹെക്ടർ | 360 കി.ഗ്രാം | 120 കി.ഗ്രാം /ഹെക്ടർ |
| പച്ചക്കറി - പയർ | | | 1320 കി.ഗ്രാം /ഹെക്ടർ |
| പാവൽ | 48 ഹെക്ടർ | 360 MT | 2580 കി.ഗ്രാം /ഹെക്ടർ |
| പടവലം | | 120 MT | 2820 കി.ഗ്രാം /ഹെക്ടർ |
| തെങ്ങ് | 280 ഹെക്ടർ | 1200000 എണ്ണം | 32/1 തെങ്ങ് |
| വാഴ | 46 ഹെക്ടർ | 383.6 MT | 8340 കി.ഗ്രാം /ഹെക്ടർ |
| മരച്ചീനി | 35 ഹെക്ടർ | 665. MT | 19000 കി.ഗ്രാം /ഹെക്ടർ |
| കുരുമുളക് | 52 ഹെക്ടർ | 40 MT | 270 കി.ഗ്രാം /ഹെക്ടർ |
| പ്ലാവ് | 13 ഹെക്ടർ | 266.240 MT | 20480 കി.ഗ്രാം /ഹെക്ടർ |
| കശുമാവ് | 2 ഹെക്ടർ | 1754 Kgm. | 877 കി.ഗ്രാം /ഹെക്ടർ |
| മാവ് | 4 ഹെക്ടർ | 15 MT | 3750 കി.ഗ്രാം /ഹെക്ടർ |
| റബ്ബർ | 952 ഹെക്ടർ | 3617 MT | 3800 കി.ഗ്രാം /ഹെക്ടർ |
| കമുക് | 5 ഹെക്ടർ | 80ദശലക്ഷം | 16000 പാക്ക് |
| കരിമ്പ് | 24 ഹെക്ടർ | 196.224 MT | 8176 കി.ഗ്രാം /ഹെക്ടർ |
| ഇഞ്ചി | 22 ഹെക്ടർ | 71.654 M.T | 3257 കി.ഗ്രാം /ഹെക്ടർ |
| ചേന, കാച്ചിൽ ചേമ്പ് | 10 ഹെക്ടർ | 25 M.T | 2500 kg. |
| മറ്റിനം | 122 ഹെക്ടർ | 71.654 MT | |

ഡ്രിപ്പ് ഇറിഗേഷൻ, രോഗം ബാധിച്ച തെങ്ങുകളിൽ ചിലത് മുറിച്ചു മാറ്റൽ എന്നീ പദ്ധതികൾ നടപ്പിലുണ്ടെങ്കിലും തെങ്ങുകൃഷിക്ക് കാര്യമായ പുരോഗതി ഉണ്ടായിട്ടില്ല.

തെങ്ങിന് ശാസ്ത്രീയമായ പരിചരണങ്ങളും രോഗപ്രതിരോധനടപടികളും ഉണ്ടാവണം. രാസവളത്തിൻെറ ഉപയോഗം പരിമിതപ്പെടുത്തി ജൈവ വളം കൂടുതൽ ഉപയോഗിക്കണം. പഞ്ചായത്തിൽ തെങ്ങുകൃഷി വികസനത്തിൽ വള്ളിക്കോട് കേരവികസനസമിതി P/605/94 നിലവിലുണ്ട്. ഇതിൽ 1200/- അംഗങ്ങൾ ഉണ്ട്.

## റബ്ബർ

നമ്മുടെ പഞ്ചായത്തിൽ 952 ഹെക്ടർ സ്ഥലത്ത് റബ്ബർ കൃഷി ചെയ്തിട്ടുണ്ട്. ഇത് ആകെ കരഭൂമിയുടെ പകുതിയിലധികമാണ്. ഉല്പാദനക്ഷമത ഹെക്ടറിന് 3800 കി.ഗ്രാമാണ്. ഈ കൃഷി കൂടുതൽ മേഖലകളിലേക്ക് വ്യാപിച്ചുകൊണ്ടിരിക്കുന്നു. അതിന് കാരണങ്ങളുണ്ട്. റബ്ബർ കർഷകർക്ക് വേണ്ട സഹായങ്ങളും പ്രോത്സാഹനങ്ങളും റബ്ബർ ബോർഡിൽ നിന്നും കിട്ടുന്നു. വെള്ളപ്പൊക്കം ഈ കൃഷിക്ക് ഭീഷണിയല്ല. മാർക്കറ്റിംഗിന് സംവിധാനവുമുണ്ട്. തൊഴിലാളികളുടെ സേവനം ആപേക്ഷികമായി കുറച്ചു മാത്രം മതി. ഇറിഗേഷൻെറ ആവശ്യമില്ല. തുടർച്ചയായ ആദായം തീരുന്ന മുറയ്ക്ക് സ്ലോട്ടർ വെട്ടും തടി വിലയുമായി ഒരു നല്ല തുക കൃഷിക്കാരനു കിട്ടുന്നുമുണ്ട്. ബോർഡിൻെറ ആനുകൂല്യങ്ങളോടുകൂടി ആവർത്തന കൃഷി ഉടനെ ആരംഭിക്കുകയും ചെയ്യാം. പിന്നെ എന്തുകൊണ്ട് റബ്ബർ കൃഷി വ്യാപിപ്പിച്ചുകൂടാ എന്നാണ് കൃഷിക്കാരുടെ ചോദ്യം!



റബ്ബർ കൃഷി കൂടുതൽ മെച്ചപ്പെടുത്തുന്നതിന് മണ്ണുപരിശോധന ആവശ്യമാണ്. അതിനുള്ള സൗകര്യമുണ്ടാകണം. വില നിലവാരത്തിലുള്ള അസ്ഥിരതയ്ക്ക് പരിഹാരമാകുന്ന വിപണന സംവിധാനം ഉണ്ടാകണം. റബ്ബർ ബോർഡിൻെറ ആനുകൂല്യങ്ങൾ ചെറുകിട-നാമമാത്ര കൃഷിക്കാർക്കും ലഭ്യമാക്കണം.

## കരിമ്പ്

ഈ പ്രദേശത്ത് ഏറെ പ്രചാരവും അംഗീകാരവും ഉണ്ടായിരുന്ന കൃഷിയാണ് കരിമ്പ്. മന്നം ഷുഗർ മില്ലിൻെറ ആവിർഭാവത്തോടെ കരിമ്പുകൃഷിയുടെ വ്യാപ്തിയും ഉല്പാദനക്ഷമതയും വളരെയേറെ വർദ്ധിച്ചിരുന്നു. എന്നാൽ ഇന്ന് ഈ കൃഷി പിന്നോക്കം പോയിരിക്കുന്നു. കഴിഞ്ഞ കാലങ്ങളിൽ ശർക്കരയ്ക്കുണ്ടായ വിലയിടിവാണ് പ്രാധാന കാരണം. ആപേക്ഷികമായി ഏറ്റവും കൂടുതൽ കൂലിച്ചെലവും ബുദ്ധിമുട്ടുകളും ഈ കൃഷിക്ക് വേണ്ടി വരുന്നുണ്ട്. അതുകൊണ്ടുതന്നെ കൃഷിയോടുള്ള ആഭിമുഖ്യം കുറഞ്ഞുപോയിരിക്കുന്നു. കരിമ്പുകൃഷി റബ്ബർ കൃഷിക്ക് വഴി മാറിക്കൊടുക്കുകയാണിപ്പോൾ. 'വാഴമുട്ടം ശർക്കര'വളരെ പ്രസിദ്ധമായിരുന്നു. ആ സ്ഥലങ്ങളിൽപ്പോലും കരിമ്പുകൃഷിക്ക് മങ്ങലേറ്റിരിക്കുന്നു.

കരിമ്പുകൃഷി നിലനിൽക്കണമെങ്കിൽ ശർക്കരയ്ക്ക് ന്യായമായ വില കിട്ടണം. അതിന് മറ്റു സംസ്ഥാനങ്ങൾക്ക് ഇവിടെ കമ്പോളം അനുവദിക്കാതിരിക്കണം. ഷുഗർ മില്ലുകൾ കരിമ്പുകൃഷിക്ക് താങ്ങാണ്. അതുകൊണ്ട് മന്നം ഷുഗർ മിൽസ് പ്രവർത്തനക്ഷമമാകുന്നതിനേപ്പറ്റി ആലോചിക്കണം. ഈ മേഖലയിലെ ക്രഷിംഗ് മില്ലുകൾ കർഷകരുടേതാണ്. അതിന് വൈദ്യുതി സൗജന്യമായി ലഭ്യമാക്കണം. വളത്തിന് സബ്സിഡി നൽകണം. രോഗബാധയില്ലാത്ത തലയ്ക്കം ഫാമിൽ നിന്ന് സൗജന്യമായി നൽകണം.

## മരച്ചീനി

ഭക്ഷ്യവിളകളിൽ വളരെ പ്രാമുഖ്യമുണ്ടായിരുന്ന കൃഷിയാണ് മരിച്ചീനി. ഇന്ന് ഈ കൃഷിക്ക് കാര്യമായി ഇടം കിട്ടാതെയായിരിക്കുന്നു. 35 ഹെക്ടർ സ്ഥലത്ത് മാത്രമായി ഈ കൃഷി പരിമിതപ്പെട്ടു പോയിരിക്കുന്നു. ഉല്പാദനക്ഷമത ഹെക്ടറിന് 19 മെട്രിക് ടൺ ആണ്. കൃഷി ലാഭകരമാണെങ്കിലും വൻ തോതിൽ കൃഷി ചെയ്യുവാനുള്ള സാദ്ധ്യത കുറവാണ്. ഈ കൃഷിക്കുപറ്റിയ സ്ഥലങ്ങളുടെ ഏറിയഭാഗവും റബ്ബർ കയ്യേറിക്കഴിഞ്ഞു. ഇപ്പോൾ കുറെയൊക്കെ പിടിച്ചുനിൽക്കുന്നതു കരനിലങ്ങളിലാണ്. അവിടെയും വൻതോതിൽ എലി ശല്യമുണ്ട്.

മരച്ചീനിക്കൃഷി സംരക്ഷിക്കപ്പെടണം. അതിനുള്ള പരിപാടികളിൽ ഒന്ന് എലി നശീകരണമായിരിക്കണം. വളം സബ്സീഡിയും ഉല്പാദനബോണസും നൽകണം.

## വാഴ

നമ്മുടെ പ്രദേശത്ത് പാളയൻ കോടൻ, പൂവൻ, പച്ചച്ചിങ്ങൻ തുടങ്ങിയ നാടൻ വാഴകൾ എല്ലാപറമ്പുകളിലും കൃഷി ചെയ്തിരുന്നു. കുറഞ്ഞചെലവിൽ കൂടുതൽ വിളവുകൾ കിട്ടിയിരുന്നു. ഈ ജനങ്ങൾ രോഗബാധമൂലം ഏറെക്കുറെ ഇന്നു നശിച്ചുകഴിഞ്ഞിരിക്കുകയാണ്. ഏത്തവാഴക്കൃഷിക്കാണ് ഇപ്പോൾ മുൻതൂക്കം. ഈ കൃഷി വൻതോതിൽ നടക്കുന്നുണ്ട്. താരതമ്യേന നല്ല ഉല്പാദനക്ഷമതയുമുണ്ട്. ഏറെ അദ്ധ്വാനവും പരിചരണവും വേണ്ടിവരുന്ന കൃഷിയാണിത്. രോഗബാധയും പ്രകൃതിക്ഷോഭവും വിലയിടിവും ഈ കൃഷിക്കും ഭീഷണിയാണ്.

ഏത്ത വാഴക്കൃഷി പ്രോത്സാഹനം അർഹിക്കുന്നു. രോഗബാധയില്ലാത്തതും ഉല്പാദനശേഷി കൂടുതലുള്ളതുമായ നല്ലയിനം വിത്തുകൾ ലഭ്യമാക്കണം. വളത്തിന് സബ്സിഡിയും സൗജന്യനിരക്കിൽ കീടനാശിനികളും ഉല്പാദനബോണസ്സും നൽകണം.

## ഇഞ്ചി

ഇഞ്ചി ഈ പ്രദേശത്തെ ഒരു പ്രധാന നാണ്യവിളയാണ്.

'കുറച്ചു ഭൂമിയിൽ നിന്നും കൂടുതൽ ആദായം' എന്നതാണ് ഈ കൃഷിക്കുള്ള പ്രത്യേകത. രോഗബാധയിൽ നിന്ന് മോചനം കിട്ടിയാൽ ഈ കൃഷി മറ്റെല്ലാ കൃഷികളേക്കാളും ലാഭകരമായിരിക്കും. 22 ഹെക്ടർ സ്ഥലത്ത് ഇഞ്ചികൃഷി ചെയ്തു വരുന്നു. ഉല്പാദനക്ഷമത ഹെക്ടറിന് 3257 കി. ഗ്രാമാണ്.

വാഴകൃഷിക്ക് നിർദ്ദേശിച്ചിട്ടുള്ള എല്ലാ ആനുകൂല്യങ്ങളും ഇഞ്ചിക്കൃഷിക്കും നൽകേണ്ടതാണ്.

## പച്ചക്കറി

പച്ചക്കറിക്കൃഷിക്ക് ഏറെ സാദ്ധ്യതയുള്ള പ്രദേശമാണിത്. ഇവിടെ 48 ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്തുവരുന്നു. ശരാശരി ഉല്പാദന ക്ഷമത ഹെക്ടറിന് 2500 കി. ഗ്രാം വരും. വിളവിന് നല്ല കമ്പോളമുണ്ട്. ഭേദപ്പെട്ട വിലയും കിട്ടുന്നു. അധികംകൃഷിയും ജലസേചന സൗകര്യമുള്ള കര നിലങ്ങളിലാണ്. 'അടുക്കളത്തോട്ട സംസ്കാരം' ഈ പ്രദേശത്ത് വ്യാപകമായി തുടങ്ങിക്കഴിഞ്ഞിരിക്കുന്നു. ഏറെ അദ്ധ്വാനവും പരിചരണവും ശ്രദ്ധയും വേണ്ട കൃഷിയാണിത്. പ്രകൃതിക്ഷോഭവും കീടബാധയും പച്ചക്കറികൃഷിക്ക് കടുത്ത ഭീഷണിയാണ്.



ഇറിഗേഷൻ മേഖലയുടെ വികസനത്തോടെ കൃഷികൂടുതൽ വ്യാപകമാകും. ഗവൺമെൻറ് വിഭാവനചെയ്തിരിക്കുന്ന പച്ചക്കറി വികസന പദ്ധതിയുടെ ആനുകൂല്യങ്ങൾ ഈ മേഖലയിലുള്ള കൃഷിക്കാർക്കും ലഭ്യമാക്കണം. പഞ്ചായത്തിൽ കഴിയുന്നത്ര കേന്ദ്രങ്ങളിൽ സംഭരണവിപണന കൗണ്ടറുകൾ ഉണ്ടാവണം. അതോടൊപ്പം 'ചിപ്സ് സെൻറർ' പോലെയുള്ള വ്യവസായ യൂണിറ്റുകളും തുടങ്ങാവുന്നതാണ്. ഇവിടെ അടുത്തകാലത്തായി ഒരു പച്ചക്കറി ഉത്പാദക സഹകരണസംഘം രൂപീകരിച്ചിട്ടുണ്ട്.

## കുരുമുളക്

നമ്മുടെ പഞ്ചായത്ത് 'കറുത്തപൊന്നിൻെറ' ഉല്പാദനത്തിൽ മുൻപന്തിയിലായിരുന്നു. നാരായക്കൊടി, വെള്ളിയറമുണ്ട, വള്ളിക്കോടൽ തുടങ്ങിയ നാടൻ ഇനങ്ങളാണ് അധികവും കൃഷിചെയ്തിരുന്നത്. പറമ്പുകളിലെ വൃക്ഷങ്ങളായിരുന്നു താങ്ങുമരങ്ങൾ. തോട്ടങ്ങൾ വിരളമായിരുന്നു. ഇപ്പോൾ സ്ഥിതിമാറിയിട്ടുണ്ട്. പുതിയയിനം തൈകൾ പരീക്ഷിച്ചു തുടങ്ങിയപ്പോഴേക്കും റബ്ബറിൻെറ മുന്നേറ്റമായി. താങ്ങുമരങ്ങളുടെ തകർച്ചയോടൊപ്പം കൃഷിക്കും ക്ഷീണം സംഭവിച്ചുതുടങ്ങി. രോഗബാധ ഈ ക്ഷീണത്തിന് ആക്കം കൂട്ടി.

കുരുമുളകിൻെറ സമഗ്രവികസനപദ്ധതി പ്രതീക്ഷിച്ചത്ര നേട്ടം ഉണ്ടാക്കിയിട്ടില്ല. കൂടുതൽ കാര്യക്ഷമതയോടെ പദ്ധതി തുടരേണ്ടതാണ്.

## സുഗന്ധവിളകൾ

ജാതി, ഗ്രാമ്പു, കച്ചോലം തുടങ്ങിയ സുഗന്ധവിളകൾ ഈ പ്രദേശത്ത് വളരെയുണ്ട്. ഇവയ്ക്ക് കമ്പോളമില്ല. താങ്ങാനാവാത്ത വിലയിടിവും അവഗണനയും ഈ വിളകളെ കാര്യമായി ക്ഷീണിപ്പിച്ചിരിക്കുന്നു. താങ്ങുവില പ്രഖ്യാപിച്ചും പഞ്ചായത്തു തലത്തിൽ സംഭരണ വിപണനമേഖല ഉണ്ടാക്കിയും സുഗന്ധവിളകളുടെ ഉല്പാദനം വർദ്ധിപ്പിക്കാവുന്നതാണ്.

## ഔഷധസസ്യങ്ങൾ

ആയുർവ്വേദ ചികിത്സയ്ക്കും ഔഷധസസ്യങ്ങൾക്കും അംഗീകാരം ഏറിക്കൊണ്ടിരിക്കുന്ന കാലമാണിത്. ഔഷധച്ചെടികൾ നട്ടുവളർത്തുന്ന സംസ്കാരം ഈ പ്രദേശത്തിനുണ്ട്. അത് പ്രോത്സാഹിപ്പിക്കപ്പെടണം. ഔഷധതോട്ടം ഉണ്ടാക്കുന്നവർക്ക് സബ്സീഡി നൽകണം. പഞ്ചായത്തിലെ പുറമ്പോക്കു ഭൂമികൾ ഔഷധ തോട്ടങ്ങളാക്കണം.

## കിഴങ്ങുവർഗ്ഗങ്ങൾ

ചേന, കാച്ചിൽ, ചേമ്പ് തുടങ്ങിയ വിളകൾക്ക് വളരെ പ്രാധാന്യം നൽകിയിരുന്ന നാടാണിത്. ഇവിടുത്തെ മണ്ണ് അതിനു പറ്റിയതുമാണ്. നല്ല ഉല്പാദനക്ഷമതയുമുണ്ട്. പ്രോത്സാഹനങ്ങൾ അർഹിക്കുന്നു.

## കാർഷികവായ്പ

കൃഷിക്കാർ ഇന്നും കടക്കെണിയിലാണ്. കൃഷിയിൽ നിന്നും കാര്യമായ നേട്ടം ഉണ്ടാകുന്നതുവരെ അവർക്കു രക്ഷപെടൽ ഉണ്ടാവുകയില്ല. വിളയുടെ വിഹിതം പാട്ടമായി കൊടുത്ത് കൃഷി ചെയ്തിരുന്ന കാലം കഴിഞ്ഞു. സ്വന്തം ഭൂമിയിലാണ് ഇപ്പോൾ കൃഷി. കടം വാങ്ങാതെ കൃഷിയിറക്കുവാൻ പറ്റാത്ത സ്ഥിതിയാണിന്നും. താങ്ങിന് ഈ പ്രദേശത്ത് മൂന്ന് സർവ്വീസ് സഹകരണബാങ്കുകളും മൂന്ന് കൊമേഴ്സ്യൽ ബാങ്കുകളുമുണ്ട്. എല്ലാ ബാങ്കുകളും കാർഷികവായ്പ കൊടുക്കുന്നതിന് സന്നദ്ധമാണ്. പലരും വായ്പപ്രയോജനപ്പെടുത്തുന്നുമുണ്ട്. കൃഷിക്കാർ അർഹമായത്രയും വായ്പ ബാങ്കുകളിൽ നിന്നും എടുക്കുന്നില്ലെന്നും എടുക്കുന്ന വായ്പകൾ തന്നെ പൂർണ്ണമായും കൃഷികൾക്ക് വിനിയോഗിക്കുന്നില്ലെന്നും ബാങ്കുകൾ വിലയിരുത്തുന്നു.

## കൂലിനിരക്ക്

കാർഷികമേഖലയിൽ തൊഴിലാളികളുടെ എണ്ണം കുറഞ്ഞുവരികയാണ്. സാമൂഹ്യ രംഗത്ത് ഉണ്ടായിട്ടുള്ള മാറ്റങ്ങളും താരതമ്യേന കൂലി നിരക്കു കൂടുതലുള്ള മറ്റു തൊഴിൽ രംഗങ്ങളുമാണ് ഈ രംഗത്ത് കർഷകതൊഴിലാളികളുടെ ആഭിമുഖ്യം കുറയ്ക്കുന്നത്. പഞ്ചായത്തിൽ ഒരു ഏകീകൃത കൂലി നിരക്കില്ല. ശരാശരി കൂലി നിരക്ക് പുരുഷന് 90 രൂപയും സ്ത്രീക്ക് 60 രൂപയുമാണ്.

## കൃഷിഭവൻ

കൃഷി വകുപ്പിൻെറ പ്രവർത്തനം തുടക്കമിട്ടത് 'ഏലാവികസന ആഫീസുകൾ' വഴിയാണ്. അന്ന് നെൽകൃഷിക്കായിരുന്നു പ്രാധാന്യം. എല്ലാ കൃഷികളുടേയും അഭിവൃദ്ധി ലക്ഷ്യമാക്കിക്കൊണ്ടാണ് 1987-ൽ 'ഒരു പഞ്ചായത്തിൽ ഒരു കൃഷിഭവൻ' എന്ന പദ്ധതി നിലവിൽ വന്നത്. അതിൻെറ ഭാഗമായി കല്ലടഇറിഗേഷൻ പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് വള്ളിക്കോടു പഞ്ചായത്തിൽ കൃഷിഭവൻ ആരംഭിച്ചത്. ഈ ആഫീസ് ഇന്നും വാടകകെട്ടിടത്തിലാണ് പ്രവർത്തിച്ചു വരുന്നത്.

ഇവിടെ പത്തു പാടശേഖര സമിതികളും ഒരു കേരവികസന സമിതിയും ഒരു പച്ചക്കറിവികസന സമിതിയും കൃഷിഭവനുമായി സഹകരിച്ചു പ്രവർത്തിച്ചു വരുന്നുണ്ട്.

സബ്സീഡിയോടു കൂടിയുള്ള വിവിധ വികസനപദ്ധതികൾ നടപ്പിലാക്കുന്നതിനു പുറമേ നടീൽ വസ്തുക്കൾ, കീടനാശിനികൾ മുതലായവയും വിതരണം നടത്തുന്നുണ്ട്. ഒരു കൃഷി ആഫീസറും മൂന്നു കൃഷി അസിസ്റ്റൻറുമാരുമാണ്. കൃഷിഭവനിൽ നിലവിലുള്ളത്. ഇത് തികച്ചും അപര്യാപ്തമാണ്. വിവിധ കാർഷികവികസന പ്രവർത്തനങ്ങളും വിജ്ഞാനവ്യാപനവും ഏകോപിപ്പിച്ചു കൊണ്ട് നടപ്പിലാക്കുവാൻ പ്രായോഗികബുദ്ധിമുട്ടുകളുണ്ട്. പരിമിതികൾമൂലം ജനങ്ങളുടെ പ്രതീക്ഷയ്ക്ക് അനുസരിച്ച് ഉയർന്നിട്ടില്ല എങ്കിലും കൃഷിഭവൻെറ പ്രവർത്തനം താരതമ്യേന തൃപ്തികരമാണ്. ജീവനക്കാരുടെ എണ്ണം വർദ്ധിപ്പിക്കുന്നതുൾപ്പെടെയുള്ള ക്രമീകരണങ്ങൾ നടത്തി കൃഷിഭവൻെറ പ്രവർത്തനം മെച്ചപ്പെടുത്തേണ്ടതാണ്.

പ്രകൃതിക്ഷോഭ ദുരിതാശ്വാസ ഫണ്ടിനത്തിൽ 95- 95, 95-96 വർഷങ്ങളിലായി 1090 പേർക്ക് 130736/- രൂപ കൃഷി ഭവൻ മുഖേന വിതരണം ചെയ്തിട്ടുണ്ട്.

നമ്മുടെ പഞ്ചായത്തിൽ കൃഷിഭവൻെറ ശുപാർശയനുസരിച്ച് കിട്ടിയിട്ടുള്ള കാർഷികോപകരണങ്ങളുടെ പട്ടികയാണ് മുകളിൽ ചേർത്തിട്ടുള്ളത്. കാർഷിക രംഗത്ത് യന്ത്രോപകരണങ്ങൾ കൂടുതൽ ഉപയോഗിക്കേണ്ടിവരുന്ന ഈ കാലഘട്ടത്തിൽ ഇവയിൽ പലതും പ്രവർത്തനക്ഷമമല്ല. ഇവിടെയുള്ള കാർഷികമേഖലയുടെ വ്യാപ്തി കണക്കാക്കുമ്പോൾ നമുക്കു കിട്ടിയിട്ടുള്ള കാർഷികോപകരണങ്ങൾ തികച്ചും അപര്യാപ്തമാണെന്ന് ബോദ്ധ്യപ്പെടുന്നതാണ് 100% സബ്സീഡി അനുവദിച്ചുകൊണ്ട് കാർഷികോപകരണങ്ങൾ പാടശേഖര സമിതികൾക്കും കേരവികസന സമിതിക്കും നൽകണം. ചെറുകിടകൃഷിക്കാർക്കും കർഷകതൊഴിലാളികൾക്കും 50% സബ്സീഡി അനുവദിച്ചുകൊണ്ട് ഉപകരണങ്ങൾ നൽകണം.

## പഞ്ചായത്തിലെ പ്രധാനപ്പെട്ട ജലസ്രോതസ്സുകൾ

### A. ആറ്

പഞ്ചായത്തിൻെറ വടക്കേ അതിർത്തിയിലൂടെ ഏകദേശം 15 കി മീറ്റർ നീളത്തിൽ പടിഞ്ഞാറോട്ട് ഒഴുകുന്ന അച്ചൻകോവിലാറ് ലിഫ്റ്റ് ഇറിഗേഷൻ വഴി കൃഷിക്കും വാട്ടർ സപ്ലൈ സ്കീം വഴി കുടിവെള്ളത്തിനും ഉപയോഗിച്ചുപോരുന്നു. വെള്ളപ്പൊക്കകാലത്ത് കരകവിഞ്ഞൊഴുകി കൃഷിക്കും, വീടുകൾക്കും നാശനഷ്ടങ്ങൾ ഉണ്ടാക്കുന്നു.

### B. പ്രധാന നീരൊഴുക്കുതോടുകൾ

പ്രധാനമായി 6 തോടുകളാണ് ഈ പഞ്ചായത്തിലുള്ളത്. അവയിൽ വർഷത്തിൽ മുക്കാൽ പങ്കും ജലം ലഭിക്കുന്നു.

1. പെരുന്തോട് - ഇതിൽ ഒന്നും രണ്ടും വാർഡുകൾക്കു വേണ്ടി നിർമ്മിച്ചിട്ടുള്ള 2 ക്രോസ് ബാറുകൾ ഇപ്പോൾ വേണ്ടത്ര പ്രയോജനപ്പെടുന്നില്ല.
2. ചെമ്പതത്തോട് - ഇതിൽ കാരുവേലി, നരിക്കുഴി, വാളാകുഴി, മുക്കൂട്ടിനാൽ എന്നീ 4 ക്രോസ് ബാറുകൾ ഉണ്ട്. പ്രധാന മൂന്നു പാടശേഖരങ്ങളിൽ ജലസേചനം നടത്തുന്നതിനു പ്രയോജനപ്പെടുന്നു. എന്നാൽ നരിക്കുഴി ചീപ്പിൻെറ മെയിൻറനൻസ് പണിയിൽ അതിൻെറ ബേസ്മെൻറ് ഉയർന്നതുകാരണം, തോട്ടിൽ വെള്ളം വറ്റാതെ കാരുവേലി പുഞ്ചയിൽ ജലം കയറിക്കിടക്കുകയാണ്. അതിനാൽ കഴിഞ്ഞ ഏതാനും വർഷങ്ങളായി കൃഷി ഇറക്കാതെ കൃഷിക്കാർ നഷ്ടം സഹിച്ചു കൊണ്ടിരിക്കുകയാണ്. അതിനാൽ അതിൻെറ ബേസ്മെൻറ് താഴ്ത്തി ബലപ്പെടുത്തിയാൽ പ്രശ്നം പരിഹരിക്കാം.
3. തലയറത്തോട് - ഇതിൽ 6 ക്രോസ് ബാറുകൾ ഉണ്ട്. അവയിൽ പെരുമ്പുളുകണ്ടം Aയും Bയും ക്രോസ് ബാറുകൾ മുപ്രമൺ ക്രോസ്ബാർ വർഷങ്ങൾക്കു മുമ്പ് നിർമ്മിച്ചതാണ്. പിന്നീട് അതിൻെറ അറ്റകുറ്റപ്പണി നടത്താതിരുന്നതുകൊണ്ട് ഇപ്പോൾ ഉപയോഗയോഗ്യമല്ല. പകരം സംവിധാനം കൃഷിക്കാർ സ്വയം കണ്ടെത്തിയിരിക്കുകയാണ്. ഈ മൂന്നു ക്രോസ്ബാറുകളും അടിയന്തിരമായി പൊളിച്ചുപണിയണം.

# പട്ടിക 4
## വള്ളിക്കോടു കൃഷിഭവൻ; കാർഷികോപകരണങ്ങൾ

| വാർഡ് നമ്പർ | ഉഴവ് ഉപകരണങ്ങൾ | | | മരുന്നുതളി - ഉപകരണങ്ങൾ | | | | | |
|---|---|---|---|---|---|---|---|---|---|
| | ട്രാക്ടർ | ട്രില്ലർ | നാടൻ കലപ്പ | റോക്ക് സ്പ്രെയർ | നാപ്സാക് സ്പ്രെയർ | പവ്വർ | മെതി യന്ത്രം | തെങ്ങുകയറ്റ യന്ത്രം | പോർട്ടബിൾ പമ്പുസെറ്റ് |
| 1 | Nil | Nil | 2 | 2 | 5 | Nil | Nil | Nil | Nil |
| 2 | " | 1 | 3 | 1 | 3 | " | " | " | " |
| 3 | " | Nil | 2 | 2 | 2 | " | " | " | " |
| 4 | " | 1 | 2 | 1 | 6 | " | " | " | " |
| 5 | " | 1 | 2 | 2 | 4 | " | " | " | " |
| 6 | " | 1 | 5 | 1 | 5 | " | " | 2 | " |
| 7 | " | 3 | 4 | 8 | 6 | " | " | Nil | " |
| 8 | " | 3 | 4 | 1 | 5 | 1 | " | " | 1 |
| 9 | " | 1 | 3 | 2 | 4 | Nil | 1 | " | Nil |
| 10 | 1 | Nil | 5 | 1 | 4 | 1 | Nil | 1 | 3 |

# പട്ടിക 5
## പാടശേഖര സമിതികൾ

| ക്ര. ന | പേര് | രജിസ്റ്റർ നമ്പർ | വിസ്തീ. (ഹെക്) | നെൽകൃഷി | | |
|---|---|---|---|---|---|---|
| | | | | മുപ്പൂവ് | ഇരുപ്പൂ | ഒരുപ്പൂ |
| 1 | അട്ടത്തഴ ഏല | P-350/90 | 20 | | | |
| 2 | തട്ടയിൽ ഏല | P. 180/91 | 21 | | ✓ | |
| 3 | വയലാ വടക്ക് ഏല | P. 199/90 | 25 | | | |
| 4 | കേളഞ്ചിറ ഏല | P. 709/90 | 30 | | | |
| 5 | വാളാകുഴി ഏല | P. 84/90 | 35 | | ✓ | |
| 6 | തലച്ചേമ്പ് ഏല | P.394/90 | 25 | | ✓ | |
| 7 | കുമ്പേലിപ്പടി ഏല | P. 195/91 | 25 | | ✓ | |
| 8 | നടുവത്തൊടി ഏല | P. 288/90 | 39 | | ✓ | |
| 9 | വേട്ടകുളം പാടശേഖരം | P. 26/91 | 26 | | ✓ | |
| 10 | കാഞ്ഞിരപ്പാറ - കിടങ്ങേത്ത് ഏല | P.754/90 | 10 | | ✓ | |

## കുളങ്ങൾ

| വാർഡ് | കുളങ്ങളുടെ സ്ഥാനം | നിർദ്ദേശങ്ങൾ |
|---|---|---|
| 1 | കീകുളത്തുചാല്<br>പാറക്കുളം ചിറവയൽ ചാല്<br>അട്ടത്തഴ ഏലായിലെ<br>രണ്ടുകുളങ്ങൾ | വലിപ്പപ്പെടുത്തികെട്ടി സംരക്ഷിക്കണം |
| 2 | മൈലക്കുളം, നാറാണത്തുകുളം<br>ഇലവിൻ മൂട്ടിൽകുളം | കെട്ടി സംരക്ഷിക്കണം 40 ഹെക്ടർ സ്ഥലത്ത് ഇറിഗേഷനു പ്രയോജനപ്പെട്ടു. വെള്ളം ലിഫ്റ്റു ചെയ്യാനുള്ള സംവിധാനം ഉണ്ടാക്കണം. |
| 3 | കീക്കുളം, മേക്കുളം<br>മുതിരത്തു ചാലിലെ കുളം | ഒരിക്കലും വറ്റാത്ത കുളങ്ങൾ വലിപ്പപ്പെടുത്തി കെട്ടി സംരക്ഷിക്കണം. ഇറിഗേഷനും മീൻവളർത്തലിനും പ്രയോജനപ്പെടും. മേക്കുളത്തും മുതിരത്തു ചാലിലും ഓരോ ക്രോസ് ബാറുകൾ വേണം. |
| 4 | പാണ്ടിയപ്പള്ളിക്കുളം | കെട്ടി സംരക്ഷിക്കണം. ജലസേചനത്തിനും മീൻവളർത്തലിലും പ്രയോജനപ്പെടും. |
| 5 | പാമ്പായിക്കുളം | വലിപ്പപ്പെടുത്തി കെട്ടി സംരക്ഷിക്കണം |
| 6 | ആര്യങ്കണ്ടംകുളം<br>ചാലുപറമ്പിൽകുളം<br>കുറവൻ തുണ്ടിൽ കുളം<br>പാറൽ ഏലായിലെ കുളം<br>ആഞ്ഞിലിക്കുളം<br>മലമ്പാറക്കുളം<br>അയത്തിൽക്കുളം<br>തറയിൽക്കുളം<br>തൃക്കോവിൽ ക്ഷേത്രത്തിനു പടിഞ്ഞാറുള്ള കുളം. | ഭാഗികമായി നികത്തപ്പെട്ടതും വിസ്തീർണ്ണം കുറഞ്ഞുപോയിട്ടുള്ളതുമായ കുളങ്ങളാണ് പലതും. കുളങ്ങളെല്ലാം വലിപ്പപ്പെടുത്തി കെട്ടി സംരക്ഷിക്കണം. |
| 7 | മായാലിൽ കിഴക്ക്<br>മായാലിൽ ജംഗ്ഷൻ | കെട്ടി സംരക്ഷിച്ചിട്ടുണ്ട്<br>ഭാഗികമായി നികന്നുപോയിട്ടുണ്ട്.<br>കെട്ടിസംരക്ഷിക്കണം. |
| 8 | ഇല്ല | |
| 10 | കിടങ്ങേത്ത് ഏലായിലെ കുളം<br>കാഞ്ഞിരപ്പാറ ഏലായിലുള്ളത്<br>കിടങ്ങേത്ത് ഏല,<br>സ്വകാര്യവ്യക്തിയുടെ കുളം | വലിപ്പപ്പെടുത്തി കെട്ടി സംരക്ഷിക്കണം<br>കെട്ടി സംരക്ഷിച്ചിട്ടുണ്ട്<br>മീൻ വളർത്തൽ കേന്ദ്രം |

4. കോട്ടയംതോട് - ഇതിൽ 3 ക്രോസ് ബാറുകൾ ഉണ്ട്. 3 ഏലാകൾക്കും വെള്ളം ലഭിക്കുന്നു.
5. അമ്മൂമ്മത്തോട് - ഇതിൽ രണ്ട് ക്രോസ് ബാറുകൾ ഉണ്ട് എങ്കിലും പുളിനില്ക്കുന്നതിൽ പടി ക്രോസ് ബാർ പ്രയോജനപ്രദമല്ല.
6. ഗണപതിത്തോട് കൊടുമൺ പഞ്ചായത്തിൽനിന്നും തുടങ്ങി വലിയതോട്ടിൽ നരിക്കുഴിയിൽ അവസാനി ക്കുന്നു.

നീരൊഴുക്കു തോടുകളിൽ പലതിൻേറയും വരമ്പ് അടുത്തുള്ള നിലങ്ങളേക്കാൾ ഉയർന്നതാണ്. മഴക്കാലത്ത് ഈ വരമ്പുകളിൽ പല സ്ഥലങ്ങളിലും മട വീഴ്ചയു ണ്ടായി കൃഷിനാശം സംഭവിക്കുന്നു. അതിനാൽ വരമ്പുകൾ ദുർബലമായ ഭാഗങ്ങൾ അടിയന്തിരമായി കരിങ്കൽ കെട്ടി സംരക്ഷിക്കണം.

## C. ചെറുതോടുകൾ

പഞ്ചായത്തുപ്രദേശത്ത് 41 ചെറുതോടുകൾ ഉണ്ട്. അവ ജലസേചനത്തിനും ജലനിർഗ്ഗമനത്തിനും, രണ്ടിനും കൂടിയോ പ്രയോജനപ്പെടുന്നു. വർഷകാലത്ത് എക്കലും മണലും അടിഞ്ഞ് തോടുകൾ നികന്നു പോകുന്നു. അതി നാൽ ജലസേചനവും, നിർഗ്ഗമനവും തകരാറിലാകുന്നു. ഈ തോടുകളിൽ ആവശ്യമുള്ള അടിയന്തിരപണികൾ പട്ടി 9ൽ ചേർത്തിരിക്കുന്നതു പ്രകാരം നടത്തണം.

## D. കുളങ്ങൾ

വലുതും ചെറുതുമായ കുളങ്ങളും ചാലുകളിലുമായി 27 എണ്ണം നമ്മുടെ പഞ്ചായത്തിലുണ്ട്. ഇവ കാര്യക്ഷ മമായി സംരക്ഷിക്കപ്പെടുന്നില്ല. ചില കുളങ്ങൾ നികന്നുപോ യിട്ടുണ്ട്. അതിനാൽ കൃഷിക്കുവേണ്ടവിധം പ്രയോജനപ്പെ ടുന്നുമില്ല. പലതിൻെറയും വിസ്തൃതി കുറഞ്ഞു പോയിരി ക്കുന്നു. അഞ്ചുകുളങ്ങൾ കെട്ടി സംരക്ഷിച്ചിട്ടുണ്ട്. അവയിൽ നാലെണ്ണം മത്സ്യം വളർത്താൻ ഉപയോഗിക്കാവുന്നതാണ്. കീക്കുളം മേക്കുളം ചാലുകളിലും മീൻവളർത്തൽ നടത്താ വുന്നതാണ്.

## നിലവിലുള്ളതും, അറ്റകുറ്റപ്പണികളും വികസനവും അർഹിക്കുന്നതുമായ ജലസേചന സംവിധാനങ്ങൾ

കാർഷികാവശ്യത്തിന് ജലലഭ്യത അതിപ്രധാനമാണ്. നദിയും തോടുകളും കുളങ്ങളും മറ്റു ജല സ്രോതസുകളും നമ്മുടെ പഞ്ചായത്തിലുണ്ട്. അവ വേണ്ടവിധം പ്രയോജ നപ്പെടുത്തുവാനുള്ള സംവിധാനം ഇനിയും ഉണ്ടായിട്ടില്ല. അതുകൊണ്ട് പ്രധാനമായും മഴയെ ആശ്രയിച്ചാണ് കൃഷി കൾ നടത്തുന്നത്. നെൽകൃഷിയുടെ വ്യാപകമായ വികസ നത്തെ ഇതു ബാധിക്കുന്നു. ഒരുപ്പൂക്കൃഷി ഇരുപ്പുവാക്കു ന്നതിനും ഇരുപ്പൂക്കൃഷി മുപ്പൂവുകൃഷിയാക്കുന്നതിനും വി ള പരിവർത്തനം നടത്തുന്നതിനും സാധിക്കുന്നില്ല. ഈ കുറവു പരിഹരിക്കുന്നതിനുവേണ്ടി ആവിഷ്കരിച്ച് നടപ്പിലാ ക്കിയിരുന്ന ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളും കല്ലട ഇറി ഗേഷൻ പദ്ധതിയും ഒട്ടും തന്നെ ഫലപ്രദമല്ല. ഈ വിധ വസ്തുതകൾ പരിഗണിച്ച്, മിക്കവാറും എല്ലാകാലഘട്ടങ്ങളിലും വെള്ളം ലഭ്യമാകുന്ന പ്രധാന വല്യതോടുകളുടെ വിക സനവും അവയിലുള്ള ചീപ്പുകളുടെ പുനരുദ്ധാരണവും പുനരാവിഷ്കരണവും അടിയന്തിരപ്രാധാന്യത്തോടെ തിട്ടപ്പെ ടുത്തി മുൻതൂക്കം നൽകി നടപ്പാക്കണം. അതുപോലെ പാടശേഖരങ്ങളിൽകൂടി പോകുന്ന തോടുകളുടെ വിക സനവും അവയിലുള്ള ചീപ്പുകളുടെ പുനരുദ്ധാരണവും പുതിയവയുടെ നിർമ്മാണവും പ്രവർത്തനവും അതാതു പാടശേഖര സമിതിയുടെ ചുമതലയിൽ നടത്തണ്. (പട്ടിക 5B ഇവിടെ ചേർക്കണം)

### I പഞ്ചായത്തിലെ പ്രധാന നീരൊഴുക്കു തോടുകളും അവയിലെ ചീപ്പുകളും

പഞ്ചായത്തിൽ 4 വാർഡുകളിലായി 5 വലിയ തോടുകളും അവയിൽ 17 ചീപ്പുകളും 2 റഗുലേറ്ററുകളും 2 ചെക്ക് ഡാ മുകളും ഉണ്ട്. 40 ചെറുതോടുകളും ഉണ്ട്. ഇവയിൽ 2 ചീപ്പുകൾ ഉപയോഗയോഗ്യമല്ല. ബാക്കി 14 ചീപ്പുകളാണ് 75% നിലങ്ങൾക്കും ജലം എത്തിക്കുന്നത്. അവയിൽ ചില ത് അശാസ്ത്രീയമായി നിർമ്മിച്ചിരിക്കുന്നതിനാൽ വലിയ തോട്ടിൽ ജലനിരപ്പ് താഴാതെ സമീപത്തുള്ള പുഞ്ചകളി ലേക്ക് ജലം കയറി കൃഷിയോഗ്യമല്ലാതാക്കി തീർക്കുകയും ചെയ്യുന്നുണ്ട്. അവയ്ക്ക് ഇന്ന് നിർമ്മിതിയിൽ സംഭവിച്ച തെറ്റ് വിദഗ്ധമായി കണ്ടെത്തി പരിഹരിച്ചാൽ 15 ഹെക് ടറോളം വരുന്ന കാരുവേലിൽപുഞ്ച കൃഷി യോഗ്യമാകും.

## നിർദ്ദേശങ്ങൾ

1. ചീപ്പുകളുടെ അശാസ്ത്രീയ നിർമ്മിതിമൂലം വരുന്ന പാകപ്പിഴ കണ്ടെത്തി പരിഹാരനടപടികൾ സ്വീകരിക്കണം.
2. ചീപ്പുകൾക്കുള്ള ഷട്ടറിനു വേണ്ട തടിപ്പലക ലഭി ക്കുന്നില്ല. അമിതവില കൊടുത്തു വാങ്ങിയാൽ പോലും അതിൻെറ സംരക്ഷണവും സൂക്ഷിപ്പും പ്രയാസമാണ്. അതിനാൽ ചീപ്പുകൾക്ക് ഹാൻഡ്ഡ്രിവൺ മെറ്റൽ ഷട്ടർ ഇട്ടുതരണം.
3. ജലസേചനത്തിനുവേണ്ടി പാടങ്ങളിൽ നിലവിലുള്ള ചാനലുകൾ കോൺക്രീറ്റു ചെയ്ത് ബലപ്പെടുത്തുകയും

## പട്ടിക 3B

### നീരൊഴുക്കുതോടുകൾ. അവയിലെ നിലവിലുള്ള ക്രോസ്ബാറുകളും, ചെക്ഡാമുകളും, റഗുലേറ്ററുകളും

| വാർഡ് | നീരൊഴുക്കുതോടിൻെറ പേര് | ക്രോസ് ബാർ | ഏത് ഏലായ്ക്ക് പ്രയോജനപ്പെടുന്നു. | റഗുലേറ്റർ | ചെക്ഡാം |
|---|---|---|---|---|---|
| I | പെരുന്തോട്<br>ഉതിക്കാലിൽ തോട് | ചാങ്ങാട്ടേത്തു<br>പടി ചീപ്പ് | | D<br>1 | |
| VII | ചെമ്പതത്തോട്<br>(വലിയതോട്) | ചരിയത്തുപടി<br>1 പുലയൻചിറ<br>2 നരിക്കുഴി<br>3 വാളാകുഴി<br>4 മുക്കൂട്ടിനാൽ | പുന്നക്കലൊടി<br>കാരുവേലിൽ<br>കരീലക്കണ്ടം<br>ചെമ്പതഏല<br>വാളാകുഴി ഏല<br>തുണ്ടൊടി<br>തോണ്ടുകണ്ടം | 1 | മണക്കുഴി<br>മൂഴീക്കടവ് |
| VIII | തലയറതോട് | 1 മുപ്രമൺ<br>2 വിരിയൻ കുഴി<br>3 ഞക്കുനിലം<br>4 പെരുമ്പുളുകണ്ടം, ഞാറമൂട്ടിപ്പടി<br>5 പെരുമ്പുളുകണ്ടം<br>നെടുമ്പ്രത്തിൽപടി<br>6 വെട്ടുകാട് | തലയറഏലാ<br>വിരിയൻ കുഴി<br>കണ്ണൻകുന്ന്ഏല<br>ശാഖ്കണ്ടം<br>ഞക്കുനിലം<br>വിരുത്തിക്കണ്ടം<br>പെരുമ്പുളുകണ്ടം<br>നടുവത്തൊടി, വെട്ടുകാട്<br>നടുവത്തൊടി മണക്കുഴി<br>വെട്ടുകാട് | | |
| X | കോട്ടയം തോട്<br>അമ്മൂമ്മത്തോട് | 1 പുതുപ്പറമ്പിൽപടി<br>2 പഞ്ചിലാറ്റ്<br>3 നായാടികുളം<br>1 മുണ്ടുതോട്<br>2 പുളിനില്ക്കുന്നതിൽ പടി | വേട്ടകുളംഏല<br>പഞ്ചിലാറ്റ് ഏല<br>നായാടികുളം ഏല<br>കിടങ്ങേത്ത്<br>കാഞ്ഞിരപ്പാറ<br>പ്രയോജനമില്ല | | |

പുതിയവ നിർമ്മിക്കുകയും വേണം

4. തോടു പുറംപോക്കിൽ അനധികൃതമായി കയ്യേറി കൃഷി ചെയ്യുന്നവരെ നിരുത്സാഹപ്പെടുത്തുകയും, അത്രയും ഭാഗം കൂടി തോടാക്കിമാറ്റി വീതി വർദ്ധിപ്പിച്ച് ആഴം കൂട്ടുകയും വേണം. കയ്യേറ്റക്കാരെ കണ്ടെത്തി പിഴയിടാൻ പഞ്ചായത്തിന് അധികാരം കൊടുക്കണം.
5. മാളിയേക്കൽപടി റഗുലേറ്റർ അറ്റകുറ്റപ്പണികൾ നടത്തി കാരുവേലിൽ തോട്ടിലെ ജലം പുഞ്ചയിലേയ്ക്കു കയറാതിരിക്കുന്നതിന് അടിയന്തിരനടപടി സ്വീകരിക്കണം.
6. 45ൽ പരം ചെറുതും വലുതമായ തോടുകളും അവയിലേ

## പട്ടിക 7

## പണിപൂർത്തിയായതോ നടന്നുകൊണ്ടിരിക്കുന്നതോ ആയ ജലസേചന പദ്ധതികളുടെ വിവരങ്ങൾ

| ക. നമ്പർ 1 | പ്രവൃത്തിയുടെ പേര് 2 | ആരംഭിച്ച വർഷം 3 | പൂർത്തിയായ വർഷം 4 | എസ്റ്റിമേറ്റു തുക 5 | ആയക്കെട്ടു വിസ്തീർണ്ണം (ഹെക്ടർ) 6 | മറ്റുവിവരങ്ങൾ 7 |
|---|---|---|---|---|---|---|
| 1 | M.I. ക്ലാസ് -1 മൺപണികൾ വള്ളിക്കോടു വലിയതോടിന്റെ വീതിയും ആഴുവും കൂട്ടുകയും ബണ്ടുകൾ കെട്ടുകയും ചെയ്യുന്ന പണി | 1991 | 1994 | Rs 17 ലക്ഷം | 82.8 (ഹെക്ടർ) | പണിപൂർത്തിയായി |
| 2 | ജലധാരാപദ്ധതി വേട്ടകുളം ഏലായുടെ അഭിവൃദ്ധിപ്പെടുത്തൽ | 1994 | 1994 | Rs.2.85 ലക്ഷം | | പണിപൂർത്തിയായി |
| 3 | എസ്സ്.സി.പി. മുതുമരത്തിൽ ചിറയുടെ അഭിവൃദ്ധിപ്പെടുത്തൽ | 1994 | 1994 | Rs 2ലക്ഷം | | പണിപൂർത്തിയായി |
| 4 | I.H.D.P കാഞ്ഞിരപ്പാര ഹരിജൻ കോളനിക്ക് ഒരു കുളത്തിന്റെ നിർമ്മാണം. | 1995 | 1996 | Rs. 1.96 ലക്ഷം | | പണിപൂർത്തിയായി |

ചീപ്പുകൾക്കും, ക്രോസ് ബാറുകൾക്കും, തടയണകൾക്കും, പൊതുവേ ചാനലുകൾക്കും ചെയ്യേണ്ട ജോലികൾ പട്ടിക രൂപത്തിൽ ചുവടേ ചേർക്കുന്നു.

## പദ്ധതിയുടെ കാര്യക്ഷമതയ്ക്കും വികസനത്തിനും ചില നിർദ്ദേശങ്ങൾ

1) ഇറിഗേഷൻ യഥാസമയം യഥാവിധി നടപ്പിലാക്കത്തക്കവിധം ചാനലുകളുടെ മെയിൻറനൻസ് തക്കസമയത്ത് നടത്തിയും യന്ത്രസജ്ജീകരണങ്ങളുടെ സംവിധാനം പ്രവർത്തനക്ഷമമാക്കിയും നിലനിറുത്തണം.

2) വേനൽക്കാലമാകുമ്പോഴേക്കും നദിയിലെ ജലനിരപ്പ് താഴുന്നതിനാൽ ഇറിഗേഷൻ അസാദ്ധ്യമായിത്തീരുന്നു. ഇതിനുപരിഹാരമായി മൂന്നു പമ്പു ഹൗസുകൾക്കും താഴെ ഓരോ ചെക്ക് ഡാം നിർമ്മിക്കണം. അതോടൊപ്പം ഡാമിന്റെ ഉയരം പരിമിതിപ്പെടുത്തുകയും ആറിന്റെ തിട്ടകൾ ഇടിയാതെ കെട്ടി സംരക്ഷിക്കുകയും വേണം.

3) പടിഞ്ഞാറെ പാടം ലിഫ്റ്റ് ഇറിഗേഷന്റെ കപ്പാസിറ്റി വർദ്ധിപ്പിക്കണം. അതിന് ഒരു മോട്ടോർ കൂടി സ്ഥാപിക്കണം. മെയിൻ ചാനൽ കൊഴുവട്ടശ്ശേരിൽ ഭാഗം വരെ നീട്ടണം. ഒരു സബ്ചാനൽ താഴെപ്പടിവരെ നിർമ്മിക്കണം. ഒരു സെക്കൻറ് ലിഫ്റ്റ് മുഖേന വെള്ളം മായാലിൽ മുകളിലത്തെ കുളത്തിൽ എത്തിച്ച് മായാലിൽ ഏലായിലെ കൃഷിക്ക് പ്രയോജനപ്പെടുത്തണം

4) ചക്കും കുഴി ലിഫ്റ്റ് ഇറിഗേഷന്റെ സെക്കൻറ് ലിഫ്റ്റ് പ്രവർത്തനക്ഷമമാക്കി കിടങ്ങേത്ത് ഏലായിലും 9-ാം വാർഡിലെ പാലക്കൽ വയലിലും ഇറിഗേഷൻ നടത്തത്തക്കവിധം പുനഃസംവിധാനം ചെയ്യണം.

5) ചക്കും കുഴി ലിഫ്റ്റ് ഇറിഗേഷന്റെ പ്രധാന ചാനൽ

## പട്ടിക 8

## നടപ്പാക്കാനുദ്ദേശിക്കുന്ന ചെറുകിട ജലസേചന പദ്ധതികൾ

### (യൂറോപ്യൻ സാമ്പത്തിക സമൂഹത്തിന്റെ ധനസഹായം)

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | വിസ്തീർണ്ണം (ഹെക്ടർ) | എസ്റ്റിമേറ്റ് അടങ്കൽതുക | ലക്ഷ്യം |
|---|---|---|---|---|
| 1 | M.I. Class II പദ്ധതികൾ<br>തലയറതോടിന്റെ അഭിവൃദ്ധിപ്പെടുത്തലും ക്രോസ് ബാറിന്റെ അറ്റകുറ്റ് പണികളും | 36ഹെ: - | | ജലസേചന സൗകര്യം വർദ്ധിപ്പിക്കുക |
| 2 | കോട്ടയം തോട്<br>E.E.C. മണക്കുപ്പ ഏലായിൽ ഒരു പുതിയ ചീപ്പിന്റെ നിർമ്മാണം | 10 ഹെക്ടർ | 4 ലക്ഷം | " |
| 3 | E.E.C. എടത്തറപ്പടിയിൽ ഒരു പുതിയ ചീപ്പിന്റെ നിർമ്മാണം. | 10.5 ഹെക്ടർ | 3 ലക്ഷം | " |

## പട്ടിക 9

## ചെറുതോടുകൾ

| ക്രമ നമ്പർ | വാർഡ് നമ്പർ | തോടിന്റെ പേര് | വേണ്ട റഗുലേറ്ററുകൾ | ക്രോസ് ബാർ | | നിർദേശങ്ങൾ |
|---|---|---|---|---|---|---|
| | | | | നിലവിലുള്ളത് | ഇനിയും വേണ്ടത് | |
| 1 | I | അട്ടത്തഴ ഏലായിൽനിന്നു പോകുന്ന തോട് (മുഴിക്കൽതോട്) | | I | | ആഴവും വീതിയും വർദ്ധിപ്പിക്കണം |
| 2 | | കീക്കുളത്ത് വയലിൽ നിന്നും കൊട്ടുപ്പള്ളി കടവിൽ | | | | " |
| 3 | | നരിയാപുരം കടയറവയലിൽ നിന്നുമുള്ള തോട് | | | | അട്ടത്തഴ ഏലായിലെ മുഴിക്കൽ തോടുമായി ബന്ധിപ്പിക്കണം |
| 4 | | ചിറവയൽ കുളത്തിൽ നിന്നും പടയനിക്കൽ ഏലായിലേക്കുള്ള തോട് | | | | ആഴവും വീതിയും വർദ്ധിപ്പിക്കണം |
| 5 | II | കാഞ്ഞിരവിളപ്പടി - ഇല്ലത്തു പടിതോട് (2. കി.മീ.) | | | | ആഴവും വീതിയും വർദ്ധിപ്പിക്കണം |
| 6 | | കൊല്ലകാലാപ്പടി - മൈലക്കുളം തോട് | | | | " |
| 7 | | മൈലക്കുളം - കോലത്തുപടി ഇളങ്ങാട്ടു പടിതോട് (1 കി.മീ.) | | | | " |

| ക്രമ നമ്പർ | വാർഡ് നമ്പർ | തോടിൻെറ പേര് | വേണ്ട റഗുലേറ്ററുകൾ | ക്രോസ് ബാർ | | നിർദേശങ്ങൾ |
|---|---|---|---|---|---|---|
| | | | | നിലവിലുള്ളത് | ഇനിയും വേണ്ടത് | |
| 8 | | മുട്ടത്തേത്തുപടി മാമ്മൂട്ട് തോട് | | | | " |
| 9 | | ഇല്ലത്തുപടി ചാങ്ങാട്ടു മൂലതോട് (2കി.മീ.) | I | | | " |
| 10 | | ചങ്ങാട്ടുമൂലപ്പടി പാലം | | | | നീളവും വീതിയുംകൂട്ടണം. പാലത്തോടു ചേർന്ന് റഗുലേറ്റർ സ്ഥാപിക്കണം. |
| 11 | | തറയിൽപ്പടി തോട് | | | | നീളവും വീതിയും കൂട്ടണം |
| 12 | III | കൊറ്റോടിചിറമുതൽ മുതിരത്തു ചാലുവരെയുള്ളതോട് | | | | ആഴവും വീതിയും കൂട്ടണം |
| 13 | | മുതിരത്തുതോട് | I | | I | തിട്ടകൾ കെട്ടണം |
| 14 | | മേക്കുളത്തുതോട് | I | | I | |
| 15 | IV | മേലേച്ചിറ ഏലായുടെ പടി ഞാറുഭാഗത്തു കൂടിയുള്ള തോട് | | | | ചെക്ക് ഡാം നിർമ്മിക്കണം കുടമുക്കുക്ഷേത്രം മുതൽ തോഴോട്ട് വീതിയും ആഴവും കൂട്ടികെട്ടണം |
| 16 | | ഇടത്തോട് - മടത്തിൽപ്പടി - ലക്ഷം വീടു കോളനി വഴിയുള്ളതോട് | | | | ആഴവും വീതിയും വർദ്ധിപ്പിക്കണം |
| 17 | | കാവിൻപടിയിൽ നിന്നും ഒഴുകുന്നതോട് | | | | ജലനിർഗ്ഗമനത്തിന് ആഴവും വീതിയും കൂട്ടണം |
| 18 | V | വലിയതോട് | | | | തോടിൻെറ തിട്ടകളും പാടങ്ങളുടെ വരമ്പുകളും കെട്ടണം |
| 19 | | കുമ്പേലിൽപ്പടി ഏല തോട് No.1 | | | | വലിപ്പം കൂട്ടി സൈഡു കെട്ടണം |
| 20 | | കുമ്പേലിൽപ്പടി ഏല തോട് No:2 | | | | " |
| 21 | VI | മുതുമരത്തിൽ ചിറയിൽ നിന്നും ആരംഭിച്ച് തൃപ്പാറഭാഗത്തു വരെ ചേരുന്ന തോട് ഉപതോടുകളും | | | I | ആഴവും വീതിയും കൂട്ടണം. ക്രോസ്ബാർ മുല്ലക്കുഴിഭാഗത്ത് |
| 22 | | മായാലിൽ കുളത്തിൽ നിന്നും വരുന്ന തോട് | | | | തൃക്കോവിൽ പടിഞ്ഞാറുഭാഗത്തുള്ള കുളത്തിൽ ഒഴുക്കണം |
| 23 | | ഇടയിലേ മുറിപ്പടി - കൊല്ലാതോട് | | | | വീതി വർദ്ധിപ്പിക്കണം സൈഡ് വീതിയിൽ കെട്ടി ടില്ലർ ഇറക്കുവാനുള്ള സംവിധാനം ഉണ്ടാക്കണം |
| 24 | | പുലിയം മേൽപടി മുതൽ വെള്ളംകൊള്ളിഭാഗം വരെയുള്ള തോട് | | | | പുലിയം മേൽഭാഗത്ത് വീതി കൂട്ടി സൈഡു കെട്ടിയിട്ടുണ്ട്. അത് വെള്ളം കൊള്ളിഭാഗം വരെ തുടരണം. |

| ക്രമ നമ്പർ | വാർഡ് നമ്പർ | തോടിൻെറ പേര് | വേണ്ട റഗുലേറ്ററുകൾ | ക്രോസ് ബാർ | | നിർദേശങ്ങൾ |
|---|---|---|---|---|---|---|
| | | | | നിലവിലുള്ളത് | ഇനിയും വേണ്ടത് | |
| 25 | | പൊട്ടുവാഹ വിളഭാഗത്തു കൂടി കൊല്ലായിലേക്കുള്ള തോട് | | | | ആഴവും വീതിയും വർദ്ധിപ്പിക്കണം |
| 26 | VII | വലിയതോട് - പുലയൻ ചിറ മുതൽ മൂഴിക്കടവുവരെ | | 3 | | (i) ആഴവും വീതിയും വർദ്ധിപ്പിക്കണം (ii) പുലയൻ ചിറ, നരിക്കുഴി, വാളാക്കുഴി ക്രോസ് ബാറുകളുടെ അശാസ്ത്രീയതമാറ്റണം (iii) തോടിൻെറ ഇടിഞ്ഞ തിട്ടകൾ കെട്ടണം |
| 27 | | വാളാകുഴി ഏലായിലെ പനച്ചിനിൽക്കന്നതിൽപടി - വാളാകുഴിതോട് | | | | വലിപ്പപ്പെടുത്തി സൈഡു കെട്ടണം |
| 28 | | കാരുവേലിൽ പുഞ്ചയിൽ നിന്നുമുള്ള തോട് | I | | | റഗുലേറ്റർ മാറ്റിപ്പണിയണം ആഴവും വീതിയും വർദ്ധിപ്പിക്കണം സൈഡു കെട്ടണം |
| 29 | | ഗണപതിത്തോട് | | | | ആഴവും വീതിയും വർദ്ധിപ്പിക്കണം സൈഡുകെട്ടണം |
| 30 | VIII | കോട്ടയം തോട് | | 3 | 2 | (1) നിലവിലുള്ള മൂന്നു ചീപ്പുകളുടെ മെയിൻറനൻസ് നടത്തണം (2) രണ്ടു ക്രാസ് ബാറുകൾ M.I. Class II-ൽ അനുവദിച്ചിട്ടുള്ളതാണ്. പണി നടത്തണം (3) വീതി കൂട്ടി ഇടിഞ്ഞ തിട്ടകൾ കെട്ടണം. നായാടികുളം ക്രോസ് ബാർ മുതൽ താഴോട്ട് വളരെ ഇടുങ്ങിയത് |
| 31 | | തലയറതോട് | | 6 | | 6 ക്രോസ് ബാറുകളുടേയും മെയിൻറനൻസ് നടത്തണം |
| 32 | | അന്തിച്ചന്ത - മുക്കുട്ടിനാൽ | | | | വേട്ടകുളം പടിക്കുമുകളിൽ തോടു തകർന്നു കിടക്കുന്നു. കെട്ടി സംരക്ഷിക്കണം. തോടിൻെറ ആഴവും വീതിയും വർദ്ധിപ്പിച്ച് തിട്ടകൾ കെട്ടണം. |

| ക്രമ നമ്പർ | വാർഡ് നമ്പർ | തോടിൻെറ പേര് | വേണ്ട റഗുലേറ്ററുകൾ | ക്രോസ് ബാർ | | നിർദേശങ്ങൾ |
|---|---|---|---|---|---|---|
| | | | | നിലവിലുള്ളത് | ഇനിയും വേണ്ടത് | |
| 33 | | പുതുക്കൊള്ളി ചാലിൽ നിന്നും വലിയ തോട്ടിലേക്കുള്ള നിർഗ്ഗമചാനൽ | | | | സൈഡുകെട്ടണം വീതി കൂട്ടണം മണക്കുഴി ചെക്കു ഡാമിൻെറ ഉയരം കുറയ്ക്കണം. |
| 34 | | വെട്ടുകാട് - തോണ്ടുകണ്ടം ഏലായുടെ മദ്ധ്യത്തുകൂടി പോകുന്ന തോട് | | | | വലിപ്പപ്പെടുത്തി സൈഡു കെട്ടണം |
| 35 | IX | പാലക്കൽ വയൽ കടക്കേത്തുകാലാപ്പടി മാമ്പാറപ്പടി തോട് | | | | തോട് തകർന്നു കിടക്കുന്നു വീതിയും ആഴവും വർദ്ധിപ്പിച്ച് സൈഡു കെട്ടി സംരക്ഷിക്കണം |
| 36 | | മാമ്പാറപ്പടി - നായാടികുളം തോട് | | | | ആഴവും വീതിയും വർദ്ധിപ്പിച്ച് സൈഡു കെട്ടണം |
| 37 | | പാലക്കൽ വയൽ - പടിഞ്ഞാറെ തീരത്തുകൂടി പോകുന്ന തോട് | | | | " |
| 38 | | പാലക്കൽ വയൽ - കിഴക്കേതീരം വഴി പോകുന്ന തോട് | | | | " |
| 39 | X | കിടങ്ങേത്ത് - കാഞ്ഞിരപ്പാറ ഏല മദ്ധ്യഭാഗത്തുകൂടി പോകുന്ന തോട് | | | | ആഴവും വീതിയും വർദ്ധിപ്പിക്കണം. സൈഡു കെട്ടണം |
| 40 | | കിഴക്കേ തീരം വഴി പോകുന്ന തോട് | | | | " |
| 41 | | പടിഞ്ഞാറെ തീരം വഴിപോകുന്ന തോട് | | | | " |
| 42 | | മുണ്ടുതോട് - അമ്മൂമ്മതോട് | | 2 | 2 | ആഴവും വീതിയും കൂട്ടണം സൈഡു കെട്ടണം അമ്മൂമ്മ തോടിന് അടിഭാഗത്തും മുണ്ടുതോടിനു താഴെയും ക്രോസ് ബാറുകൾ |
| | | | 4 | 15 | 7 | |

നെടുംപുറത്ത് പടിഞ്ഞാറുഭാഗത്തുള്ള കുളം വരെ നീട്ടണം. നായാടികുളം ഭാഗത്തുള്ള കുളം വരെ നീട്ടണം. നായാടികുളം ഭാഗത്തുള്ള അക്വിഡക്ടിൻെറ വീതി വർദ്ധിപ്പിക്കുകയും വേണം.

6) കൈപ്പട്ടൂർ മർത്തോമ്മ പള്ളിയുടെ കിഴക്കുഭാഗത്ത് ലിഫ്റ്റ് ഇറിഗേഷൻ ഏർപ്പെടുത്തി കുമ്പേലിൽ ഏലായിൽ മൂന്നുപൂവ് നെൽക്കൃഷി ചെയ്യാനുള്ള സംവിധാനം ഉണ്ടാക്കണം.

7) കൈപ്പട്ടൂർ കോയിക്കൽ ഭാഗത്ത് ലിഫ്റ്റ് ഇറിഗേഷൻ ഏർപ്പെടുത്തി മേക്കുളത്തുഭാഗത്തും കീക്കൂളത്തുഭാഗത്തും കൃഷിവർദ്ധിപ്പിക്കാനുള്ള സാഹചര്യം ഉണ്ടാക്കണം

8) കൈപ്പട്ടൂർ കോയിയ്ക്കൽ പാലത്തിനു സമീപം ലിഫ്റ്റ് ഇറിഗേഷൻ സൗകര്യം ഏർപ്പെടുത്തി. രണ്ടാം വാർഡിൽപ്പെട്ട മൈലക്കുളം സെക്കൻറ് ലിഫ്റ്റ് ഇറിഗേഷനായി ഉപയോഗിക്കുവാനുള്ള സൗകര്യമുണ്ടാക്കണം.

## പട്ടിക 6
## II ലിഫ്റ്റ് ഇറിഗേഷൻ
## M.I. Class I.

| ലിഫ്റ്റ് ഇറിഗേഷൻ | വാർഡ് | കുഴൽ കിണർ | കുളം | ക്രോസ് ബാർ | ആയ കെട്ട് (ഹെ) | പൊതുജല സേചനകിണർ |
|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | |
| പമ്പ് ഹൗസ് (ഭുവനേശ്വരത്ത്) | 1 | — | (അട്ടത്തറ ഏല) | | 35ഹെ | - |
| | 2 | — | മൈലക്കുളം (1) | 2 | 28 ഹെ | - |
| | 3 | — | | | | - |
| | 4 | — | | | | - |
| | 5 | - | | | | - |
| പമ്പ് ഹൗസ് (പടിഞ്ഞാറെ പാടം) | 6 | - | തലച്ചേമ്പ് ഏല | | 30 ഹെ | - |
| | 7 | - | മായാലിൽ | | 25 " | - |
| | 8 | - | | | | - |
| | 9 | - | | | | - |
| പമ്പ് ഹൗസ് (ചക്കും കുഴിഭാഗം) | 10 | - | | | ഉദ്ദേശം 80 ഹെ | - |

9) കുടമുക്ക് മൂന്നാം കലുങ്ക് തോട്ടിൽ കുടമുക്ക് ഭാഗത്ത് ചീപ്പ് നിർമ്മിച്ച് ജലസേചനസൗകര്യം വർദ്ധിപ്പിക്കാൻ സാധിക്കും.

10) പെരുംതോട്ടിൽ ചരിയത്ത് പടിയിലുള്ള ചീപ്പിൻെറ മുകളിലായി ഒരു ക്ലോസ്‌വേ പണിഞ്ഞുകൊണ്ട് വള്ളിക്കോട് പഞ്ചായത്തിനെയും പന്തളം തെക്കേക്കര പഞ്ചായത്തിനേയും പരസ്പരം ബന്ധിപ്പിക്കാൻ സാധിക്കും. ഈ പാത വളരെയധികം ആൾക്കാർക്ക് പ്രയോജനപ്രദമാണ്.

### III കല്ലടഇറിഗേഷൻ

കല്ലട ഇറിഗേഷൻ മേഖലയിൽ നമ്മുടെ പ്രദേശവും ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ പദ്ധതി ഇവിടെ 493.4 ഹെക്ടർ കരഭൂമിക്കും 305:2 ഹെക്ടർ നിലത്തിനും പ്രയോജനപ്പെടുമെന്നാണ് പ്രസ്തുത ഇറിഗേഷൻെറ ഭാഗമായി നമ്മുടെ പഞ്ചായത്തിൽ പൂർണ്ണമായും ഭാഗികമായും നിർമ്മാണം നടന്നിട്ടുള്ള കനാലുകൾ

1) കൊടുമൺ പഞ്ചായത്തിൽപ്പെട്ട ചന്ദനപ്പള്ളിയിൽ നിന്നും തുടങ്ങി ഈ പഞ്ചായത്തിൻെറ 7-ാം വാർഡിൽ കൂടി വലിയതോട്ടിൽ എത്തുന്ന വള്ളിക്കോട് ഡിസ്ട്രിബ്യൂട്ടറി.

2) ചന്ദനപ്പള്ളിയിൽ നിന്നും തുടങ്ങി 6-ാം വാർഡിൽക്കൂടി തൃപ്പാറഭാഗത്തേക്കുള്ള ഡിസ്റ്റ്രിബ്യൂട്ടറി

3) കൊടുമൺ പഞ്ചായത്തിൽപ്പെട്ട മുട്ടത്തുകോണിൽ ഭാഗത്തുകൂടി കടന്ന് ഈ പഞ്ചായത്തിൻെറ 8-ാം വാർഡിൽലുള്ള വേട്ടകുളം ഏലായിൽ എത്തുന്ന കൊടുമൺ ഡിസ്ട്രിബ്യൂട്ടറി

4) പ്രമാടം പഞ്ചായത്തിൽപ്പെട്ട കൊട്ടപ്പിള്ളേത്തു ജംഗ്ഷൻ വഴി ഈ പഞ്ചായത്തിൻെറ 10, 9 വാർഡുകളിൽക്കൂടി

പാലക്കൽ വയലിൽ എത്തിച്ചേരുന്ന കനാൽ

5) പ്രസ്തുത കനാലുകളുമായി ബന്ധപ്പെടുത്തി MCS നുള്ള കുഴലുകളും ടാങ്കുകളും സ്ഥാപിച്ചിട്ടുണ്ട്.

## നിർദ്ദേശങ്ങൾ

1) നമ്മുടെ പഞ്ചായത്തിൻെറ എത്തിനിൽക്കുന്ന പല കനാലുകളുടേയും പണികൾ പൂർത്തിയാക്കിയിട്ടില്ല. പൂർത്തിയാക്കിയ കനാലുകളുടെ മെയിൻറനൻസ് നടത്തിയിട്ടില്ല. ഇറിഗേഷൻ നടത്തേണ്ട മേഖലകളുമായി കനാലുകളെ ബന്ധിപ്പിച്ചിട്ടില്ല. കുഴിച്ചിട്ടിട്ടുള്ള പൈപ്പുകളുടെ ലിങ്കിംഗും പ്രവർത്തനക്ഷമതയും പരിശോധിച്ചിട്ടില്ല. പൊട്ടിപ്പോയിട്ടുള്ള പൈപ്പുകൾ മാറിയിട്ട് പ്രഷർ ടെസ്റ്റ് നടത്തേണ്ടതാണ്. ഈ കുറവുകൾ എത്രയും വേഗം പരിഹരിച്ച് ഈ പ്രദേശങ്ങളിലും ഇറിഗേഷൻ കാര്യക്ഷമമായി നടത്തണം.

2) ഒരു പ്രധാനകാര്യം കൂടി. ക...ലുകളുടെ പട്ടികയിൽ 3-ാം നമ്പരായി പറയുന്ന കനാൽ വന്നിറങ്ങുന്നത് വേട്ടകുളം പാടശേഖരത്തിൻെറ ഏറ്റവും താണഭാഗത്താണ്. ഈ കനാൽ പ്രസ്തുത ഏലായ്ക്ക് പ്രയോജനപ്പെടുകയില്ല. പ്രയോജനപ്പെടണമെങ്കിൽ ഏലായുടെ മുകളറ്റത്ത് മണക്കുപ്പ ഭാഗത്തുകൂടി വരുന്ന കോട്ടയം തോട്ടിൽ വെള്ളം ഇറക്കണം. കലഞ്ഞൂർ ഡിസ്റ്റ്രിബ്യൂട്ടറിപ്രമാടം പഞ്ചായത്തിൽ V: കോട്ടയത്ത് ക്ഷേത്രത്തിനടുത്തു കൂടി വരുന്ന കനാലിൻെറ ഒരു സബ് കനാൽ കോട്ടയം നോട്ടിലേക്ക് നിർമ്മിക്കണം. അത് അസാദ്ധ്യമെന്നു കണ്ടാൽ മറ്റേതെങ്കിലും കനാലിൽ നിന്ന് മണക്കുപ്പഭാഗത്തിനു മുകളിൽ കോട്ടയം തോട്ടിലേക്കു വെള്ളം ഇറക്കുവാനുള്ള സംവിധാനം ഉണ്ടാക്കണം.

കല്ലടഇറിഗേഷൻ ഈ മേഖലയിൽ പ്രവർത്തനക്ഷമമാകുന്നതോടെ ഭക്ഷ്യവിളകളുടേയും നാണ്യവിളകളുടേയും ഉല്പാദനക്ഷമതയും വിളവർദ്ധനയും വളരെയേറെ മെച്ചപ്പെടും. ഒരുപ്പൂനിലങ്ങൾ ഇരുപ്പൂവാകും. ഇരുപ്പൂനിലങ്ങളിൽ മൂന്നാം വിളകൂടി ചെയ്യുന്നതിനും സാധിക്കും. പച്ചക്കറി കൃഷി ഏറെ അഭിവൃദ്ധിപ്പെടും. ഒപ്പം കുടിവെള്ളക്ഷാമത്തിനും കുറെയൊക്കെ പരിഹാരമാകും.

3) KIP -കൊടുമൺ ഡിസ്റ്റ്രിബ്യൂട്ടറി (8-ാം വാർഡിൽ എത്തിച്ചേരുന്നത്) കോൺക്രീറ്റു ചെയ്യണം.

4) KIP വള്ളിക്കോട്ടു; തൃപ്പാറ മൈനർ ഡിസ്റ്റ്രിബ്യൂട്ടറികൾ കോൺക്രീറ്റു ചെയ്യണം.

5) വളത്തുകാട് ഡിസ്റ്റ്രിബ്യൂട്ടറിയിൽ നിന്നും, (തറയിൽപ്പടിക്ക് അടുത്ത ഭാഗത്തുനിന്നും) കൊട്ടയ്ക്കാട്ടുഭാഗത്തേക്ക് കനാൽ നിർമ്മിച്ച് ജലസേചനസൗകര്യം ഏർപ്പെടുത്തണം

6) കൊടുമൺ ഡിസ്റ്റ്രിബ്യൂട്ടറി 8-ാം വാർഡിൽ തലയിറ ഭാഗത്തുകൂടി തലയിറതോട് കടന്ന് ഏതാണ്ട് 2KM പ്രമാടം പഞ്ചായത്തിലെത്തി അവിടെനിന്നാണ് തലയിറതോട്ടിലേക്ക് ജലം ഒഴുക്കിവിടുന്നതിനുള്ള സംവിധാനം. കനാലിൽ നിന്നും ഏതാണ്ട് 1K.M ഇടത്തോട്ടിൽകൂടി ജലം ഒഴുകിവരേണ്ടതുണ്ട്. അതിനു പരിഹാരമായി തലയിറ കാവുംമുറി ഭാഗത്ത് 100 അടിയിൽ താഴെ മാത്രം ദൂരമുള്ള ഭാഗത്ത് ജലം ഒഴുക്കിവിടാനുള്ള സംവിധാനം ഉണ്ടാക്കണം.

7) തറയിൽ പടിയിൽനിന്നും കൊട്ടയ്ക്കാട്ടു ഭാഗത്തേക്ക് KIP കനാൽ സൗകര്യം ഏർപ്പെടുത്തി (ഡിസ്ട്രിബ്യൂട്ടറിലൈനുകൾ) കൃഷിയ്ക്ക് ഉപയോഗയോഗ്യമാക്കിത്തീർക്കണം.

8) വള്ളിക്കോട് പഞ്ചായത്തിൽപ്പെട്ട KIP ജലസേചനകനാലുകൾ നവംബർ മാസം മുതൽ മെയ്മാസം വരെ കൃത്യമായി തുറന്നു വിട്ട് ജലലഭ്യത ഉറപ്പുവരുത്തുവാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരുടെ അടിയന്തിര ശ്രദ്ധ ഉണ്ടാകണം.

## കാർഷികമേഖലയിലുള്ള പ്രശ്നങ്ങൾ

1) വെള്ളപ്പൊക്ക കെടുതികൾ
2) ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളിൽ ആസൂത്രിതമായ നടത്തിപ്പില്ലുള്ള പോരായ്മകൾ
3) ജലസേചനത്തിനു...പ്പുകളുടെ ശോച്യാവസ്ഥയും അശാസ്ത്രീയമായ നിർമ്മാണ... അപര്യാപ്തതയും.
4) അശാസ്ത്രീയമായ ചെക്കു ഡാം നിർമ്മാണം
5) കൃഷിക്ക് ആവശ്യമുള്ളസമയത്ത് ജലസേചനം സാദ്ധ്യമല്ലാതെ വരുന്ന അവസ്ഥ
6) കല്ലടഇറിഗേഷൻ പദ്ധതിയിൽ നിന്നും വെള്ളം അത്യാവശ്യത്തിനുപോലും ലഭിക്കാത്തസ്ഥിതി
7) തോടുവരമ്പുകളിൽ മടവീഴ്ച - വ്യാപകമായ കൃഷിനാശം
8) ക്രോസ്ബാറുകളുടെ അശാസ്ത്രീയമായ അറ്റകുറ്റപ്പണികൾ നടത്തിയതുമൂലം കൃഷിനാശവും തരിശിടീലും.
9) ട്രാക്ടർ/ടില്ലർ ഇവ പാടത്ത് സുഗമമായി ഇറക്കുന്നതിനുള്ള റാമ്പുകളുടെ അപര്യാപ്തത
10) പച്ചക്കറിപോലുള്ള അധികവിളകളുടെ കൃഷിക്ക് ആസൂത്രിതമായ ജലസേചന പദ്ധതികളുടെ കുറവ്

11) ചീപ്പുകളിൽ നിന്നുമുള്ള ജലസേചന കനാലുകളുടെ കുറവും ഉള്ളവയുടെ പുനരുദ്ധാരണത്തിൽ വരുന്ന വീഴ്ചകളും.

12) ജലനിർഗ്ഗമന പദ്ധതികളുടെ ശാസ്ത്രീയമായ ആസൂത്രണക്കുറവ്

13) ജൈവവളങ്ങളുടെ കുറവ്

14) കാർഷികവിളകളെ അടിസ്ഥാനമാക്കിയുള്ള വ്യവസായങ്ങളുടെ കുറവ്

15) കർഷകതൊഴിലാളികളുടെ കുറവ്

## കാർഷികമേഖലയിൽ നടപ്പിലാക്കേണ്ട വികസനപരിപാടികൾ - നിർദ്ദേശങ്ങൾ

1) നമ്മുടെ പഞ്ചായത്തിന് 15 കി.മീറ്റർ ദൈർഘ്യം വരുന്ന ആറ്റുതീരമുണ്ട്. മണൽവാരും വെള്ളപ്പൊക്കവും നിമിത്തം ആറ്റുതിട്ടയുടെ പലഭാഗങ്ങളും തകർന്നു കൊണ്ടിരിക്കുകയാണ്. കാർഷികമേഖലയ്ക്കും ആറ്റുതീരത്തുള്ള കെട്ടിടങ്ങൾക്കും ഇത് വൻഭീഷണിയാണ്. ആവശ്യമുള്ള ഭാഗങ്ങളിൽ ആറ്റുതിട്ട കെട്ടി സംരക്ഷിക്കുവാനുള്ള നടപടികൾ ഉണ്ടാവണം.

2) തലയറഭാഗത്ത് തോട്ടിൽ ഒരു മിനി ഡാം നിർമ്മിക്കണം. ജലസേചനത്തിനും വൈദ്യുതി ഉല്പാദനത്തിനും സഹായകമാകുന്ന ഒരു പദ്ധതിയായിരിക്കുമിതെന്നാണ് വിദഗ്ദ്ധാഭിപ്രായം. ആയതിൻെറ സാധ്യതകൾ പരിശോധിച്ച് പദ്ധതി ആവിഷ്കരിക്കുന്നതിന് KSEB (Civil wing) യെ ചുമതലപ്പെടുത്തണം.

3) കൃഷിയിടങ്ങളിലെ അടിസ്ഥാനവികസന പദ്ധതികൾ നടപ്പിലാക്കുമ്പോൾ (ചീപ്പുകൾ, തോടുകളുടെ തിട്ടകൾ കെട്ടുന്നത്, വീതിവർദ്ധിപ്പിക്കുന്നത്, ഈടി കയ്യാലകൾ തീർക്കുന്നത് തുടങ്ങിയവ) സ്ഥലനിർണ്ണയം ചെയ്യുന്നതിനുള്ള അധികാരം. പഞ്ചായത്തിനും, പാടശേഖരസമിതികൾക്കും, കേരസമിതിക്കും, കൃഷിഭവനും, മൈനർ ഇറിഗേഷൻ വകുപ്പിനും, ഗ്രാമസഭസമിതിക്കും പ്രാതിനിധ്യമുള്ള സ്ഥിരം സമിതിയുണ്ടാക്കി ആ സമിതിക്കു നൽകണം.

4) വിത്ത്, വളം, കീടനാശിനി ഇവ സൗജന്യനിരക്കിൽ യഥാസമയം കൃഷിഭവനത്തിലൂടെ വിതരണം ചെയ്യണം.

5) കർഷകത്തൊഴിലാളികളുടെ എണ്ണം കുറയുന്നതുകാരണം കാർഷികമേഖലയിൽ യന്ത്രവൽക്കരണം പരമാവധി നടത്തേണ്ടിവരും. ആയതിന് പാടശേഖരങ്ങളിൽ ബണ്ടുറോഡുകളും നടപ്പാതകളും കൂടുതൽ ഉണ്ടാക്കണം. ഉള്ളവ സ്വകാര്യഭൂമിയായി വച്ചിരിക്കുന്നത് തിരികെ വിടുവിക്കണം. ടില്ലറുകളും മറ്റും പാടങ്ങളിലേക്ക് ഇറക്കുവാൻ റാമ്പുകൾ കെട്ടണം. ആയതിനു മുൻഗണന നൽകണം. ലൊക്കേഷൻ നിർണ്ണയിക്കുന്നതിനുള്ള ചുമതല 3-ൽ പറഞ്ഞിട്ടുള്ള സമിതിക്കു വിടണം.

6) പാടങ്ങളിലേക്ക് തള്ളിനിൽക്കുന്ന ചൂടലുകൾ വെട്ടിമാറ്റുവാനുള്ള നടപടികളുണ്ടാകണം. നെൽപ്പാടങ്ങളുടെ അതിരിൽ നിന്നും കുറഞ്ഞത് 8 മീറ്റർ അകലത്തിൽ മാത്രമേ മരങ്ങൾ വയ്ക്കുവാൻ പാടുള്ളൂ എന്ന വ്യവസ്ഥ ഉണ്ടാകണം. ചൂടൽ വെട്ടിമാറ്റിക്കാൻ പഞ്ചായത്തിന് പരമാധികാരം വേണം.

7) നിലങ്ങളിലേയും പറമ്പുകളിലേയും മണ്ണു പരിശോധന ഫലപ്രദമായി നടപ്പാക്കണം

8) കാർഷികമേഖലയിൽ കർകതൊഴിലാളികളുടെ എണ്ണം കുറഞ്ഞുകൊണ്ടിരിക്കുകയാണ്. ഇതിന് പരിഹാരം കാണണം. തൊഴിലാളികൾക്ക് വാർഡ് അടിസ്ഥാനത്തിൽ രജിസ്ട്രേഷൻ നൽകണം. അവരുമായി ചർച്ച ചെയ്ത് ജോലിസമയവും കൂലിനിരക്കും തീരുമാനിക്കണം. സ്ഥിരമായി കാർഷികമേഖലയിൽ നിൽക്കുന്നവർക്ക് പെൻഷൻ ഉൾപ്പെടെയുള്ള പരമാവധി ആനുകൂല്യങ്ങൾ നൽകണം. പഞ്ചായത്തു തലത്തിൽ ഒരു ലേബർ ബ്യൂറോയുടെ പ്രവർത്തനവും സംവിധാനം ചെയ്യണം.

9) പഞ്ചായത്തു തലത്തിൽ ഇറിഗേഷൻ സൗകര്യങ്ങൾ വർദ്ധിപ്പിക്കുവാനുള്ള നിർദ്ദേശങ്ങൾ അന്യത്ര ചേർത്തിട്ടുണ്ട്. ജലവിനിയോഗം കാര്യക്ഷമമാക്കുന്നതിന് കോൺക്രീറ്റു ചെയ്ത സബ് കനാലുകളുടെ നിർമ്മാണം എല്ലാ പാടശേഖരങ്ങളിലും ഉണ്ടാകണം.

10) കാരുവേലിൽ പുഞ്ചയിൽ വെള്ളം കെട്ടികിടക്കുന്നതു നിമിത്തം കൃഷി അസാദ്ധ്യമായി തീർന്നിരിക്കുന്നു. (25 ഹെക്ടർ വിസ്തീർണ്ണം വരും) നരിക്കുഴിചിറയുടെ അശാസ്യത്രീയമായ പുനർനിർമ്മാണമാണ് ഈ സ്ഥിതിക്കു കാരണം. ഗ്രൂപ്പ് പോസ്റ്റുകളുടെ അടിവശത്തുള്ള കോൺക്രീറ്റ്, പരിധിയിൽ കവിഞ്ഞ് ഉയർന്നുപോയി. അത് ഒരടിതാഴ്ത്തി വിട്ടാൽ പ്രശ്നങ്ങൾ പരിഹരിക്കാമോ എന്നു പരിശോധിക്കണം.

11) നിലവിലുള്ള സമഗ്ര നാളികേര വികസനപദ്ധതി 96-97ൽ അവസാനിക്കുകയാണ്. ആയത് കൂടുതൽ ആനുകൂല്യങ്ങളോടുകൂടി പുനരാവിഷ്കരിച്ച് തുടർന്നും നടപ്പിലാക്കണം.

12) വിള ഇൻഷ്വറൻസ് പദ്ധതി എല്ലാ കാർഷികവിളകൾക്കും നടപ്പിലാക്കണം. ടി പദ്ധതിപ്രകാരം നഷ്ടപരിഹാരം നൽകുന്നതിനുള്ള കാലവിളംബം ഒഴിവാക്കണം.

13) അട്ടത്തഴ വയലിന് തെക്കുഭാഗത്ത് കിഴക്കു പടിഞ്ഞാറായി നിർമ്മിച്ചിട്ടുള്ള ബണ്ട് (മൺചിറ) രാജഭരണകാലത്ത് നിർമ്മിച്ചത് – നരിയാപുരത്തിനു പടിഞ്ഞാറുഭാഗത്തു താമസിക്കുന്ന ജനങ്ങളുടേയും കാർഷിക വിളവുകളുടേയും കെട്ടിടങ്ങളുടേയും രക്ഷയ്ക്കുള്ള ഒരു കോട്ടയാണ്. അതിൻെറ അറ്റകുറ്റപ്പണികൾ അടിയന്തിരമായും നടത്തണം.

14) ജലസേചനസൗകര്യങ്ങൾ വർദ്ധിക്കുന്നതോടെ പച്ചക്കറിക്കൃഷി കൂടുതൽ വ്യാപകമായി നടത്തുവാൻ സാധിക്കും. ഒപ്പം ഉല്പാദനക്ഷമതയും കൂടുതൽ മെച്ചപ്പെടും. ഈ സാഹചര്യം പരിഗണിച്ചുകൊണ്ട് കൃഷിക്കാർക്ക് കൂടുതൽ ആനുകൂല്യങ്ങൾ നൽകുകയും ഏകീകരണ സ്വഭാവമുള്ള സംഭരണ വിപണന പ്രക്രിയ സംവിധാനം ചെയ്ത് മിക്കവാറും എല്ലാവാർഡുകളിലും വില്പനശാലകൾ തുറക്കുകയും അനുബന്ധമായി മിനി വ്യവസായയൂണിറ്റുകൾ ആരംഭിക്കുകയും വേണം.

15) കൃഷിഭൂമിക്കും കാർഷികവിളകൾക്കും സീലിംഗ് ഏർപ്പെടുത്തിക്കൊണ്ട് ആനുകൂല്യങ്ങൾ നൽകുന്നത് നാമമാത്ര കൃഷിക്കാരുടെ താല്പര്യങ്ങൾ കണക്കിലെടുക്കാതെയാണ്. സീലിംഗ് മാറ്റി വിളകളുടെ തോതനുസരിച്ച് എല്ലാ കൃഷിക്കാർക്കും ആനുകൂല്യങ്ങൾ നൽകണം.

16) കുന്നുകളും താഴ്‌വരകളും ഇടകലർന്നു കിടക്കുന്ന നമ്മുടെ പഞ്ചായത്തിൽ മണ്ണൊലിപ്പ് തടയുന്നതിനുള്ള ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കി, മണ്ണൊലിപ്പു നിവാരണ പദ്ധതിപ്രകാരം വേണ്ട നിർമ്മാണപ്രവർത്തനങ്ങൾ നടത്തണം. ഈടി കയ്യാലകളുടെ നിർമ്മാണത്തിന് സബ്സിഡി നൽകണം

17) കല്ലടഇറിഗേഷൻ – പുതിയ ഡിസ്റ്റ്രിബ്യൂട്ടറിയുടെ നിർമ്മാണം.

KIPയുടെ ഒരു പുതിയ ഡിസ്ട്രിബ്യൂട്ടറി ചന്ദനപ്പള്ളിൽ നിന്നും തുടങ്ങി പുതിയടത്തുകാവ് ദേവീക്ഷേത്രഭാഗം അമ്പാട്ടുഭാഗം പനയ്ക്കുന്ന് മുരുപ്പുവഴി ആശാരികുളത്തെത്തിക്കുക. ടി ഭാഗങ്ങളിൽ കൃഷിക്കും മറ്റ് ആവശ്യങ്ങൾക്കും ഈ പദ്ധതിപ്രയോജനപ്പെടും.

18) വെള്ളപ്പൊക്ക കെടുതി - ഒരു പരിഹാരം

ഭുവനേശ്വരം മുതൽ വാഴമുട്ടം വരെയുള്ള ഈ പഞ്ചായത്തിലെ പ്രധാനറോഡിൻെറ ചില ഭാഗങ്ങൾ വെള്ളപ്പൊക്കക്കാലത്ത് വേഗം മുങ്ങിപ്പോകാറുണ്ട്. (കൈപ്പട്ടൂർ – ഇരു ജഗ്ഷനുകൾക്കും കിഴക്കും പടിഞ്ഞാറും, തൃപ്പാറക്ഷേത്രത്തിനു കിഴക്കുഭാഗം, വള്ളിക്കോടു പറകുന്നതു പടി മുതൽ വാഴമുട്ടം ആശ്രമപ്പടിവരെ) ഇത് വൻതോതിൽ കൃഷിനാശത്തിനും ഗതാഗതസ്തംഭനത്തിനും ഇടയാക്കുന്നു. ഇതിനുപരിഹാരമായി മേൽപ്പറഞ്ഞ ഭാഗങ്ങൾ ഉയർത്തണം. പാലങ്ങൾ നാലെണ്ണമുണ്ട്. അവയും പുതിക്കിപ്പണിയണം. പാലങ്ങളുടെ നിർമ്മാണത്തോടനുബന്ധിച്ച് നാലുസ്ഥലങ്ങളിലും രഗുലേറ്ററുകൾ സ്ഥാപിക്കുകയും വേണം.

19) ഏഴംകുളം - കൊടുമൺ ഏലാകളിൽ വിളവെടുപ്പുസമയത്തും വള്ളിക്കോടു പാടശേഖരങ്ങളിൽ ജലസേചനത്തിന് വെള്ളം തുറന്നു വിടണമെന്നതിനാൽ വിളവെടുപ്പിന് ഉപദ്രവും ഉണ്ടാകാതിരിക്കത്തക്കവിധം ഏഴംകുളം കൊടുമൺ ഏലാകളിൽകൂടി പോകുന്ന കനാലുകളുടെ ഭാഗങ്ങൾ കോൺക്രീറ്റു ചെയ്ത് ചോർച്ച തടയണം.

20) രാസവളങ്ങളുടേയും കീടനാശിനികളുടേയും അമിതവും അശാസ്ത്രീയവുമായ ഉപയോഗം കാരണം മണ്ണിൻെറ വീര്യം കുറയുകയും വിളകളുടെ ഗുണമേൻമ നശിക്കുകയും ഭക്ഷ്യവസ്തുക്കളിൽ വിഷാംശം കലരുകയും കൃഷിച്ചെലവുകൾ വർദ്ധിക്കുകയും ചെയ്യുന്ന സ്ഥിതിയാണിന്നുള്ളത്. പരിഹാരം ലക്ഷ്യമാക്കിക്കൊണ്ടുള്ള ബോധവൽക്കരണമാണ് ഇതിനാവശ്യം. അതിനുള്ള വിദഗ്ദ്ധരെ കൃഷിക്കാരിൽ നിന്നു തന്നെ കണ്ടെത്തണം. പഞ്ചായത്തു തലത്തിൽ പരിശീലനക്ലാസ്സുകൾ നടത്തണം.

21) വർഷത്തിൽ ഒരിക്കൽ പഞ്ചായത്തിൽ കർഷകദിനം ആചരിക്കണം. കാർഷികോത്സവം കൊണ്ടാടണം. വിളമത്സരം നടത്തണം. 'കർഷകശ്രീ'യെ തെരഞ്ഞെടുക്കണം.

22) നെൽക്കൃഷിക്ക് 'പാഡിബോർഡ്' രൂപീകരണം. അതുവഴി നെൽകൃഷിക്കാർക്ക് കൂടുതൽ ആനുകൂല്യങ്ങൾ നൽകണം.

23) ശാസ്ത്രീയമായ കൃഷിസമ്പ്രദായങ്ങളുടേയും കാർഷികോപകരണങ്ങളുടേയും കാലാകാലങ്ങളിലു ണ്ടാകാറുള്ള മാറ്റങ്ങൾ അതാതു സമയങ്ങളിൽ കർഷകരെ അറിയിക്കുന്നതിനും അവർക്ക് പരിശീലനം നൽകുന്നതിനും ഉള്ള സ്ഥിരം ഏർപ്പാടുകൾ ഉണ്ടാകണം.

24) പഞ്ചായത്തുതലത്തിൽ സമസ്ത വിളകൾക്കും ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കണം.

25) പ്രകൃതിക്ഷോഭം മൂലം വിളനാശം ഉണ്ടാകുമ്പോൾ ഇൻഷുറൻസ് പദ്ധതിക്കു പുറമേ ഗവ: നൽകുന്ന നഷ്ടം പരിഹാരത്തുക പഞ്ചായത്തുവഴി വിതരണം ചെയ്യണം.

26) വാർഡ് അടിസ്ഥാനത്തിൽ കർഷകരുടെ സംഘം

രൂപീകരിക്കണം. അവരിൽ നിന്നും പാടത്തും പറമ്പിലും പണി ചെയ്യാൻ സന്നദ്ധതയുള്ള വരെ കണ്ടെത്തണം. അവർക്ക് പ്രത്യേക രജിസ്ട്രേഷൻ ഉണ്ടാകണം. അവർക്കു നൽകാവുന്ന ആനുകൂല്യങ്ങളെ സംബന്ധിച്ചും ആലോചിക്കണം.

27) കാലിവളർത്തൽ കുറഞ്ഞു കൊണ്ടിരിക്കുകയാണ്. അതോടൊപ്പം ജൈവവളകളുടെ ലഭ്യതയും കുറയുന്നു. ഈ കുറവ് കാർഷികമേഖലയെ ബാധിച്ചുകൊണ്ടിരിക്കുകയാണ്. ഇതിന് ഒരു പരിഹാരമെന്ന നിലയിൽ ഓരോ വാർഡിലും കാലിവളർത്തൽ കേന്ദ്രം ആരംഭിക്കണം. കർഷകരെ അതിനുപ്രോത്സാഹിപ്പിക്കണം

28) കാർഷികോപകരണങ്ങളുടെ റിപ്പയറിംഗ് നടത്തുന്നതിന് മറ്റുമായി ഒരു ആഗ്രോക്ലിനിക് സ്ഥാപിക്കണം

29) ചന്ദനപ്പള്ളി – മാമ്മൂടുറോഡിൽ നിന്നും ആരംഭിച്ച് ഏഴംകുളം കൈപ്പട്ടൂർ റോഡിൻെറ മൂന്നാം കലുങ്കുഭാഗത്ത് എത്തിച്ചേരുന്ന വല്യ വരമ്പിൻെറ വീതി വർദ്ധിപ്പിച്ച് സൈഡുകൾ കെട്ടി മട വീഴ്ച തടഞ്ഞ് പാടത്തിന് സംരക്ഷണം നൽകണം.

30) കൃഷിഭവൻെറ ഒരു സബ് സെൻറർ കുടമുക്കിൽ സ്ഥാപിക്കണം.

31) കൃഷിക്കുവേണ്ടി കുളവും കിണറും കുഴിച്ച് പമ്പുസെറ്റു സ്ഥാപിക്കുന്നതിനുള്ള സബ്സീഡി വർദ്ധിപ്പിക്കണം

32) കൃഷിഭവന് സ്ഥലവും കെട്ടിടവും ഉണ്ടാകണം പ്രവർത്തനമേഖല വികസിപ്പിക്കണം. കൃഷിഭവൻ കാർഷിക പരിശീലന കേന്ദ്രമായി പ്രവർത്തിക്കണം

33) സർവ്വീസ് സഹകരണ സംഘങ്ങളിൽ നിന്നും നൽകി വരുന്ന കാർഷിക വായ്പയുടെ നിലവിലുള്ള പലിശ നിരക്ക് കുറയ്ക്കണം

34) ഈ പഞ്ചായത്തിലും സമീപപഞ്ചായത്തുകളിലും റബ്ബർ കൃഷിഅഭിവൃദ്ധിപ്പെട്ടു വരുന്ന സാഹചര്യത്തിൽ ജില്ലാ തലത്തിൽ ഒരു റബ്ബർ അധിഷ്ഠിതവ്യവസായം പൊതുമേഖലയിൽ റബ്ബർ പ്ലാൻേറഷൻ കേന്ദ്രമാക്കി നടപ്പിൽ വരുത്തണം.

35) തെങ്ങിൽ നിന്നുമുള്ള ഉല്പന്നങ്ങൾ ഉപയോഗപ്പെടുത്തി പുതിയ വ്യവസായങ്ങൾ ഈ പഞ്ചായത്തിൽ ആരംഭിക്കണം.

36) പാടശേഖരസമിതികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുവാൻ 5000/- രൂപാ വീതം ഗ്രാൻറ് അനുവദിക്കുകയും ടില്ലർ, കൊയ്ത്ത് യന്ത്രം, മെതിയന്ത്രം തുടങ്ങിയവ 100% സബ്സീഡിയോടുകൂടി സമിതികൾക്ക് വിതരണം ചെയ്യുകയും വേണം.

37) ചെറുകിട നാമമാത്ര കർഷകർ വാങ്ങുന്ന രാസവളങ്ങൾക്ക് 50% സബ്സീഡി അനുവദിക്കണം.

38) കല്ലട ഇറിഗേഷൻ - തൃപ്പാറ സബ്കനാലിൻെറ ആദ്യത്തെ 400 മീറ്റർ ഭാഗം പൊട്ടിപ്പൊളിഞ്ഞു കിടക്കുകയാണ്. ആ ഭാഗം കല്ലുകെട്ടി ബലപ്പെടുത്തി കോൺക്രീറ്റു ചെയ്ത് ഉപയോഗപ്രദമാക്കണം.

39) കൃഷിയെ മാത്രം ആശ്രയിച്ചു ജീവിക്കുന്ന കർഷകരുടെ മക്കൾക്ക് തൊഴിൽ സംവരണം നൽകണം. അവശതയനുഭവിക്കുന്ന കർഷകർക്കും പെൻഷൻ പദ്ധതി നടപ്പിലാക്കണം.

40) വലിയതോട് - മണക്കുപ്പയിലെ ചെക്കു ഡാം. നെൽക്കൃഷിയുടെ വികസനത്തിന് ഗുണകരമല്ല. ജലനിർഗ്ഗമനത്തിൽ ക്രമത്തിലധികം തടസ്സം സൃഷ്ടിക്കുന്നു. തൻമൂലം കൃഷിനാശം സംഭവിക്കുന്നു. ഡാമിൻെറ ഉയരം കുറച്ച് കൃഷിനാശം ഒഴിവാക്കണം.

41) ശീതീകരിച്ച ഇളനീരും കരിക്കിൽ കുഴമ്പും കൂട്ടിച്ചേർത്ത് സ്വാദിഷ്ടമായ മൃദുപാനീയം ലഭ്യമാക്കുന്ന ഒരു ഫാക്ടറി പഞ്ചായത്തിൽ സ്ഥാപിക്കണം.

42) K.I.P ചന്ദനപ്പള്ളി ഡിസ്ട്രിബ്യൂട്ടറിയിൽ നിന്നും തുടങ്ങി വള്ളിക്കോട് പുതിയിടത്തുകാവ് ദേവീക്ഷേത്രത്തിനു സമീപത്തുകൂടി അമ്പാട്ടുഭാഗം, മായാലിൽ, പനയക്കുന്ന്, ആശാരിമുരുപ്പ് വഴി ആശാരികുളത്തിൽ എത്തിച്ചാൽ മുരുപ്പു പ്രദേശത്തെ കുടിവെള്ളക്ഷാമം പരിഹരിക്കാം

> പ്രവൃത്തി വിതക്കൂ ശീലം കൊയ്യാം
> ശീലം വിതക്കൂ സ്വഭാവം കൊയ്യാം
> സ്വഭാവം വിതക്കൂ ഭാഗധേയം കൊയ്യാം
>
> പഴമൊഴി

# മൃഗസംരക്ഷണം - മത്സ്യബന്ധനം

## 5.2

വള്ളിക്കോടു പഞ്ചായത്തിലെ ബഹുഭൂരിപക്ഷം ആളുകളും കർഷകരാണ്. ഇവരിൽ പകുതിയിലേറെ ജനങ്ങളും കാലി വളർത്തൽ ഒരു ഉപതൊഴിലായി സ്വീകരിച്ചിരിക്കുന്നു. കൂടാതെ കാലിവളർത്തൽ ഒരു ഉപജീവനമാർഗ്ഗമായി നടത്തുന്നവരുമുണ്ട്. എന്നാൽ അത്യുല്പാദനശേഷിയുള്ള കന്നുകാലികളെ ശാസ്ത്രീയാടിസ്ഥാനത്തിൽ വളർത്താത്തതിനാൽ കാലിവളർത്തൽ കർഷകർക്കു ലാഭകരമല്ല. അതുപോലെ ഉപഭോക്താക്കൾക്കു മിതമായ വിലയ്ക്കു ആവശ്യത്തിനു പാല് ലഭിക്കുന്നുമില്ല. ഇപ്പോൾ മൃഗപരിപാലനത്തിനായി കൈപ്പട്ടൂർ ഒരു മൃഗാശുപത്രിയും വള്ളിക്കോടു വായനശാല ജംഗ്ഷനിൽ ഒരു ICDP യൂണിറ്റും പ്രവർത്തിക്കുന്നുണ്ട്. ഇത് തികച്ചും അപര്യാപ്തമാണ്.

മെച്ചപ്പെട്ട രീതിയിൽ മുട്ടക്കോഴികളേയും ഇറച്ചികോഴികളേയും വളർത്തൽ, മുയൽ വളർത്തൽ, ആടു വളർത്തൽ മീൻവളർത്തൽ തുടങ്ങിയവയിൽ പഞ്ചായത്തിൽ പൊതുവേ വേണ്ടത്ര ശ്രദ്ധ പതിപ്പിക്കണം.



മൃഗസംരക്ഷണത്തിൽ ഈ പഞ്ചായത്തിലെ കർഷകർ നേരിടുന്ന പൊതുപ്രശ്നങ്ങൾ താഴെ പറയുന്നവയാണ്.

1. കാലികളുടെ വിലവർദ്ധനവ് - കൂടുതൽ പാൽ കിട്ടുന്നതും വലിപ്പം കുറവുള്ളതുമായ നല്ലയിനം പശുക്കളെ മിതമായ വിലയ്ക്കു ആവശ്യാനുസരണം ലഭിക്കുന്നില്ല.
2. കാലിതീറ്റകളുടെ അമിതമായ വിലവർദ്ധനവ് - പിണ്ണാക്ക്, പുളിയരി തുടങ്ങിയ കാലിതീറ്റകൾക്ക് ഇന്ന് അമിതമായ വിലയാണ്. പച്ചപ്പുല്ല് സുലഭമല്ല.
3. ആരോഗ്യപരിപാലനത്തിനും രോഗപ്രതിരോധകുത്തിവയ്പുകൾ നടത്തുന്നതിനും സ്ഥിരമായ സംവിധാനമില്ല. കന്നുകാലികൾക്കുണ്ടാകാവുന്ന കുളമ്പുരോഗം, പനി തുടങ്ങിയ എല്ലാവിധ രോഗങ്ങൾക്കും ആവശ്യമായ ഔഷധങ്ങൾ സൗജന്യമായി ലഭിക്കുന്നില്ല. ഗുണനിലവാരമുള്ള ധാതുലവണ മിശ്രിതം, മീനെണ്ണ തുടങ്ങിയവയുടെ സൗജന്യനിരക്കിലുള്ള ലഭ്യത പഞ്ചായത്തിലുള്ള ഏക മൃഗാശുപത്രിയുടെ പ്രയോജനം പഞ്ചായത്തിന്റെ 2, 6, 9, 10 എന്നീ വാർഡുകളിൽ ലഭിക്കുന്നില്ല. കൃത്രിമ ബീജസങ്കലനത്തിനുള്ള സൗകര്യം പല വാർഡിലും ഇല്ല.
4. വൃത്തിയുള്ള കാലിത്തൊഴുത്തുകളുടെ അപര്യാപ്തത
5. കാലികളുടെ ഇൻഷ്വറൻസ് - ഇൻഷ്വറൻസ് പദ്ധതികൾ സൗജന്യനിരക്കിലല്ല. ഓരോ വർഷവും കാലികളുടെ ഇൻഷ്വറൻസ് പുതുക്കുന്നത് കർഷകർക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നു.
6. പാൽ വിതരണം - ന്യായമായ വിലയ്ക്ക് പാൽ വില്ക്കുന്നതിനുള്ള സൗകര്യം പല വാർഡുകളിലും ഇല്ല. III, IV, V, VIII, IX, X എന്നീ വാർഡുകളിലൊന്നും മിൽക്കു സൊസൈറ്റികൾ പ്രവർത്തിക്കുന്നില്ല.
7. പല സ്ഥലങ്ങളിലും വേനൽക്കാലത്തുള്ള ജലക്ഷാമം കാലിവളർത്തലിനു പ്രതികൂലമായി ബാധിക്കുന്നു.
8. മുയൽവളർത്തൽ, പന്നിവളർത്തൽ എന്നിവയ്ക്കു ആവശ്യമായ സാമ്പത്തികവും സാങ്കേതികവുമായ സഹായം ലഭിക്കുന്നില്ല.
9. കോഴി വളർത്തൽ - നല്ലയിനം കോഴിക്കുഞ്ഞുങ്ങളെ സൗജന്യനിരക്കിൽ ലഭിക്കാനുള്ള പ്രയാസം. ആവശ്യ

മായ സാമ്പത്തിക സഹായത്തിൻെറ അഭാവം.

10. അലഞ്ഞുതിരിഞ്ഞു നടക്കുന്ന നായ്ക്കൾ ഉണ്ടാക്കുന്ന ശല്യം.
11. അനധികൃതമായ മത്സ്യബന്ധനം - ഉദ്ദേശം 15K.M. ആറ്റുതീരം ഈ പഞ്ചായത്തിലുണ്ട്. അച്ചൻകോവിലാറ്റിലുള്ള മത്സ്യം അനധികൃതമായി പിടിച്ചു കൊണ്ടു പോകുന്നു.
12. ആറ്റിൽനിന്നും പാടങ്ങളിലേക്കുള്ള തോടുകൾ അടഞ്ഞുകിടക്കുന്നതിനാൽ മത്സ്യങ്ങൾ പാടങ്ങളിൽ കയറി മുട്ടയിട്ട് വംശവർദ്ധനവ് നടക്കാനുള്ള സാദ്ധ്യത ഇല്ലാതാകുന്നു.
13. പഞ്ചായത്തിൽ മത്സ്യവിതരണത്തിനു ശരിയായ സ്ഥിരം സംവിധാനങ്ങളൊന്നുമില്ല.

## പരിഹാരമാർഗ്ഗങ്ങൾ

1. സ്പെഷ്യലൈസ്ഡ് ഡയറിയൂണിറ്റുകൾ തുടങ്ങി നല്ലയിനം പശുക്കളെ ആവശ്യാനുസരണം മിതമായ നിരക്കിൽ വിതരണം ചെയ്യുക. കന്നുകുട്ടികളെ വളർത്തുന്ന കേന്ദ്രങ്ങൾ സ്ഥാപിച്ച് നല്ല കിടാങ്ങളെ കാഫ് സബ്സിഡിയോടു കൂടി വിതരണം ചെയ്യുന്നതിനുള്ള സംവിധാനം ഉണ്ടാക്കുക. മൃഗസംരക്ഷണവകുപ്പ് മുൻകയ്യെടുക്കണം.



2. കാലിതീറ്റകളുടെ വിലനിയന്ത്രിക്കുന്നതിന് ഒരു കാലിത്തീറ്റ യൂണിറ്റ് സഹകരണ മേഖലയിൽ ആരംഭിക്കുക. കാലിത്തീറ്റകൾക്ക് സബ്സിഡി ഏർപ്പെടുത്തി കർഷകർക്ക് വിതരണം ചെയ്യുക. വിത്തും വളവും സൗജന്യമായി നല്കി പുൽ കൃഷിയെ പ്രോത്സാഹിപ്പിക്കുക. പുറമ്പോക്കു സ്ഥലങ്ങളിൽ പഞ്ചായത്തിൻെറ ആഭിമുഖ്യത്തിൽ പുൽകൃഷി വാണിജ്യാടിസ്ഥാനത്തിൽ നടത്തി കർഷകർക്ക് വിതരണം ചെയ്യുക.
3. മീനെണ്ണ ധാതുലവണങ്ങൾ തുടങ്ങിയവ എല്ലാക്കാലത്തും ICDPയുടെ ചുമതലയിൽ സൗജന്യമായി കർഷകർക്ക് വിതരണം ചെയ്യുക. രണ്ടോ മൂന്നോ വാർഡുകൾ ചേർത്ത് ഒരു സബ്സെൻറർ രൂപീകരിക്കുക. ഈ സബ് സെൻറുകളിൽ ആഴ്ചയിൽ ഒന്നോ രണ്ടോ ദിവസം കൈപ്പട്ടൂർ മൃഗാശുപത്രിയിലെ ഡോക്ടറുടെ സേവനം ലഭിക്കാനുള്ള സംവിധാനം ഉണ്ടാക്കണം. മൊബയിൽ ഡിസ്പൻസറി ആരംഭിക്കുക. കൃത്രീമബീജസങ്കലനം നടത്തുന്നതിനുള്ള സംവിധാനം എല്ലാവാർഡുകളിലും ഉണ്ടാക്കുക. തൊഴിലില്ലാത്ത ആളുകൾക്ക് മതിയായ പരിശീലനം കൊടുത്തോ സഞ്ചരിക്കുന്ന ബീജസങ്കലനത്തിനുള്ള സംവിധാനം ഏർപ്പെടുത്തിയോ ഈ പ്രശ്നം പരിഹരിക്കാം.
4. കാലിത്തൊഴുത്ത് പണിയുന്നതിനു ചെലവാകുന്ന തുകയുടെ 50% കർഷകർക്ക് സബ്സിഡിയായിക്കൊടുത്ത് കാലിത്തൊഴുത്തുകളുടെ പ്രശ്നം പരിഹരിക്കണം. അതുപോലെ നിലവിലുള്ള തൊഴുത്തുകൾ പുനരുദ്ധരിക്കുന്നതിനും ധനസഹായം നല്കണം. അതായത് തൊഴുത്തൊന്നിനു 5000/- രൂപ ക്രമത്തിൽ ഓരോ വർഷവും ഒരു വാർഡിൽ 50 കാലിത്തൊഴുത്തുകൾ പുതുതായി നിർമ്മിക്കുന്നതിന് പദ്ധതി ഉണ്ടാകണം.
5. കാലികൾക്ക് സൗജന്യനിരക്കിൽ ഇൻഷുറൻസ് ഏർപ്പെടുത്തണം. ഓരോ വർഷവും ഇൻഷുറൻസ് പുതുക്കുന്നതു കർഷകർക്കു ബുദ്ധിമുട്ടായതിനാൽ ഇൻഷുറൻസിൻെറ കാലാവധി മൂന്നുവർഷമായി പുതുക്കി നിശ്ചയിക്കണം.
6. പാൽവിതരണം - പാൽവിതരണം സുഗമമാക്കുന്നതിനു എല്ലാവാർഡുകളിലും പാൽ സൊസൈറ്റികൾ ആരംഭിക്കണം. (പ്രധാനമായും 8, 9, 10 വാർഡുകളിലും 4, 5 വാർഡുകൾ ചേർത്തും ക്ഷീരസഹകരണ സംഘങ്ങൾ രൂപീകരിക്കാം) പാലിൻെറ ഉപഭോഗം വർദ്ധിപ്പിക്കുന്നതിനായി നിലവിലുള്ള ക്ഷീരോല്പാദകരിൽ നിന്നും തെരഞ്ഞെടുത്ത അംഗൻവാടികൾ, LPസ്കൂളുകൾ എന്നിവിടങ്ങളിലെ കുട്ടികൾക്ക് പാലും, പാൽ ഉല്പന്നങ്ങളും മറ്റും പഞ്ചായത്തിൻെറ ആരോഗ്യപരിപാടിയിൽ ഉൾപ്പെടുത്തി വിതരണം ചെയ്യുക. പാലിൻെറ വിലകുറവ് പരിഹരിക്കാൻ ക്ഷീര സംഘങ്ങളിൽ പാൽ കൊടുക്കുന്ന കർഷകർക്ക് ഇൻസെൻറീവ് ഏർപ്പെടുത്തണം.
7. മത്സ്യബന്ധത്തിനായി തോട്ടായിടുന്നത് നിയമം മൂലം നിരോധിക്കയും, കുറ്റക്കാർക്കെതിരെ കർശനനടപടി സ്വീകരിക്കുകയും വേണം.
8. മുയൽ വളർത്തൽ, പന്നിവളർത്തൽ മുതലായവയ്ക്കു ആവശ്യമായ സാമ്പത്തീകവും, സാങ്കേതികവുമായ സഹായം നല്കുക. ധനകാര്യസ്ഥാപനങ്ങളിൽ നിന്നുമുള്ള വായ്പ ലഭിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുകയും ലളിതവൽക്കരിക്കുകയും വേണം. നിലവിലുള്ള വായ്പാ പദ്ധതികളുടെ നിരക്കിൽ കാലാനുസൃതമായ വർദ്ധനവ് ഉണ്ടാകണം.

9. പഞ്ചായത്തിൽ സഹകരണാടിസ്ഥാനത്തിൽ ഒരു ഹാച്ചറി ആരംഭിക്കുക.
10. അലഞ്ഞുതിരിഞ്ഞു നടക്കുന്ന നായ്ക്കളെ പഞ്ചായത്തിൻെറ ചുമതലയിൽ നശിപ്പിക്കണം. വീടുകളിൽ വളർത്തുന്ന നായ്ക്കൾക്കു രോഗപ്രതിരോധ കുത്തിവയ്പുകൾ കൃത്യമായി നടത്തി പഞ്ചായത്തിൽ നിന്നും ലൈസൻസു കൊടുക്കണം. ലൈസൻസു ഫീസ് ഉയർത്തി നിശ്ചയിക്കണം. അനധികൃതമായി നായ്ക്കളെ വളർത്തുന്നവരിൽ നിന്നും പിഴ ഈടാക്കണം.
11. അനധികൃതമായി മത്സ്യം പിടിക്കുന്നതു നിയമം മൂലം നിരോധിക്കണം. മത്സ്യബന്ധനത്തിനു ലൈസൻസ് ഏർപ്പെടുത്തണം. മുമ്പുണ്ടായിരുന്ന പല ഇനം മത്സ്യങ്ങളും ഇന്ന് അപ്രത്യക്ഷമാവുന്നു. അശാസ്ത്രീയമായ രാസവളപ്രയോഗവും കീടനാശിനിയുടെ ഉപയോഗവും ആണ് ഇതിനുകാരണം.
12. തോടുകൾ നികന്നുപോയിട്ടുള്ള സ്ഥലങ്ങൾ കുഴിച്ചു വൃത്തിയാക്കണം.
13. ആവശ്യമുള്ള സ്ഥലങ്ങളിലെല്ലാം മത്സ്യസംഭരണവിതരണത്തിനു സ്ഥിരം സംവിധാനം ഉണ്ടാക്കണം.
14. കൂടാതെ ഗോവർ ഗ്യാസ് പ്ലാൻറ് ആവശ്യമുള്ള കർഷകർക്കെല്ലാം സൗജന്യനിരക്കിൽ സ്ഥാപിച്ചുകൊടുക്കുന്നതിനുവേണ്ട സംവിധാനം ഉണ്ടാകണം.



## മൃഗാശുപത്രിയാക്കണം

പ്രതിരോധകുത്തിവയ്പിലും, കൃത്രിമബീജസങ്കലനത്തിലും ജില്ലയിൽ മുൻപന്തിയിൽ നില്ക്കുന്ന വള്ളിക്കോടു ICDP യൂണിറ്റ് ഒരു മൃഗാശുപത്രിയായി ഉയർത്തണം. നിലവിലുള്ള ICDP യൂണിറ്റിന് സ്ഥലവും കെട്ടിടവും അടിയന്തിരമായി കണ്ടെത്തണം. നരിയാപുരത്ത് ഒരു മൃഗാശുപത്രി ആരംഭിക്കണം.

## നിലവിലുള്ള ചില പദ്ധതികൾ

1. മാതൃകാ കാലിത്തൊഴുത്തിനു സഹായം
2. വാണിജ്യാടിസ്ഥാനത്തിൽ 21/2 ഏക്കർ വരെ പുൽകൃഷി ചെയ്യാൻ താല്പര്യമുള്ളവർക്ക് 15000രൂപാ വരെ ധനസഹായം.
3. സഹകരണസംഘങ്ങൾക്ക് സർക്കാരിൽ നിന്നും മാനേജീരിയൽ സബ്സിഡി, വർക്കിംഗ് ക്യാപ്പിറ്റൽ, ഫർണീച്ചർ ഗ്രാൻറ് കെട്ടിടനിർമ്മാണത്തിനു ധനസഹായം ഇവ നൽകുന്നുണ്ട്.

## മറ്റു സാദ്ധ്യതകൾ

സർക്കാരിൽനിന്നും, സഹകരണബാങ്കിൽ നിന്നും പഞ്ചായത്തുകളിൽ നിന്നും മറ്റും സാമ്പത്തീക സഹായവും സാങ്കേതികസഹായവും ലഭിക്കുകയാണെങ്കിൽ പഞ്ചായത്തിൻെറ പല ഭാഗങ്ങളിലും അഞ്ചോ, ആറോ കന്നുകാലികളെ വീതം വളർത്താവുന്ന മിനിഡയറികൾ ആരംഭിക്കാനുള്ള സാദ്ധ്യതകൾ വളരെ കൂടുതൽ ഉണ്ട്. സ്ത്രീകൾ സംഘടിച്ചു സഹകരണാടിസ്ഥാനത്തിൽ ആടുകളെ വളർത്തുന്നതും ലാഭകരമായിരിക്കും. ഈ പഞ്ചായത്തിൽ ഒരു കാലി വളർത്തൽ കേന്ദ്രം സ്ഥാപിക്കാം.

ശരിയായ വിധത്തിൽ സാമ്പത്തീക സഹായവും സാങ്കേതികസഹായവും ലഭിക്കുകയാണെങ്കിൽ കോഴിവളർത്തൽ, മുയൽ വളർത്തൽ, പന്നി വളർത്തൽ തുടങ്ങിയവയ്ക്കു താല്പര്യമുള്ള ധാരാളം തൊഴിൽ രഹിതരായ യുവതീയുവാക്കൾ ഈ പഞ്ചായത്തിൻെറ എല്ലാ വാർഡുകളിലുമുണ്ട്.

ഉൾനാടൻ മത്സ്യകൃഷിക്ക് വളരെയേറെ സാദ്ധ്യതകൾ ഒളിഞ്ഞുകിടക്കുന്ന ഒരു പഞ്ചായത്താണ് വള്ളിക്കോട് VII-ാം വാർഡിൽ മായാലിൽ ജംഗ്ഷനു സമീപത്തും V-ാം വാർഡിൽ മൂന്നാംകലുങ്കിനു സമീപത്തും പൊതുക്കുളങ്ങൾ ഉണ്ടാക്കാം. III-ാം വാർഡിൽ ഉള്ള മേക്കുളത്തു ചാൽ, പുല്ലാഞ്ഞിക്കുളം, മുതിരത്തുചാൽ, ഇലവുംമൂട്ടിൽ കുളം തലച്ചേമ്പ് ഏലായുടെ മുകൾ ഭാഗത്ത് ഉള്ള മുതുമരത്തിൽചിറ, വയലാവടക്കുള്ള മൈലക്കുളം, നരിയാപുരത്തുള്ള ചിറവയൽ ചാല് (40സെൻറ്) മറ്റ് നാലു കുളങ്ങൾ തുടങ്ങിയ സ്ഥലങ്ങളിലെല്ലാം മീൻ വളർത്താൻ സൗകര്യമുണ്ട്.

കൂടാതെ VII-ാം വാർഡിൽ ഉള്ള കാരുവേലിൽ പുഞ്ച ചെമ്മീൻ കൃഷിക്കു പറ്റിയതാണോ എന്നു പരിശോധിച്ച് പറ്റിയതാണെങ്കിൽ ചെമ്മീൻ കൃഷി നടത്തണം. അല്ലങ്കിൽ നിലം ഉടമകൾ സഹകരണാടി സ്ഥാനത്തിൽ സംഘടിച്ചാൽ വൻതോതിൽ മത്സ്യകൃഷി നടത്താനുള്ള സാദ്ധ്യതയുണ്ടോ എന്നു ആലോചിക്കണം.

ഇന്ന് വ്യാപകമായി കാണുന്ന നാടൻ കോഴികൾക്കു പകരമായി നല്ലയിനം നാടൻ കോഴികളെ സൗജന്യനിരക്കിൽ വ്യാപകമായി വിതരണം ചെയ്താൽ ഇന്നുള്ള മുട്ടയുടെ ദൗർലഭ്യം ഒരു വലിയ അളവുവരെ പരിഹരിക്കാവുന്നതാണ്.

പഞ്ചായത്തിലുള്ള വളർത്തു മൃഗസമ്പത്തിനെക്കുറിച്ചും, വളർത്തുപക്ഷികളെ സംബന്ധിച്ചും വളർത്തു മൃഗങ്ങൾക്ക് 1996 ഒക്ടോബർ മാസത്തിൽ ഉണ്ടായ രോഗവിവരങ്ങളെക്കുറിച്ചുമുള്ള സാമാന്യവിവരണം അനുബന്ധം I, II, III എന്നിങ്ങനെ ചേർത്തിട്ടുണ്ട്.

## അനുബന്ധം I

### 4.1. വളർത്തുമൃഗസംഖ്യ

| വാർഡ് നമ്പർ | കാള നാടൻ | | കാള സങ്കരം | | പശു നാടൻ | | പശു സങ്കരം | | എരുമ | | പോത്ത് | ആട് | പട്ടി | ആന |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | വംശ വർദ്ധനവ് | മറ്റുള്ളവ | വംശ വർദ്ധനവ് | മറ്റുള്ളവ | കറവ ഉള്ളത് | കറവ ഇല്ലാത്തത് | കറവ ഉള്ളത് | കറവ ഇല്ലാത്തത് | കറവ ഉള്ളത് | കറവ ഇല്ലാത്തത് | | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 |
| I | - | 7 | 1 | 5 | 32 | 18 | 182 | 118 | 1 | | 1 | 91 | 242 | - |
| II | - | - | - | 3 | 38 | 22 | 122 | 78 | - | 2 | - | 68 | 206 | - |
| II | - | - | - | 5 | 28 | 12 | 158 | 112 | - | - | - | 59 | 304 | - |
| IV | - | 4 | - | - | 53 | 17 | 98 | 22 | 4 | 2 | 4 | 60 | 162 | - |
| V | - | 1 | - | 3 | - | 7 | 78 | 72 | - | - | - | 134 | 197 | - |
| VI | - | 2 | 2 | 7 | 23 | 17 | 173 | 116 | 2 | 6 | 1 | 62 | 244 | - |
| VII | - | 5 | 3 | 7 | 24 | 17 | 187 | 99 | 6 | 6 | 4 | 60 | 232 | - |
| IX | - | 5 | 1 | 2 | 12 | 8 | 126 | 54 | - | - | - | 140 | 219 | - |
| X | - | 1 | 1 | 6 | 10 | 8 | 162 | 54 | - | - | - | 48 | 224 | - |
| Total | - | 34 | 9 | 47 | 237 | 140 | 1598 | 860 | 13 | 16 | 10 | 852 | 2387 | - |

## അനുബന്ധം II

### 4.2. വളർത്തുപക്ഷി സംഖ്യ

| വാർഡ് നമ്പർ | പൂവൻകോഴി | പിടക്കോഴി | |
|---|---|---|---|
| | | മുട്ടഇടുന്നത് | മുട്ട ഇടാത്തത് |
| 1 | 2 | 3 | 4 |
| I | 72 | 68 | 102 |
| II | 36 | 51 | 119 |
| III | 44 | 104 | 156 |
| IV | 37 | 148 | 222 |
| V | 54 | 176 | 264 |
| VI | 61 | 220 | 330 |
| VII | 56 | 324 | 486 |
| VIII | 48 | 212 | 320 |
| IX | 49 | 200 | 300 |
| X | 42 | 208 | 312 |
| Total | 495 | 1711 | 2511 |

## അനുബന്ധം III

### 4.3. രോഗവിവരങ്ങൾ

| ക്രമ നമ്പർ | രോഗങ്ങൾ | പശു | എരുമ | ആട് | പന്നി | പട്ടി | കോഴി |
|---|---|---|---|---|---|---|---|
| 1 | ദഹനസംബന്ധമായവ Digestive disordes | 35 | - | 17 | 17 | - | 7 |
| 2 | ശ്വാസകോശസംബന്ധം Respitatory diseases | 41 | 2 | 23 | - | - | 24 |
| 3 | ഉപാപചയ സംബന്ധം Metabolic diseases | 8 | - | - | - | - | - |
| 4 | ത്വക് രോഗങ്ങൾ | 12 | - | - | - | 18 | - |
| 5. | ധാതുലവണങ്ങളുടെ അഭാവം Dificiency diseases | 8 | - | 3 | - | 4 | 3 |
| 6. | പരാദരോഗങ്ങൾ Parasitic diseases | 38 | - | 9 | - | 3 6 | - |
| 7. | പ്രത്യുത്പാദന വ്യവസ്ഥയുമായി ബന്ധപ്പെട്ടവ Gynacological disorders | 12 | - | - | - | - | - |
| 8. | വന്ധ്യത Infertility | 8 | - | - | - | - | - |
| 9. | അകിടുവീക്കം Mastitis | 17 | - | 6 | - | - | - |
| 10. | മുടന്തൻ പനി Ephemeral Fever | 2 | - | - | - | - | - |
| 11. | പകർച്ച വ്യാധികൾ contagion diseases | - | - | - | - | - | - |
| | Total | 181 | 2 | 58 | - | 32 | 33 |

# വ്യവസായം

## 5.3





ഭാരതം ഒരു കാർഷികരാജ്യമാണ്. എങ്കിലും വിവിധ ജനവിഭാഗത്തിൻെറ ഭൗതിക ജീവിത പുരോഗതിയുടെ ചവിട്ടുപടികളാണ് വ്യവസായങ്ങൾ. ചെറുതും വലുതുമായ അനേകതരം വ്യവസായങ്ങൾ ഉണ്ട്. വ്യാവസായികമായ പുരോഗതിയാണ് ഒരു രാഷ്ട്രത്തെ അതിൻെറ പട്ടികയിൽ മുമ്പിൽ എത്തിക്കുന്നത്. വിദേശരാജ്യങ്ങൾക്കുള്ള അംഗീകാരവും അതുതന്നെയാണ്. ഈ രംഗത്ത് ഭാരതത്തിലെ ഗ്രാമങ്ങളും മുന്നേറേണ്ടിയിരിക്കുന്നു. വള്ളിക്കോടു പഞ്ചായത്ത് വ്യാവസായിക മേഖലയിൽ പിന്നോക്കമായിരുന്നു എങ്കിലും വാഴമുട്ടംശർക്കരയും, പരമ്പും, എണ്ണയാട്ടും ഇപ്പോഴും പ്രസിദ്ധമാണ്. കാലപ്പഴക്കത്തിൽ മിക്കവാറും അന്യം നിന്നു പോയതാണ് കൈത്തറി, നെയ്ത്ത്, കളിമൺ പാത്ര നിർമ്മാണം, എണ്ണയാട്ടുവ്യവസായം, കാർഷികായുധനിർമ്മാണം, ഈറ്റ, ചൂരൽ എന്നിവ കൊണ്ടു നിർമ്മിക്കുന്ന പരമ്പ്, കുട്ട, കസേര എന്നിവയുടെ നിർമ്മാണം മുതലായവ. കരിമ്പു കൃഷിയും ശർക്കരനിർമ്മാണവും പല മേഖലകളിലും ഉണ്ടായിരുന്ന തടിച്ചക്ക് ഉപയോഗിച്ചുള്ള എണ്ണയാട്ടുവ്യവസായം, കൈപ്പട്ടൂരിൽ ഉണ്ടായിരുന്ന യന്ത്രച്ചക്ക് എന്നിവ വ്യാവസായികരംഗത്ത് നമുക്കുണ്ടായിരുന്ന പരിമിതമായ പാരമ്പര്യമാണ്. വൻകിട വ്യവസായങ്ങളുടെ രംഗപ്രവേശത്തോടുകൂടി, അംസംസ്കൃതവസ്തുക്കളുടെ ലഭ്യതക്കുറവും പരമ്പരാഗത തൊഴിലിലുള്ള അജ്ഞതയും. ഇടത്തരം ചെറുകിട വ്യവസായങ്ങൾക്ക് പിടിച്ചുനില്ക്കാൻ കഴിയാത്ത അവസ്ഥയിൽ എത്തിച്ചു. വൻകിട വ്യവസായ മേഖലയിൽ എൻജേയ്സ് സ്പൈസസ് എന്ന ഏക സ്ഥാപനമാണ് ഈ പഞ്ചായത്തിലുള്ളത്. ഭൗതിക സാഹചര്യങ്ങളുടെ ലഭ്യത ഈ പഞ്ചായത്തിൽ വൻകിട ഇടത്തരം, ചെറുകിട വ്യവസായങ്ങൾ വികസിച്ചു വരുന്നതിന് സാഹചര്യം ഒരുക്കിയിട്ടുണ്ട്.

### പഞ്ചായത്തിൽ സ്വീകരിക്കാവുന്ന ചെറുകിട ഇടത്തരം വ്യവസായ യൂണിറ്റുകൾ

1) കാർഷിക ഉല്പന്നങ്ങളുടെ സംസ്കരണം
2) മെഴുകുതിരി നിർമ്മാണം
3) തീപ്പെട്ടിനിർമ്മാണം
4) ഭവനനിർമ്മാണവസ്തുക്കളുടെ ഉല്പാദനം
5) റഡീമെയ്ഡ് വസ്ത്രനിർമ്മാണം
6) ഗൃഹോപകരണ നിർമ്മാണം
7) പാൽ സംസ്കരണം
8) അച്ചാർനിർമ്മാണം
9) ചന്ദനത്തിരി നിർമ്മാണം
10) പഴച്ചാർ സംസ്കരണം
11) തേങ്ങാവെള്ള സംസ്കരണം
12) ഖാദി വസ്ത്രനിർമ്മാണം
13) സോപ്പുനിർമ്മാണം
14) കറിപൗഡർ നിർമ്മാണം
15) മത്സ്യം വളർത്തൽ
16) ജൈവവള നിർമ്മാണം
17) ചെരിപ്പുനിർമ്മാണം
18) സംഗീതഉപകരണനിർമ്മാണം
19) മോട്ടോർ വൈൻഡിങ്ങ് യൂണിറ്റ്
20) വെൽഡിങ്ങ് യൂണിറ്റ്
21) ആയുർവേദ മരുന്നു നിർമ്മാണം
22) ഔഷധച്ചെടി നട്ടുവളർത്തൽ
23) കുടനിർമ്മാണം
24) സ്ക്രീൻ പ്രിൻറിംങ്
25) പെയിൻറ് നിർമ്മാണം
26) കരകൗശലനിർമ്മാണം

ഇവയോട് അനുബന്ധിച്ച് ചെറുകിട കുടിൽ വ്യവസായങ്ങൾ തുടങ്ങാനുള്ള സാദ്ധ്യതകളും ഉണ്ട്.

പഞ്ചായത്ത് ഗ്രാമസഭാ റിപ്പോർട്ടുകളും പഠന പര്യടന റിപ്പോർട്ടും സാങ്കേതികോപദേശവും സ്ഥിതിവിവരക്കണക്കുകളും ആധാരമാക്കി നടത്തിയ പഠനത്തിന്റെ വിവരങ്ങൾ താഴെച്ചേർക്കുന്നു.

## നിലവിലുള്ളവ്യവസായങ്ങൾ

### 1. വൻകിട വ്യവസാങ്ങൾ.

എൻജേയ്സ് സ്പൈസസ് ലിമിറ്റഡ്, വള്ളിക്കോട്. 1825000 രൂപാ മുതൽ മുടക്കി 50-ൽ ഏറെ തൊഴിലാളികളെ വിനിയോഗിച്ച് നടത്തുന്ന ഒരുവൻ കിടവ്യവസായമാണിത്. അനുദിനം പുരോഗതി ആർജ്ജിക്കുന്ന ഈ വ്യവസായം ആധുനീക ശാസ്ത്ര സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തി വിവിധതരം സുഗന്ധ ദ്രവ്യങ്ങൾ ഉണ്ടാക്കുന്നു. പൂർണ്ണമായിട്ടുള്ള യന്ത്രവൽക്കണം കാരണം കൂടുതൽ തൊഴിലാളികൾക്ക് ഈ വ്യവസായ സ്ഥാപനം തൊഴിൽ നല്കുന്നില്ല.

### 2. ഇടത്തരം വ്യവസായങ്ങൾ

വള്ളിക്കോട് ഏഴാം വാർഡിൽ തമിഴ്നാടുസ്വദേശികളുടെ തീപ്പെട്ടിക്ക് ആവശ്യമുള്ള സാധനങ്ങൾ നിർമ്മിക്കുന്ന ഒരു യൂണിറ്റ് പ്രവർത്തിക്കുന്നു. യന്ത്രവൽകൃതമെങ്കിലും പരോക്ഷമായി അനേകം പേർക്ക് തൊഴിൽ ലഭിക്കുന്നു.

### പ്രശ്നങ്ങൾ

പട്ടികയിൽ പ്രസ്താവിച്ചിട്ടുള്ള ചെറുകിട വ്യവസായയൂണിറ്റുകൾ വൈദ്യുതിയുടെ ലഭ്യതകുറവ്, തൊഴിൽ മേഖലയിലെ പ്രശ്നങ്ങൾ, അസംസ്കൃതപദാർത്ഥങ്ങളുടെകുറവ്, മാനേജുമെന്റിന്റെപാളിച്ച തുടങ്ങിയ കാരണങ്ങളാൽ കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല. സ്വകാര്യഉടമയിൽ 13-ഓളം ഇഷ്ടിക നിർമ്മാണ ചൂളകൾ ഈ മേഖലയിൽ പ്രവർത്തിക്കുന്നു. ഇവയും അനുബന്ധപ്രവർത്തനങ്ങളും പരിസ്ഥിതിയെ സാരമായി ബാധിക്കുന്നു. കൃഷി ഭൂമി വക്രലമാക്കിയും ചൂളകളിൽ നിന്നുള്ള പുക അന്തരീക്ഷത്തെ മലിനപ്പെടുത്തിയും ആരോഗ്യപ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. പരിസ്ഥിതിക്കും, പൊതുജനാരോഗ്യത്തിനും അപകടമല്ലാത്ത വിധത്തിൽ ഇഷ്ടികവ്യവസായം രൂപപ്പെടുത്തിയാൽ നിരവധി തൊഴിലാളികൾക്ക് ഇവിടെ പണിയെടുക്കാം.

### സാദ്ധ്യതകൾ

1. മുൻപറഞ്ഞ ചെറുകിട ഇടത്തരം വ്യവസായങ്ങളിൽ പ്രത്യേക പ്രദേശങ്ങൾക്കനുയോജ്യമായവ തെരഞ്ഞെടുത്ത് ബഹുജനപങ്കാളിത്തത്തോടെ ആരംഭിക്കുവാനുള്ള സാദ്ധ്യതകൾ ഉണ്ട്.

## വള്ളിക്കോടുപഞ്ചായത്തിലെ ചെറുകിട വ്യവസായങ്ങൾ പട്ടിക രൂപത്തിൽ

### പട്ടിക 1

| ക്രമ നമ്പർ | വാർഡ് | പഞ്ചായത്തിൽ നിലവിലുള്ള ചെറുകിട ഇടത്തരം വ്യവസായങ്ങൾ | എണ്ണം |
|---|---|---|---|
| 1 | 5.7.8.9 | തടിയറുപ്പ് മിൽ | 4 |
| 2 | 7 | റെഡിമെയ്ഡ് വസ്ത്രനിർമ്മാണം | 3 |
| 3 | 1 | വനിതാഗാർമെന്റ് യൂണിറ്റ് | 1 |
| 4 | 1.3.9.10 | വെൽഡിംഗ് വർക്ക്ഷോപ്പ് | 4 |
| 5 | 3 | ഓട്ടോ മൊബൈൽ വർക്ക് ഷോപ്പ് | 1 |
| 6 | 3 | ടയർ റീട്രേഡിംഗ് | 1 |
| 7 | 1.10 | പാൽ സംസ്ക്കരണ യൂണിറ്റ് | 2 |
| 8 | 5 | മത്സ്യം വളർത്തൽ യൂണിറ്റ് | 1 |
| 9 | 1.3.7.8.10 | കരിമ്പാട്ടുമിൽ | 8 |
| 10 | 1 | ഫൈബർ ഗ്ലാസ് യൂണിറ്റ് | 1 |
| 11 | - | കോഴിവളർത്തൽ യൂണിറ്റ് | ഇല്ല |
| 12 | 5 | കവർനിർമ്മാണയൂണിറ്റ് | 1 |
| 13 | 10 | ബലൂൺ നിർമ്മാണയൂണിറ്റ് | 1 |
| 14 | 5.6.7.910 | ഇഷ്ടിക നിർമ്മാണയൂണിറ്റ് | 13 |
| 15 | 7 | തീപ്പെട്ടി സാധനങ്ങൾ നിർമ്മാണയൂണിറ്റ് | 1 |
| 16 | 7 | വാഹന ബോഡി നിർമ്മാണയൂണിറ്റ് | 1 |
| 17 | 10 | അലൂമിനിയം പാത്രനിർമ്മാണ യൂണിറ്റ് | 1 |
| 18 | 9.10 | മെറ്റൽ ക്രഷർ യൂണിറ്റ് | 4 |
| 19 | 7,9,9,10 | തടികടച്ചിൽ യൂണിറ്റ് | 4 |
| 20 | 1.4.7.9.10 | സോഡാനിർമ്മാണം | 5 |

2. പഞ്ചായത്തിൽ സാങ്കേതിക പരിജ്ഞാനം നേടിയവർ നിരവധിയുണ്ട്. അവരുടെ സേവനം ഈ രംഗത്തു പ്രയോജനപ്പെടുത്താം.
3. വ്യവസായ പരിശീലനകേന്ദ്രം വഴി നിർദ്ദേശങ്ങൾ കൊടുത്ത് സഹകരണ മേഖലയിൽ വ്യവസായങ്ങൾ തുടങ്ങുന്നതിന് തൊഴിലന്വേഷകരായ യുവതീയുവാക്കളെ പ്രേരിപ്പിക്കാൻ കഴിയും.
4. വാണിജ്യബാങ്കുകളും സഹകരണബാങ്കുകളും വ്യവസായങ്ങൾ തുടങ്ങുന്നതിനു ആവശ്യമായ സാമ്പത്തിക സഹായം ലഭ്യമാക്കും.
5. സ്വകാര്യമേഖലയിലുള്ള വ്യവസായങ്ങൾ സഹകരണ മേഖലയിലാക്കിയാൽ സാമ്പത്തികചൂഷണം കുറയ്ക്കുവാനും, കൂടുതൽ പേർക്ക് തൊഴിൽ ലഭിക്കുന്നതിനും സൗകര്യമുണ്ട്.
6. അനുയോജ്യമായ വനിതാവ്യവസായ യൂണിറ്റുകൾ എല്ലാ

വാർഡുകളിലും ആരംഭിച്ചാൽ വനിതകളുടെ തൊഴിലില്ലായ്മക്കു ഒരു പരിധി വരെ പരിഹാരം കാണാം.

| പട്ടിക II<br>പരമ്പരാഗത വ്യവസായങ്ങൾ | |
|---|---|
| നമ്പർ | പഞ്ചായത്തിൽ നിലവിലുണ്ടായിരുന്ന പരമ്പരാഗത വ്യവസായങ്ങൾ |
| 1. | ഈറ്റ, ചൂരൽ എന്നിവ ഉപയോഗിച്ചുള്ള ഉപകരണനിർമ്മാണം |
| 2. | കൈത്തറി, ഖാദിവസ്ത്രനിർമ്മാണം |
| 3. | കളിമൺ പാത്രനിർമ്മാണം |
| 4. | ഇരുമ്പ്, ഓട്, എന്നിവകൊണ്ടുള്ള ഗൃഹോപകരണങ്ങളുടേയും കാർഷിക ആയുധങ്ങളുടേയും നിർമ്മാ ണം |
| 5. | നാടൻ ചക്കിലുള്ള കരിമ്പാട്ടു വ്യവസായം |
| 6. | നാടൻ ചക്കിലുള്ള എണ്ണയാട്ടു വ്യവസായം |
| 7. | തീപ്പെട്ടി നിർമ്മാണം |
| 8. | സോപ്പു നിർമ്മാണം |
| 9. | തേനീച്ച വളർത്തൽ |
| 10. | ബീഡി നിർമ്മാണം |
| 11. | മഷിനിർമ്മാണം |
| 12. | പർപ്പടകനിർമ്മാണം |
| 13. | കരകൗശലവസ്തുക്കളുടെ നിർമ്മാണം |
| 14. | പരമ്പരാഗത ഗൃഹോപകരണനിർമ്മാണം |

മേൽപറഞ്ഞ പരമ്പരാഗത വ്യവസായങ്ങൾ നിരവധി പേർക്ക് ഉപജീവനമാർഗ്ഗമായിരുന്നു. എന്നാൽ സാമ്പത്തിക ബുദ്ധിമുട്ട്, അസംസ്കൃതവസ്തുക്കളുടെ കുറവ്, മാനേജുമെൻറിൻെറ പിടിപ്പുകേട് സർക്കാർതലത്തിലുള്ള പ്രോത്സാഹനക്കുറവ് എന്നിവ ഈ വ്യവസായങ്ങളെ നാമമാത്രമാക്കി മാറ്റി. വ്യവസായ സംരംഭകർക്ക് ലോൺ നല്കുന്ന കാര്യത്തിൽ കമേഴ്സ്യൽ ബാങ്കുകൾ വിമുഖതകാണിക്കുന്നു.

### നിർദ്ദേശങ്ങൾ

1. സഹകരണമേഖലയിൽ നിന്നും കൂടുതൽ മുതൽ മുടക്കണം
2. സാങ്കേതിക വൈദഗ്ധ്യം ഉള്ളവരെ കണ്ടെത്തണം
3. ബാങ്കുകളിൽ നിന്നും സാമ്പത്തിക സഹായം ഉണ്ടാകണം
4. അസംസ്കൃതസധാനങ്ങളുടെ ലഭ്യത ഉറപ്പുവരുത്തണം
5. വിപണി കണ്ടെത്തണം.

## വള്ളിക്കോടു പഞ്ചായത്തിൽ ആരംഭിക്കാവുന്ന ചെറുകിട ഇടത്തരം വ്യവസായങ്ങൾ

### അനുബന്ധം

1. ഭക്ഷ്യസംസ്കരണവും വിതരണവും 2. കാർഷിക വസ്തുക്കളുടെ സംഭരണം, വിതരണം 3. പാൽസംസ്കരണം 4. അച്ചാറുനിർമ്മാണം 5. ഗൃഹോപകരണനിർമ്മാണം 6. കളിപ്പാട്ടനിർമ്മാണം 7. പഴച്ചാർസംസ്കരണം 8. റെഡിമെയ്ഡ് വസ്ത്രനിർമ്മാണം 9. സോപ്പുനിർമ്മാണം 10. തീപ്പെട്ടി നിർമ്മാണം 11. കറി പൗഡർ നിർമ്മാണം 12. ബീഡി നിർമ്മാണം 13. റബ്ബർ ചെരുപ്പുനിർമ്മാണം 14. റൈസ് മിൽ 15. ഫർണിച്ചർ മാർട്ട് 16. വെൽഡിംഗ് യൂണിറ്റ് 17. പ്രസ്സ് 18. ഓട്ടോ മൊബൈൽ വർക്ക്ഷോപ്പ് 19. അടയ്ക്കാസംസ്കരണം 20. തേങ്ങായാട്ട് 21. കരിമ്പാട്ടു വ്യവസായം 22. ഫൈബർ ഗ്ലാസ് യൂണിറ്റ് 23. ബുക്ക് ബയൻറിംഗ് 24. കവർ നിർമ്മാണം 25. ചന്ദനത്തിരി നിർമ്മാണം 26. റബ്ബർ നഴ്സറി 27. മത്സ്യം വളർത്തൽ 28. തേനീച്ച വളർത്തൽ 29. കക്കാസംസ്കരണം 30. കൂൺകൃഷി 31. ആയുർവ്വേദ മരുന്നു നിർമ്മാണം 32. പട്ടുനൂൽ പുഴു വളർത്തൽ 33. കൈതച്ചക്കകൃഷി 34. ഇലക്ട്രോണിക്ക് ഉപകരണനിർമ്മാണയൂണിറ്റ് 35. കുടനിർമ്മാണം'

### സാദ്ധ്യതകൾ

1. അനുബന്ധത്തിൽ ചേർത്തിരിക്കുന്ന വ്യവസായ സംരംഭങ്ങളിൽ അധികവും വലിയ മുതൽമുടക്കുകൂടാതെ ചെയ്യാവുന്നതാണ്.
2. മുതൽ മുടക്കിൻെറ 40% വ്യവസായസംരംഭകരും 40% സർക്കാരും 20% ബാങ്കു വായ്പയും ആയി സമാഹരിക്കാവുന്നതാണ്.
3. പഞ്ചായത്തുസമിതിയുടെ മേൽനോട്ടത്തിൽ ഒരു വ്യവസായ സമിതി രൂപപ്പെടുത്തി ദുർബ്ബല വിഭാഗങ്ങൾക്കു സാമ്പത്തിക സഹായം മേൽപ്പറഞ്ഞ ഇനങ്ങളിൽ ലഭ്യമാക്കാൻ കഴിയും.
4. പഞ്ചായത്തിൽ നിന്നും കണ്ടെത്താവുന്ന വിഭവങ്ങൾ ശേഖരിച്ച് വ്യവസായങ്ങൾക്ക് നൽകാനുള്ള സംവിധാനം ഉണ്ടാവണം.

### നിർദ്ദേശങ്ങൾ

1. ഓരോവാർഡിലും ലഭ്യമായ അസംസ്കൃത സാധനങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധത്തിലെ അനുയോജ്യമായ വ്യവസായം തെരഞ്ഞെടുക്കണം.
2. പഞ്ചായത്തു വ്യവസായസമിതി സർക്കാരിൽ നിന്നും

ധനവിനിയോഗസ്ഥാപനങ്ങളിൽ നിന്നും സാമ്പത്തിക സഹായം ലഭ്യമാക്കാൻ ശ്രമിക്കണം.

3. ഉല്പന്നങ്ങൾക്കു ശരിയായ വിപണി കണ്ടെത്തണം.
4. കാര്യക്ഷമമായ മാനേജുമെൻറ് ഉറപ്പു വരുത്തണം
5. സ്വകാര്യസംരംഭങ്ങൾ പരമാവധി നിരുത്സാഹപ്പെടുത്തുകയും സഹകരണ മേഖല പ്രോത്സാഹിപ്പിക്കുകയും വേണം.
6. പഞ്ചായത്തുതലത്തിൽ വിദഗ്ധരെ ഉൾപ്പെടുത്തി വ്യവസായ സംരഭകർക്കുവേണ്ടി പഠനക്ലാസ്സുകൾ നടത്തണം.

## സാദ്ധ്യമായ വൻകിട വ്യവസായങ്ങൾ

1. റബ്ബർ അധിഷ്ഠിത വ്യവസായം

വള്ളിക്കോട്, കൊടുമൺ, പ്രമാടം, കോന്നി, ഏഴംകുളം, കലഞ്ഞൂർ എന്നീ സമീപപഞ്ചായത്തുകളിലെ നാണ്യവിളയാണ് റബ്ബർ. ഉദ്ദേശം 9000 ഹെക്ടർ വരുന്ന കൊടുമൺ, ചന്ദനപ്പള്ളി പ്ലാൻറ്റേഷനുകൾ അടക്കം പതിനായിരക്കണക്കിന് ഹെക്ടർ സ്ഥലത്ത് റബ്ബർ കൃഷി ചെയ്തു വരുനനു. അവയുടെ ഉല്പന്നമായ റബ്ബർ ലാറ്റക്സ് അന്യദേശങ്ങളിലേക്കയയ്ക്കുന്നു. അതുപോലെ റബ്ബർ തടി അടിസ്ഥാനപ്പെടുത്തിയുള്ള വ്യവസായങ്ങൾ ഒന്നും തന്നെ ഈ പ്രദേശത്തു നിലവിലില്ല. തടി സംസ്കരിച്ച്, ഫർണിച്ചറുകൾ, കൗതുകവസ്തുക്കൾ, കളിപ്പാട്ടങ്ങൾ, വിവിധതരം പ്ലൈവുഡുകൾ എന്നിവ നിർമ്മിക്കാൻ കഴിയും എന്ന് സാങ്കേതികമായി കണ്ടുപിടിച്ചിട്ടുണ്ട്. (കൊടുമൺ പ്ലാൻേറഷനോടു സഹകരിച്ചുകൊണ്ട് ഒരു വൻകിട വ്യവസായം പഞ്ചായത്ത് അതിർത്തിയിൽ നടത്താനുള്ള സാധ്യതയുണ്ട്.)

അതിനാൽ റബർ പ്ലാൻേറഷൻ കോർപ്പറേഷനോട് സഹകരിച്ച് കൊടുമൺ പ്ലാൻേറഷൻ കേന്ദ്രീകരിച്ച് റബ്ബർ അധിഷ്ഠിത വൻകിട വ്യവസായവും റബർ തടി അധിഷ്ഠിതമായ വ്യവസായവും ഈ പഞ്ചായത്ത് അതിർത്തിയിൽ നടത്താം.

2) പഞ്ചായത്തിൽ സുലഭമായിട്ടുള്ള വൈക്കോൽ, മരച്ചീനിത്തണ്ട് തുടങ്ങിയവ ഉപയോഗപ്പെടുത്തി കാലിത്തീറയും മിനറൽ മിക്സചർ നിർമ്മാണയൂണിറ്റും ആരംഭിക്കാൻ സാധിക്കും.

3) സഹരണാടിസ്ഥാനത്തിൽ ഇലക്ട്രിക് മോട്ടോർ നിർമ്മാണം, ഓട്ടോ മൊബൈൽ സ്പെയർ പാർട്ട്സ് കാർഷിക ഉപകരണങ്ങൾ എന്നിവ നിർമ്മിക്കുന്നതിനുള്ള ഒരു വൻകിട യൂണിറ്റ് ഇവിടെ സ്ഥാപിക്കാൻ കഴിയും ഇതിനാവശ്യമുള്ള സാങ്കേതിക പരിജ്ഞാനംകിട്ടിയ ധാരാളം അഭ്യസ്തവിദ്യർ ഈ പഞ്ചായത്തിലുണ്ട്.

ഗ്രാമസഭാ റിപ്പോർട്ടുകളും വിദഗ്ദ്ധാഭിപ്രായങ്ങളും കാരണവചർച്ചകളും കണക്കിലെടുത്ത് സമാഹരിച്ച ഈ റിപ്പോർട്ട് നമ്മുടെ പഞ്ചായത്തിൻെറ വ്യാവസായിക വളർച്ചയ്ക്ക് ഒരു ചുണ്ടുപലകയാണെന്നു പ്രത്യാശിക്കാം.

## ഖാദി ഗ്രാമവ്യവസായ കോംപ്ലക്സ്

വള്ളിക്കോട് 7-ാം വാർഡിൽ സ്വന്തമായി സ്ഥലവും വിശാലമായ കെട്ടിടങ്ങളുമുള്ള ഗാന്ധിസ്മാരക വ്യവസായ യൂണിറ്റ് എന്നറിയപ്പെടുന്ന ഖാദിഗ്രാമയൂണിറ്റ് പുനരുദ്ധാരണവും പ്രവർത്തനക്ഷമതയും കാത്തുകിടക്കുകയാണ്. നൂൽനൂൽപും, വസ്ത്രങ്ങൾ നെയ്ത്തും, തീപ്പെട്ടി നിർമ്മാണവും ഒക്കെ ഏറ്റെടുത്തു നടത്തിയിരുന്നതാണ്. സാമ്പത്തിക പരാധീനത, ശരിയായ മേൽനോട്ടമില്ലായ്മ എന്നീ കാരണങ്ങളാൽ ഈ സ്ഥാപനം നാശോന്മുഖമായിക്കൊണ്ടിരിക്കുകയാണ്. അതിനെ പുനരുജ്ജീവിപ്പിക്കേണ്ടത് പഞ്ചായത്തിൻെറ കൂടി കടമയാണ് എന്നു കരുതാം.

ഈ സ്ഥാപനത്തിൽ ഏറ്റെടുത്തു നടത്താവുന്ന ചെറുകിട വ്യവസായ യൂണിറ്റുകൾ

1) ഒരു യൂണിറ്റ് ചർക്ക - 25 എണ്ണം ഉപയോഗിച്ചുള്ള നൂൽ നൂൽപ്പ്
2) 5 തറികളുള്ള ഒരു നെയ്ത്തു യൂണിറ്റ്
3) ഒരു ചൂരൽ ഉല്പന്ന യൂണിറ്റ് - 2 പേർക്ക് ഇരുന്നു പണിയാവുന്ന തരത്തിൽ
4) വാഷിങ് സോപ്പ് നിർമ്മാണയൂണിറ്റ്
5) മെഴുകുതിരി നിർമ്മാണയൂണിറ്റ്
6) തേനീച്ച വളർത്തൽ യൂണിറ്റ്
7) നൂൽ നിറം പിടിപ്പിക്കുന്നതും, തുണി പ്രിൻറു ചെയ്യുന്നതുമായ യൂണിറ്റ്.
8) ഗ്രാമീണ എണ്ണയാട്ടു വ്യവസായം

### സാദ്ധ്യതകൾ

1) സ്ഥലവും വിശാലമായ കെട്ടിടവും ഉള്ളതിനാൽ പ്രാരംഭചെലവുകൾ തുച്ഛമാണ്.
2) തീപ്പെട്ടിക്ക് ആവശ്യമുള്ള അസംസ്കൃത സാധനങ്ങൾ അടുത്തു തന്നെ ലഭ്യമാണ്.
3) ഈ പഞ്ചായത്തിൽ തേനീച്ച വളർത്തൽ വൻതോതിൽ നടത്താത്തതിനാൽ അതിനുള്ള സാധ്യത കൂടുതൽ ഉണ്ട്.
4) സാങ്കേതിക ജ്ഞാനം ഉള്ളവർ ഈ പ്രദേശത്തുണ്ട്.
5) 50 സ്ത്രീകൾക്കും 15 പുരുഷന്മാർക്കും നേരിട്ട് തൊഴിൽ ലഭിക്കും.

### നിർദ്ദേശങ്ങൾ

1) ഖാദിബോർഡുമായി സഹകരിച്ച്, പഞ്ചായത്തിൻെറ ആഭിമുഖ്യത്തിൽ മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റുമാതിരി ചെറുകിട വ്യവസായങ്ങളുടെ ഒരു കോംപ്ലക്സ് സ്ഥാപിക്കണം.

2) സാധ്യതകൾ, ഗവൺമെൻറിനെയും, വ്യവസായകേന്ദ്രത്തേയും ബോധ്യപ്പെടുത്തിക്കൊണ്ട്, ഖാദിബോർഡിൻെറ സഹായത്താലും ഇതിനുള്ള പണം കണ്ടെത്തണം.

3) ഉല്പന്നങ്ങൾക്കു വിപണി കണ്ടെത്തുന്നതിന് വിപുലമായ ഒരു പ്രതിനിധി ശൃംഖല ഉണ്ടാകണം.



# വിദ്യാഭ്യാസം

## 5.4

### ആമുഖം

സാമൂഹ്യവും സാംസ്കാരികവുമായി ഉന്നതനിലവാരം പുലർത്തിക്കൊണ്ട് വിജയകരമായി ജീവിക്കാൻ ഒരുവനേ പ്രാപ്തനാക്കുകയാണ് വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം. ലോകത്തേ മുഴുവൻ ഒരു കുടുംബമായി കണ്ടുകൊണ്ട് രാഷ്ട്രങ്ങൾ തമ്മിലുള്ള സഹകരണത്തിനും, സമാധാനത്തിനും വേണ്ടി എന്നും പ്രവർത്തിച്ചുപോന്ന ഭാരതത്തിൽ നിലനിന്ന ഗുരുകുലവിദ്യാഭ്യാസരീതിയും സാംസ്കാരികപൈതൃകവുമാണ് ഇതിന്റെ അടിസ്ഥാനം. ഈ സമ്പ്രദായം അനേകം പരിവർത്തനങ്ങൾക്കും പരിഷ്കാരങ്ങൾക്കും വിധേയമായി. പ്രൈമറി മുതൽ ഉന്നതവിദ്യാഭ്യാസത്തിനുള്ള സ്ഥാപനങ്ങൾവരെ രാജ്യത്തുണ്ട്. ഇന്നു നിലവിലുള്ള സമ്പ്രദായം ലക്ഷക്കണക്കിന് തൊഴിൽ രഹിതരായ അഭ്യസ്ഥവിദ്യരേ സൃഷ്ടിക്കുന്നു. അതിനാൽ ഗാന്ധിജി വിഭാവനം ചെയ്ത തൊഴിലധിഷ്ഠിത വിദ്യാഭ്യാസം ലക്ഷ്യമാക്കി മുന്നേറണം. എന്നാൽ അത് ശാസ്ത്രസാങ്കേതികരംഗങ്ങളിലെ വളർച്ച കണക്കിലെടുത്താവണം. കാർഷിക, വ്യാവസായിക, ശാസ്ത്രീയരംഗങ്ങളിൽ കൂടുതൽ വൊക്കേഷണൽ ട്രെയിനിംഗ് സെൻററുകൾ ഉണ്ടാവണം. മനുഷ്യസമ്പത്ത് ധാരാളമുള്ള കേരളത്തിൽ അതുവേണ്ടവണ്ണം പ്രയോജനപ്പെടുത്താനും അതുവഴി രാജ്യപുരോഗതി ഉറപ്പാക്കാനുമുള്ള പദ്ധതികളാണ് ഇന്നാവശ്യം.

### പഞ്ചായത്തിന്റെ വിദ്യാഭ്യാസപരമായ ചരിത്രപശ്ചാത്തലം

ഒരു നൂറ്റാണ്ടിനപ്പുറം സമീപത്തുള്ള കരകളേ അപേക്ഷിച്ച് വള്ളിക്കോട് വിദ്യാഭ്യാസപരമായി മുന്നിലായിരുന്നു. സംസ്കൃതത്തിനും മലയാളത്തിനും മാത്രമായിരുന്നു പ്രാധാന്യം നല്കിയിരുന്നത്. ഉയർന്ന ഉദ്യോഗസ്ഥന്മാർ ഇന്നാട്ടിലുണ്ടായിരുന്നു. മായാലിൽ ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിനു കിഴക്കുവശത്തായി ഒരു മലയാളം പാഠശാല ഉണ്ടായിരുന്നു. സാർവ്വത്രിക വിദ്യാഭ്യാസം ലക്ഷ്യമാക്കി സ്ഥാപിച്ച സ്കൂൾ നശിപ്പിക്കപ്പെട്ടു. അത് കൈപ്പട്ടൂരേക്കുമാറ്റി സ്ഥാപിക്കുകയും പടിപടിയായി വളർന്ന് ഇന്നത്തെ വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂൾ ആയിട്ടുള്ളതുമാണ്. മറ്റൊരുസ്കൂൾ വള്ളിക്കോട് സ്ഥാപിതമായത് 83 വർഷങ്ങൾക്കുമുമ്പ് 1913ൽ ആയിരുന്നു. ഇതാണ് മായാലിൽ ഉള്ള ഗവ: എൽ.പി. സ്കൂൾ വള്ളിക്കോട്, പ്രമാടം, കോട്ടയം എന്നീ പ്രദേശങ്ങളിൽ നിന്നും ധാരാളമാളുകൾ വിദ്യാഭ്യാസത്തിനുവേണ്ടി മായാലിൽ സ്കൂളിൽ എത്തിയിരുന്നതായി പഴമക്കാർ പറയുന്നു. അന്ന് നിലത്തെഴുത്താശാന്മാരുടെ ശിക്ഷണത്തിൽ എഴുതാനും വായിക്കാനും പഠിച്ചതിനുശേഷം മാത്രമേ സ്കൂളിൽ ചേർന്നുപഠിച്ചിരുന്നുള്ളു. അന്ന് നിശ്ചിതവയ: ക്ലിപ്തി ഇല്ലായിരുന്നു. ഈ രണ്ടു വിദ്യാലയങ്ങളുടെ സ്ഥാനത്ത് കൈപ്പട്ടൂർ നരിയാപുരം, വാഴമുട്ടം എന്നീ ഭാഗങ്ങളിൽ സർക്കാർ മേഖലയിലും സ്വകാര്യമേഖലയിലും ധാരാളം സ്കൂളുകൾ ഉണ്ടായി. എങ്കിലും ഈ പഞ്ചായത്തിലെ വിദ്യാഭ്യാസാവശ്യം പൂർണ്ണമായി നിറവേറ്റാൻ കഴിയുന്നില്ല. 1991-92 കാലഘട്ടത്തിൽ നടന്ന സമ്പൂർണ്ണസാക്ഷരതായജ്ഞത്തിൽ ഈ പഞ്ചായത്തിലെ ആയിരത്തിലേറെ നിരക്ഷരരെ കണ്ടെത്തി

അവരെ സാക്ഷരരാക്കാനുള്ള ശ്രമം നടന്നു. അത് ഒരു പരിധിവരെ വിജയിക്കുകയും ചെയ്തു. എന്നാൽ രണ്ടാം ഘട്ടത്തിലേ തുടർവിദ്യാഭ്യാസ പരിപാടിയുടെ അപര്യാപ്ത തമൂലം അവർ വീണ്ടും നിരക്ഷത്തയിലേക്കു വഴുതി പോയിരിക്കുന്നു. ഈ കരയിൽ നിലനിന്ന സാമൂഹ്യ സാമ്പത്തിക അസമത്വങ്ങൾ കാരണമായി ഭൗതിക സാഹചര്യങ്ങളുടെ വളർച്ചയുടെ കാര്യത്തിൽ, വള്ളിക്കോട് മിക്ക അയൽപ്രദേശങ്ങളേയും അപേക്ഷിച്ച് പിന്നോക്കം പോയി. അഭ്യസ്തവിദ്യർ എങ്കിലും തൊഴിൽ രഹിതരുടെ എണ്ണം ഇവിടെ കൂടുതലാണ്. കാലങ്ങളായി കടന്നുപോയ പദ്ധതി പ്രവർനങ്ങൾക്കൊന്നും ഈ പഞ്ചായത്തിൻെറ മുഖഛായക്ക് കാര്യമായ മാറ്റം വരുത്താൻ കഴിഞ്ഞില്ല. എങ്കിലും വിദ്യാഭ്യാസകാര്യത്തിൽ അഭിമാനിക്കാവുന്ന ഒരു പാരമ്പര്യം ഈ പഞ്ചായത്തിനുണ്ട്. കൈപ്പട്ടൂർ ചക്കാലക്കിഴക്കേതിൽ ശ്രീമാൻ സി ജോർജ് ദേശീയ അധ്യാപക അവാർഡ് ലഭിച്ച ആളാണ്. കൂടാതെ സ്കൗട്സ് ആൻഡ് ഗൈഡ്സ് കേരളാ ഘടകത്തിൻെറ അസി: കമ്മീഷണർ കൂടിയാണ്. യശ: ശരീരനായ കൗങ്കോട്ടു ജനാർദ്ദൻ നായർ, 7-ാം വാർഡിൽ ശ്രീ എം.കെ. രാഘവൻ എന്നിവർ സംസ്ഥാന അവാർഡ് നേടിയ അധ്യാപകരാണ്. പ്രൈമറി വിദ്യാഭ്യാസത്തിന് അടിത്തറപാകിയിട്ടുള്ള തട്ടാരേത്ത് ആശാൻ, തിക്കമ്പേത്ത് ആശാൻ എന്നിവർ നിലത്തെഴുത്താശാന്മാരിൽ പ്രമുഖരായിരുന്നു. കുട്ടിയുടെകിഴക്കേതിൽ ആശാൻെറ എളിയസംരംഭമാണ് ഇന്നു കാണുന്ന് വയലാവടക്ക് ഗവഃ എൽ.പി.എസ്. വട്ടമുരുപ്പേൽ കേശവനാശാൻ, പനേക്കുന്നിൽ. ആധുനിക കവിതാആസ്വാദകരുടെ ഹരമായ കടമ്മനിട്ടരാമകൃഷ്ണൻ MLA ഈ പഞ്ചായത്തിൽപ്പെട്ട ആളാണ്. ഈ ഘടകങ്ങൾ കണക്കിലെടുത്താൽ വള്ളിക്കോട് പഞ്ചായത്തിന് അഭിമാനിക്കാവുന്ന ഒരു പാരമ്പര്യം ഉണ്ട് എന്നു കാണാം.

## വള്ളിക്കോടു പഞ്ചായത്തിലെ വിദ്യാഭ്യാസസ്ഥാപനങ്ങൾ

| | | |
|---|---|---|
| a | അംഗൻവാടികൾ | 25 |
| b | പ്രീപ്രൈമറി സ്കൂളുകൾ | 1 |
| c | സ്വകാര്യനെഴ്സറി സ്കൂളുകൾ | 3 |
| d | നിലത്തെഴുത്തുകളരികൾ | 11 |
| e | ഗവ: എൽ.പി.സ്കൂളുകൾ | 4 |
| f | സ്വകാര്യ എൽ.പി.സ്കൂളുകൾ | 2 |
| g | ഗവ:യു.പി. സ്കൂൾ | ഇല്ല |
| h | സ്വകാര്യ യു.പി. സ്കൂൾ | 2 |
| i | ഗവ: ഹൈസ്കൂൾ (വൊക്കേഷണൽ H.S.S) | 1 |
| j | സ്വകാര്യ ഹൈസ്കൂൾ | 1 |
| k | സാങ്കേതികസ്ഥാപനം | 3 |
| l | ട്യൂട്ടോറിയലുകൾ | 3 |
| m | ഗ്രന്ഥശാലകൾ | 7 |

## വള്ളിക്കോടുപഞ്ചായത്തിലെ സർക്കാർ /എയ്ഡഡ് സ്കൂളുകൾ.

### പ്രൈമറിസ്കൂളുകൾ

| | | |
|---|---|---|
| 1 | ഗവ:എൽ.പി. എസ്. | നരിയാപുരം |
| 2 | ഗവ: എൽ.പി.എസ്. | വള്ളിക്കോട് |
| 3 | ഗവ:എൽ.പി. എസ്. | വയലാവടക്ക് |
| 4 | ഗവ: എൽ.പി.എസ് | വാഴമുട്ടം |
| 5 | എം.എസ്. സി. എൽ.പി.എസ്. | നരിയാപുരം |
| 6 | ഇ.എ.എൽ.പി.എസ്. | വെള്ളപ്പാറ |

### അപ്പർപ്രൈമറിസ്കൂളുകൾ

| | | |
|---|---|---|
| 1 | പി.ഡി.യൂ.പി.സ്കൂൾ | വള്ളിക്കോട് |
| 2 | നാഷണൽ യു.പി.സ്കൂൾ | വാഴമുട്ടം |

### ഹൈസ്കൂളുകൾ

1 ഗവ:വൊക്കേഷണൽ ഹയർ സെക്കൻഡറിസ്കൂൾ കൈപ്പട്ടൂർ

2 സെൻറ് ജോർജ്ജസ് മൗണ്ട് ഹൈസ്കൂൾ കൈപ്പട്ടൂർ

## വള്ളിക്കോടു പഞ്ചായത്തിൽ വിവിധ സ്കൂളുകളിലായി പഠിക്കുന്ന കുട്ടികളുടെ എണ്ണം (1996 - 97)

| ക്ലാസ്സ് | പഠിതാക്കൾ | | | SC/ST | | |
|---|---|---|---|---|---|---|
| | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ |
| 1 | 101 | 102 | 203 | 23 | 21 | 44 |
| 2 | 134 | 109 | 243 | 37 | 26 | 63 |
| 3 | 106 | 124 | 230 | 15 | 20 | 35 |
| 4 | 109 | 125 | 234 | 19 | 28 | 47 |
| 5 | 123 | 117 | 240 | 29 | 24 | 53 |
| 6 | 121 | 107 | 228 | 25 | 25 | 50 |
| 7 | 131 | 135 | 266 | 38 | 33 | 71 |
| 8 | 133 | 135 | 268 | 36 | 55 | 91 |
| 9 | 137 | 155 | 292 | 42 | 41 | 83 |
| 10 | 112 | 102 | 214 | 27 | 17 | 44 |

# വിവിധ സ്കൂളുകളിലെ ഭൗതികസൗകര്യങ്ങൾ

| സ്കൂളിൻെറ പേര് | ആകെ ഡിവിഷൻ | കെട്ടിടം | | | | ഇനി ആവശ്യമുള്ള മുറികളുടെ എണ്ണം | മൂത്രപ്പുര എണ്ണം | മൂത്രപ്പുരയിൽ ഒരേസമയം എത്രകുട്ടികൾക്കു പയോഗിക്കാം. | ഇനി ആവശ്യമുള്ള മൂത്രപ്പുര | നിലവിലുള്ള കക്കൂസുകൾ | കുടിവെള്ള സംവിധാനം | പാചക മുറി | സ്റ്റാഫ് റൂം | ഫർണിച്ചർ ആവശ്യത്തിനുണ്ടോ? |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | സ്ഥിരം | അർദ്ധ സ്ഥിരം | താല്ക്കാലികം | മുറികളുടെ എണ്ണം | | | | | | | | | |
| ഗവ: വി.എച്ച്.എസ്.എസ്. കൈപ്പട്ടൂർ | 17 | 3 | - | - | 23 | 4 | 3 | 12 | 2 | 2 | പൈപ്പ് | ഉണ്ട് | ഉണ്ട് | ഇല്ല |
| സെൻറ് ജോർജ്ജസ് മൗണ്ട് എച്ച്.എസ്. കൈപ്പട്ടൂ | 21 | 8 | 3 | - | 33 | - | 3 | 16 | - | 2 | പൈപ്പ് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| പി.ഡി.യു.പി.എസ് വള്ളിക്കോട് | 3 | 3 | - | - | 1 | - | 2 | 3 | 2 | 2 | കിണർ | ഉണ്ട് | ഉണ്ട് | ഉണ്ട് |
| നാഷണൽ യൂ.പി.എസ്. വാഴമുട്ടം | 6 | 2 | - | - | 10 | - | 2 | 10 | - | 2 | കിണർ | - | ഉണ്ട് | ഇല്ല |
| എം.എസ്.സി.എൽ പി.എസ്-നരിയാപുരം | 4 | 1 | - | - | 5 | - | 1 | 25 | - | 1 | കിണർ | ഉണ്ട് | ഉണ്ട് | ഇല്ല |
| ഗവ: എൽ.പി.എസ് നരിയാപുരം | 5 | 1 | - | - | - | - | 2 | 4 | - | 1 | കിണർ | ഉണ്ട് | - | ഇല്ല |
| ഇ.എ.എൽ.പി.എസ് വെള്ളപ്പാറ | 4 | 1 | - | - | 1 | - | - | - | 2 | - | കിണർ | ഇല്ല | - | ഇല്ല |
| ഗവ: എൽ.പി.എസ് വള്ളിക്കോട് | 6 | 1 | - | - | 1 | 3 | 1 | 5 | 2 | - | പൈപ്പ് | ഉണ്ട് | - | ഇല്ല |
| ഗവ: എൽ.പി.എസ് വാഴമുട്ടം | 5 | 1 | - | - | 5 | - | 1 | - | 3 | - | കിണർ | ഉണ്ട് | - | ഇല്ല |
| ഗവ: എൽ.പി. എസ് വയലാവടക്ക് | 4 | 1 | - | - | 5 | - | 2 | 20 | - | 1 | കിണർ | ഉണ്ട് | - | ഇല്ല |

## വിവിധ ക്ലാസ്സുകളിലെ അക്കാദമിക് നിലവാരം

| ക്ലാസ്സ് | ആകെ കുട്ടികൾ | 30% താഴെ | | 30 - 40% | | 41-50 | | 51-60 | | 60% മീതെ | | SSLC % |
|---|---|---|---|---|---|---|---|---|---|---|---|---|
| | | എണ്ണം | ശതമാനം | എണ്ണം | ശതമാനം | എണ്ണം | ശതമാനം | എണ്ണം | ശതമാനം | എണ്ണം | ശതമാനം | |
| 1 | | | | | | | | | | | | |
| 2 | | | | | | | | | | | | |
| 3 | 207 | 33 | 16 | 29 | 14 | 43 | 21 | 38 | 18 | 64 | 31 | |
| 4 | 208 | 29 | 14 | 24 | 13 | 35 | 17 | 41 | 20 | 79 | 38 | |
| 5 | 240 | 39 | 16 | 35 | 14 | 36 | 14 | 33 | 13 | 97 | 44 | |
| 6 | 229 | 48 | 21 | 46 | 20 | 37 | 16 | 35 | 15 | 63 | 28 | |
| 7 | 266 | 62 | 23 | 48 | 18 | 40 | 15 | 46 | 17 | 70 | 27 | |
| 8 | 268 | 80 | 30 | 55 | 21 | 43 | 16 | 47 | 17 | 43 | 16 | |
| 9 | 292 | 79 | 27 | 62 | 21 | 53 | 18 | 49 | 17 | 49 | 17 | 95 96 |
| 10 | 214 | 44 | 21 | 34 | 16 | 44 | 21 | 43 | 20 | 49 | 22 | ശരാശരി 57% |
| VHS | 90 | | | | | | | | | | | |

## സ്കൂളുകളിലെ അക്കാഡമിക് സൗകര്യങ്ങൾ

| | ഇനം | വിവരം |
|---|---|---|
| 1 | ലൈബ്രറി | 9 സ്കൂളുകളിൽ ഉണ്ട്, വാഴമുട്ടം L.Pയിൽ ഇല്ല |
| 2 | ലബോറട്ടറി | 8 സ്കൂളുകളിലുണ്ട്. 2ൽ ഇല്ല |
| 3 | വേണ്ടത്ര പഠനോപകരണങ്ങൾ | 3 സ്കൂളുകളിൽ പര്യാപ്തം 7 സ്കൂളുകളിൽ അപര്യാപ്തം |
| 4 | റേഡിയോ | 7 സ്കൂളുകളിൽ ഉണ്ട്. 3 സ്ളൂകളിൽ ഇല്ല |
| 5 | ടേപ് റിക്കാർഡർ | 5 സ്കുളുകളിൽ ഉണ്ട് 5 എണ്ണത്തിൽ ഇല്ല |
| 6 | T.V. | സെറ്റ് ഒരു സ്കൂളിലും ഇല്ല |
| 7 | വി.സി. ആർ | ഒരു സ്കൂളിലും ഇല്ല |
| 8 | സിനിമാപ്രൊജക്ടർ | ഒരു സ്കൂളിൽ ഉണ്ട്. മറ്റൊന്നിലും ഇല്ല |
| 9 | സ്ലൈഡ് പ്രൊജക്ടർ | ഒരു സ്കൂളിൽ ഉണ്ട്. മറ്റൊന്നിലും ഇല്ല |
| 10 | ഓവർ ഹെഡ് പ്രൊജക്ടർ. | 2 സ്കുളുകളിൽ ഉണ്ട്. മറ്റെങ്ങുമില്ല. |
| 11 | കമ്പ്യൂട്ടർ | ഒരു സ്കൂളിലും ഇല്ല |
| 12 | ബ്ലാക്ക് ബോഡ് ആവശ്യമുള്ളത് | 98. നിലവിലുള്ളത് 81 |
| 13 | മാതൃസംഗമം | എല്ലാസ്കൂളിലും ഉണ്ട് |
| 14 | പി.റ്റി.എ. | എല്ലാം സ്കൂളിലും ഉണ്ട് |
| 15 | ക്ലാസ്റൂം പി.റ്റി.എ. | |

## അങ്കൺവാടികൾ

വള്ളിക്കോടുപഞ്ചായത്തിൽ 25 അങ്കൺവാടികൾ ഉണ്ട്. ഇവയുടെ പട്ടിക സാമൂഹ്യക്ഷേമത്തിന്റെ ഭാഗത്തുചേർത്തിരിക്കുന്നു. ഇവയിൽ 2.4.8.9 എന്നീ വാർഡുകളിലെ ഓരോ അങ്കൺവാടിക്ക് സ്വന്തസ്ഥലവും കെട്ടിടവും ഉണ്ട്. 5.8. എന്നീ വാർഡുകളിലെ ഓരോ അംഗൻവാടിക്ക് സ്വന്തസ്ഥലമുണ്ടെങ്കിലും കെട്ടിടമില്ല. ഞക്കുനിലത്തേ ഒരംഗൻവാടിയുടെ കെട്ടിടം പണിപൂർത്തിയായിട്ടില്ല. ബാക്കി 19 അംഗൻവാടികൾക്കും സ്വന്തമായ സ്ഥലമോ കെട്ടിടമോ ഇല്ല. ICDSൽ നിന്നും നിശ്ചയിച്ചിട്ടുള്ള 25 രൂപാ വാടകക്ക് സൗകര്യപ്രദമായ ഒരുകെട്ടിടം കിട്ടുകയില്ല. അതിനാൽ മിക്ക അംഗൻവാടികളും അസൗകര്യങ്ങൾ നിറഞ്ഞ കെട്ടിടങ്ങളിലാണ് പ്രവർത്തിക്കുന്നത്. പരിഹാരം കാണേണ്ട പ്രശ്നമാണ്.

## പ്രീപ്രൈമറി വിദ്യാലയങ്ങൾ

ഈ പഞ്ചായത്തിൽ പത്താം വാർഡിൽ മാത്രമാണ് ഒരു പ്രീപ്രൈമറി വിദ്യാലയം ഉള്ളത്. എല്ലാ LP സ്കൂളുകളോടും അനുബന്ധിച്ച് പ്രീപ്രൈമറി വിദ്യാലയങ്ങൾ ആരംഭിക്കുന്നത് പ്രൈമറി വിദ്യാഭ്യാസ നിലവാരം ഉയർത്താൻ സഹായകമാവും.

## എൽ.പി. സ്കൂളുകൾ

വള്ളിക്കോടുപഞ്ചായത്തിൽ 6 എൽപിസ്കൂളുകളും ഹയർസെക്കൻഡറിയോടു ചേർന്ന് ഒരു LP സെക്ഷനും ഉണ്ട്. പഞ്ചായത്തിലെ എൽ.പി.സ്കൂളുകളിൽ ആവശ്യത്തിനുള്ള പഠനോപകരണങ്ങളോ, കളിസാധനങ്ങളോ, കളിസ്ഥലമോ ഇല്ല. രണ്ടാംവാർഡിലും 9-ാം വാർഡിലുമുള്ള രണ്ടു സർക്കാർ സ്കൂളുകളിൽ ഫർണിച്ചർ ആവശ്യത്തിനില്ല. ആറാം വാർഡിലെ ഗവ: എൽ.പി. സ്കൂളിന് ആഫീസ് ഉപകരണങ്ങൾ ഇല്ല. മിക്ക എൽ.പി. സ്കൂളുകൾക്കും ചുറ്റുമതിൽ ഇല്ല. ചിലതിന് ചുറ്റുമതിൽ ഉണ്ടെങ്കിലും പൂർണ്ണമായിട്ടില്ല. ഒരു സ്കൂളിനും ആവശ്യത്തിനു മൂത്രപ്പുരയോ കക്കൂസോ ഇല്ല. കുടിവെള്ളത്തിനുള്ള ഉപാധിയായ കിണർ അറ്റകുറ്റപ്പണി നടത്താതെ വൃത്തികേടാകുന്നു. എല്ലാ സ്കൂളിന്റേയും കെട്ടിടങ്ങൾ പഴയതാണ്. വള്ളിക്കോട് LPSന്റെ കെട്ടിടം 83 വർഷങ്ങൾക്കു മുമ്പു പണിതീർത്തതിനാൽ അപകടാവസ്ഥയിലാണ്. അടിയന്തിരമായി പുതുക്കിപ്പണിയണം. എല്ലാ സ്കൂളിലും മാതൃസംഗമവും, പി.റ്റി. എയും സജീവമായി പ്രവർത്തിക്കുന്നു. ഏതാനും LP സ്കൂളുകളിലെ പഠനനിലവാരം തൃതികരമല്ല. പഞ്ചായത്തിൽ ആരംഭിച്ചിട്ടുള്ള അൺഎയ്ഡഡ് സ്കൂളുകൾ കാരണം LP സ്കൂളുകളിൽ വിദ്യാർത്ഥികളുടെ എണ്ണം കുറയുന്നു.

## പഞ്ചായത്തിലെ അപ്പർ പ്രൈമറി സ്കൂളുകൾ

വള്ളിക്കോടുപഞ്ചായത്തിലെ 7-ാം വാർഡിലും ഒമ്പതാം വാർഡിലും ഓരോ യൂപി സ്കൂളും 5-ാം വാർഡിലെ രണ്ട് ഹൈസ്കൂളിനോടു ചേർന്ന് രണ്ടു യൂപി സെക്ഷനും ഉണ്ട്. പഠനനിലവാരം PTA കൂടി വിലിയിരുത്തുന്നുണ്ട്.

## പഞ്ചായത്തിലെ ഹൈസ്കൂളുകൾ

വള്ളിക്കോടു പഞ്ചായത്തിലെ രണ്ട് ഹൈസ്കൂളുകളും അഞ്ചാം വാർഡിലാണ്. കൈപ്പട്ടൂർ വൊക്കേഷണൽ ഹയർസെക്കൻഡറി സ്കൂളിൽ

എന്നീ വിഷയങ്ങളിൽ വൊക്കേഷണൽ കോഴ്സുകൾ നടത്തുന്നുണ്ട്. ഇക്കഴിഞ്ഞ SSLC പരീക്ഷയ്ക്ക് സ്വകാര്യ സ്കൂളിൽ 61% ഉം ഗവൺമെൻറ് സ്കൂളിൽ 53%ഉം വിജയമുണ്ട്. വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിന് ചുറ്റുമതിലില്ലാത്തതിനാലും, ഫലപ്രദമായ കാവൽ ഇല്ലാത്തതിനാലും രാത്രികാലങ്ങളിൽ സാമൂഹ്യവിരുദ്ധരുടെ ശല്യം ഉണ്ട് എന്ന് നാട്ടുകാർ പരാതിപ്പെടുന്നു. ഇവിടെ രാഷ്ട്രീയ ഇടപെടലും അതു മൂലം സമരങ്ങളും ഉണ്ടാവുന്നതിനാൽ പ്രവർത്തിദിവസങ്ങൾ നഷ്ടമാവുന്നു.

## പാരലൽ കോളേജുകൾ

വള്ളിക്കോടു പഞ്ചായത്തിൽ കുട്ടികളെ പ്രൈവറ്റായി പഠിപ്പിച്ച് യൂണിവേഴ്സിറ്റി പരീക്ഷയ്ക്കിരുത്തുന്ന ഒരു സ്ഥാപനവും ഇല്ല. എന്നാൽ ഹൈസ്കൂൾ, കോളേജ് തലങ്ങളിലുള്ള കുട്ടികൾക്കു ട്യൂഷൻ നല്കുന്ന സ്ഥാപനങ്ങൾ 3,7 എന്നീ വാർഡുകളിൽ ഉണ്ട്.

## ഇംഗ്ലീഷ് മീഡിയം പ്രൈമറിസ്കൂളുകൾ

ഒന്നാം വാർഡിൽ 5 വർഷമായി നടത്തിവരുന്ന ഒരു പ്രൈവറ്റ് ഇംഗ്ലീഷ് മീഡിയം പ്രൈമറി സ്കൂളുണ്ട്. മൂന്നാം വാർഡിൽ സെൻറ് ഗ്രീഗോറിയോസ് ഇംഗ്ലീഷ് മീഡിയം സ്കൂൾ എന്ന പേരിലും 7-ാം വാർഡിൽ വിവേകാനന്ദ വിദ്യാപീഠം എന്ന പേരിലും 2 ഇംഗ്ലീഷ് മീഡിയം സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്. ഇവയ്ക്ക് ഇപ്പോൾ അംഗീകാരം ഇല്ല.

## സാങ്കേതികസ്ഥാപനങ്ങൾ

വള്ളിക്കോടു പഞ്ചായത്ത് ഒന്നാം വാർഡിലും ഏഴാ വാർഡിലും ഓരോ ടൈപ്പ് റൈറ്റിങ് ഇൻസ്റ്റിട്യൂട്ട് പ്രവർത്തിക്കുന്നു. മൂന്നാം വാർഡിൽ ഒരു പ്രൈവറ്റ് ITC ഉണ്ട്.

## ഗ്രന്ഥശാലകൾ

പഞ്ചായത്തു മേഖലയിൽ 8ഗ്രന്ഥശാലകൾ ഉണ്ട്. 5, 6,

10 എന്നീ വാർഡുകളിൽ ഗ്രന്ഥശാലകൾ ഇല്ല. സാംസ്കാരിക വകുപ്പിൽ ഗ്രന്ഥശാലകൾ പരാമർശിക്കപ്പെടുന്നതിനാൽ ഇവിടെ വിവരിക്കുന്നില്ല.

## നിലത്തെഴുത്ത്

പഞ്ചായത്തിലാകെ രജിസ്റ്റർ ചെയ്ത 11 നിലത്തെഴുത്താശാൻമാർ ഉണ്ട്. ഇവർക്ക് 100 രൂപാ വീതം പഞ്ചായത്തിൽ നിന്നും ഗ്രാൻറായി ലഭിക്കുന്നുണ്ട്. ഇവരുടെ ഗ്രാൻറ് കാലോചിതമായി പരിഷ്ക്കരിക്കണം. അതോടൊപ്പം പഠിക്കുന്ന കുട്ടികളുടെ എണ്ണം, കുട്ടികൾക്ക് ഇരുന്നു പഠിക്കാനുള്ള ഭൗതികമായ സൗകര്യങ്ങൾ കുട്ടികളിൽ നിന്നും ലഭിക്കുന്ന ഫീസ്, കുട്ടികൾക്കു ലഭിക്കുന്ന വിദ്യാഭ്യാസത്തിൻെറ നിലവാരം തുടങ്ങിയവയെല്ലാം കാലാകാലങ്ങളിൽ പരിശോധിക്കണം

## സാക്ഷരതാ പ്രവർത്തനം

90-91ൽ ആരംഭിച്ച സാക്ഷരതായജ്ഞം ഈ പഞ്ചായത്തിൽ വിജയകരമായി നടന്നു. ആയിരത്തിലേറെ നിരക്ഷരരേ ഒന്നാം ഘട്ടത്തിൽ സാക്ഷരരാക്കി എങ്കിലും തുടർവിദ്യാഭ്യാസ പരിപാടിയുടെ കാര്യക്ഷമത ഇല്ലായ്മ മൂലം അവർ നിരക്ഷരരായി മാറിക്കൊണ്ടിരിക്കുന്നു. പഞ്ചായത്തിൽ 3 ജനവിദ്യാകേന്ദ്രങ്ങൾ അനുവദിച്ചിട്ടുണ്ട്. എങ്കിലും ഫലപ്രദമായ തുടർവിദ്യാഭ്യാസം ഇപ്പോൾ നടക്കുന്നില്ല.

## പൊതുനിർദ്ദേശങ്ങളും - സാധ്യതകളും

1. 6-ാം വാർഡിലെ ഗവ: എൽ.പി. സ്കൂളിനു പുതിയ കെട്ടിടം പണിയണം, 83 വർഷത്തിനു മുമ്പു പണിത കെട്ടിടത്തിൻെറ സുരക്ഷിതത്വത്തിൽ രക്ഷിതാക്കൾക്കുള്ള ആശങ്ക അകറ്റിയാൽ കൂടുതൽ കുഞ്ഞുങ്ങൾ പ്രൈമറി വിദ്യാഭ്യാസത്തിന് ഇവിടെ എത്തും.

2. ഗവ:എൽ.പി. എസ് വള്ളിക്കോട്, ഗവ: എൽപിഎസ് വാഴമുട്ടം എന്നിവിടങ്ങളിൽ രണ്ടു മൂത്രപ്പുരകൾ അടിയന്തിരമായി നിർമ്മിക്കണം. കുട്ടികളുടെ ആരോഗ്യപരിപാലനത്തിനും ശുചിത്വബോധത്തിനും ഉതകും എന്നതിനു പുറമേ നല്ല ശീലങ്ങൾ വാർത്തെടുക്കാനും കഴിയും.

3. ഗവ: സ്കൂളുകളിൽ ചുറ്റുമതിലില്ലാത്ത കൈപ്പട്ടൂർ VHSSലും, ചുറ്റുമതിൽ പൂർത്തിയാവാനുള്ള 6-ാം വാഡിലേയും 9-ാം വാർഡിലേയും LP സ്കൂളുകളിലും ചുറ്റുമതിലുകൾ തീർത്ത് സാമൂഹവിരുദ്ധശല്യത്തിൽ നിന്നും മോചിപ്പിക്കണം. ഇത് വിദ്യാലയത്തോട് ജനങ്ങൾക്കുള്ള മെച്ചമായ കാഴ്ചപ്പാടിനും, വിശ്വാസത്തിനും, സുരക്ഷിതത്വത്തിനും വഴിയൊരുക്കും.

4. സ്കൂളുകളിൽ മിക്കതും കുടിവെള്ളത്തിനു കിണറിനെയാണ് ആശ്രയിക്കുന്നത്. അതിൻെറ സംരക്ഷണവും ശുചീകരണവും നടത്തുന്നതിന് സംവിധാനം വേണം. കുഞ്ഞുങ്ങൾക്ക് പകർച്ച വ്യാധികൾ തടയുന്നതിന് ഇത് അത്യാവശ്യമാണ്.

5. SSLC വരെ പഠിക്കുന്നതിന് നമ്മുടെ ഗ്രാമപഞ്ചായത്തിൽ സൗകര്യമുണ്ടെങ്കിലും, അതിനുശേഷം സാങ്കേതികമായി പഠിക്കുന്നതിന് സ്ഥാപനം ഇല്ല. അതിനാൽ 1-ാം വാർഡിൽ ഒരു സാങ്കേതികസ്ഥാപനം ഉണ്ടാക്കണം. തൊഴിൽ വിദ്യാഭ്യാസം ജനങ്ങളുടെ ജീവിതം മെച്ചപ്പെടുത്തുകയും ആത്മവിശ്വാസം പകരുകയും ചെയ്യും.

6. 4-ാം വാർഡിൽ കുടമുക്കുഭാഗത്തും, 8-ാം വാർഡിൽ ഞക്കുനിലത്തും ഓരോ L.P. സ്കൂളുകൾ സ്ഥാപിക്കണം. ഇപ്പോൾ, കൊച്ചാലും മൂട്, വാഴമുട്ടം, അങ്ങാടിക്കൽ എന്നീ തൊട്ടുകിടക്കുന്ന ഭാഗത്തുനിന്നും കുട്ടികൾ 2 കി മീറ്ററോളം സഞ്ചരിച്ചാണ് പ്രൈമറി സ്കൂളിൽ എത്തുന്നത്. വിദ്യാഭ്യാസസൗകര്യവും, സാക്ഷരതാ നിലവാരവും വർദ്ധിപ്പിക്കാൻ ഇത് സഹായിക്കും.

7. പത്താം വാർഡിൽ ഒരു ITC സ്ഥാപിക്കുന്നതിനുള്ള പ്രാരംഭസർവ്വേ നടന്നിരുന്നു. എന്നാൽ തുടർന്നു നടപടി ഉണ്ടായില്ല. കിഴക്കൻ പ്രദേശങ്ങളിൽ പോളീടെക്നിക്കുകൾ ഇല്ലാത്തതിനാൽ ഈ വാർഡിൽ ITC സ്ഥാപിക്കാൻ ശ്രമിച്ച സ്ഥലത്ത് ഒരു പോളിടെക്നിക്ക് ആരംഭിക്കണം. തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന് ഈ പഞ്ചായത്തിൽ സ്ഥാപനങ്ങൾ ഇല്ല. തൊഴിൽ പഠിക്കാനുള്ള വിദ്യാർത്ഥികളുടെ ആഗ്രഹവും, തൊഴിൽ കണ്ടെത്താനുള്ള ആളുകളുടെ ശ്രമമുള്ളതുകൊണ്ട് സഫലീകരിക്കാം.

8. 9-ാം വാർഡിൽ ഏതെങ്കിലും ഒരു സാങ്കേതിക സ്ഥാപനവും 8-ാം വാർഡിൽ ഒരു കമ്പ്യൂട്ടർ സെൻററും, സ്ത്രീകൾക്ക് തൊഴിൽ പരിശീലനകേന്ദ്രവും വേണം. കൈപ്പട്ടൂർ VHSSൽ ഇപ്പോൾ നിലവിലുള്ള കോഴ്സുകൾക്കുപുറമേ, കൃഷി, മൃഗസംരക്ഷണം എന്നീ കോഴ്സുകൾ കൂടി ആരംഭിക്കണം. തൊഴിലധിഷ്ഠിത വിദ്യാഭ്യാസം കൊണ്ടേ തൊഴിൽ ലഭിക്കുകയുള്ളൂ. അതിന് മേലുദ്ധരിച്ച സാങ്കേതികസ്ഥാപനങ്ങൾ ഈ പഞ്ചായത്തിൽ ഉണ്ടെങ്കിൽ വളരെ അകലെ കുട്ടികൾ സഞ്ചരിക്കാതെ നമ്മുടെ നാട്ടിൽ നിന്നുതന്നെ തൊഴിൽ നേടാൻ കഴിയും.

9. ഒരുഗവൺമെൻറു സ്കൂളിനോടും അനുബന്ധിച്ച് ഈ പഞ്ചായത്തിൽ പ്രീ പ്രൈമറി സ്കൂളുകൾ ഇല്ല. നിലത്തെഴുത്തിൻെറ പ്രചാരം കുറയുകയും, ശാസ്ത്രീയരീതിയിലുള്ള പ്രീ പ്രൈമറി വിദ്യാഭ്യാസം പ്രചാരം നേടുകയും ചെയ്യുന്നു. സ്ഥലസൗകര്യമുള്ള വള്ളിക്കോട് LPS, വാഴമുട്ടം LPS, എന്നിവിടങ്ങളിൽ പ്രൈമറി ക്ലാസ്സുകൾ നടത്തണം. കൊച്ചുകുഞ്ഞുങ്ങളുടെ, പഠിക്കാനുള്ള തൃഷ്ണ വളർത്തുന്നതിന് ഇത് ഉപകരിക്കും.

10. ഉച്ചക്കഞ്ഞി വിതരണത്തിന് പഞ്ചായത്തിൽ നിന്നും കൊടുക്കുന്ന ഗ്രാൻറ് വർദ്ധിപ്പിക്കണം. ഇന്നത്തേ വിറകുവിലയും, സാധനകയറ്റിഇറക്കുകൂലിയും കൂടുതലായതിനാൽ ഈ വർദ്ധനവ് അനിവാര്യമാണ്.

11. 7-ാം വാർഡിൽ മായാലിൽ ജങ്ഷനോടടുത്തുള്ള

പഞ്ചായത്തു വകസ്ഥലം ഡീമാർക്കേറ്റ് ചെയ്ത് അവിടെ നിലവിലുണ്ടായിരുന്ന ചിൽഡ്രൻസ്പാർക്ക് പുതുക്കിപ്പണിയണം. കുഞ്ഞുങ്ങൾക്ക് കളികളോട് ആഭിമുഖ്യം വരാൻ ഇത് സഹായകമാവും.

12. കലാകായിക വികസനത്തിന് ഇപ്പോൾ പ്രൈമറി ഘട്ടത്തിൽ പരിപാടികൾ ഇല്ല. കായികാധ്യാപകരുടേയും, സംഗീതാധ്യാപകരുടേയും തസ്തിക നിർത്തിവരികയാണ്. ഇതു പുനസ്ഥാപിക്കണം. അഭിരുചിയുള്ള കുട്ടികളെ കണ്ടെത്തി പ്രോത്സാഹിപ്പിക്കേണ്ടത് വിദ്യാഭ്യാസലക്ഷ്യങ്ങളിൽ ഒന്നാണ്.

13. എല്ലാക്ലാസിലേയും പഠനനിലവാരം മെച്ചപ്പെടുത്താനും, അതുവഴി SSLC പരീക്ഷയിൽ കൂടുതൽ വിജയം നേടാനും, പഠനനിലവാരം അപ്പപ്പോൾ വിലയിരുത്തണം. ഇന്നത്തെ, വർഷത്തിലൊരിക്കലുള്ള പരിശോധന ഫലപ്രദമല്ല. ജില്ലാ പഞ്ചായത്തുകളിൽ ഒരു ഇൻസ്പെക്ഷൻ വിങ് ഉണ്ടാവുകയും ഇന്റേണൽ അസസ്മെൻറ് നടത്തുകയും വേണം. പരിശോധനക്കായി വിദഗ്ധൻമാരുടെ സംഘത്തെ ഉണ്ടാക്കുകയും വേണം. അതിൽ സബ്ജക്ട് എക്സ്പേർട്സ് ഉണ്ടായിരിക്കണം.

14. പഞ്ചായത്തിലെ 25 അംഗൻ വാടികളിൽ 19 എണ്ണം നടത്തുന്നതിന് സ്വന്തസ്ഥലമോ കെട്ടിടമോ ഇല്ല. അവയ്ക്ക് സ്ഥലവും കെട്ടിടവും ഉണ്ടാവുകയും, കളിപ്പാട്ടങ്ങൾ, പഠനോപകരണങ്ങൾ എന്നിവ ഉണ്ടാവുകയും വേണം. ഏറ്റവും ആകർഷകവും, സന്തോഷകരവുമായ അന്തരീക്ഷമായിരിക്കണം അങ്കൺവാടികൾക്ക്. അവിടെവച്ചാണ് കുഞ്ഞുങ്ങളുടെ ശരിയായ മനോഭാവങ്ങൾ രൂപപ്പെടുന്നത്. ഈ സ്ഥാപനങ്ങളേ അവഗണിക്കുന്നത് ശരിയല്ല.

15. അർദ്ധസൈനികപരിശീലനപരിപാടിയായ NCC/ Scout/Guides എന്നിവയിൽ ഏതെങ്കിലും ഒന്നിൽ ഒരു വിദ്യാർത്ഥി അംഗമായിരിക്കേണ്ടത് നിർബ്ബന്ധമാക്കണം. അതിനുവേണ്ടി സ്കൂളുകളിൽ ഇതിൽ ഏതെങ്കിലും ഒന്നിന്റെ യൂണിറ്റ് ഉണ്ടായിരിക്കണം. ഇതു മൂലം കുട്ടികളുടെ ശാരീരികവും മാനസികവുമായ അച്ചടക്കം വർദ്ധിക്കുകയും, പൗരത്വത്തെ സഹായിക്കുകയും ചെയ്യും.

16. 9-ാം വാർഡിലെ വാഴമുട്ടം ഗവ: LPSൽ കുടിവെള്ളം ലഭിക്കാൻ ആരോഗ്യകരമല്ലാത്ത ഒരു കിണർ മാത്രമേയുള്ളു. അതിനാൽ അവിടെ പൊതുജനപങ്കാളിത്തത്തോടെ പമ്പുസെറ്റും ടാപ്പുകളും സ്ഥാപിക്കണം. വിദ്യാർത്ഥികളുടെ ആരോഗ്യപരിപാലനരംഗത്ത് ഇത് അനിവാര്യമാണ്.

അനൗപചാരികവിദ്യാഭ്യാസം:-

17. ജനവിദ്യാകേന്ദ്രങ്ങളിൽ തുടർവിദ്യാഭ്യാസപരിപാടി പുനരാവിഷ്കരിക്കണം. 14 വയസ്സുമുതൽ ആരും നിരക്ഷരരായി ഉണ്ടാവരുത്. അവരെ കണ്ടെത്തി ഘട്ടം ഘട്ടമായി പഠിപ്പിക്കാൻ പദ്ധതി ഉണ്ടാവണം. കൊഴിഞ്ഞുപോക്കിന്റെ കാരണം കണ്ടെത്തി പരിഹരിക്കണം.

18. നവസാക്ഷരർക്കുവേണ്ടി പരീക്ഷ നടത്തണം. പ്രത്യേകം പുസ്തക കോർണറുകൾ ഉണ്ടാവണം. ഗ്രന്ഥശാലകൾ തുടർ വിദ്യാഭ്യാസകേന്ദ്രങ്ങൾ ആയിരിക്കണം. ഗ്രന്ഥശാലകളുടെ ആഭിമുഖ്യത്തിൽ തുടർവിദ്യാഭ്യാസം ഏറ്റെടുക്കണം.

19. വിദ്യാർത്ഥികളുടെ സ്വഭാവപരവും, വിദ്യാഭ്യാസപരവുമായ പുരോഗതിയേ അപ്പപ്പോൾ വിലയിരുത്തി രേഖപ്പെടുത്തുന്നതിനും ക്ലാസ്സ് കയറ്റം നല്കുമ്പോൾ പരിഗണിക്കുന്നതിനും ഒരു ഇന്റേണ അസസ്മെൻറ് സമ്പ്രദായം തുടങ്ങേണ്ടതാണ്. വിദ്യാർത്ഥികളുടെ നാനാമുഖമായ പുരോഗതിയേ കണക്കിലെടുക്കാൻ ഇത് സഹായിക്കും.

20. ഉന്നതവിദ്യാഭ്യാസത്തിന്റെ ചവിട്ടുപടിയായ പ്രീഡിഗ്രി കോഴ്സുകൾ +2 കോഴ്സുകളാക്കി മാറ്റുമ്പോൾ ഈ പഞ്ചായത്തിലെ ഹൈസ്കൂളുകളോടനുബന്ധിച്ച് തുടങ്ങണം. പന്തളം, പത്തനംതിട്ട തുടങ്ങിയ വിദൂരസ്ഥലങ്ങളിൽ ഉന്നതവിദ്യാഭ്യാസാർത്ഥം പോകുന്ന കുട്ടികൾക്ക് അനുഗ്രഹമായിരിക്കും.

21 ട്രൈസെം പടിപാടിയിൽ, പഞ്ചായത്തിന് അനുയോജ്യമായ കോഴ്സുകൾ കണ്ടുപിടിച്ച് നടപ്പാക്കാനുള്ള അനുവാദം പഞ്ചായത്തുകൾക്കു നല്കണം. അർഹതയുള്ള അനുയോജ്യരായ ആളുകൾക്ക് തൊഴിൽ പരിശീലനം ലഭിക്കുന്നതിന് ഇത് സഹായകമാവും.

22. കൈപ്പട്ടൂർ Govt V.H.Sയിൽ 2 ക്ലാസ്സ് റൂമുകളും 1 സ്റ്റാഫ്റൂമും അടിയന്തിരമായി നിർമ്മിക്കുകയും മലയാളം ടൈപ്പറൈറ്ററുകൾ ആവശ്യത്തിന് അനുവദിക്കുകയും വേണം. ഇപ്പോൾ നിലവിലുള്ള അക്കൗണ്ടൻസി ഓഡിറ്റിംഗും, ഓഫീസ് സെക്രട്ടറിഷിപ്പും കോഴ്സുകൾക്ക് ഉപരി കൃഷി മൃഗസംരക്ഷണം എന്നീ കോഴ്സുകൾ കൂടി ആരംഭിക്കണം. ഇവ രണ്ടും ജീവിതത്തിന് കൂടുതൽ ഉതകുന്നവയാണ്.

23. നൂറുശതമാനം ക്ലാസ്സ് കയറ്റം കൊടുക്കുന്ന ഇന്നത്തേ സമ്പ്രദായം അവസാനിപ്പിച്ച്, നിശ്ചിത പഠനനിലവാരത്തിൽ കുട്ടികളെ എത്തിച്ച് ക്ലാസ്സ് കയറ്റം കൊടുക്കേണ്ടതാണ്.

24. 9-ാം വാർഡിൽ നിലവിലുള്ള ഗവ: L.P സ്കൂൾ ഹൈസ്കൂളാക്കി ഉയർത്തി 7, 8, 9, 10 എന്നീ വാർഡുകളിലെ കുട്ടികളുടെ സെക്കൻഡറി വിദ്യാഭ്യാസസൗകര്യം ഉയർത്തണം.

25. 7-ാം വാർഡിൽ വള്ളിക്കോട് ടൗൺഭാഗത്ത് ഒരു ഗവൺമെൻറ് വിദ്യാഭ്യാസസ്ഥാപനവും ഇല്ലാത്ത നിലയ്ക്കു ടൗൺ ഭാഗത്തിനടുത്തായി ഒരു ഗവ: I.T.I അനുവദിക്കണം.

26. വള്ളിക്കോട്ടുനിന്നും സമീപത്തുള്ള ഹൈസ്കൂളുകളിലേക്ക് 2 കി:മീ:നു മുകളിൽ ദൂരം വരും. ആ സാഹചര്യ ത്തിൽ വള്ളിക്കോട് കേന്ദ്രമാക്കി ഒരു ഗവ: ഹൈസ്കൂൾ അനുവദിക്കണം.

27. ഹൈസ്കൂളുകളിൽ യംഗ് ഫാർമേഴ്സ് ക്ലബ്ബുകൾ സ്ഥാപിക്കണം. അതിലൂടെ കൃഷിയിൽ വിദ്യാർത്ഥികൾക്കുള്ള ആഭിമുഖ്യം വളർത്തണം.

28. സ്കൂളുകളുടെ അഭിവൃദ്ധിക്ക് പ്രധാനപങ്കു വഹിക്കുന്നത് അവിടുത്തെ PTA ആണ്. എല്ലാ സ്കൂളിലേയും PTA ശക്തവും പ്രവർത്തനക്ഷമവും ആക്കണം. MLL പരിപാടി നിർബന്ധമായും നടപ്പാക്കണം

29 പഠനകാര്യങ്ങളിൽ പിന്നോക്കം നില്ക്കുന്ന വിദ്യാർത്ഥികൾക്കുവേണ്ടി ഒരു ദിവസം കുറഞ്ഞത് അര മണിക്കൂർ വച്ചെങ്കിലും പ്രത്യേക ക്ലാസ്സുകൾ അധ്യാപകർ എടുക്കണം. ഇതിനുവേണ്ട സഹായവും പ്രോത്സാഹനവും PTA ചെയ്തുകൊടുക്കണം.

## ഉപസംഹാരം

വള്ളിക്കോടു പഞ്ചായത്തിലെ വിദ്യാഭ്യാസരംഗം കുറേ സാധ്യതകളും അതിലേറെ പ്രശ്നങ്ങളുമായി ഒമ്പതാം പദ്ധതിയേ അഭിമുഖീകരിക്കുകയാണ്. സ്വാതന്ത്ര്യാനന്തര കാലത്ത് വിദ്യാഭ്യാസ മണ്ഡലത്തിൽ അനേകം മാറ്റങ്ങൾ വരുത്തിയെങ്കിലും, അതിനു മുമ്പുള്ളതിൽ നിന്നും അടിസ്ഥാനപരമായ മാറ്റങ്ങൾ ഉണ്ടാക്കാൻ സാധിച്ചിട്ടില്ല. വിദ്യാഭ്യാസസൗകര്യങ്ങൾ വർദ്ധിക്കുന്തോറും തൊഴിൽ രഹിതരുടെ എണ്ണവും വർദ്ധിച്ചുവരുന്നു. നേടുന്ന അറിവിന് അനുസൃതമായ ജോലി ഇവിടെ കിട്ടുന്നില്ല, അതിനുള്ള അവസരങ്ങൾ ഉണ്ടാവുന്നില്ല, ബി.എസ്. എം.എസ് തുടങ്ങിയ ബിരുദങ്ങൾ നേടിയവർ ഗുമസ്തന്മാരായും, എഞ്ചിനീയറിങ് ബിരുദധാരികൾ ട്യൂട്ടോറിയൽ കോളേജിൽ അധ്യാപകരായും പോകുന്നു. അവർക്കുവേണ്ടി ഈ രാജ്യം ചെലവാക്കിയ പണവും സമയവും നിഷ്ഫലമാവുകയാണ്.

മിനിമം വിദ്യാഭ്യാസയോഗ്യതയായി കരുതിയിരുന്ന S.S.L.Cയ്ക്ക് ഗുണനിലവാരം കുറഞ്ഞു. അതു കാരണം പൊതുപരീക്ഷയിൽ അവർ പിൻതള്ളപ്പെടുകയും ഉന്നത യോഗ്യതയുള്ളവർ അവിടെ എത്തുകയും ചെയ്യുന്നു. SSLC കുറഞ്ഞ യോഗ്യതയായി വച്ചിട്ടുള്ള പല ജോലികളും സംസ്ഥാനത്തുണ്ട്. എന്നാൽ അവ, അത്തരക്കാർക്ക് അപ്രാപ്യമാണ്. ഇതിനുകാരണം വിദ്യാഭ്യാസത്തിലൂടെ ലഭിക്കുന്ന അറിവിന്റെ അപര്യാപ്തതയാണ്. അതായത് SSLC മുതൽ മുകളിലേക്ക് ഓരോന്നിനും അതിന്റേതായ നിലവാരം ഇല്ല. അതിനാൽ ഇവയുടെ എല്ലാം നിലവാരം ഉയർത്തുന്നതിനും ഓരോ ക്ലാസ്സിനും അതിന്റേതായ നിലവാരം ഉറപ്പുവരുത്തുന്നതിനു ശ്രമിക്കുന്നതോടൊപ്പം, അവിടവിടെ തൊഴിൽ പരിശീലനത്തിനുള്ള അവസരങ്ങളും ഉണ്ടാവണം പഠിച്ചുവെളിയിൽ ഇറങ്ങിയാൽ സമൂഹത്തിനാവശ്യമുള്ള ഒരു തൊഴിലുമായി സ്വയം മുന്നോട്ടു പോകാൻ കഴിയണം. കുട നിർമ്മാണം നോട്ടുബുക്കുനിർമ്മാണം, റേഡിയോ, ടി.വി. നന്നാക്കൽ ആശാരിപ്പണി, കരകൗശലവിദ്യകൾ എന്നിവ കൂടി വിദ്യാലയങ്ങളിൽ സമാന്തരമായി പഠിപ്പിക്കണം.

ഇങ്ങനെ പഠിച്ചുപുറത്തുവരുന്നവരെ ഗവ: അംഗീകരിക്കാനും തയാറാവണം. അതോടൊപ്പം അധ്യാപകരുടെ ധാർമ്മികഉത്തരവാദിത്വം അവർ ശരിക്കും മനസ്സിലാക്കണം. പിന്നോക്കം നില്ക്കുന്നവരെ മുമ്പിലേക്കുകൊണ്ടുവരാനുള്ള ആത്മാർത്ഥമായ ശ്രമം അധ്യാപകരുടെ ഭാഗത്തുണ്ടാവണം. ഭരണകർത്താക്കളുടെ നിർദ്ദേശത്തിനോ ഭീഷണിക്കോ വഴങ്ങി ചെയ്യുന്നതാവരുത്. വിദ്യാലയങ്ങൾ സാമൂഹ്യക്ഷേമത്തിനും പരിഷ്കരണത്തിനും ഉതകുന്ന സ്ഥാപനങ്ങളാവണം. രക്ഷിതാക്കളേയും, മറ്റു മഹിളകളേയും വിളിച്ചുവരുത്തി അവരുമായി കുട്ടികളുടെ വിദ്യാഭ്യാസ കാര്യത്തിൽ ധാരണയുണ്ടാക്കണം. അവരോടൊപ്പം സ്കൂൾ പരിപാടികൾ പങ്കു വയ്ക്കണം. വിവിധ ദിനാചരണങ്ങൾ, പഠനയാത്രകൾ, സ്കൂൾ ആനിവേഴ്സറി, പൂന്തോട്ടകൃഷി മലക്കറികൃഷി അങ്ങനെ ജീവിതവുമായി ബന്ധപ്പെടുത്തി പഠിപ്പിക്കാവുന്ന വിഷയങ്ങളിൽ കുട്ടികൾക്ക് അഭിരുചി വളർത്തണം. അതുവഴി നേതൃത്വപരിശീലനവും നല്കണം. NCC, സ്കൗട്ട് തുടങ്ങിയ സന്നദ്ധസംഘടനകളിലൂടെ കുട്ടികളുടെ സ്വഭാവം, അച്ചടക്കം എന്നിവ നന്നാക്കി എടുക്കണം. അധ്യാപകരും രക്ഷിതാക്കളും തമ്മിലുള്ള ബന്ധം കൂടുതൽ ദൃഢമാവണം. വിദ്യാർത്ഥികളോട് അധ്യാപകർക്കുസ്നേഹവും, അദ്ധ്യാപകരിൽ വിദ്യാർത്ഥികൾക്കു വിശ്വാസവും ഉണ്ടാവണം. പൗരാണിക ഭാരതത്തിൽ നിലനിന്നിരുന്ന ആ ആത്മബന്ധം നാം വീണ്ടെടുക്കണം.

## രക്ഷിതാക്കളോട് ഒരു വാക്ക്

രക്ഷിതാക്കൾ തങ്ങളുടെ കുട്ടികളുടെ വിദ്യാഭ്യാസകാര്യത്തിൽ അമിത താല്പര്യം കാണിക്കുന്നത് നല്ലതു തന്നെ. എന്നാൽ സാധാരണ സ്കൂളുകളിൽ തങ്ങൾക്കു കാര്യമില്ല എന്ന നിലയിൽ അവയേ ഉപേക്ഷിക്കുന്നത് സമൂഹത്തോടു കാണിക്കുന്ന നിന്ദയാണ്. കൂടാതെ നാട്ടിൽ ഉടനീളം മുളച്ചുവരുന്ന ഇംഗ്ലീഷ് മീഡിയം സ്കൂളുകളുടെ ആർഭാടത്തിലും പുറംമോടിയിലും ആകൃഷ്ടരായി തങ്ങളുടെ കുട്ടികളെ അങ്ങോട്ടയച്ചുകൊണ്ട് ഭീമമായ തുകയും കൊടുത്ത് സമൂഹത്തിൽ മാന്യത നേടാൻ തയ്യാറാവുന്നത് ഒരു മരീചികയാണ് എന്നു മനസ്സിലാക്കണം. ഇംഗ്ലീഷ് മീഡിയം കൊണ്ട് എല്ലാം നേടാൻ കഴിയുമായിരുന്നെങ്കിൽ അഖിലേന്ത്യാപരീക്ഷകളിൽ അവർക്കു മാത്രമായി മുമ്പിൽ വരാൻ കഴിയുമായിരുന്നു. അത് സംഭവിക്കുന്നില്ല. അതിനാൽ ഇംഗ്ലീഷ് മീഡിയത്തോടുള്ള അമിതപ്രേമം അവസാനിപ്പിച്ച് മാതൃഭാഷയിലൂടെയുള്ള വിദ്യാഭ്യാസത്തിനു പ്രോത്സാഹനം കൊടുക്കാൻ സമ്പന്നവർഗ്ഗത്തിലെ രക്ഷിതാക്കളും തയ്യാറാവണം.

അങ്ങനെ വിദ്യാർത്ഥികളും അധ്യാപകരും, രക്ഷിതാക്കളും സർക്കാരും ചേർന്ന ഒരു ചതുർഭുജത്തിന്മേൽ ഭാരതത്തിന്റെ ഭാവി നിർണ്ണയിക്കുന്ന വിദ്യാഭ്യാസത്തിന്റെ മഹാസൗധം നമുക്കു തീർക്കാം.

# കുടിവെള്ളവും പൊതുജനാരോഗ്യവും

## 5.5

### കുടിവെള്ളം

ജീവസന്ധാരണത്തിനും നിലനില്പിനും ഒഴിച്ചുകൂടാനാവാത്ത ഘടകങ്ങളാണ് ശുദ്ധവായുവും ശുദ്ധമായ ജലവും. ജീവൻ ഉല്ഭവിച്ചത് ജലത്തിലാണ് ജീവന്റെ നിലനില്പിന് ആധാരവും ജലമാണ്. ശുദ്ധമായ ജലമാണ് ജനത്തിന്റെ ആരോഗ്യത്തിന് അടിസ്ഥാനം.

ജലസ്രോതസ്സുകൾ സുലഭമാണെങ്കിലും ഭൂമിശാസ്ത്രപരമായ കാരണങ്ങളാൽ കുടിവെള്ളക്ഷാമം രൂക്ഷമായ പഞ്ചായത്താണ് വള്ളിക്കോട്. കുടിവെള്ളത്തിനായി ഈ പഞ്ചായത്തിലെ മുഴുവൻ ജനങ്ങളും ആശ്രയിക്കുന്നത് കിണറുകളെയാണ്. പഞ്ചായത്തിന്റെ വടക്കേ അതിര് അച്ചൻ കോവിലാറാണ്. കൂടാതെ നല്ല ഒരു ജലസ്രോതസാണ് ഈ പഞ്ചായത്തിലൂടെ കടന്നുപോകുന്ന വള്ളിക്കോട് - വലിയതോട്. ഇത് ഏഴംകുളം ഭാഗത്തുനിന്നും ഉത്ഭവിച്ച് കൊടുമൺ പഞ്ചായത്തിലൂടെ ഒഴുകി വള്ളിക്കോട് മൂഴിക്കടവിൽ വച്ച് അച്ചൻ കോവിൽ ആറിനോട് ചേരുന്നു. ഈ തോടിന് പ്രധാനമായി പന്നിവിഴ - ഐക്കാട് തോട്, കുളത്തിനാൽതോട്, കല്ലേലിതോട്, തലയിറത്തോട്, കോട്ടയം തോട് എന്നീ ശാഖകളും ഉണ്ട്. പത്താം വാർഡിൽ വടക്കേ അതിരിലൂടെ അമ്മൂമ്മത്തോട് ഒഴുകി അച്ചൻകോവിലാറ്റിൽ ചേരുന്നു. നരിയാപുരം ഭാഗത്തുകൂടി ഒഴുകി അച്ചൻകോവിലാറ്റിൽ പതിക്കുന്ന തോടാണ് പെരുംതോട്.



ഇവ കൂടാതെ ചെറുതും വലുതുമായ ഇരുപത്തി രണ്ട് കുളങ്ങളും പതിനേഴ് പൊതുക്കിണറുകളും ഹാൻഡ് പമ്പ് ഘടിപ്പിച്ച പതിനഞ്ചു കുഴൽ കിണറുകളും പഞ്ചായത്തിലുണ്ട്. ഇത്രയൊക്കെയുണ്ടെങ്കിലും വിരോധാഭാസം എന്നു പറയട്ടേ പഞ്ചായത്തിൽ ഇന്നും അതിരൂക്ഷമായ ജലക്ഷാമം അനുഭവപ്പെടുന്നു. മഴക്കാലത്ത് വെള്ളപ്പൊക്കം കൊണ്ട് ദുരിതം അനുഭവിക്കുന്ന ജനങ്ങൾ വേനൽക്കാലത്ത് കുടിവെള്ളത്തിനായി നെട്ടോട്ടം ഓടുകയാണ്. അച്ചൻകോവിൽ ആറ്റിൽനിന്നും 100മീറ്റർ പോലും അകലമില്ലാത്ത 7-ാം വാർഡിലെ ആശാരിമുരുപ്പ് 1-ാം വാർഡിലെ പമ്പുക്കുഴിമല എന്നിവയും 3-ാം വാർഡിലെ കാരയ്ക്കാട് തച്ചൽ ഭാഗം 4ാം വാർഡിലെ കുടമുക്ക് കാഞ്ഞിരവിള, കൈപ്പട്ടൂർ കല്ലുവിള എന്നീ ഭാഗങ്ങളും 8-ാം വാർഡിലെ ചോനൽ മുരുപ്പ് ഭാഗവും 9-ാം വാർഡിലെ പള്ളിമുരുപ്പ്, മൂർത്തിമുരുപ്പ് ഭാഗങ്ങളും 10-ാം വാർഡിലെ കാഞ്ഞിരപ്പാറ ഭാഗവും അതിരൂക്ഷമായ ജലക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങളാണെന്ന് എടുത്തു പറയേണ്ടതായിട്ടുണ്ട്.

അന്യപഞ്ചായത്തുകളിലേക്ക് ശുദ്ധജലം എത്തിക്കുന്നതിന് ഒരു പമ്പിംഗ് സ്റ്റേഷൻ ഈ പഞ്ചായത്തിലുള്ള കൈപ്പട്ടൂർ കടവിനടുത്ത് പ്രവർത്തിക്കുന്നു. നമ്മേപ്പോലെ അച്ചൻകോവിൽ ആറ്റിന്റെ തീരത്തു സ്ഥിതി ചെയ്യുന്ന ഓമല്ലൂർ പഞ്ചായത്തിന്റെ മിക്കവാറും ഭാഗങ്ങളിൽ ഇന്ന് ശുദ്ധജലവിതരണ പദ്ധതി നടപ്പാക്കിയിട്ടുണ്ട്. എന്നാൽ ഒരു ടാപ്പുപോലും സ്ഥാപിച്ച് ഈ പഞ്ചായത്തിലുള്ള ഒരാൾക്കു പോലും ശുദ്ധജലവിതരണം ചെയ്യുവാൻ നമുക്ക് ഇന്നുവരെ കഴിഞ്ഞിട്ടില്ല. കേരളാ വാട്ടർ അതോറിറ്റിയോ മറ്റ് ഏതെങ്കിലും ഏജൻസികളോ അതിന് മുതിർന്നിട്ടുമില്ല. ഈ സാഹചര്യത്തിൽ

# പ്രശ്നങ്ങളും പരിഹാരങ്ങളും

| | പ്രശ്നങ്ങൾ | പരിഹാരമാർഗ്ഗങ്ങൾ |
|---|---|---|
| 1. | ജലലഭ്യതയ്ക്ക് ആറ്റിലെ മണൽവാരൽ ഒരു ഭീഷണിയാണ്. കഴിഞ്ഞ ഇരുപതു വർഷക്കാലം കൊണ്ട് അച്ചൻ കോവിൽ ആറ്റിലെ ജലനിരപ്പ് ഏകദേശം 4മീറ്റർ അധികം താണിട്ടുള്ളതായി രേഖപ്പെടുത്തിയിരിക്കുന്നു. | ആറ്റിലേയും തോട്ടിലേയും മണൽവാരൽ നിയന്ത്രിക്കുക. ഉഴുവത്തു കയത്തിനും മണത്തറ കയത്തിനും ചക്കുംകുഴികയത്തിനും അടിവശത്ത് ഓരോ ചെക്ക് ഡാം (തടയണ) നിർമ്മിച്ചാൽ ആറ്റിലെ ജലനിരപ്പ് ഉയർത്താനും ആറ്റുതീരത്തെ കിണറുകളിൽ ജലലഭ്യത വർദ്ധിക്കുന്നതിനും കാരണമാകും. |
| 2. | പഞ്ചായത്തിൽ നിർമ്മിച്ച കുഴൽകിണറുകളിലും പൊതുക്കിണറുകളിൽ പലതിലും വർഷത്തിൽ ആറുമാസത്തിലധികം ജലം ലഭിക്കുന്നില്ല. ചില പൊതുക്കിണറുകളിൽ പരിസര മലിനീകരണം കാരണം ജലം ഉപയോഗ്യമല്ലാതായിത്തീരുന്നു. | നമ്മുടെ പഞ്ചായത്തിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് അനുവദിച്ചിട്ടുള്ള ശുദ്ധജലവിതരണപദ്ധതി എത്രയുംവേഗം നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. പ്രസ്തുത പദ്ധതി പൂർത്തിയാക്കാൻ കാലതാമസം നേരിട്ടാൽ അത്യാവശ്യസ്ഥലങ്ങളിൽ ഒരു വിദഗ്ധ സമിതിയുടെ മേൽനോട്ടത്തിൽ ഏതാനും ചെറുപദ്ധതികൾ അടിയന്തിരമായി ആവിഷ്കരിച്ച് നടപ്പിലാക്കണം.<br>പൊതു കിണറുകളും കുഴൽകിണറുകളും ഉപയോഗ്യയോഗ്യമാക്കിത്തീർക്കുന്നതിന് നടപടി സ്വീകരിക്കണം |
| 3. | ഭുവനേശ്വരം ഭാഗത്ത് രൂക്ഷമായ ജലക്ഷാമം അനുഭവപ്പെടുന്നു. | ഭുവനേശ്വരത്തിന് അടുത്തുള്ള തുമ്പമൺ പഞ്ചായത്ത് അതിർത്തിവരെ പൈപ്പ്ലൈൻ ഇടുന്നു. ഇതിനുള്ള ടാങ്കിൽ നിന്നും ഒരു കിലോമീറ്റർ പൈപ്പ്ലൈൻ നീട്ടിയാൽ ഇവിടുത്തെ ജലക്ഷാമം പരിഹരിക്കാം. |
| 4. | ചോനൽമുരുപ്പ് ഹരിജൻകോളനിയിൽ അതിരൂക്ഷമായ ജലക്ഷാമം അനുഭവപ്പെടുന്നു. | 8-ാം വാർഡിൽ ശുദ്ധജലവിതരണപദ്ധതി നടപ്പിലാക്കണം. |
| 5. | 7-ാം വാർഡിലെ വല്യവടക്കൽ, മന്നത്തേത്ത്, കരിമുരിക്കൽ, അമ്പാട്, കോയിപ്പാട്, വാഴപ്ലാവിൽ. മുല്ലശ്ശേരിൽ, തെക്കേമെമണ്ണിൽ, മുരുപ്പേൽ, കൊച്ചുകിഴക്കേതിൽ, ഇലഞ്ഞിമേൽ, ആശാരിമുരുപ്പ്, ലക്ഷംവീട് എന്നീ ഭാഗങ്ങളിൽ വേനൽക്കാലത്ത് അതിരൂക്ഷമായ ജലക്ഷാമം അനുഭവപ്പെടുന്നു. | വാട്ടർസപ്ലൈസ്കീമിൽ പൈപ്പ്ലൈൻ ഇടുമ്പോഴും പുതിയ കിണറുകൾ കുഴിക്കുമ്പോഴും ഇവിടുത്തെ ജലക്ഷാമം പരിഹരിക്കുന്നതിന് ഏറെ മുൻഗണന കൊടുക്കണം. |
| 6. | 4-ാം വാർഡിലെ കുടമുക്ക്, കാഞ്ഞിരംവിള, കല്ലുവിള രണ്ടുമൂന്നും വാർഡുകളിലെ കാരയ്ക്കാട്ടുഭാഗം, മലമ്പുറത്ത് ഹരിജൻ കോളനി എന്നിവിടങ്ങളിൽ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നു. | പൊതു കിണറുകൾ കുഴിച്ചും, കുഴൽകിണർ നിർമ്മിച്ചും ഒരു പരിധിവരെ ജലക്ഷാമത്തിന് പരിഹാരം കാണാം. |
| 7. | കിടങ്ങേത്തുപടി, കൊട്ടുപ്പിള്ളേത്തുപടി റോഡുകളുടെ ഇരുവശത്തും കുടിവെള്ളക്ഷാമം രൂക്ഷമാണ്. | കൊട്ടുപിള്ളേത്തുപടിവരെ ഇപ്പോൾ പ്രമാടം പഞ്ചായത്ത് പൈപ്പ് ലൈൻ ഇട്ടിട്ടുണ്ട്. ടി ലൈൻ കിടങ്ങേത്തുമുക്കുവരെ നീട്ടി റോഡിൽ ആവശ്യമായ സ്ഥലങ്ങളിൽ പൊതുടാപ്പ് സ്ഥാപിച്ചാൽ ഈ പ്രശ്നം പരിഹരിക്കാം. |

പഞ്ചായത്തിലെ കുടിവെള്ളക്ഷാമത്തിന് ശാശ്വതമായ പരിഹാരം എന്നെന്നേക്കുമായി ഉണ്ടാക്കുന്നതിന് അച്ചൻകോവിൽ ആറിനോട് ഏറ്റവും അടുത്തു കിടക്കുന്ന വള്ളിക്കോട് പഞ്ചായത്തിലെ ഏറ്റവും ഉയരം കൂടിയ പ്രദേശമായ ആശാരിമുരുപ്പ് കേന്ദ്രീകരിച്ച് അനുവദിച്ചിട്ടുള്ള വള്ളിക്കോട് കൊടുമൺ വൻകിട ശുദ്ധജലവിതരണ പദ്ധതി എത്രയും വേഗം നടപ്പിലാക്കണം.

ഇതിനെല്ലാം ഉപരിയായിട്ട് സാങ്കേതികാനുമതി ലഭിച്ച വള്ളിക്കോട്- കൊടുമൺ വൻകിട ശുദ്ധജലവിതരണപദ്ധതി അടിയന്തിരമായി നടപ്പിലാക്കി കുടിവെള്ളപ്രശ്നത്തിന് ശാശ്വത പരിഹാരം കാണണം. ജില്ലാ പഞ്ചായത്തിൻേറയും കേന്ദ്ര സംസ്ഥാന ഗവൺമെൻറുകളുടേയും കൂടുതൽ ധനസഹായം ഈ പദ്ധതിക്കുവേണ്ടി ലഭ്യമാക്കണം. ഈ പദ്ധതിയുടെ ഇൻവെസ്റ്റിഗേഷൻ തുടങ്ങിയ സാങ്കേതിക പ്രവർത്തനങ്ങൾ നടന്നു കഴിഞ്ഞു. കൊടുമൺ പഞ്ചായത്തിൽ അതിൻെറ പണികൾ ഇതിനോടകം ആരംഭിച്ചു. എന്നാൽ വള്ളിക്കോടു പഞ്ചായത്തിൽ രണ്ടു സ്ഥലങ്ങൾ ജലസംഭരണി പണിയാൻ നിർദ്ദേശിച്ചിരുന്നെങ്കിലും ഒരിടത്തുപോലും സ്ഥലം കണ്ടെത്തുകയോ അക്വയർ ചെയ്യാൻ നടപടി എടുക്കുകയോ ചെയ്തിട്ടില്ല. രണ്ടു പഞ്ചായത്തുകളും സംയുക്തമായി ഈ സംരംഭം ഏറ്റെടുത്തുനടത്തേണ്ടതാണ്. വള്ളിക്കോട് പഞ്ചായത്തിന് ആവശ്യത്തിന് ഭൂമി ലഭിക്കാനുള്ള പ്രയാസമാണ് ഈ പദ്ധതി വൈകുന്നതിനുള്ള പ്രധാനകാരണം. ഉടനടി ഏതെങ്കിലും മാർഗ്ഗം കണ്ടെത്തി വള്ളിക്കോട്ടു പഞ്ചായത്തിൻേറതായ പണി പൂർത്തിയാക്കിക്കൊടുക്കാൻ വേണ്ട നടപടികൾ എടുക്കണം. ഇത്തരം വികസന പ്രവർത്തനങ്ങൾ വിജയിക്കണമെങ്കിൽ ഭൂമിവിട്ടുകൊടുക്കുന്നതിലും മറ്റും നാട്ടുകാരുടെ എളിയ തോതിലുള്ള ത്യാഗമനോഭാവവും ഉണ്ടാകേണ്ടതാണ്.

പ്രകൃതിയുടെ വരദാനമായ ശുദ്ധജലം സംരക്ഷിക്കുന്നതിനും മലിനപ്പെടുത്താതിരിക്കുന്നതിനും നാം പരമാവധി ശ്രദ്ധിക്കേണ്ടതാണ്.

### പൊതു നിർദ്ദേശങ്ങൾ

1. K.I.P സ്കീമിൽ വള്ളിക്കോട്ടു പ്രദേശത്തുള്ള ഡിസ്ട്രിബ്യൂട്ടറികളിൽ വരൾച്ചക്കാലത്ത് ജലം ഒഴുക്കാനുള്ള സാഹചര്യം ഉണ്ടാക്കിയാൽ അവിടെയുള്ള കുടിവെള്ളക്ഷാമം പരിഹരിക്കാം.

2. ഭുവനേശ്വരം ചാങ്കൂർ കടവിൽ സ്ഥിതിചെയ്യുന്ന ലിഫ്റ്റ് ഇറിഗേഷൻെറ താഴെ തടയണ നിർമ്മിച്ചാൽ അവിടെയുള്ള കിണറുകളിൽ വേനൽക്കാലത്ത് ജലനിരപ്പ് ഉയരുന്നതിന് സഹായിക്കും.

3. രൂക്ഷമായ വരൾച്ച അനുഭവപ്പെടുന്ന പ്രദേശങ്ങളിൽ പൊതുക്കിണർ കുഴിച്ച് ജനകീയ വിദഗ്ധ കമ്മറ്റികളുടെ മേൽ നോട്ടത്തിൽ വീടുകളിൽ ശുദ്ധജലവിതരണം നടത്തണം. ഉദാ. കാരയ്ക്കാട്ടു ഭാഗത്തെ ജലക്ഷാമം, ഇണ്ടിളയപ്പൻ ക്ഷേത്രത്തിൻെറ ഭാഗത്ത് കിണർ കുഴിച്ച് കാരയ്ക്കാട്ടു ഭാഗത്ത് ടാങ്കുകെട്ടി ജലവിതരണം നടത്തി പരിഹരിക്കാം.

4. ഏലാകളുടെ ഭാഗമായി നിലനില്ക്കുന്ന തലക്കുളങ്ങൾ സംരക്ഷിക്കണം. ഉദാ: പാണ്ടിപ്പള്ളിൽ കുളം അടിയന്തിരമായി സംരക്ഷിച്ചാൽ ജലലഭ്യത വർദ്ധിക്കുന്നതാണ്.

5. ഭൂഗർഭ ജലവിതാനം ഉയർന്ന തലത്തിൽ നിലനില്ക്കുന്നതിന് സഹായകമായവിധത്തിൽ കുന്നിൻ പ്രദേശങ്ങളായ കാഞ്ഞിരപ്പാറ, മുളങ്കുന്ന് എന്നീ ഭാഗങ്ങളിൽ പുരയിടങ്ങളിൽ ഈടികയ്യാലകൾ തീർക്കുന്നതിനുള്ള സാഹചര്യം ഉണ്ടാക്കിയാൽ അവിടെയുള്ള ജലക്ഷാമം ഒരു പരിധിവരെ പരിഹരിക്കാൻ കഴിയും.

6. മൂന്നാം കലുങ്കു തോട്ടിൽ കുടമുക്കു ഭാഗത്ത് തടയണ നിർമ്മിച്ച് വെള്ളം സംരക്ഷിക്കാവുന്നതാണ്.

7. പൊതുവേ പറഞ്ഞാൽ മഴ മൂലം ലഭിക്കുന്ന ജലം വാർന്നു നഷ്ടപ്പെടാതെ അതതു സ്ഥലങ്ങളിൽ തങ്ങിനിന്ന് താഴുന്നതിന് സൗകര്യം ഉണ്ടാക്കിയാൽ കുടിവെള്ളക്ഷാമം ഒരു വലിയ അളവു വരെ പരിഹരിക്കാൻ കഴിയും.

## പൊതുജനാരോഗ്യം

### ആമുഖം

ആരോഗ്യമുള്ള ഒരു ജനതയാണ് ഒരു രാഷ്ട്രത്തിൻെറ സമ്പത്ത്. വള്ളിക്കോട് പഞ്ചായത്ത് ആരോഗ്യപരിലാന കാര്യത്തിൽ മറ്റു പഞ്ചായത്തുകൾക്കൊപ്പം നിൽക്കുന്നു. പണ്ടു കാലത്ത് പ്രശസ്തരായ പാരമ്പര്യവൈദ്യൻമാർ ഈ പഞ്ചായത്തിലുണ്ടായിരുന്നു. അവരുടെ തലമുറയിൽപ്പെട്ട വൈദ്യകുടുംബങ്ങൾ ഇന്നും ഈ മേഖലയിൽ പ്രവർത്തിക്കുന്നു. അലോപ്പതി ചികിത്സാസമ്പ്രദായത്തിനു പ്രചാരം കൂടിവരുന്നതായും കാണാം. നാട്ടു ചികിത്സകളും, ഒറ്റമൂലികളും. മന്ത്രവാദവും നടത്തിയിരുന്ന ഒരു മുൻതലമുറ ഇവിടുണ്ടായിരുന്നു. മൃഗചികിത്സയിലും പാരമ്പര്യവൈദ്യൻമാർ ഇവിടെ ഉണ്ടായിരുന്നു.

ആധുനിക ജീവിതരീതിയും, ഭക്ഷണക്രമവും, വഴിവിട്ടുള്ള സുഖലോലുപതയും ഇന്നത്തെ തലമുറയ്ക്ക് ആരോഗ്യരംഗത്ത് ഒരു ഭീഷണിയാകുന്നു. മരണനിരക്കു കുറഞ്ഞു വരുന്നുണ്ടെങ്കിലും, രോഗികളുടെ എണ്ണത്തിൽ കുറവു കാണുന്നില്ല. മദ്യത്തിനും, മയക്കു മരുന്നിനും അടിമകളായി മാറി ആരോഗ്യം നശിപ്പിക്കുന്ന ഒരു വിഭാഗം ജനങ്ങളെ അതിൽ നിന്നു മോചിപ്പിക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു.

ആതുരശുശ്രൂഷാ രംഗത്ത് സമഗ്രമായ പരിവർത്തനം ആവശ്യമായിട്ടുള്ള പഞ്ചായത്താണിത്. 28 ഹരിജൻ കോള

നികൾ ഈ രംഗത്ത് പ്രത്യേക ശ്രദ്ധയെ അർഹിക്കുന്നു. അടുത്തകാലത്താണ് ഒരു അലോപ്പതി ചികിത്സാ കേന്ദ്രം ഇവിടെ ആരംഭിച്ചത്. പ്രാഥമികാരോഗ്യകേന്ദ്രത്തിൻെറ കീഴിൽ 3 ഉപകേന്ദ്രങ്ങളും ഒരു സർക്കാർ ഗ്രാൻറ് വിഷവൈദ്യ ശാലയും, ഒരു ആയുർവേദ ഡിസ്പെൻസറിയും, സ്വകാ ര്യമേഖലയിൽ 3 അലോപ്പതി ഡിസ്പെൻസറികളും രണ്ടു ഹോമിയോ ക്ലിനിക്കുകളും ഇവിടെ പ്രവർത്തിക്കുന്നുണ്ട്. ഒരു താലൂക്ക് ആശുപത്രി വള്ളിക്കോട് ഗ്രാമവാസികളുടെ ചിരകാലഅഭിലാഷമാണ്.

## പൊതുജനാരോഗ്യ പ്രശ്നങ്ങളും പരിഹാര നിർദ്ദേശങ്ങളും

ആവശ്യത്തിന് സ്ഥലം ലഭ്യമായതിനാൽ 7-ാം വാർ ഡിലെ PHസെൻറർ താലൂക്കാശുപത്രിയാക്കി ഉയർത്തണം

1 മുൻകാലങ്ങളിൽ പൊതുജനാരോഗ്യപ്രവർത്തകർ ഭവനസന്ദർശനം നടത്തി ഉപകേന്ദ്രങ്ങളിൽ വച്ച് ഗർഭി ണികൾക്കും കുട്ടികൾക്കും ഔഷധങ്ങൾ വിതരണം ചെയ്ത്, ബോധവൽക്കരണം ഏറ്റെടുത്തു നടത്തുക പതിവായിരുന്നു. ഈ പരിപാടി ഇപ്പോൾ നടത്താറില്ല. അമ്മമാർക്കും കുഞ്ഞുങ്ങൾക്കും സമൂഹത്തിലെ ദുർ ബലവിഭാഗങ്ങൾക്കു പ്രത്യേകിച്ചും ഗുണം ചെയ്തി രുന്ന ഈ പരിപാടി മെച്ചപ്പെടുത്തണം.

2. 7-ാം വാർഡിൽ സ്ഥിതിചെയ്യുന്ന പ്രാഥമീകാരോഗ്യകേ ന്ദ്രത്തിൽ താമസിച്ച് സേവനം ചെയ്യുന്നില്ല. ഡാക്ട ർമാരുടെ താമസസൗകര്യാർത്ഥം ക്വാർട്ടേഴ്സ് പണിത് അവർക്ക് നല്കിയാൽ മെച്ചപ്പെട്ട സേവനം ലഭിക്കും.

3. പഞ്ചായത്തിലെ പ്രാഥമികാരോഗ്യകേന്ദ്രത്തിൻെറ കീഴിൽ ഓരോ വാർഡിലും ഓരോ ഉപകേന്ദ്രം ആരംഭിച്ച് ബോധവൽക്കരണത്തിനു അവസരം ഉണ്ടാക്കണം. അജ്ഞതമൂലം ഉണ്ടാകുന്ന അപകടങ്ങൾ ഒഴിവാക്കാൻ ഇത് സഹായിക്കും. ഒന്നാം വാർഡിൽ പ്രവർത്തിച്ചു വരുന്ന പ്രാഥമിക ആരോഗ്യ ഉപകേന്ദ്രം വളവൂർകാവ് ഭാഗത്തുള്ള പഞ്ചായത്ത് വക സ്ഥലത്ത് സ്ഥാപി ക്കുന്നതിനുള്ളള്ള അടിയന്തിര നടപടി ഉണ്ടാകണം. ആശുപത്രി ജീവനക്കാർ കാലാകാലങ്ങളിൽ ഓരോ വാർഡിലും പ്രതിരോധകുത്തിവയ്പുകൾ നടത്തേ ണ്ടതും, ജലജന്യങ്ങളായ രോഗാണുക്കളേ നശിപ്പി ക്കുന്നതിനായി, കുടിവെള്ളസ്രോതസ്സുകളിലും, കുളങ്ങളിലും ജലം ശുദ്ധീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. ഇന്നാട്ടിൽ പ്രവ ർത്തിക്കുന്ന സന്നദ്ധസംഘടനകളേ ഈ ആവശ്യ ങ്ങൾക്കായി പ്രയോജനപ്പെടുത്താവുന്നതുമാണ്.

5. വള്ളിക്കോട് പ്രാഥമികാരോഗ്യകേന്ദ്രത്തിലെ വാർഡി ൻെറ പ്രവർത്തനം ആരംഭിക്കുന്നതിനു മുന്നോടിയായി സ്റ്റാഫ് ക്വാട്ടേഴ്സ്, നിർമ്മിക്കുകയും, ജലവിതരണ ത്തിനു പമ്പുസെറ്റു സ്ഥാപിക്കുകയും ചെയ്യണം.

6. 10-ാം വാർഡിലെ ആയുർവേദാശുപത്രിക്കുവേണ്ടി സ്വന്തസ്ഥലവും കെട്ടിടവും ഉണ്ടാക്കണം.

7. വള്ളിക്കോടു പഞ്ചായത്തിലെ ബഹുഭൂരിപക്ഷം ജനങ്ങളും മെച്ചപ്പെട്ട ചികിത്സക്കായി, പത്തനംതിട്ട, പന്തളം, കോന്നി എന്നിവിടങ്ങളിലെ സ്വകാര്യ ആശു പത്രികളെ ആണ് ആശ്രയിക്കുന്നത്. സർക്കാർ ആശു പത്രികളിലേ സേവനം. ഉപകരണം, ഔഷധം എന്നി വയുടെ പരിമിതിയും, ലഭ്യതക്കുറവും ആണ് കാരണം. സേവനം മെച്ചപ്പെടുത്താൻ നടപടികൾ വേണം.

## പരിസരമലിനീകരണം

8. വള്ളിക്കോടു പഞ്ചായത്തിൻെറ കിഴക്കൻ അതിർത്തി യിൽ എൽജേസ് സ്പൈസസ് എന്ന ഒരു വൻകിട ഫാ ക്ടറി പ്രവർത്തിക്കുന്നുണ്ട്. അതിൽ നിന്നും നിർഗ്ഗമി ക്കുന്ന മലിനജലം സമീപത്തുള്ള പാടങ്ങളിലെ നെൽ കൃഷി നശിക്കുന്നതിനും, കിണറുകളിലെ ജലം മലി നമാകുന്നതിനും കാരണമാകുന്നു. കൂടാതെ ഫാക്ടറി യിൽ നിന്നും പുറത്തുവരുന്ന പുക അന്തരീക്ഷത്തെ മലിനപ്പെടുത്തുന്നു. ഫാക്ടറിയിൽ നിന്നും പുറത്തുവ രുന്ന മലിനജലം ശുദ്ധീകരിച്ചു പുറം തള്ളുന്നതിനും പുകയിലെ മാലിന്യങ്ങൾ നീക്കിപുറത്തുവിടുന്നതിനും സാങ്കേതികസംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കണം.

9. ഇഷ്ടിക വ്യവസായം വളർച്ച പ്രാപിച്ചിട്ടുള്ള നമ്മുടെ പഞ്ചായത്തിൽ, മണ്ണെടുക്കുന്ന കുഴികളിൽ മലിനജലം കെട്ടിനില്ക്കുന്നതിനാൽ പരിസരമലിനീകരണത്തിനും, കൊതുകുവർദ്ധിക്കുന്നതിനാൽ തജ്ജന്യമായ സാംക്ര മീകരോഗങ്ങൾക്കും കാരണമാകുന്നു. നിയമവിരുദ്ധ മായി ആഴത്തിൽ കുഴിക്കുന്ന കുഴികൾ പരിസ്ഥിതി പ്രശ്നങ്ങൾക്കും കാരണമാകുന്നു. അതിനാൽ കുഴികൾ നികത്തുകയോ, ജലം കെട്ടിനില്ക്കാതെ വാർന്നുപോ കാൻ സംവിധാനം ഉണ്ടാക്കുകയോ, കൊതുകു വള രുന്നതു തടയാൻ നടപടി എഴുക്കുകയോ വേണം.

10. ഇഷ്ടികയ്ക്കുവേണ്ടി ആഴത്തിൽ കുഴിച്ചു മണ്ണെടു ക്കുമ്പോൾ സമീപത്തുള്ള കിണറുകൾ വറ്റിപ്പോകുന്നു. ഇഷ്ടികക്കളങ്ങളിൽനിന്നും വമിക്കുന്ന പുക അന്തരീ ക്ഷമലിനീകരണത്തിനും ശ്വാസകോശരോഗങ്ങൾക്കും കാരണമാകുന്നു. പഞ്ചായത്തിൻെറ നിബന്ധനകൾക്കും

നിർദ്ദേശത്തിനും വിരുദ്ധമായി പ്രവർത്തിക്കുന്ന ഇഷ്ടിക നിർമ്മാതാക്കളുടെ ലൈസൻസ് റദ്ദാക്കണം.

12. പൊതുസ്ഥലങ്ങളിൽ മലവിസർജ്ജനം ചെയ്യുന്നതു നിമിത്തം സാംക്രമികരോഗങ്ങൾ പടർന്നുപിടിക്കാൻ ഇടയാവുന്നു. എല്ലാവീടുകളിലും കക്കൂസുകൾ നിർമ്മിക്കാനുള്ള ബോധവൽക്കരണം നടത്തുകയും, കഴിയുന്നിടത്തോളം സബ്സിഡി അനുവദിക്കുകയും വേണം.

13. പഞ്ചായത്തിൻെറ കിഴക്കൻ മേഖലയ്ക്ക് ഒരു പൊതുശ്മശാനം നിർമ്മിക്കണം.

14. പഞ്ചായത്തടിസ്ഥാനത്തിൽ മൊബൈൽ ഡിസ്പൻസറി സ്ഥാപിക്കണം.

15. 7-ാം വാർഡിലെ വള്ളിക്കോട് മാർക്കറ്റിൽ പൊതുകക്കൂസും മൂത്രപ്പുരയും നിർമ്മിക്കണം.

16. വള്ളിക്കോട് പ്രൈമറി ഹെൽത്ത് സെൻററിൽ താഴെ പറയുന്ന ഭൗതികസൗകര്യങ്ങൾ വർദ്ധിപ്പിക്കണം.

a) ചുറ്റുമതിൽ നിർമ്മിച്ച് ഗേറ്റ് ഇടണം.

b) കിടത്തിചികത്സക്കുള്ള സൗകര്യം ഉണ്ടാവണം.

c) റസിഡൻറ് ഡോക്ടർമാർ ഉണ്ടാകണം.

d) സാംക്രമികരോഗങ്ങൾക്ക് പ്രതിരോധ കുത്തിവയ്പിന് സംവിധാനം വേണം.

e) പമ്പുസെറ്റു സ്ഥാപിച്ച് ജലം ലഭ്യമാക്കണം.

f) കിണറുകൾ ക്ലോറിനേറ്റു ചെയ്യാൻ നടപടി എടുക്കണം.

g) P.H. സെൻററിനോടു ചേർത്ത് എക്സ്റേ യൂണിറ്റ് സ്ഥാപിക്കണം.

17. വള്ളിക്കോടു പഞ്ചായത്തിൽ ഒരു ഗവ: ഹോമിയോ ഡിസ്പെൻസറി സ്ഥാപിക്കണം.

18. പഞ്ചായത്തിൻെറ പടിഞ്ഞാറൻ മേഖലകൾക്ക് മുഴുവൻ ഗുണകരമായ വിധത്തിൽ 4-ാം വാർഡിലെ വളവൂർ കാവ് ഭാഗത്ത് പ്രാഥമിക ആരോഗ്യകേന്ദ്രം സ്ഥാപിക്കണം.

19. 4-ാം വാർഡിൽ വളവൂർ കാവുഭാഗത്ത് ഹോമിയോ ഡിസ്പൻസറി സ്ഥാപിക്കണം എന്ന മുൻ പഞ്ചായത്തു കമ്മറ്റിയുടെ തീരുമാനം അടിയന്തിരമായി നടപ്പാക്കണം.

20. പഞ്ചായത്തിൻെറ പടിഞ്ഞാറൻ മേഖലയിൽ 1-ാം വാർഡിൽ ആയുർവേദാശുപത്രി സ്ഥാപിക്കേണ്ടതാണ്. ഭുവനേശ്വരം ഭാഗത്ത് പ്രാഥമികാരോഗ്യകേന്ദ്രം സ്ഥാപിക്കണം.

21. ദുർവഹമായി തീർന്നിരിക്കുന്ന ചികിത്സാചെലവു കുറയ്ക്കാൻ ഗവൺമെൻറ് ശ്രദ്ധിക്കണം.

22. അടുത്തകാലത്തായി കണ്ടുവരുന്ന മാരകമായ സാംക്രമീകരോഗങ്ങളേ തടയുന്നതിന് പഞ്ചായത്ത് അടിസ്ഥാനത്തിൽ ആരോഗ്യജാഗ്രതാ സെല്ലുകൾ രൂപീകരിക്കുകയും മൂന്നുമാസത്തിലൊരിക്കൽ സെമിനാറുകളും, ഫിലിം ഷോകളും സംഘടിപ്പിച്ച് ബോധവൽക്കരിക്കുകയും വേണം

23. പഞ്ചായത്തിൽ ഒരു പ്രകൃതിചികിത്സാകേന്ദ്രം തുടങ്ങാനും, അവിടെ കൂടുതൽ ആളുകൾക്ക് പരിശീലനം കൊടുക്കാനും ഉള്ള ഒരു പദ്ധതി തയ്യാറാക്കി നടപ്പാക്കണം.

> നമ്മുടെ ഗ്രാമങ്ങളെ സേവിക്കയാണ്
> സ്വരാജിൻെറ ഉദ്ദേശം
> – ഗാന്ധിജി

# ഗതാഗതം • ഊർജ്ജം • മാർക്കറ്റ്

## 5.6

## ഗതാഗതം

### അവലോകനം

ഗതാഗതസൗകര്യങ്ങൾ ഒരു പ്രദേശത്തിന്റെ ഊടുംപാവും ആണ്. സാമൂഹ്യ സാംസ്കാരിക ഭൗതിക വളർച്ചയുടെ പ്രതീകമായി ഇതിനെ കാണാം. വള്ളിക്കോടു പഞ്ചായത്തിൽ റോഡുഗതാഗതം മാത്രമാണ് ഇപ്പോഴുള്ളത്. ഉദ്ദേശം 45 വർഷങ്ങൾക്കു മുൻപുവരെ ജലഗതാഗതവും ഇവിടെയുണ്ടായിരുന്നു. അന്ന് ഈ പഞ്ചായത്തിന്റെ അതൃത്തിയിൽ കൂടി ഒഴുകുന്ന അച്ചൻ കോവിലാറ്റിൽകൂടി തടി, മുള തുടങ്ങിയ വനവിഭവങ്ങൾ പടിഞ്ഞാറൻ മേഖലകളിൽ കൊണ്ടുപോയി വിറ്റിരുന്നു. റോഡു ഗതാഗതത്തിന്റെ ത്വരിതഗതിയിലുള്ള വികസനം കാരണം ജലഗതാഗതം ക്രമേണ അപ്രത്യക്ഷമാകുകയാണുണ്ടായത്. രാജഭരണകാലത്ത് പന്തളം വഴി തൃക്കുന്നപ്പുഴ -അച്ചൻ കോവിൽ റോഡ് നിലനിന്നിരുന്നു. അറബിക്കടലിനേയും സഹ്യാദ്രിയേയും കൂട്ടിയിണക്കുന്ന ഒരു പാതയായിരുന്നു ഇത്. വികസനമർഹിക്കുന്ന ഒരു റോഡായി ഇത് ഇപ്പോഴും നിലനില്ക്കുന്നു.

റോഡു വികസനമാണ് യഥാർത്ഥ വികസനമെന്നു കണക്കാക്കി റോഡുകൾക്ക് വളരെയേറെ പ്രാധാന്യം എല്ലാക്കാലത്തും കൊടുത്തിരുന്നു. എന്നാൽ സ്വാതന്ത്ര്യ ലബ്ധിക്കുമുൻപും നമ്മുടെ പഞ്ചായത്ത് ഗതാഗതത്തിന്റെ കാര്യത്തിൽ പൊതുവേ പിന്നിലായിരുന്നു. സ്വാതന്ത്ര്യം കിട്ടിയതിനുശേഷം നമ്മുടെ പഞ്ചായത്ത് മാറിമാറി പത്തനംതിട്ട – കോന്നി അസംബ്ളി നിയോജകമണ്ഡലങ്ങളുടെ ഭാഗമായി ഇരുന്നിട്ടുണ്ട്. മാറിമാറി വന്ന ജനപ്രതിനിധികൾ നമ്മുടെ പഞ്ചായത്തിന്റെ വികസനത്തിനു കാര്യമായ സംഭാവന ഒന്നും തന്നെ ചെയ്തിട്ടില്ല. അതിനാൽ വികസന പ്രവർത്തനത്തിന്റെ ഭാഗമായി മറ്റുപ്രദേശങ്ങളിലെ റോഡുകൾ ത്വരിതഗതിയിൽ പുരോഗതി പ്രാപിച്ചപ്പോഴും നമ്മുടെ പഞ്ചായത്ത് അവികസിതമായിത്തന്നെ നിലകൊണ്ടു.

അടുത്തകാലത്ത് പണിപൂർത്തിയാക്കിയ താഴൂർകടവു പാലം ഗതാഗതത്തിന്റെ കാര്യത്തിൽ നമ്മുടെ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം വിപ്ലവകരമായ ഒരു മാറ്റം



വരുത്തുമെന്നു നാം പ്രതീക്ഷിച്ചതാണ്. എന്നാൽ ജില്ലാ ആസ്ഥാനമായ പത്തനംതിട്ടയിൽ നിന്നും ദീർഘദൂര സർവ്വീസുകളും മറ്റും ഇതുവഴി നടത്താത്തതിനാൽ നമ്മുടെ പ്രതീക്ഷ ഇന്നും നിറവേറിയിട്ടില്ല.

തിരുവനന്തപുരം, അടൂർ, തട്ട, പത്തനംതിട്ട ശബരിമല ഹൈവേ വികസിപ്പിച്ച് സംസ്ഥാന ഹൈവേ ലിസ്റ്റിൽ പെടുത്തണം. സർക്കാരിനും മന്ത്രിസഭയ്ക്കും മുന്നിൽ നിരന്തരമായി നിവേദനം നടത്തിയതിൻെറ ഫലമായി സ്റ്റേറ്റ് ഹൈവേ ലിസ്റ്റിൽപെടുത്തുന്നതിനുവേണ്ടി ഏനാത്ത് ഏഴംകുളം, താഴൂർക്കടവ് പത്തനംതിട്ട റോഡിൻെറ ഇൻവെസ്റ്റിഗേഷൻ നടപടികൾ നടന്നുകൊണ്ടിരിക്കുകയാണ്. ടി റൂട്ട് സ്റ്റേറ്റ് ഹൈവേയിൽ ഉൾപ്പെടുത്തേണ്ടതാണ്. നിർദ്ദിഷ്ടപാത തിരുവനന്തപുരം പത്തനം തിട്ടയുടെ ദൂരം 12 കിലോമീറ്റർ കണ്ട് കുറയ്ക്കുന്നു. മാത്രമല്ല അടൂരിൽ ഇപ്പോൾ നിലനില്ക്കുന്ന ഗതാഗതക്കുരുക്ക് ഒരു പരിധിവരെ കുറയ്ക്കാനും കഴിയും. ഇതിൻെറ പണിപൂർത്തിയായാൽ നമ്മുടെ ഗതാഗതത്തിനും ഒരു പരിധിവരെ പരിഹാരം ഉണ്ടാകുന്നതാണ്.

ഈ പഞ്ചായത്തിൽകൂടി കടന്നുപോകുന്ന പൊതുമരാമത്തു വകുപ്പിൻെറ കീഴിലുള്ള റോഡുകളുടെ നീളം ആകെ 33.500കി.മീ. ഉണ്ട്. ഇവ താഴെ പറയുന്നവയാണ്.

### പട്ടിക. 1

| | | |
|---|---|---|
| 1. ചന്ദനപ്പള്ളി - കോന്നിറോഡ് | 5 - 5 | K.M |
| 2. വള്ളിക്കോട് - വകയാർ റോഡ് | 3-5 | " |
| 3. ഹരിപ്പാട് - പത്തനംതിട്ട റോഡ്. | 4 - - | " |
| 4. തിരുവനന്തപുരം - പമ്പ. (ശബരിമല) റോഡ്. | 2 - - | " |
| 5. കൈപ്പട്ടൂർ - വള്ളിക്കോട് റോഡ്. | 3- 5 | " |
| 6. താഴൂർ കടവ് - മുപ്രമൺ റോഡ് | 3-5 | " |
| 7. വാഴമുട്ടം കുരിശിൻമൂട് - വി. കോട്ടയം റോഡ് | 3 - - | " |
| 8. വി. കോട്ടയം - മല്ലശ്ശേരി റോഡ് | 0-500 | മീറ്റർ |
| 9. തൃപ്പാറ - ചന്ദനപ്പള്ളി റോഡ് | 2- - | KM |
| 10. ഏഴംകുളം - കൈപ്പട്ടൂർ റോഡ്. | 2-8 | " |
| 11. കൈപ്പട്ടൂർ കാരയ്ക്കാട് ഉണ്ടിളയപ്പൻ റോഡ് | 3 - - | " |
| 12. കൈപ്പട്ടൂർ - പത്തനംതിട്ട റോഡ്. | 0-200 | മീറ്റർ |
| | 33 -500 | |

പൊതുമരാമത്തു റോഡുകളിൽ പലതും കുണ്ടും കുഴിയുമായി കിടക്കുന്നവയാണ്. റീ ടാറിംഗ് വേണ്ടതും ഉണ്ട്. പല സ്ഥലങ്ങളിലും ഓടകൾ ഇല്ല, കലുങ്കുകളും ആവശ്യത്തിനില്ല, ഇവയുടെ പണി എത്രയും വേഗം പൂർത്തിയാക്കി വാഹന ഗതാഗതം സുഗമമാക്കേണ്ടതാണ്.

P.W.D റോഡുകൾ കൂടാതെ 113-52 കിലോമീറ്റർ ദൂരത്തിലുള്ള പഞ്ചായത്തു റോഡുകൾ ഉള്ളതിൽ 11.788 K.M റോഡുകൾ ടാറിട്ടതാണ്. അവയുടെ വിവരങ്ങൾ ചുവടേ ചേർക്കുന്നു.

## ടാറിട്ട പഞ്ചായത്തു റോഡുകളുടെ വിവരം.

### പട്ടിക II

| റോഡിൻെറ പേര്. | നീളം |
|---|---|
| 1. താഴൂർകടവ് - മായാലിൽ റോഡ് | 1-250 കി. മീ. |
| 2. പുത്തൻചന്ത - അക്കാളുമുക്ക് | 500m |
| 3. മാമ്മൂട് - ചന്ദനപ്പള്ളി | 2-100km |
| 4. നരിയാപുരം - തോട്ടുകടവ് | 1- 252 |
| 5. കൊച്ചാലുംമൂട് - അങ്ങാടിക്കൽ | 0.416 |
| 6. പെരും തിട്ടമഠം -വളവൂർക്കാവ് | 1-250 |
| 7. കുടമുക്ക് - കാഞ്ഞിരവിള | 0 . 910 |
| 8. നരിയാപുരം - വളവൂർക്കാവ് | 0.800 |
| 9. നരിയാപുരം - കീരുകുഴി കോടൻമുറി | 3-310 |
| ആകെ | 11- 788 |

ഈ പഞ്ചായത്തിൽ ചെറുതും വലുതുമായ 119 റോഡുകൾ നിലവിൽ ഉണ്ട്. ഈ റോഡുകളുടെ വാർഡു തിരിച്ചുള്ള എണ്ണം ചുവടേ ചേർക്കുന്നു.

### ഓരോ വാർഡിലും നിലവിലുള്ള പഞ്ചായത്തു റോഡുകളുടെ എണ്ണം

### പട്ടിക III

| വാർഡു നമ്പർ | വാർഡിൻെറ പേര് | റോഡുകളുടെ എണ്ണം. | റോഡുകളുടെ നീളം | പുതുതായി ഏറ്റെടുക്കേണ്ടതായ റോഡുകളുടെഎണ്ണം. |
|---|---|---|---|---|
| 1. | നരിയാപുരം | 9 | | 7 |
| 2. | വയലാ വടക്ക് | 6 | | 12 |
| 3. | കൈപ്പട്ടൂർ | 11 | | 9 |
| 4. | കുടമുക്ക് | 7 | | 6 |
| 5. | കൈപ്പട്ടൂർ ഈസ്റ്റ് | 9 | | 6 |
| 6. | വള്ളിക്കോട് വെസ്റ്റ് | 19 | | 10 |
| 7. | വള്ളിക്കോട് ഈസ്റ്റ് | 19 | | 13 |
| 8. | വള്ളിക്കോട് കിഴക്ക് | 13 | | 5 |
| 9. | വാഴമുട്ടം സൗത്ത് | 13 | | 4 |
| 10. | വാഴമുട്ടം നോർത്ത് | 13 | | 5 |

മുകളിൽപ്പറഞ്ഞിരിക്കുന്ന പഞ്ചായത്തു റോഡുകളെല്ലാം ഇന്ന് പൂർണ്ണമായും ഗതാഗതയോഗ്യമല്ല. ആവശ്യത്തിന് വീതിയില്ലാത്ത റോഡുകളും ഉണ്ട്. ചെറുതും വലുതുമായ കലുങ്കുകൾ ധാരാളം ആവശ്യമാണ്. പാർശ്വഭിത്തികൾ കെട്ടി റോഡു സംരക്ഷിക്കേണ്ട ഭാഗങ്ങൾ അനവധിയാണ്. വെള്ളപ്പൊക്ക ഭീഷണിയുള്ള പ്രദേശങ്ങളെല്ലാം റോഡുകൾ ആവശ്യത്തിന് ഉയർത്തേണ്ടതായിട്ടുണ്ട്. ശരിയായ ഓടകൾ പല റോഡുകൾക്കുമില്ല. അച്ചൻകോവിലാറ്റിൽ നിന്നും വെള്ളം റോഡുകളിലേക്കു കയറുന്ന ഭാഗങ്ങളിൽ ബണ്ടുകൾ ആവശ്യമാണ്. കൂടാതെ ഈ റോഡുകളെല്ലാം മെറ്റലിംഗും ടാറിങ്ങും നടത്തി ഗതാഗത യോഗ്യമാക്കാൻ അതതു ഗ്രാമസഭകളും മെമ്പറന്മാരും ആവശ്യപ്പെട്ടിരിക്കുകയാണ്. എന്നാൽ ഈ പണികളെല്ലാം നടത്തുന്നതിനു ലക്ഷോപലക്ഷം രൂപ ആവശ്യമാണ്. ഇത്രയും പണികൾ ഒറ്റയടിക്കു തീർക്കുന്നതിന് ഒരു പഞ്ചായത്തിനേകൊണ്ടും കഴിയുന്നതല്ല.

ആയതിനാൽ ഗതാഗത പ്രാധാന്യമുള്ളതും P.W.D റോഡുകളെ തമ്മിൽ ബന്ധിപ്പിക്കുന്നതുമായ റോഡുകൾക്ക് പ്രാധാന്യം കൊടുത്ത് മുൻഗണനാക്രമത്തിൽ വിശദമായ ചർച്ചകൾക്കുശേഷം ഒരു റോഡ് ലിസ്റ്റ് തയ്യാറാക്കണം. വീതിയുള്ളതും ഒന്നിലധികം വാർഡുകളേ ബന്ധിപ്പിക്കുന്നതുമായ റോഡുകൾക്ക് മുൻഗണനാക്രമത്തിൽ ഉള്ള ലിസ്റ്റു തയ്യാറാക്കുമ്പോൾ മുഖ്യ പരിഗണന കൊടുക്കാവുന്നതാണ്. ഈ ലിസ്റ്റിൽ നിന്നും ഫണ്ടിൻെറ ലഭ്യതയനുസരിച്ച് ടാറിംഗും മറ്റു പണികളും നടത്തണം. അതിനുള്ള പദ്ധതികൾ ഉടൻ ആരംഭിക്കണം. അതുപോലെ കേന്ദ്രസംസ്ഥാന സർക്കാരുകളുടെ വിവിധ സ്കീമിൽ ഉൾപ്പെടുത്തി പല റോഡുകളുടേയും പണിപൂർത്തിയാക്കാവുന്നതാണ്. അതിന് റോഡിനാവശ്യമായ വീതിയുണ്ടായിരിക്കണം. അതിനുള്ള സ്ഥലം വിട്ടുകൊടുക്കുവാൻ നാട്ടുകാർ തയ്യാറാകേണ്ടതാണ്.

ഇതുകൂടാതെ മൊത്തം 62 റോഡുകൾ കൂടി പുതുതായി പഞ്ചായത്ത് ഏറ്റെടുക്കണമെന്നു വിവിധ ഗ്രാമസഭകൾ ആവശ്യപ്പെട്ടിരിക്കുകയാണ്. (ലിസ്റ്റു പ്രത്യേകം ചേർത്തിട്ടുണ്ട്) ഇവയിൽ പലതും പുതുതായി നിർമ്മിക്കേണ്ടവയുമാണ്. ഇത്തരം സ്ഥലങ്ങളിൽ എത്രയും പെട്ടെന്ന് പൊതുജനപങ്കാളിത്തത്തോടെ ശ്രമദാനം നടത്തി ആവശ്യമായ വീതിയിൽ റോഡുകൾ നിർമ്മിക്കേണ്ടതാണ്. അവ പഞ്ചായത്ത് ഏറ്റെടുത്ത് സംരക്ഷണം നടത്തണം. അതതു പ്രദേശങ്ങളിലേ ജനങ്ങളും മെമ്പറന്മാരും ഈ റോഡുകളുടെ നിർമ്മാണത്തിനു നേതൃത്വം ഏറ്റെടുക്കണം.

റോഡുകളുടെ സമഗ്രമായ വികസനത്തിനു സഹായകമാകുന്നവിധത്തിൽ ഓരോ റോഡിനേപ്പറ്റിയുമുള്ള എല്ലാ വിവരങ്ങളും കൃത്യമായി രേഖപ്പെടുത്തിയ റിക്കാർഡ് പഞ്ചായത്ത് ആഫീസ്സിൽ സൂക്ഷിക്കണം. പ്രസ്തുത ആവശ്യത്തിനു റോഡുകളെ രണ്ടായി തിരിക്കണം. ഒന്ന് ഒരു വാർഡിൽ മാത്രം ഒതുങ്ങി നില്ക്കുന്ന റോഡ്, രണ്ട് ഒന്നിലധികം വാർഡുകളേ യോജിപ്പിക്കുന്ന റോഡുകൾ. കൂടാതെ ഓരോ റോഡിൻേറയും പേര് (ഓരോ റോഡിന് ഒരു സ്ഥിരം നമ്പർ ഇടുന്നത് നന്നായിരിക്കും.) റോഡിൻെറ നീളം, വീതി, ഓടകളുടെ നീളം ഇനിയും വേണ്ടുന്ന ഓടകളുടെ നീളം ആവശ്യമായ കലുങ്കുകളുടെ എണ്ണം, ഇനിയും പണികഴിപ്പിക്കേണ്ട കലുങ്കുകൾ ആവശ്യമായ പാർശ്വസംരക്ഷണഭിത്തികളുടെ നീളം, അതിൽ പാർശ്വസംരക്ഷണഭിത്തികൾ നിലവിലുള്ള ദൂരം മെറ്റൽ ചെയ്ത ദൂരം ടാർ ചെയ്ത ദൂരം ഇനിയും മെറ്റൽ ചെയ്യേണ്ട ദൂരം ടാർ ചെയ്യേണ്ട ദൂരം ഓരോ ആണ്ടിലും ചെലവഴിച്ച തുക, തുടങ്ങിയ എല്ലാ കാര്യങ്ങളും കൃത്യമായി രേഖപ്പെടുത്തിയിരിക്കണം.

ഓരോ വാർഡിലും നിലവിലുള്ള പഞ്ചായത്ത് ഏറ്റെടുത്തിട്ടുള്ള റോഡുകളുടെ ലിസ്റ്റ് പ്രത്യേകം ചേർത്തിട്ടുണ്ട്.

## ഓരോ വാർഡിലും നിലവിലുള്ള പഞ്ചായത്തുകൾ ഏറ്റെടുത്ത റോഡുകളുടെ ലിസ്റ്റ്

| ക്രമ നമ്പർ | റോഡിൻെറ പേര് | നീളം കി. മീ | വീതി മീറ്റർ |
|---|---|---|---|
| 1. | 2 | 3 | 4 |
| | **വാർഡ് I** | | |
| 1. | നരിയാപുരം കോട്ടുപ്പള്ളിൽക്കടവു റോഡ് | 0.650 | 4.00 |
| 2. | നരിയാപുരം തോട്ടുകടവ് റോഡ് (ഭുവനേശ്വരം ക്ഷേത്രം വഴി) | 1.252 | 6.00 |
| 3. | കോടൻമുറിപ്പടി സെൻറ്പോൾസ് എച്ച്.എസ് പടി റോഡ് | 0.310 | 6.00 |
| 4. | ചേമ്പാലേത്ത്പടി - പറന്തക്കാട്ടുപടി റോഡ് | 0.952 | 4.00 |
| 5. | ഉതിക്കാലിൽപ്പടി - കൊട്ടുപ്പള്ളിക്കടവ് റോഡ് | 1.052 | 5.50 |
| 6. | സെൻറ്പോൾസ് എച്ച്. എസ് സമീപത്തു നിന്നും പഞ്ചായത്ത് അതിർത്തിവരെയുള്ള റോഡ് | 0.453 | 5.00 |

| | | | |
|---|---|---|---|
| 7. | നരിയാപുരം കണ്ടത്തിൽപ്പടി പമ്പുക്കുഴിമുക്ക് റോഡ് | 0.955 | 3.50 |
| 8. | നരിയാപുരം മഠത്തിലേത്തുപ്പടി തുണ്ടിക്കടവുറോഡ് | 0.182 | 3-00 |
| 9. | നരിയാപുരം ചാങ്ങേത്തുപടി റോഡ് | 0.655 | 4-00 |

## വാർഡ് . II

| | | | |
|---|---|---|---|
| 1. | കിഴക്കേവീട്ടിൽപ്പടി- ആശാരിപ്പടി റോഡ് | 0.220 | 4-00 |
| 2. | മാമ്മൂട് ചന്ദനപ്പള്ളി റോഡ് | 2-100 | 8-00 |
| 3. | പെരുന്തിട്ടമഠം - വളവൂക്കാവ് റോഡ് | 1.252 | 6-00 |
| 4. | വളവൂക്കാവ് നരിയാപുരം റോഡ് | 1. 652 | 7-00 |
| 5. | കോയിപ്പുറത്തു റോഡ് ചാങ്ങേത്തുപടി | 0.398 | - |
| 6. | വളവൂർക്കാവ് കൊല്ലക്കാലായിൽ പടിറോഡ് | 0.560 | 3-50 |

## വാർഡ് III

| | | | |
|---|---|---|---|
| 1. | കൈപ്പട്ടൂർ ഹോസ്പിറ്റൽ ഇംഗ്ഷൻ പോലീസ് സ്റ്റേഷൻപടി | 0.65 | - |
| 2. | ചുമലേത്തുപടി - നരിയാപുരം റോഡ് | 1.280 | 6.00 |
| 3. | മണ്ണിൽകിഴക്കേതിൽപടി കുഴിനാപ്പുറത്തു കടവ് റോഡ് | 0478 | 3.50 |
| 4. | കൈപ്പട്ടൂർ കുരിശുംമൂട് -കോയിപ്പാട്ടുകടവ് | | |
| 5. | കുഴിനാപ്പുറത്തുകടവ് റോഡ് വിലയിനിക്കരകടവ് റോഡ് | 0453 | 4-00 |
| 6. | കൈപ്പട്ടൂർ എടേരേത്തുപടി | 0105 | 3.50 |
| 7. | അമ്മൽകോയിക്കടി തേരകത്തുപടി | 0102 | 3.50 |
| 8. | നരിയാപുരം കാരയ്ക്കാട്ടു റോഡ് | 1.430 | 8.00 |
| 9. | തോളൂർപ്പടി ആശാരിപ്പടിറോഡ് | 3.338 | 3.50 |
| 10. | കൈപ്പട്ടൂർപള്ളിമുക്ക് കാരയ്ക്കാട്ടു റോഡ് | 1.054 | 8.00 |
| 11. | കള്ളേട്ടേത്തുപടി കുന്നത്തേത്തുപടിറോഡ് | 0415 | 4.00 |

## വാർഡ് IV

| | | | |
|---|---|---|---|
| 1. | നെടുമ്പാക്കുഴി - ചരുവിൽപ്പടിറോഡ് | 0815 | 3.50 |
| 2. | നെടുമ്പാക്കുഴി - ചരുവിൽപ്പടിറോഡിൽ നിന്നും- കുച്ചിൽപ്പടിവരെയുള്ള റോഡ് | 01950 | 3.30 |
| 3. | കൂട്ടും കീഴുവാതുക്കൽപ്പടി - കുടമുക്ക് റോഡ് | 0.555 | - |
| 4. | കാഞ്ഞിരംവിള ലക്ഷംവീട് റോഡ് | 0.300 | 4.00 |
| 5. | കൈപ്പട്ടൂർ കുടമുക്ക് റോഡ് | 1-580 | 5.50 |
| 6. | കുടമുക്ക് മുരുപ്പേൽപ്പടി വേലൻപറമ്പിൽപടി റോഡ് | 0.420 | 4.50 |
| 7. | കുടമുക്ക് കാഞ്ഞിരംവിള പീടിക റോഡ് | 0910 | 6.00 |

## വാർഡ് V

| | | | |
|---|---|---|---|
| 1. | കല്ലുവാതുക്കൽ പുല്ലാംവിളപടിറോഡ് | 0.502 | 4-00 |
| 2. | കല്ലുതുണ്ടിൽപ്പടികുമ്പേലിൻപ്പടിറോഡ് | 1. 500 | 5-00 |
| 3. | വിളയിൽപടി തെരുവിൽപടി റോഡ് | 0470 | 4-50 |
| 4. | കുമ്പേലിൽപ്പട്ടിമുട്ടിത്തറപ്പടി റോഡ് | 0360 | 3-50 |
| 5. | കൈപ്പട്ടൂർ മൂന്നാംകലുങ്ക് - കുമ്പേലിൽപ്പടിറോഡ് | 0470 | 3.50 |
| 6. | മുരുപ്പേൽപടി കിഴക്കേവയലിൽ റോഡ് | 0.400 | 3.00 |
| 7. | വലിയവീട്ടിൽപടി മുട്ടിത്തറപ്പടി | 0 190 | 3.50 |

| | | | |
|---|---|---|---|
| 8. | കൊടുമണ്ണേത്തുപടി, മാങ്കൂട്ടത്തിൽപടി റോഡ് | 0779 | 3.50 |
| 9. | കിടങ്ങിൽപ്പടിപ്പുല്ലാഞ്ഞിപ്പടിറോഡ് | 0422 | 3.50 |

## വാർഡ് VI

| | | | |
|---|---|---|---|
| 1. | തൃക്കോവിൽ - വലുപറമ്പിൽ പടി | 1.450 | 4-00 |
| 2. | തോണ്ടുവരമ്പേൽ പടി കോയിപ്പുറത്ത് കടവ് റോഡ് | 0.602 | 4-00 |
| 3. | തൃപ്പാറ - കുറ്റിയിൽപ്പടി റോഡ് | 1.230 | 4.50 |
| 4. | തൃപ്പാറ - കുറ്റിയിൽപടി റോഡിൽ നിന്നും കുറ്റിയിൽ ലിങ്ക് റോഡ് | 0 270 | 3.50 |
| 5. | മായാലിൽ ഇടക്കടവ് റോഡ് | 0.570 | 3.50 |
| 6. | തൃക്കോവിൽ -മായാലിൽ കൈതവനപടിറോഡ് | 0.563 | 3.50 |
| 7. | മാലുമണ്ണിൽപടി നൂറുമാനപ്പടി റോഡ് (മായാലിൽ കിഴക്കേൽ പടി ലിങ്ക് റോഡ്) | 1.470 | 4.50 |
| 8. | വാളാക്കോട്ടുമുക്ക് പുളിഞ്ചുമണ്ണിൽകടവ് റോഡ് | 0.305 | 3.50 |
| 9. | ഇളങ്ങാട്ടുമുക്ക് കോയിക്കൽ കടവ് റോഡ് | 0.185 | 3.00 |
| 10. | പായിക്കാട്ടുപടി കുഴിയംപറമ്പിൽ പടിറോഡ് | 0469 | 3.50 |
| 11. | നൂറുമാനപ്പടി - കുറ്റിവടക്കേതിൽ പടിറോഡ് | 0. 328 | 3.50 |
| 12. | കൈപ്പശ്ശേരിൽകടവ് റോഡ് - | 0.151 | 4.00 |
| 13. | മായാലിൽ കൈതവനപ്പടി റോഡ് | 0. 302 | 3.50 |
| 14. | വിളയിൽപ്പടി തെരുവിൽപ്പടി റോഡ് | 0. 279 | 3.50 |
| 15. | മരുരേത്തുപടി ഞാഴപ്പള്ളിൽപ്പടി റോഡ് | 0.098 | 3-50 |
| 16. | ഞാഴപ്പള്ളിൽകടവു റോഡ് | 0.098 | 3.50 |
| 17. | വാലുപറമ്പിൽ പടിമുള്ളാർപടിറോഡ് | 0.380 | 3.50 |
| 18. | തൃക്കോവിൽ - പൂവക്കാരാർ വഴി 1.000 3.80 | | |
| 19. | താഴൂർ കടവ് റോഡ് - - - | | |

## വാർഡ് VII

| | | | |
|---|---|---|---|
| 1. | ഉടയാൻ വാതുക്കൽവഴി വലിയവടക്കേതിൽപടിറോഡ് | 0.375 | 3-50 |
| 2. | അഞ്ചുമൂലപ്പടി - മണക്കുഴി റോഡ് | 0.160 | 3.50 |
| 3. | കോട്ടൂർപടി തോളൂരേത്തുപടിറോഡ് | 0.403 | 3-00 |
| 4. | ആശ്രമം ഇരട്ടിയാണിക്കൽപ്പടി റോഡ് | 0 980 | 4-50 |
| 5. | കരിമുരിക്കൽപ്പടി ഹെൽത്തുസെൻറർ | 872 | 500 |
| 6. | കുരുമ്പേലിൽപ്പടി - ചെമ്മേലിൽപടി റോഡ് | 0268 | 3-00 |
| 7. | മായാലിൽപ്പടി താഴൂർക്കടവ് റോഡ് | 1.885 | 8.00 |
| 8. | നെല്ലിപ്പിള്ളിപ്പടി - കുഴിപ്പറമ്പിൽപ്പടി റോഡ് | 0402 | 3-00 |
| 9. | നടുവിലേത്ത്പടി കല്ലൂർക്കാട്ടുപടി റോഡ് | 0560 | 3-50 |
| 10. | തൈമുരുപ്പേൽപ്പടി - കുരീച്ചെറ്റയിൽപടി റോഡ് | 0222 | 3-00 |
| 11. | പൈനും മൂട് - നരിക്കുഴിറോഡ് | 0. 686 | 4-00 |
| 12. | ചേമ്മേലിൽപ്പടി കാരുവേലിൽക്കടവ് റോഡ് | 0.375 | 3.50 |
| 13. | മണത്രകിഴക്കേതിൽപ്പടി വലിയവടക്കേതിൽപടി റോഡ് | 0.350 | 4-00 |
| 14. | മുരുപ്പേൽ പടി വാളാകുഴി റോഡ് | 352 | 350 |
| 15. | ഗവ: ആശുപത്രി ജംഗ്ഷൻ പനേക്കുന്നു മുതുപ്പേൽ റോഡ് | 0.261 | 3.50 |
| 16. | തട്ടാരേത്തുപടി - പാലനില്ക്കുന്നതിൽപടി റോഡ് | 0.314 | 3-00 |
| 17. | കല്ലൂർക്കാട്ടുപടി പബ്ലിക്ക് മാർക്കറ്റ് റോഡ് | 0.530 | 6-00 |
| 18. | വട്ടമുരുപ്പേൽ പടി ലിങ്കു റോഡ് | 0.108 | 3-50 |

19. തെക്കേ വടക്കേതിൽ പടി ചോഴിമണ്ണ് റോഡ് 0.400 3.00

## വാർഡ് VIII

| | | | |
|---|---|---|---|
| 1. | പടിഞ്ഞാററിൻകര വേട്ടക്കുളത്തുപടി റോഡ് | 0.465 | 3.50 |
| 2. | അന്തിച്ചന്ത വേട്ടകുളത്തുപടി റോഡ് | 0.791 | 4-00 |
| 3. | കൊച്ചാലുംമൂട് അങ്ങാടിക്കൽ റോഡിൽ പഞ്ചായത്ത് അതിർത്തിവരെ | 0.416 | 6.00 |
| 4. | നെടുമ്പ്രത്തിൽപടി - വെട്ടുകാട്ടുപടി റോഡ് | 0.252 | 3-00 |
| 5. | ഞക്കുനിലം മാമ്പാറപ്പടി റോഡ് | 0.612 | 3.50 |
| 6. | അന്തിച്ചന്ത മണക്കുപ്പറോഡ് | 0.705 | 8.00 |
| 7. | ഞക്കുനിലം തോട്ടരകത്തു പടിറോഡ് | 0.050 | 2.50 |
| 8. | നാഷണൽ യു. പി. എസ്പടി ഇടത്രപടിറോഡ് | 0 252 | 3.50 |
| 9. | പടനിലത്തുപടി -നരിക്കുഴിറോഡ് | 0.502 | 3.50 |
| 10. | പടനിലത്തുപടി - കണ്ണൻകുന്നിൽ പടി റോഡ് | 0.410 | 3-50 |
| 11. | ചാവരുകുഴി പെരുമ്പളിൽകണ്ടം റോഡ് | 0.315 | 3.50 |
| 12. | കൊച്ചാലുംമൂട് കല്ലും കൂട്ടത്തിൽ പടി റോഡ് | 0.246 | 3-00 |
| 13. | കറിമ്പാട്ടുപടിമുപ്രമൺ റോഡ് (പഞ്ചായത്തതിർത്തിവരെ) | 0.520 | 7-00 |

## വാർഡ് IX

| | | | |
|---|---|---|---|
| 1. | പന്തലൊടി - കന്നിമേൽപടി റോഡ് | 0420 | 3.50 |
| 2. | നഗരുമണ്ണിൽപടി കൊക്കോട്ടുപടി - മൂർത്തിമുരുപ്പു കോളനി | 0358 | 3.50 |
| 3. | തെക്കേടത്തുപടി മൂർത്തിമുരുപ്പുകോളനിറോഡ് | 0 355 | 3.30 |
| 4. | നഗരുമണ്ണിൽപടി - കൊക്കോട്ടുപടി റോഡ് | 0 652 | 3.50 |
| 5. | പന്തലൊടി - പടേനിപ്പാറ റോഡ് | 0 668 | 3.50 |
| 6. | കൊക്കോട്ടുപടി - പന്തലൊടിപടി റോഡ് | 0 602 | 5-00 |
| 7. | കാവിൻെറപടിഞ്ഞാറ്റതിൽപടി - വാഴമുട്ടം ചുമടുതാങ്ങപ്പടി | 0 802 | 3.50 |
| 8. | പാലയ്ക്കൽതേക്കുംകൂട്ടത്തിൽ കോളനി റോഡ് | 0 370 | 3.50 |
| 9. | കിടങ്ങേത്തുപടി പുതുപ്പറമ്പിൽപടി റോഡ് | 1023 | 8.00 |
| 10. | കിടങ്ങേത്തുപടികോട്ടുപിള്ളേത്തുപടിറോഡ് | 868 | 5-00 |
| 11. | ആശാരിപ്പടി - കൊക്കോട്ടുപടിറോഡ് | 0 600 | 3.50 |
| 12. | മുണ്ടയ്ക്കൽ കിഴക്കേതിൽപടി ഓട്ടാലയ്ക്കൽപടി റോഡ് | 0 712 | 4.00 |
| 13. | മാമ്പാറപടി - കുററിയിൽപടി റോഡ് | 0 803 | 3-00 |

## വാർഡ് X

| | | | |
|---|---|---|---|
| 1. | ശ്രീകണ്ഠേശ്വരത്തുപടി മുട്ടേൽപ്പടി റോഡ് | 0 506 | 4.50 |
| 2. | തെങ്ങുംപള്ളിൽപടിപുത്തൻവീട്ടിൽപടി കാഞ്ഞിരപ്പാറ കോളനിറോഡ് | 0 678 | 5 -00 |
| 3. | പള്ളിപ്പടിചോറ്റിയത്തുപടിറോഡ് | 0 358 | 3.30 |
| 4. | വലിയയ്യത്തു കിഴക്കേതിൽപടികിടങ്ങേത്തു കോളനിറോഡ് | 0 510 | 4-00 |
| 5. | നഗതൂർപടി - പാറക്കടവ് റോഡ് | 0 258 | 3.50 |
| 6. | മുകളുവിളപ്പടി - വാലുപറമ്പിൽപ്പടിറോഡ് | 0 540 | 4-00 |
| 7. | വലിയപറമ്പിൽപ്പടി -വാലുപറമ്പിൽപടി റോഡ് | 0 458 | 4.50 |
| 8. | ചള്ളംവേലിൽപടി - മുണ്ടുതോടുവരെയുള്ള റോഡ് | 0 886 | 7-00 |
| 9. | പുളിനില്ക്കുന്നതിൽപടി പരുവേലിൽപടി റോഡ് | 0. 712 | 700 |
| 10. | വാലുപാറപടിഞ്ഞാറ്റിൻകര - പുത്തൻവീടുപടിറോഡ് | 0. 225 | 3.30 |
| 11. | കുന്നത്തുപടികൂട്ടുപുഴക്കടവുറോഡ് | 0.265 | 3.50 |
| 12. | കിടങ്ങേത്തുമുക്ക് - സിദ്ധനർ മന്ദിരംപടി റോഡ് | 0.095 | 4-00 |
| 13. | ചെമ്പോലിൽകടവ് റോഡ് | 0.135 | 3-50 |

## പാലങ്ങൾ

1. 50ൽ ഏറെ പഴക്കമുള്ളതും അപകടാവസ്ഥയിലായിരിക്കുന്നതുമായ താഴൂർ മൂഴിപ്പാലം പുതുക്കിപ്പണിയണം.
2. പ്രമാടം പഞ്ചായത്തും വള്ളിക്കോടു പഞ്ചായത്തും ബന്ധപ്പെടുത്തി പരുവേലിൽത്തോട്ടിൽ പാലം നിർമ്മിക്കണം.
3. കോഴഞ്ചേരി, അടൂർ താലൂക്കുകളേയും, വള്ളിക്കോടു കൊടുമൺ പഞ്ചായത്തുകളേയും (വള്ളിക്കോട് അങ്ങാടിക്കൽ കരകൾ) ബന്ധിപ്പിക്കുന്നതാണ് വലിയ തോട്ടിൽ, നരിക്കുഴിപ്പാലം. ഇങ്ങനെ ഒരു പാലം പണികഴിപ്പിക്കുന്നതിനു ജില്ലാ തലത്തിൽ അടിയന്തിര പ്രാധാന്യം കൊടുക്കണം.
4. വിരിയൻ കുഴിയിൽ ഇന്ന് നിലവിലുള്ള ഫുഡ്ബ്രിഡ്ജ് ഒരു പാലമാക്കി പണിയണം. ഇതുമൂലം വള്ളിക്കോട് പ്രമാടം പഞ്ചായത്തുകളിലെ ഇന്നുള്ള മൂന്നു കിലോമീറ്റർ ദൂരം 1ഫർലോംഗ് മാത്രമായി ചുരുക്കാൻ കഴിയും. കൊടുമൺ പഞ്ചായത്തിൻെറയും അതിർത്തിയിലുള്ള ഈ പാലം ഒരു ബ്ലോക്ക് പദ്ധതിയായി നടപ്പാക്കണം.

## നിലവിലുള്ള ബസ് റൂട്ടുകൾ

1. കായംകുളം - കുടൽ K.C.T
(കൈപ്പട്ടൂർ- വള്ളിക്കോട് -വകയാർ)
2. കായംകുളം - കല്ലേലി
(കൈപ്പട്ടൂർ- വള്ളിക്കോട് -മല്ലശ്ശേരി)
3. പത്തനംതിട്ട - വി.കോട്ടയം (താഴൂർക്കടവ് - വള്ളിക്കോട്)
4. മാവേലിക്കര - പുനലൂർ
(കൈപ്പട്ടൂർ - ചന്ദനപ്പള്ളി - അങ്ങാടിക്കൽ)
5. കൂടൽ- അടൂർ
6. കായംകുളം - കോന്നി
(ചന്ദനപ്പള്ളി- വള്ളിക്കോട് - കോന്നി)
7. കൊല്ലം- കോന്നി. (വള്ളിക്കോട്- ചന്ദനപ്പള്ളി)
8. ചവറ - കോന്നി (ചന്ദനപ്പള്ളി - വള്ളിക്കോട്)
9. പത്തനംതിട്ട - കൊടുമൺ
(പൂങ്കാവ് - വള്ളിക്കോട് - ചന്ദനപ്പള്ളി)
10. പത്തനംതിട്ട -അടൂർ
(പൂങ്കാവ് - വള്ളിക്കോട് - ചന്ദനപ്പള്ളി)
11. അടൂർ - പത്തനംതിട്ട (കൈപ്പട്ടൂർ - ഓമല്ലൂർ)
12. പന്തളം - കൈപ്പട്ടൂർ പത്തനംതിട്ട

## ബസ്റൂട്ടുകൾ - നിർദ്ദേശം

1. പത്തനംതിട്ട - തിരുവനന്തപുരം (താഴൂർക്കടവുവഴി)
2. പുനലൂർ - പത്തനംതിട്ട (വകയാർ, വള്ളിക്കോടുവഴി)
3. കോട്ടയം - പുനലൂർ. (വള്ളിക്കോട് -വി. കോട്ടയം വഴി)
4. പന്തളം - പുനലൂർ (കൈപ്പട്ടൂർ - വള്ളിക്കോട് - വകയാർവഴി)
5. കൊട്ടാരക്കര - പത്തനംതിട്ട (വള്ളിക്കോട് - താഴൂർക്കടവ്വഴി)
6. പത്തനംതിട്ട - താഴൂർക്കടവ് - വള്ളിക്കോട് - കൈപ്പട്ടൂർ ഹരിപ്പാട്
7. പത്തനംതിട്ട - വള്ളിക്കോട് - കൊച്ചാലുംമൂട് അങ്ങാടിക്കൽ - കൊടുമൺ ഫാക്ടറി - പുനലൂർ
8. പത്തനംതിട്ട - താഴൂർക്കടവ് - മുപ്രമൺ
9. പത്തനംതിട്ട - വള്ളിക്കോട് - അങ്ങാടിക്കൽ കൊടുമൺ അടൂർ
10. പത്തനംതിട്ട - താഴൂർക്കടവ് - കുരിശുംമൂട് - വി. കോട്ടയംവഴി പത്തനാപുരം.
11. തിരുവനന്തപുരം - പെരുനാട് (പൂങ്കാവ്- വള്ളിക്കകോട് ചന്ദനപ്പള്ളി - ചിരണിക്കൽ - പറക്കാട്
12. ആലപ്പുഴ - പുനലൂർ. (കൈപ്പട്ടൂർ - വള്ളിക്കോട്- പൂങ്കാവ് - കോന്നി)
13. പത്തനംതിട്ട - കൈപ്പട്ടൂർ തൃപ്പാറ - ചന്ദനപ്പള്ളി - കൊടുമൺ - അടൂർ

11, 12, 13 വിഭാഗങ്ങളിൽ ഉൾപ്പെട്ട സർവ്വീസുകൾ നിലവിലുണ്ടായിരുന്നതാണ്. അവ ഇപ്പോൾ നിലവിലില്ല. അവ പുനഃസ്ഥാപിക്കണം.

14. പത്തനംതിട്ട- താഴൂർക്കടവ് - വള്ളിക്കോട് - പൂങ്കാവ് കുമ്പഴ പത്തനംതിട്ട സർക്കുലേഷൻ വേണം.
15. പത്തനംതിട്ട - താഴൂർക്കടവ് -വി. കോട്ടയം - പുനലൂർ
16. പാറക്കടവുപാലം തീരുമ്പോൾ പത്തനംതിട്ട -പ്രമാടം പൂങ്കാവ് - വള്ളിക്കോട് - അടൂർ
17. പത്തനംതിട്ട - നരിയാപുരം - കീരുകുഴി- അടൂർവഴി തിരുവനന്തപുരം
18. പത്തനംതിട്ട - നരിയാപുരം- പന്തളം കോട്ടയം
19. പത്തനംതിട്ട - നരിയാപുരം - ആലപ്പുഴ - എറണാകുളം
20. കായംകുളം - പന്തളം നരിയാപുരം - മാമ്മൂട് ചന്ദനപ്പള്ളി, കൂടൽവഴി പുനലൂർ
21. പത്തനംതിട്ട - താഴൂർക്കടവ് - മാമ്മൂട് - തോലുഴംവഴി കൊട്ടാരക്കര
22. ഹരിപ്പാട് മാവേലിക്കര, പന്തളം, നരിയാപുരം, മാമ്മൂട് ചന്ദനപ്പള്ളി കൂടൽവഴി പത്തനാപുരത്തിന് ബസ് സർവ്വീസ് ആരംഭിക്കണം

## നിർദ്ദേശം

കോന്നി- കൊല്ലം, ചവറ-കോന്നി എന്നീ റൂട്ടുകൾ നിലവിലുള്ള ബസ്സുകൾ ലാസ്റ്റു ട്രിപ്പ് ഇടയ്ക്കു വച്ച് നിർത്തി യാത്രക്കാരെ ബുദ്ധിമുട്ടിക്കുന്നത് ഒഴിവാക്കി റൂട്ട് അവസാനം വരെ ഓടിക്കേണ്ടതാണ്.

## വെയിറ്റിംഗ്ഷെഡുകൾ ആവശ്യമായവ.

1. പന്തളം - നരിയാപുരം റോഡിൽ പല്ലാകുഴി കുരിശിനു സമീപം.
2. നരിയാപുരം ജംഗ്ഷനിൽ മുമ്പുണ്ടായിരുന്ന വെയിറ്റിംഗ് ഷെഡ് റോഡ് വീതികൂട്ടിയ സമയത്ത് നീക്കം ചെയ്തു. പുതുതായി അവിടെ പണിയണം.
3. കൈപ്പട്ടൂർ - അടൂർ റോഡിൽ തട്ട -മാമ്മൂട് ജംഗ്ഷനിൽ
4. ചന്ദനപ്പള്ളി - കോന്നി റോഡിൽ വള്ളിക്കോടു തീയേറ്റർ ജംഗ്ഷൻ, പഞ്ചായത്താഫീസ് ജംഗ്ഷൻ, താഴൂർ കടവു ജംഗ്ഷൻ, വാഴമുട്ടം സ്ക്കൂൾ ജംഗ്ഷൻ, കിടങ്ങേത്തു ജംഗ്ഷൻ കോട്ടയം കുരിശുംമൂട് ജംഗ്ഷൻ, വാഴമുട്ടം പോസ്റ്റാഫീസ് ജംഗ്ഷൻ.
5. വകയാർ വള്ളിക്കോടു റോഡിൽ കൊച്ചാലുംമൂട് ജംഗ്ഷൻ, ഞക്കുനിലം ജംഗ്ഷൻ

## കടത്തുവള്ളം ആവശ്യമുള്ള കടവുകൾ

1.വാർഡ് 1

വടക്കുംനാഥ ക്ഷേത്രക്കടവിൽ നിലവിലുണ്ടായിരുന്ന കടത്തുവള്ളം പുനസ്ഥാപിക്കുക. (നരിയാപുരം- ചെന്നീർക്കര)

2. വാർഡ് 3

വിലേനിക്കൽ കടവിൽ നിലവിലുണ്ടായിരുന്ന കടത്തുവള്ളം പുനഃസ്ഥാപിക്കുക(കൈപ്പട്ടൂർ - ഏറത്തു മൺ)

3. വാർഡ് 10

കൈതവനക്കടവ് കടത്തുവള്ളം പുനഃസ്ഥാപിക്കുക (ഓമല്ലൂർ - വാഴമുട്ടം)

## ടാക്സി -ഓട്ടോ - ടെമ്പോ - ലോറിസ്റ്റാൻഡുകൾ

നരിയാപുരം ജംഗ്ഷൻ, കൈപ്പട്ടൂർ ജംഗ്ഷൻ, വള്ളിക്കോട് തീയേറ്റർ ജംഗ്ഷൻ, പഞ്ചായത്താഫീസ് ജംഗ്ഷൻ, എന്നീ സ്ഥലങ്ങളിൽ ടാക്സി- ഓട്ടോ ടെമ്പോ - ലോറിസ്റ്റാൻഡുകൾ ഉണ്ടാകണം.

നരിയാപുരത്ത് പത്ത് ടാക്സികളും, നാല് ഓട്ടോകളും പാർക്കിംഗിന് ഉണ്ട്.

കൈപ്പട്ടൂർ ജംഗ്ഷനിൽ 100 ഓട്ടോകളും 50 ടാക്സികളും 4 ജീപ്പുകളും 10 ടെമ്പോ ലോറി ഇനങ്ങളും പാർക്കിംഗിന് ഉണ്ട്.

വള്ളിക്കോടു തീയേറ്റർ ജംഗ്ഷനിൽ 5 ടാക്സി 4 ജീപ്പ് 15 ഓട്ടോ എന്നിവയും പാർക്കു ചെയ്യുന്നു.

## മറ്റ് പൊതു ആവശ്യങ്ങൾ

1. ഈ പഞ്ചായത്തിൽകൂടി പോകുന്ന ഒരു പ്രധാന പൊതുമരാമത്തു റോഡായ ചന്ദനപ്പള്ളി കോന്നി റോഡിൻെറ 2-200 KM മുതൽ 4 KM വരെയുള്ള ഭാഗങ്ങൾ അച്ചൻകോവിലാറ്റിൽ വെള്ളപ്പൊക്കം ഉണ്ടാകുമ്പോൾ മുങ്ങി ഗതാഗത തടസ്സമുണ്ടാകുന്നു. ഈ ഭാഗം പാർശ്വഭിത്തി കെട്ടി ഉയർത്തണം. ഈ ഭാഗത്തുള്ള അപകടാവസ്ഥയിലായിരിക്കുന്ന മൂഴിപ്പാലം എത്രയും പെട്ടെന്നു പുതുക്കിപ്പണിയണം.
2. ഈ റോഡിൽ തന്നെ പല സമയത്തും അപകടങ്ങൾ ഉണ്ടായിട്ടുള്ള ചള്ളംവേലിപടിഭാഗം, കിടങ്ങേത്തു ഭാഗം, വള്ളിക്കോടു തിയേറ്റർ ഭാഗം, ഐക്കര ഭാഗം എന്നി വിടങ്ങളിലെ കൊടും വളവുകൾ നിവർത്ത് റോഡിനു വീതി കൂട്ടണം.
3. കടയ്ക്കാട്, - കൈപ്പട്ടൂർ റോഡിൽ പല്ലാകുഴി നരിയാപുരം ഭാഗങ്ങളിലുള്ള റോഡു പുറമ്പോക്കു ഏറ്റെടുത്ത് റോഡിനു വീതികൂട്ടണം.
4. നരിയാപുരം ഉതിക്കാലിൽപ്പടി റോഡിനു സമീപം നിവസിക്കുന്ന 200-ൽ പരം കുടുംബങ്ങൾ അച്ചൻകോവിൽ ആറ്റിലെ വെള്ളപ്പൊക്ക ഭീഷണിയിൽ ദുരിതം അനുഭവിക്കുന്നവരാകുന്നു. ഈ റോഡ് മണ്ണിട്ടുയർത്തി ടാർ ചെയ്തു ഈ ഭാഗത്തെ വെള്ളപ്പൊക്ക ദുരിതം ഒഴിവാക്കണം.
5. കൈപ്പട്ടൂർ വള്ളിക്കോടു റോഡിൽ കൈപ്പട്ടൂർ ജംഗ്ഷൻ മുതൽ 2കി.മീറ്റർ പ്രദേശത്തുള്ള താണഭാഗങ്ങൾ വെള്ളപ്പൊക്കത്തിൽ മുങ്ങിപ്പോകുന്ന പ്രദേശങ്ങളാണ്. ഈ ഭാഗങ്ങൾ ഉയർത്തി മെറ്റിലിംഗ്, ടാറിംഗ് ഇവ നടത്തി ഗതാഗത തടസ്സം ഉണ്ടാകുന്നത് ഒഴിവാക്കണം.
6. പത്തനംതിട്ട നിന്നും തിരുവനന്തപുരത്തിനു ഏറ്റവും കുറഞ്ഞ ദൂരമുള്ള റൂട്ടായി താഴൂർക്കടവ് - ചന്ദനപ്പള്ളി -ഏഴംകുളം വഴി ഏനാത്തുറോഡ് ഏറ്റെടുത്തു വികസിപ്പിക്കണം. ഇതുമൂലം തിരുവനന്തപുരം ശബരിമല റൂട്ടിൽ 12 KM കുറവുവരുന്നതാണ്.
7. അച്ചൻകോവിൽ - തൃക്കുന്നപ്പുഴ റോഡ് (Via വകയാർ, വി. കോട്ടയം, കൈപ്പട്ടൂർ) നിർദ്ദിഷ്ട ഹൈവേയുടെ പണി ഊർജ്ജിതമാക്കി പൂർത്തീകരിക്കണം.
8. കായംകുളം- അച്ചൻ കോവിൽ റോഡ് വള്ളിക്കോടു വകയാർവഴി വികസിപ്പിക്കുക.
9. ശബരിമല പദ്ധതിയിൽ ഉൾപ്പെടുത്തി, ഏനാത്ത് - ചന്ദനപ്പള്ളി, പൂങ്കാവുവഴി ഏനാത്തുകുമ്പഴ റോഡു സ്റ്റേറ്റ് ഹൈവേയിൽ ഉൾപ്പെടുത്തുക.
10. കുറ്റീപ്പടി - പുതുപ്പറമ്പിൽ പടി റോഡ് പൊതുമരാമത്തുവകുപ്പ് ഏറ്റെടുക്കണം.
11. പ്രമാടം വള്ളിക്കോട് പഞ്ചായത്തുകളേ തമ്മിൽ യോജിപ്പിക്കുന്നതും വാഴമുട്ടം പ്രദേശത്തുള്ളവർക്ക് ജില്ലാ ആസ്ഥാനമായ പത്തനംതിട്ടയിൽ എത്തുന്നതിന്, 5

കി.മീറ്റർ ദൂരം ലാഭിക്കാവുന്നതായ, വാഴമുട്ടം, ചള്ളമ്മേലിൽപടി, മുണ്ടുതോടുവഴി- പാറക്കടവു റോഡും, അനുബന്ധറോഡായ, പുളിനില്ക്കുന്നതിൽപടി, പരുവേലിൽ തോടുവഴി മുണ്ടുവേലിൽ പടി റോഡും പൊതുമരാമത്തു വകുപ്പ് ഏറ്റെടുത്തു വികസന പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്.

PWD റോഡുകളിൽ ആവശ്യമുള്ളിടത്തു കലുങ്കും ചപ്പാത്തും പണിയണം.

13. കുറ്റീപ്പടി - മാമ്പാറപ്പടി റോഡിൽ പാലത്തുംപടിക്കൽ ഒരു കലുങ്കു വേണം.
14. ചുമടുതാങ്ങിപ്പടി - കാവിൻെറ പടിഞ്ഞാറ്റേപ്പടി റോഡിൽ താഴെപറയുന്ന സ്ഥലങ്ങളിൽ 3 ചപ്പാത്തു പണിയണം.
    a. കണ്ണമംഗലത്തുപടി
    b. ആശാരിപ്പടി
    c. കാവിൻറയ്യംലക്ഷംവീടുപടി

## കൈപ്പട്ടൂർ വള്ളിക്കോട് റോഡ്

1. 5, 6, 7 വാർഡുകളെ ബന്ധിപ്പിക്കുന്നതും നെല്ലിപ്പള്ളിൽ, കുഴിപ്പറമ്പിൽ, പാറക്കരമല, നുറമ്മാനപ്പടി വഴി മൂന്നാം കലുങ്കിൽ എത്തിച്ചേരുന്ന കൈപ്പട്ടൂർ വള്ളിക്കോടു റോഡ് നിർമ്മാണം നടത്തി ഈ സ്ഥലങ്ങളിലുള്ള യാത്രാ ക്ലേശം കുറയ്ക്കണം.
2. ഒന്നാം വാർഡിലെ പല്ലാകുഴിമുതൽ തോട്ടുകടവ് അവസാനിക്കുന്ന ഭാഗത്തുനിന്നും ചെന്നീർക്കരയുമായി ബന്ധിക്കുന്ന ഒരു നടപ്പാത സ്ഥാപിക്കണം ഇത് രണ്ടു പഞ്ചായത്തുകളേയും തമ്മിൽ ബന്ധിപ്പിക്കുന്നതിന് 8 KM ലാഭിക്കാവുന്നതാണ്.
3. രണ്ടാംവാർഡിലെ നരിയാപുരം - വളവൂർക്കാവ് - മാമ്മൂട് ചന്ദനപ്പള്ളി റോഡ് പൊതുമരാമത്ത് ഏറ്റെടുത്ത് പന്തളം കോന്നി ബസ്സ് റൂട്ട് അനുവദിക്കണം.
4. താഴൂർക്കടവു ജംഗ്ഷൻ ട്രാഫിക്ക് ഐലൻറുകെട്ടി ഗാർഡൻ വച്ചുപിടിപ്പിക്കണം.
5. കൈപ്പട്ടൂർ പടിഞ്ഞാറെ ജംഗ്ഷനിൽ യൂറിനലും പബ്ലിക് കംഫർട്ടുസ്റ്റേഷനും നിർമ്മിക്കണം.
6. മായാലിൽ റോഡിൽ നിന്നും പുളിക്കിലേത്തു പോകുന്ന വഴി കല്ലുകെട്ടി സഞ്ചാരയോഗ്യമാക്കണം.
7. പുത്തൻചന്തയ്ക്കു സമീപം തൈവടക്കേതിൽ തോട്ടിലേക്കു റാമ്പ് കെട്ടുക
8. ആശാരിമുരുപ്പ് ഭാഗത്ത് പുതുതായി റോഡ് ഉണ്ടാക്കണം.
9. ഭുവനേശ്വരം തോട്ടുകടവിനേയും ചെന്നീർക്കര പഞ്ചായത്തിനേയും തമ്മിൽ ബന്ധിപ്പിക്കുന്ന ഒരു നടപ്പാത നിർമ്മിക്കണം.
10. വള്ളിക്കോട്ട പുത്തൻ ചന്തയ്ക്കു സമീപം പ്ലാംകൂട്ടത്തിൽ പടി നിന്നും തുടങ്ങി വല്യവടക്കേതിൽ പടിയിൽ എത്തുന്നവഴി റോഡായി വികസിപ്പിക്കണം.
11. കൈപ്പട്ടൂർ നെടുവംപുറത്തുപടിയിൽ കുടമുക്ക് കാഞ്ഞിരവിള ഇടത്തിട്ടയിലെത്തിച്ചേരുന്ന റോഡ് അടിയന്തിരമായി പണിത് ഗതാഗതയോഗ്യമാക്കണം.

മുകളിൽ പറഞ്ഞ വികസനപ്രവർത്തനങ്ങളിൽ ഓട നിർമ്മാണം, അറ്റകുറ്റപ്പണികൾ വെയിറ്റിംഗ് ഷെഡ് നിർമ്മാണം തുടങ്ങിയവ ജനപങ്കാളിത്തത്തോടെ ചെയ്യാവുന്നതാണ്. സ്പോൺസർഷിപ്പുരീതിയിൽ കുറേ കാര്യങ്ങൾ നടത്താമോ എന്നു പരീക്ഷിക്കാം.

ജനകീയാസൂത്രണവും ജനശക്തിയും പരമാവധി പ്രയോഗിക്കാവുന്ന ഒരു മേഖലയാണ് ഗതാഗതം. ഇതിൻെറ അടിസ്ഥാനത്തിൽ പഞ്ചായത്തിൻേറയും, സർക്കാരിൻേറയും ഫണ്ടുകളേമാത്രം ആശ്രയിച്ചിരിക്കാതെ അത്യാവശ്യമുള്ള റോഡുകളുടെയെല്ലാം നിർമ്മാണം ജനകീയകമ്മറ്റികൾ രൂപീകരിച്ചു നടപ്പാക്കണം. അത് ഇന്നു കാണുന്ന അഴിമതിയും ധൂർത്തും ഇല്ലാതാക്കാനും സഹായിക്കും. കൂടാതെ വികസനത്തിൻേറതായ ഒരു പുത്തൻ സംസ്കാരം പടുത്തുയർത്താനും നമുക്കു സാധിക്കും.

## പട്ടിക IV

ഓരോ വാർഡിലും ഏറ്റെടുക്കേണ്ട റോഡുകളുടെ വിവരം

### വാർഡ് I

1. നരിയാപുരം ആഞ്ഞിലിമൂട്ടിൽപടി- മണലേലിൽപടി
2. കോട്ടവടക്കേതിൽപടി - കൊച്ചുപ്ലാവിളയിൽപടി
3. ആഞ്ഞിലിമൂട്ടിൽപടി - മണലേലിൽപടി.
4. നരിയാപുരം - പൊട്ടൻതറ റോഡ്
5. തെങ്ങുവിളയിൽപടി - പള്ളിപ്പടി.
6. പള്ളിപ്പടി - വള്ളിക്കോട്ടുവയൽ
7. മഠത്തിലേത്തുപടി -ഉദിക്കാലിൽപടി

### വാർഡ് II

1. കേഴിയേത്തുപടി - കുമ്പോമ്പുഴപ്പടിറോഡ് - 500 മീറ്റർ
2. തിരുവാംവേലിൽ പടി - ഇണ്ടിയിളപ്പൻ ക്ഷേത്രം റോഡ് 750 മീറ്റർ
3. കാവിൽപ്പടി - പാട്ടത്തിൽ പടി റോഡ് 800 മീറ്റർ
4. നരിയാപുരം വളവൂർക്കാവ് റോഡ് 1.650 മീറ്റർ
5. പെരുംതിട്ടമഠം - വളവൂർക്കാവ് 1. 250 മീറ്റർ
6. കോയിപ്പുറത്തുപടി - ചങ്ങേത്തുപടി - 400മീറ്റർ
7. കിഴക്കേവീട്ടിൽ പടി - ആശാരിപ്പടി. 220മീറ്റർ
8. മാമ്മൂടുതീയേറ്റർ പടി - മാമ്മൂട് 1.000മീറ്റർ

9. നരിയാപുരം - കാരയ്ക്കാട്ടുചന്ത 1400 മീറ്റർ
10. ആശാരിപ്പടി - ഇലഞ്ഞിവാക്കേൽപ്പടി 600മീറ്റർ
11. കോയിപ്പുറത്തുപടി - കോലത്തുപടി റോഡ് - 400 മീറ്റർ
12. കേഴിയത്തുപടി - കുന്നിമംഗലശ്ശേരിൽ സ്റ്റോർ 500 മീറ്റർ
13. വളവിലയ്യത്തുപടി - കേളഞ്ചിറപടി. 500 മീറ്റർ
14. വേലൻചിറപടി - മലയിലയ്യത്തുപടി 750 മീറ്റർ

## വാർഡ് III

1. കുന്നുംപുറത്തുപടി -കൊച്ചു തെക്കേതിൽ പടി
2. പോലീസ്റ്റേഷൻ പടി - വല്യത്ത് കോളനിവഴി അടിയത്ത് ഭാഗം വഴി പാറപ്പുറത്തുപടി റോഡ്
3. കത്തോലിയ്ക്കാപള്ളിപ്പടി - പാറപ്പുറത്തുപടിവരെ
4. കള്ളോട്ടേത്ത് പടി - കുന്നത്തേത്തുപടി
5. ആനമുടിയത്ത് പടി - ആവണക്കുളത്തുപടി ചുമലേത്തു പടി
6. ഇണ്ടിളയപ്പൻ നട മുതൽ മോളയ്യത്ത് പടിവഴി പുന്നയ്ക്കാട്ട്
7. കീക്കുളംപടി മുതൽ കൊച്ചുതെക്കേതിൽ പടിവഴി താളാട്ട്ശ്ശേരി കോളനിവഴി കോയിക്കപ്പാലം വരെ.
8. കരിക്കിനേത്തുപടി ഇണ്ടിളയപ്പൻ നടഭാഗം വരെ
9. മംഗലത്തു മണ്ണിൽപടിനന്തലത്ത്പടി കൊച്ചു തെക്കേതിൽ പടിവരെ.

## വാർഡ് IV

1. കുടമുക്ക് അംഗൻവാടി - കുഴിഞ്ഞയ്യത്തു പടി, മലങ്കാവു റോഡ്
2. പാറക്കര ലക്ഷംവീട് - കൊല്ലൻെറയ്യത്തുപടി - മുരുപ്പേൽ പടി
3. നെല്ലിക്കാട്ടു മുരുപ്പ് - വിളയിൽ പടി - മഠത്തിൽപടി റോഡ്
4. ചാണ്ടിപ്പള്ളിൽ - പുലക്കാട്ടുപടി -നെടുമ്പാംകുഴിപടി റോഡ്.
5. കാരയ്ക്കാട്ടുപടി - മലയിൽപടി പുളിക്കത്തറപടി റോഡ്.
6. മംഗലത്തുമണ്ണിൽപടികുച്ചിയിൽ റോഡ്

## വാർഡ് V

1. മല്ലശ്ശേരി വിളയിൽപടി - ചെറിയത്തുപടി റോഡ്
2. പോലീസ്സ്റ്റേഷൻപടി - ചെമ്പകശ്ശേരിപടി പഞ്ചായത്തു ശ്മശാനം റോഡ്
3. പുല്ലുംവിളപ്പടി - തട്ടറോഡ്
4. ചെറിയത്തുപടി - അമ്പാട്ടുവിള പടി റോഡ്
5. വാലുതുണ്ടിൽപടി - മാങ്കൂട്ടത്തിൽപടി റോഡ്
6. കോഴിക്കോട്ടു തലയ്ക്കൽ - വാലുതുണ്ടിൽപ്പടി ശ്മശാനം - ഊതിക്കൂട്ടത്തിൽപടി റോഡ്

## വാർഡ് VI

1. കൈപ്പട്ടൂർ -പാലമുക്ക് മാളിയേക്കൽ കടവുറോഡ്
2. തുണ്ടിയിൽപടി -വെള്ളാരേത്തുപടി.
3. ചാഞ്ഞപറമ്പിൽപടി - പുത്തൻപറമ്പു റോഡ്.
4. കണ്മണി ഭവൻ - പൊട്ടുപ്ലാവിളപടി
5. പുതുപ്പറമ്പിൽ പടിഞ്ഞാറ്റേതിൽ പടി - പുത്തൻപുരയിൽപടി
6. കുഴിപ്പറമ്പിൽപടി - താഴേപ്പടി റോഡ്
7. വാലുമണ്ണിൽ പടി - നൂറമ്മാനപ്പടി
8. നെടുമ്പറത്തു പടി - മണ്ണിൽക്കടവുറോഡ്
9. ഐക്കരതാഴേമുറിയിൽപടി - പറവീട്ടിൽ പടി.
10. മലയിൽകിഴക്കേതിൽ പടി റോഡ്

## വാർഡ് VII

1. പൈനുമൂട്ടിൽ - പാലനില്ക്കുന്നതിൽ കടവുറോഡ്
2. പുത്തൻചന്ത - കുരീച്ചെറ്റയിൽപടി.
3. ചോഴുമണ്ണ് ഏലാ - തെക്കേവടക്കേതിൽപ്പടി
4. തട്ടാരേത്തുപടി - പുളിൽചുവടുപടി
5. വാലുപറമ്പ് - മുള്ളൻകുഴി പടി
6. തട്ടാരുടെ കിഴക്കേതിൽ പടി - ചെമ്പത ഏല.
7. മൂഴിക്കവട് - കൊല്ലേത്തു കിഴക്കേതിൽ
8. മുരുപ്പേൽ താഴേതിൽ പടി - കൊച്ചു കിഴക്കേതിൽ പടി
9. തയ്യിൽ പടി - കളീക്കമേലേതിൽ റോഡ്
10. തെക്കേമണ്ണിൽ പടി - തട്ടാരുകിഴക്കേതിൽ പടി.
11. ആശാരിമുരുപ്പു ഭാഗത്തു പുതിയ റോഡ്
12. പ്ലാംകൂട്ടത്തിൽപ്പടിനിന്നും തുടങ്ങി മണപ്പാട്ടിൽ ഭാഗംവഴി പൂഴിക്കുന്നത്തുഭാഗത്ത് എത്തുന്ന റോഡ്.
13. മഠത്തിലേത്തു പടിയിൽനിന്നും പണിക്കശ്ശേരിയിൽ എത്തുന്ന റോഡ്

## വാർഡ് VIII

1. പുതുപ്പറമ്പിൽ പടിഞ്ഞാറ്റേതിൽ തയ്യിൽപടി റോഡ്
2. ഊട്ടുപറമ്പിൽ - മുട്ടത്തുപടി
3. കൊച്ചുവിളപ്പടി - അറുകൊലക്കുഴിറോഡ്
4. ഞക്കുനിലം ബാലവാടി റോഡ്
5. കൊച്ചാലുംമൂട് ബാലവാടി റോഡ്.

## വാർഡ് IX

1. തൂമ്പുംപടി - ആറാട്ടുപുഴപ്പടി മണക്കുപ്പ.
2. പാർവ്വതിക്കുഴിപ്പടി - പള്ളിവഴി പന്തലൊടി.
3. പുത്തൻവിളപ്പടി കൊലപ്പാറ റോഡ്
4. ചാമക്കാലപ്പടി - പാലയ്ക്കൽ പടി

## വാർഡ് X

1. അൽതോംസൺസ് പടി - പള്ളിപ്പടി റോഡ്
2. താന്നിക്കുഴി - പാലവിളപ്പടി റോഡ്
3. താഴൂർ ജംഗ്ഷൻ - തോവേലിൽകടവ്
4. നഗരൂർ മണ്ണിൽ പടി - ചെമ്പോലിൽ പടി.
5. പുന്നവേലിക്കുഴി - പുളിനില്ക്കുന്നതിൽ പടി.

### അത്യാവശ്യമായും നന്നാക്കേണ്ട കുളിക്കടവുകൾ

വാർഡ് I

1. ചാങ്കൂർ കടവ്
2. തോട്ടുകടവ്
3. മഴുവോം മണ്ണിൽകടവ്
4. താമരവേലിൽ കടവ്
5. വടക്കുംനാഥ ക്ഷേത്രക്കടവ്
6. തോട്ടത്തിൽ കടവ്

വാർഡ് VI

1. തൃപ്പാറ മൂഴിക്കൽ കടവ്
2. തൃപ്പാറ പടിഞ്ഞാറേതിൽ കടവ്.
3. മൂഴിക്കടവ്
4. മണത്തറക്കടവ്
5. കുറുന്തേക്കടവ്

വാർഡ് VII

1. മണക്കുഴി തോട്ടുകടവ്
2. വാളകുഴിത്തോട്ടുകടവ്
3. നരിക്കുഴി തോട്ടുകടവ്
4. പാലനില്ക്കുന്നതിൽകടവ്
5. കാരുവേലിൽ കടവ്

വാർഡ് X

1. താഴൂർ പാലത്തിനുതാഴെ പഴയകടവ്
2. തോവേലിൽ കടവ്
3. പാറക്കടവ് (ആശ്രമം)
4. ചേന്നാത്ത് അമ്പലക്കടവ്
5. കൂട്ടുപുഴക്കടവ്

# ഊർജ്ജം

## അവലോകനം

മാനവപുരോഗതിയുടെ ചരിത്രംതന്നെയാണ് ഊർജ്ജത്തിനും ഉള്ളത്. തീയിൽ ആരംഭിച്ച് ആണവോർജ്ജത്തിലും സൗരോർജ്ജത്തിലും എത്തി നിൽക്കുന്ന വിവിധതരം ഊർജ്ജ സ്രോതസ്സുകൾ ഇന്ന് മനുഷ്യജീവിതത്തിൻെറയും പുരോഗതിയുടെയും അവിഭാജ്യഘടകമായിമാറിക്കഴിഞ്ഞു. ആധുനികതയിലേക്ക് അതിവേഗം നീങ്ങിക്കൊണ്ടിരിക്കുന്ന ഈ പ്രദേശത്ത് വെളിച്ചത്തിനും, ഉപകരണങ്ങൾ പ്രവർത്തിക്കാനും വൈദ്യുതി ആവശ്യമായിരിക്കുന്നതിനാൽ മറ്റ് ഊർജ്ജ സ്രോതസ്സുകളേക്കാൾ വൈദ്യുതി പ്രാധാന്യം അർഹിക്കുന്നു.

വള്ളിക്കോട് ഗ്രാമപഞ്ചായത്തു പ്രദേശത്ത് ലഭിച്ചുകൊണ്ടിരിക്കുന്ന ഊർജ്ജം, വിറക്, മണ്ണെണ്ണ, വൈദ്യുതി, എൽ.പി.ജി. ഗോബർ ഗ്യാസ് എന്നിവയിൽ നിന്നാണ്. ഏകദേശം നാലു പതിറ്റാണ്ടുകൾക്ക് മുമ്പ് വൈദ്യുതി പഞ്ചായത്തു പ്രദേശത്ത് എത്തിയതാണെങ്കിലും മിക്ക സ്ഥലങ്ങളിലും എത്തിക്കാൻ ഇതുവരെ കഴിഞ്ഞിട്ടില്ല. 18.8 ചതുരശ്രകിലോമീറ്റർ വിസ്തൃതിയും 19,764ജനസംഖ്യയുമുള്ള ഈ പഞ്ചായത്തിൽ ആകെ 6128 ഭവനങ്ങൾ ഉള്ളതിൽ 4623 മാത്രമാണ് വൈദ്യുതീകരിച്ചിട്ടുള്ളത്. ശരിയായ ഒരു പദ്ധതിയുടെ അടിസ്ഥാനത്തിൽ ലൈൻ വലിക്കാത്തതുകാരണം ഊർജ്ജനഷ്ടം ഉണ്ടാകുന്നു. പ്രസരണ നഷ്ടവും, മാർഗ്ഗതടസ്സവും , അപകടങ്ങളും ഒഴിവാക്കാൻ ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കി അണ്ടർഗ്രൗണ്ട് കേബിൾ ഉപയോഗിച്ച് വൈദ്യുത ലൈൻ പുനക്രമീകരിക്കാൻ കഴിയുമോ എന്നു പരിശോധിക്കേണ്ടതാണ്.

വള്ളിക്കോട് പഞ്ചായത്തിലെ വൈദ്യുതി ഉപഭോക്താക്കൾ, കൈപ്പട്ടൂർ മേജർ സെക്ഷൻ, പന്തളം മേജർ സെക്ഷൻ, കുമ്പഴ സെക്ഷൻ ആഫീസ് എന്നിവയുടെ പരിധിയിൽ പെടുന്നവരാണ്. കൂടാതെ ചന്ദനപ്പള്ളിയിൽ പ്രവർത്തിക്കുന്ന ഓവർസീയർ ആഫീസ് പഞ്ചായത്തുമായി ബന്ധപ്പെടുന്നു.

നരിയാപുരം, വള്ളിക്കോട്, വാഴമുട്ടം എന്നീ പ്രദേശങ്ങളിൽ ഓരോ സെക്ഷനാഫീസും, കളക്ഷൻ സെൻററും കൈപ്പട്ടൂർ മേജർ സെക്ഷൻെറ കീഴിൽ ആരംഭിക്കുന്നത് ഈ പ്രദേശങ്ങളിലേ ഉപഭോക്താക്കൾക്ക് പ്രയോജനം ചെയ്യും.

## വൈദ്യുത ലൈനും വോൾട്ടേജ് ക്ഷാമവും

കേരളത്തിന് വൈദ്യുതി ലഭ്യമാക്കുന്ന ഒരു പദ്ധതി പത്തനംതിട്ട ജില്ലയിൽ ആയിട്ടുകൂടി ഇവിടെ വോൾട്ടേജ്

ക്ഷാമവും, വൈദ്യുത തകരാറും നിത്യസംഭവങ്ങളാണ്. പത്തനംതിട്ട സബ്സ്റ്റേഷനിൽ നിന്നും നേരെ 3.5കി. മീ മാത്രം ദൂരമുള്ള ഈപ്രദേശത്ത് 11KVലൈൻ എത്തുന്നത് 12കി.മീ. ചുറ്റിയാണ്. അതുപോലെ അടൂർ കൂടൽ സബ് സ്റ്റേഷനിൽ നിന്നും എത്തുന്നത് 25 കി.മീറ്റർ ചുററിയാണ്. ഇക്കാരണങ്ങളാൽ ഇവിടെ എത്തുന്ന വൈദ്യുതിക്ക് മതിയായ വോൾട്ടേജ് ഇല്ല. ചില പ്രദേശങ്ങളിൽ വൈകുന്നേരം 100വോൾട്ടിനും താഴെയാണ്. പള്ളം, കൂണ്ടറ 110KV ലൈനിന് തകരാറു സംഭവിച്ചാൽ ജില്ല മൊത്തം ഇരുട്ടിലാവും.

ഇതു പരിഹരിക്കുന്നതിന് പത്തനംതിട്ട110KV സബ് സ്റ്റേഷൻ 220KV സബ്സ്റ്റേഷനാക്കണം. തണ്ണിത്തോട്ടിൽ നിന്നും 220KV ലൈൻ 14കി.മീ വലിച്ചാൽ പത്തനംതിട്ട എത്തും. ഇപ്പോൾ ഇടമണ്ണിലേക്കു പോകുന്ന 3 സർക്കീട്ട് 220KV ലൈനിൽ ഒരു സിംഗിൾ സർക്കീട്ട് ലൈൻ ഇപ്പോൾ ഉപയോഗിക്കുന്നില്ല. അതിനാൽ ഈ ലൈനിൽ നിന്നും 220 KV ലൈൻ വലിച്ചാൽ പത്തനംതിട്ടി അനായാസം വൈദ്യുതി എത്തിക്കാം.

കൂടാതെ പത്തനംതിട്ട നിന്നും 3.5 കി.മീ. 11KV ലൈൻ വള്ളികോട്ടു പഞ്ചായത്തിലേക്കു വലിച്ച് നിലവിലുള്ള LT സിംഗിൾ, ഡബിൾ ഫെയിസുകൾ 3ഫേസ് ആക്കി മാറ്റണം. 10.25 കി.മീ. 3 ഫേസ് ലൈൻ വലിക്കണം. കാലഹരണപ്പെട്ട വൈദ്യുത കമ്പികളും, തൂണുകളും മാറ്റുകയും, നിലവിലുള്ള 10ട്രാൻസ്ഫോർമറുകൾക്കു പുറമേ 15 എണ്ണം കൂടി തെരഞ്ഞെടുത്ത ഭാഗങ്ങളിൽ സ്ഥാപിച്ചാൽ വൈദ്യുതി വിതരണവും, വോൾട്ടേജും കാര്യക്ഷമമാവും എന്നും പ്രത്യാശിക്കാം.

അടൂർ ലോകബാങ്ക് ശുദ്ധജല വിതരണ പദ്ധതിയുടെ കൈപ്പട്ടൂർ പമ്പ് ഹൗസിനു വേണ്ടി, വാട്ടർ അതോറിറ്റി കോൺട്രിബ്യൂഷൻ അടച്ച് പത്തനംതിട്ട KSEB സബ് സ്റ്റേഷനിൽ നിന്നും 11KV ലൈൻ വാഴമുട്ടം(ഓമല്ലൂർകര) വരെ വലിച്ച് പണി നിർത്തിയിട്ടുണ്ട്. ആ ലൈൻ പൂർത്തിയാക്കുകയും, അതും വാഴമുട്ടത്തു നിന്നും തുടങ്ങി വള്ളിക്കോട് എത്തിച്ചേരുന്ന ഭാഗത്ത്. (മുപ്രമൺ റോഡിൽ പറകുന്നത്തു ഭാഗത്തിനു കിഴക്ക് NJEES ഫാക്ടറി ലൈനിൽ) ഏകദേശം 500മീറ്റർ നീളം വരുന്ന ഒരു പുതിയ 11KV ലൈൻ വലിച്ച് വള്ളിക്കോട് 11KV ലൈനുമായി ബന്ധിപ്പിച്ചാൽ, വള്ളിക്കോടു പഞ്ചായത്ത്, കൊടുമൺ പഞ്ചായത്ത്, പ്രമാടം പഞ്ചായത്തിൻെറ പടിഞ്ഞാറുഭാഗങ്ങൾ എന്നിവിടങ്ങളിലേ വോൾട്ടേജ് ക്ഷാമം പരിഹരിക്കാം.

## സ്ട്രീറ്റ് ലൈറ്റുകൾ

ഈ പഞ്ചായത്തിൽ ആകെ 150കി.മീ. റോഡുണ്ട്. എന്നാൽ സ്ഥാപിച്ചിട്ടുള്ള വഴിവിളക്കുകളുടെ എണ്ണം കേവലം 615 മാത്രമാണ്. അതിൽ പകുതിയിൽ ഏറെയും കത്തുന്നില്ല. കത്തിയാൽ തന്നെയും റോഡിൽ വെളിച്ചമില്ല. അതിനാൽ അധികമായി 850 വഴിവിളക്കുകൾ ആവശ്യമുണ്ട്.

## വൈദ്യുത ആഫീസുകൾ

വള്ളിക്കോട് പഞ്ചായത്ത് ഇന്ന് കുമ്പഴ, പന്തളം കൈപ്പട്ടൂർ എന്നീ മേജർ സെക്ഷനാഫീസുകളുടെ കീഴിലാണ്. ഭരണസൗകര്യത്തിനുവേണ്ടി പഞ്ചായത്ത് മൊത്തത്തിൽ കൈപ്പട്ടൂർ മേജർ സെക്ഷൻെറ കീഴിലാക്കണം. വള്ളിക്കോട് കൈപ്പട്ടൂർ ഭാഗത്തുനിന്നും പത്തനംതിട്ടയ്ക്ക് 5കിലോമീറ്ററും അടൂരിനു 12 കി. മീറ്ററിൽ കൂടുതലും ഉണ്ട്. കൈപ്പട്ടൂർ മേജർ സെക്ഷൻ അടൂർ ഡിവിഷൻെറ പരിധിയിലാണ്. അതുമാറ്റി സൗകര്യപ്രദമായ പത്തനംതിട്ട ഡിവിഷൻെറ പരിധിയിൽ ആക്കണം.

കെ.എസ്.ഇ.ബി. പത്തനംതിട്ട ജില്ലാ സ്റ്റോറിൻെറ പ്രവർത്തനം കാര്യക്ഷമമാക്കുകയും മെറ്റീരിയൽ സുലഭമാക്കുകയും ചെയ്യണം. 852 ബൾബുകൾ കൂടുതലായി സ്ഥാപിക്കുകയും, പ്രധാനപ്പെട്ട സ്ഥാനങ്ങളിൽ ട്യൂബ്ലൈറ്റും, ചന്ത, ജംഗ്ഷനുകൾ, എന്നിവിടങ്ങളിൽ സോഡിയം വേപ്പർ ലാമ്പും സ്ഥാപിക്കുകയും വേണം.

സ്ട്രീറ്റ്ലൈറ്റ് കത്തിക്കുന്നതിനായി പ്രതിവർഷം 95427/- രൂ. വൈദ്യുതിചാർജ്ജും ബോർഡിന് നല്കുന്നുണ്ട്. എങ്കിലും വഴി വിളക്കുകൾ കത്തിക്കുന്നതിൽ കാണിക്കുന്ന അനാസ്ഥ പ്രതിഷേധാർഹമാണ്.

### നിലവിലുള്ള ട്രാൻസ്ഫോർമറുകളും അവയുടെ കപ്പാസിറ്റിയും

| Sl. No. | വാർഡ് | പേര് | കപ്പാസിറ്റി |
|---|---|---|---|
| 1. | I | നരിയാപുരം | 160KVA |
| 2 | " | ഭുവനേശ്വരം | 100KVA |
| 3 | " | പല്ലാകുഴി | 100KVA |
| 4 | III | കൈപ്പട്ടൂർ I | 100KVA |
| 5 | " | കൈപ്പട്ടൂർ II | 160KVA |
| 6 | IV | കുടമുക്ക് | 100KVA |
| 7 | V | കാരാബൗണ്ട് | 100KVA |
| 8 | VI | ലിഫ്റ്റ് ഇറിഗേഷൻ | 100KVA |
| 9 | " | തൃപ്പാറ | 100KVA |
| 10 | VII | വള്ളിക്കോട് | 160KVA |
| 11 | " | മായാലിൽ | 100KVA |
| 12 | " | നിയോപയസ് | 100KVA |
| 13 | " | തോലൂഴം | 100KVA |
| 14 | " | ഏൻ ജേസ് | 100KVA |
| 15 | VIII | ചെമ്പത | 100KVA |

| | | | |
|---|---|---|---|
| 16 | IX | പള്ളിമുരുപ്പ് | 100KVA |
| 17 | X | കിടങ്ങേത്തുപടി | 100KVA |
| 18 | " | കാഞ്ഞിരപ്പാറ | 100KVA |
| 19 | " | വാഴമുട്ടം ഈസ്റ്റ് | 100KVA |

ആകെ വൈദ്യുത കണക്ഷനുകളുടെ എണ്ണം 4625

### വള്ളിക്കോടു പഞ്ചായത്തിൽ പുതുതായി സ്ഥാപിക്കേണ്ട ട്രാൻസ്ഫോർമറുകളും അവയുടെ കപ്പാസിറ്റിയും

### പട്ടിക II

| Sl. No. | വാർഡ് | പേര് | കപ്പാസിറ്റി |
|---|---|---|---|
| 1 | I | ഇന്ദിരാ ജംഗ്ഷൻ, നരിയാപുരം | 250KVA |
| 2 | II | വളവുകാവു ഭാഗം | 250KVA |
| 3. | III | കൈപ്പട്ടൂർ - തണങ്ങാട്ടിൽ, കോയിക്കൽപടി | 250KVA |
| 4. | IV | കല്ലുവിളഭാഗം | 250KVA |
| 5. | " | മലമ്പുറത്തുഭാഗം | 250KVA |
| 6. | " | ഞാറക്കുറ്റി ഭാഗം | 250KVA |
| 7. | V | പാമ്പായിക്കോട് I HDP കോളനി | 250KVA |
| 8. | VI | വിളയിൽ പടി ഭാഗം | 250 KVA |
| 9. | VII | വള്ളിക്കോട് പറകുന്നത്തുഭാഗം | 250KVA |
| 10. | " | വാലുപറമ്പ് ജംഗ്ഷൻ | 250KVA |
| 11. | VIII | ഞക്കുനിലം | 250KVA |
| 12. | " | നെടുമ്പ്രത്തിൽ പടി | 250KVA |
| 13. | IX | ഗുരുമന്ദിരം പടി | 250KVA |
| 14. | X | മുട്ടമൺഭാഗം | 250KVA |
| 15.. | " | അംബേദ്കർ കോളനി, കിടങ്ങയം. | 250 KVA |

### വള്ളിക്കോട് പഞ്ചായത്തിൽ പുതുതായി വൈദ്യുതലൈൻ വലിക്കേണ്ട സ്ഥലങ്ങൾ

*വാർഡ് - 1*

കുളിക്കടവുകളിലേക്ക്, വൈദ്യുതീകരിക്കാൻ ആകെ നീളം 300M

50 വീടുകളുടെ സമീപത്തേക്ക് ആകെ നീളം 300M

*വാർഡ് 2*

കോളനികളുടെ വൈദ്യുതീകരണം ആകെ നീളം 300M.

1. നരിയാപുരം വളവൂർകാവ് റോഡിൽ രണ്ടു പോസ്റ്റിട്ട് ലൈൻ വലിക്കണം.
2. പെരുംതിട്ടമഠം വളവൂർകാവു റോഡിൽ 4 പോസ്റ്റുകൾ ഇട്ട് ലൈൻ വലിച്ച് സ്ട്രീറ്റ് ലൈറ്റിടണം.
3. തോലുഴത്തിൽ സ്ഥാപിച്ചിരിക്കുന്ന ട്രാൻസ്ഫോർമറിൽ നിന്നും 11KV ലൈൻവലിച്ച് വളവൂർകാവിൽ ട്രാൻസ്ഫോർമർ സ്ഥാപിച്ച് രണ്ട്, നാല് എന്നീ വാർഡുകളിലെ വോൾട്ടേജു ക്ഷാമം പരിഹരിക്കാം.
4. നാലാം വാർഡിൽപ്പെട്ട മലമ്പുറത്ത് ഹരിജൻ കോളനിയിൽ ട്രാൻസ്ഫോർമർ സ്ഥാപിച്ച് 4, 2, 3, വാർഡുകളിലെ വോൾട്ടേജു ക്ഷാമം പരിഹരിയ്ക്കണം.

*വാർഡ് - 3*

1. മുതിരത്തുപടി മുതൽ താളാട്ടുശ്ശേരി കോളനിയിലേക്കുള്ള സിംഗിൾ ഫേസ് ത്രീഫേസ് ആക്കി മാറ്റണം ആകെ നീളം - 250M
2. താളാട്ടേത്തുപടി മുതൽ പുതശേരി കോളനിവരെ പുതിയലൈൻ വലിക്കണം നീളം - 200M
3. കോചികപ്പടി - ചരുവയ്യത്തുത്തുപടി പുതിയലൈൻ വലിക്കണം നീളം - 200M

*വാർഡ്. 4*

വളവൂർക്കാവ്. കുറ്റിയിൽ പടിയിൽനിന്ന് മാലമ്പുറത്ത് ഹരിജൻ കോളനിയിലേയ്ക്ക് ലൈൻ വലിച്ച് വൈദ്യുതീകരിക്കണം.

*വാർഡ് - 5*

1. പാമ്പായിക്കോട് IHDP കോളനിനിവാസികൾക്കും, സമീപവാസികൾക്കും വൈദ്യുത കണക്ഷൻ ലഭിക്കാൻ പുതിയതായി ലൈൻ വലിക്കണം. 300M.

*വാർഡ് -6*

1. ചിറക്കരോട് കോളനി നിവാസികൾക്കും പരിസരവാസികൾക്കും വൈദ്യുത കണക്ഷൻ നല്കാൻ ശ്രീനിലയം മുതൽ ലൈൻ വലിക്കണം 200M.
2. മുകളുംപറമ്പിൽ ലക്ഷംവീട് കോളനി വൈദ്യുതീകരിക്കണം. 200M
3. വല്യവീട്ടിൽ പടിമുതൽ തെക്കോട്ട് ലൈൻ വലിച്ച് വീടുകൾ വൈദ്യുതീകരിക്കണം. 200M.
4. മായാലിൽ മുതൽ താഴൂർക്കടവുവരെ നിലവിലുള്ളള സിംഗിൾ ഫേസ് ലൈൻ ത്രീഫേസ് ആക്കണം. 1100M.

*വാർഡ് -7*

1. കരിവുരിക്കൽ പടി മുതൽ PHC വരെയുള്ള സിംഗിൾ ഫേസ് ത്രീഫേസാക്കണം. 1 km.
2. പനയക്കുന്നു ഭാഗത്തുള്ള പുതിയ ലൈൻ വലിക്കണം 500M.
3. മായാലിൽ താഴൂർക്കടവ് ലൈനിൽ നിന്നും ആശാരിമുരുപ്പുഭാഗത്തേക്ക് ലൈൻ വലിക്കണം. 500M
4. മുരുപ്പേൽ പടി - വാളാക്കുഴി റോഡ് ത്രീഫേസ് ലൈൻ വലിലിക്കണം 500M
5. ഇരട്ടിയാണിക്കൽ ആശ്രമംപടി റോഡിൽ സിംഗിൾ ഫേസ് ത്രീഫേസ് ആ ആക്കണം 500M
6. വാഴപ്ലാവിലേത്തു ഭാഗത്തേക്ക് പുപുതിയ ലൈൻ

500M

7. വാലുപറമ്പിൽ മുള്ളൻ കുഴി റോഡ് ത്രീ ഫേസ്ലൈൻ വലിക്കണം. 500M
8. കൊച്ചു കിഴക്കേതിൽപടി മന്നത്തേത്തു പടി റോഡ് ത്രീ ഫേസ് ലൈൻ വലിക്കണം. 800M.
9. മായാലിൽ - താഴൂർക്കടവു റോഡിൽ പനയക്കുന്നുഭാഗം വൈദ്യുതീകരിക്കണം.
10. ഒരു നിർദ്ദേശം - പത്തനംതിട്ട സബ് സ്റ്റേഷനിൽ ലൈൻ വലിച്ച് വള്ളിക്കോട് - തെക്കുനിലം റോഡിലെ V. കോട്ടയം 11KVലൈനുമായി ബന്ധിപ്പിച്ചാൽ, വള്ളിക്കോട്ടു മേഖലയിലെ വോൾട്ടേജ് ക്ഷാമവും, വൈദ്യുത തകരാറും പരിഹരിക്കാൻ കഴിയും. 300M.

*വാർഡ് 8*

1. വാർഡിന്റെ വിവിധ ഭാഗങ്ങളിൽ വൈദ്യുത കണക്ഷൻ നല്കുന്നതിനുവേണ്ടി പുതിയ ലൈൻ വലിക്കണം. 700 M.

*വാർഡ് -9*

1. വാർഡിൽ വൈദ്യുതീകരിക്കാത്ത ഭാഗങ്ങളിൽ കണക്ഷൻ ലഭിക്കത്തക്കതുപോലെ ലൈൻ വലിച്ച് ത്രീഫേസ് ലൈൻ കൊടുക്കണം. 500M.
2. പള്ളിമുക്കുമുതൽ പതുപ്പറമ്പിൽ ഭാഗംവരെ പുതിയ ലൈൻ വലിച്ച് ത്രീഫേസ് കണക്ഷൻ നല്കണം. 250M.

*വാർഡ് 10*

വൈദ്യുത കണക്ഷൻ ലഭിക്കാത്ത വീടുകളിൽ വൈദ്യുതി എത്തിക്കുന്നതിന് പുതിയ ലൈൻ വേണം. 250M.

വള്ളിക്കോടു പഞ്ചായത്തിലെ മുഴുവൻ വാർഡുകളിലും താഴെ പറയുന്ന പ്രകാരം സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കണം. ആവശ്യമായ സ്ഥാനങ്ങളിൽ ട്യൂബ് ലൈറ്റും, സോഡിയം വേപ്പർ ലാമ്പും സ്ഥാപിക്കണം.

| വാർഡ് നമ്പർ | സ്റ്റ്രീറ്റ് ലൈറ്റ് വേണ്ട സ്ഥലം | എണ്ണം |
|---|---|---|
| 1. | റോഡിലും, ജംഗ്ഷനിലും, വഴിവിളക്കുകൾ സ്ഥാപിക്കണം | 100 |
| 2. | മാമ്മൂടു മുതൽ തീയേറ്റർ ജംഗ്ഷൻവരെ | 15 |
| | വളവൂർക്കാവ് നരിയാപുരം റോഡിൽ | 15 |
| | നരിയാപുരം ചാങ്ങേൽപ്പടി റോഡിൽ | 15 |
| 3. | വാർഡിൽ ഗതാഗതയോഗ്യമായ മുഴുവൻ റോഡിലും സ്റ്റ്രീറ്റ് ലൈറ്റ് സ്ഥാപിക്കണം | 80 |
| 4. | വാർഡുകളിലെ എല്ലാ റോഡുകളിലും വഴി വിളക്കുകൾ സ്ഥാപിക്കണം | 90 |
| 5. | വാർഡിലെ രണ്ട് IHDP കോളനികൾ ഉൾപ്പെടെ മുഴുവൻ റോഡുകളിലും - വഴിവിളക്കുകൾ സ്ഥാപിക്കണം. | 100 |
| 6. | തൃക്കോവിൽ മുതൽ തൃപ്പാറ വരെ | 12 |
| | മായാലിൽ മുതൽ താഴൂർകടവുവരെ | 25 |
| | തൃപ്പാറ മുതൽ കുറ്റിയിൽ പടിവരെ | 20 |
| | വാലുമണ്ണിൽ പടിമുതൽ നൂറമ്മാനിപ്പടിവരെ | 20 |
| | തൃപ്പാറ ചന്ദനപ്പള്ളി റോഡ് | 25 |
| 7. | ഇരട്ടിയാണിക്കൽപ്പടി - ആശ്രമപ്പടി വാഴപ്ലാവിൽ ഭാഗം | 5 |
| | നടുവിലേത്ത് - കല്ലൂർക്കാട്ടുപടി റോഡ് | 18 |
| | നെല്ലിപ്പള്ളിൽ - കുഴിപറമ്പിൽപടി റോഡ് | 12 |

| | | |
|---|---|---|
| | നരിക്കുഴി - പൈനുംമൂട് റോഡ് | 14 |
| | ചൈനംമൂട്ടിൽ കിഴക്കേതിൽ - തെക്കേ മണ്ണിൽപടി | 14 |
| | മുരുപ്പേൽ - വാളികുഴി റോഡ് | 6 |
| | പുത്തൻചന്ത -മണക്കുഴി | 4 |
| | കൊച്ചുകിഴക്കേതിൽ നെത്തേത്തുപടി | 16 |
| | കോടിയാട്ടുപടി - മന്നത്തേത്തുപടി | 9 |
| | കോടിയാട്ട് - വല്യവടക്കേതിൽപടി | 5 |
| 7 | അക്കാളുമുക്ക് - (കിരമുരിയ്ക്കൽപടി) P.H സെൻറർ | 24 |
| | P.H സെൻറർ - പനേക്കുന്ന് | 6 |
| | തയ്യിൽപടി - കളീക്കമേലേതിൽപടി. | 6 |
| | മൂഴിക്കടവ് - ആശാരിമുരുപ്പ് ഭാഗം | 10 |
| | വള്ളിക്കോട് - ചന്ദനപ്പള്ളി റോഡ് | 6 |
| | തട്ടാരേത്തുപടി - പുളിഞ്ചുവട്പടി | 6 |
| | കോട്ടൂർപടി - കോളനി | 6 |
| | താഴൂർക്കടവ് - മുപ്രമൺ റോഡ് | 10 |
| 8. | പടനിലത്തുപടി - മുക്കുങ്കൽ റോഡ് | 10 |
| | കൊച്ചുവിളപ്പടി - അറുകൊലക്കുഴി റോഡ് | 12 |
| | പടിഞ്ഞാറ്റിൻകര - വേട്ടകുളത്തു പടി റോഡ് | 15 |
| | ഊട്ടുപറമ്പിൽപടി - മുട്ടത്തുപടി റോഡ് | 15 |
| 9. | ഓട്ടാലയ്ക്കൽപടി - മുണ്ടയ്ക്കൽപടി | 25 |
| | മറ്റ് റോഡുകളിൽ സ്ഥാപിക്കാൻ | 25 |
| 10. | പള്ളിപ്പടി - ചോറ്റിയത്തു പടി | 6 |
| | കിടങ്ങേത്തു പടി - കൊട്ടുപ്പിള്ളേത്തുപടി | 5 |
| | ചള്ളംവേലിൽപടി - പ്രമാടം റോഡ് | 5 |
| | കാഞ്ഞിരപ്പാറ കോളനി റോഡ് | 3 |
| | മുകളുവിളപ്പടി - കിടങ്ങേത്തുപടി കോളനിറോഡ് | 11 |
| | വാലുപാറപ്പടി - പടിഞ്ഞാറ്റിൽകര പുത്തൻ വീടുപടി | 3 |
| | വല്യപറമ്പിൽപടി - വാലുപറമ്പിൽ റോഡ് | 3 |
| | അൽതോംസൺസ് പടി - പള്ളിപ്പടിറോഡ് | 4 |
| | കുന്നത്തുപടി - കൂട്ടുപുഴക്കടവ് റോഡ് | 4 |
| | പുളിനില്ക്കുന്നതിൽ പടി - പരുമേലിൽ പടിറോഡ് | 9 |
| | ശ്രീകണ്ഠേശ്വരത്തുപടി - തെക്കേമുട്ടമൺപടി റോഡ് | 6 |
| | നഗരൂർപടി - പാറക്കടവുറോഡ് | 5 |
| | ചെമ്പേലിൽകടവു റോഡ് | 1 |

## പഞ്ചായത്തിലെ ഓരോ വാർഡിലും സോഡിയം വേപ്പർ ലാമ്പ് സ്ഥാപിക്കേണ്ട സ്ഥലങ്ങൾ

| വാർഡ് | സ്ഥലങ്ങൾ | എണ്ണം |
|---|---|---|
| 1. | ഗ്രാമസഭ തീരുമാനിക്കുന്ന സ്ഥലങ്ങളിൽ | 4 |
| 2 | " | 4 |
| 3 | " | 6 |
| 4 | " | 6 |
| 5 | " | 6 |
| 6 | തൃക്കോവിൽ, തൃപ്പാറ, മണ്ണിൽകടവു ജംഗ്ഷൻ വെള്ളിപ്പാറ ജംഗ്ഷൻ, വിളയിൽപടി ജംഗ്ഷൻ കേശവൻ മുക്ക്. | 6 |
| 7. | തീയേറ്റർ, ജംഗ്ഷൻ, വായനശാല ജംഗ്ഷൻ സ്റ്റേഡിയം, വാലുപറമ്പ് ജംഗ്ഷൻ, P.H.C ജംഗ്ഷൻ, കൃഷിഭവൻ, മായാലിൽ ജംഗ്ഷൻ താഴൂർ ജംഗ്ഷൻ, മൂഴീപാലം | 9 |
| 8. | ഗ്രാമസഭ തീരുമാനിക്കുന്ന സ്ഥലങ്ങളിൽ | 8 |
| 9. | " | 8 |
| 10. | കിഴങ്ങേത്തു ജങ്ഷൻ, പള്ളിപ്പടി, പോസ്റ്റാഫീസ്പടി, വാലുപറമ്പിൽപടി. ശ്രീകണ്ഠേശ്വരത്തുപടി, തെങ്ങുംപള്ളിൽ പുത്തൻവീട്ടിൽപടി, നഗരൂർപടി | 7 |

## ട്യൂബ് ലൈറ്റുകൾ വേണ്ടസ്ഥലങ്ങൾ

ലക്ഷംവീടു കോളനി ജംഗ്ഷൻ, അക്കാളമുക്ക് കോളനി കരിമുരിക്കൽ പടി; കൊച്ചു കിഴക്കേതിപടി; മുപ്രമൺ റോഡ് ജംഗ്ഷൻ; കുരുമ്പേലിൽ പടി; ചേരുങ്ങേത്ത് പടി, ഇരട്ടിയാണിക്കൽ പടി; പനയക്കുന്നു ജംഗ്ഷൻ; പുളിഞ്ചുവട് ജംഗ്ഷൻ മായാൽ, അക്കാളുമുക്ക്. മാമ്പിലാലിൽ ക്ഷേത്ര ജംഗ്ഷൻ നരിക്കുഴിക്കടവ്, മണക്കുഴി കടവ് — 14 ട്യൂബുകൾ

ഓരോവാർഡിലും പത്തു ട്യൂബുലൈറ്റുകൾ ഇടണം

## വൈദ്യുതി ഇതര ഊർജ്ജ സ്രോതസ്സുകൾ;

വള്ളിക്കോടു പഞ്ചായത്തിൽ വൈദ്യുതി എത്തിയിട്ടില്ലാത്ത വീടുകളിൽ വിളക്കു തെളിയിക്കാൻ മണ്ണെണ്ണയാണ് ഉപയോഗിക്കുന്നത്. നിരന്തരം വർദ്ധിച്ചു വരുന്ന വൈദ്യുതി കട്ടും, വോൾട്ടേജ് ക്ഷാമവും, മണ്ണെണ്ണയുടെ ഉപഭോഗം ക്രമാതീതമായി വർദ്ധിക്കാൻ കാരണമാകുന്നു. റേഷൻ കാർഡിലൂടെയും സ്പെഷ്യൽ പെർമിറ്റിലൂടെയും ഇന്ന് പഞ്ചായത്തിൽ വിതരണം ചെയ്യുന്ന മണ്ണെണ്ണയുടെ അളവ് 1,65000 ലിറ്ററാണ്. ഇതുകൊണ്ട് ജനങ്ങളുടെ ആവശ്യം നിറവേറ്റാൻ കഴിയുന്നില്ല. 1500ൽ പരം വൈദ്യുതീകരിക്കാത്ത വീടുകൾ ഉണ്ട്. അവിടെ വെളിച്ചത്തിനും, വൈദ്യുതീകരിച്ച വീടുകളിൽ പാചകത്തിനും മണ്ണെണ്ണ ഉപയോഗിക്കുന്നു.

പാചകത്തിനു വേണ്ടി പ്രധാനമായി ഉപയോഗിക്കുന്നത് വിറകാണ്. എന്നാൽ വിറകിൻെറ ലഭ്യത കുറയുകയും, വില വർദ്ധിക്കുകയും ചെയ്യുന്നു. പറമ്പുകളിലെ പാഴ് വൃക്ഷങ്ങൾ കുറഞ്ഞുവരുന്നു.

വിറകിൻെറ ലഭ്യത കുറയുന്നതനുസരിച്ച് പാചകവാതകത്തിൻെറ ഉപയോഗം കൂടുന്നു. എന്നാൽ ആവശ്യത്തിന് വാതക കണക്ഷൻ ലഭിക്കുന്നില്ല. I.O.C ഗ്യാസ് ഏജൻസി ഏറ്റവും അടുത്ത് കോന്നിയിലും, പത്തനംതിട്ടയിലും ആണ്. വള്ളിക്കോടു പഞ്ചായത്ത് നിവാസികൾക്ക് ഇവിടെ രണ്ടു ഭാഗങ്ങളിലും ബുക്കു ചെയ്യാൻ പോലും നിയമം അനുവദിക്കുന്നില്ലത്രേ. ഇത് ഗാർഹിക ഉപഭോക്താക്കളെ വല്ലാതെ ബുദ്ധിമുട്ടിലാക്കുന്നുണ്ട്. പകരം പ്രൈവറ്റ് ഗ്യാസ് കമ്പനികൾ രംഗത്തിറങ്ങി അമിതവിലയ്ക്ക്, കുറഞ്ഞയളവിൽ ഗ്യാസും വിതരണം ചെയ്ത് ഉപഭോക്താക്കൾക്കു നഷ്ടവും വരുത്തുന്നു.

പഞ്ചായത്തിലെ ചില വീടുകളിൽ ഗോബർ ഗ്യാസ് പ്ലാൻറ് നിലവിലുണ്ട്. എങ്കിലും പ്രചാരം ലഭിക്കാതെ പോകുന്ന ഒരു ഊർജ്ജ സ്രോതസ്സാണ്. പശുവളർത്തലിനോട് അനുബന്ധിച്ചു സ്ഥാപിക്കുന്ന ഈ പ്ലാൻറ് അത്തരം വീടുകളിലേ കഴിയൂ.

ശാസ്ത്ര സാഹിത്യ പരിഷത്ത്, അനർട്ട് ഇവയുടെ പുകയില്ലാത്ത അടുപ്പുകളും വളരെ വിരളമായേ വീടുക

ളിൽ സ്ഥാപിച്ചിട്ടുള്ളൂ. അവയ്ക്ക് പ്രചാരവും, ധന സഹായവും നല്കിയാൽ വിറകു ലാഭിക്കാൻ കഴിയും.

സൗരോർജ്ജം പ്രയോജനപ്പെടുത്തി വിളക്ക് അടുപ്പ് എന്നിവ പ്രയോഗത്തിൽ വരുത്തിയാൽ, വൈദ്യുതിയുടെയും മറ്റും ഉപഭോഗം കുറയ്ക്കാം. പഞ്ചായത്തിൽ 6-ാം വാർഡിൽ ഒരു സൗരോർജ്ജ വിളക്ക് സ്ഥാപിച്ചിട്ടുണ്ട്. സൗരോർജ്ജ പാനൽ സ്ഥാപിച്ചു വഴി വിളക്കുകളും, പമ്പു സെറ്റുകളിൽ പ്രവർത്തിപ്പിക്കാം.

ഊർജ്ജത്തിൻെറ കാര്യത്തിൽ അടുത്ത നൂറ്റാണ്ടിലെങ്കിലും പ്രതിസന്ധിയുണ്ടാവാൻ ഇടയുണ്ട്. അതിന് അപാരമ്പര്യ ഊർജ്ജ സ്രോതസ്സുകൾ ഉപയോഗപ്പെടുത്താൻ ഇന്നേ ശ്രമം ആരംഭിക്കേണ്ടിയിരിക്കുന്നു.

### പ്രശ്നങ്ങൾ

1. പഞ്ചായത്തിലെ മുഴുവൻ വീടുകളും കോളനികളും വൈദ്യുതീകരിക്കാൻ കഴിഞ്ഞിട്ടില്ല.
2. വ്യാവസായികാവശ്യങ്ങൾക്ക് വൈദ്യുതി ലഭിക്കാൻ കാലതാമസം നേരിടുന്നു.
3. ഇപ്പോഴുള്ള വഴിവിളക്കുകളിൽ 60%വും പ്രവർത്തന ക്ഷമമല്ല.
4. പഞ്ചായത്തു പ്രദേശം 3 സെക്ഷനാഫീസിനുകീഴിലും, രണ്ടു ഡിവിഷൻ ആഫീസുകൾക്കു കീഴിലും ആയതു കൊണ്ട് വിവിധാവശ്യങ്ങൾക്ക് പല ആഫീസുകളിൽ പോകേണ്ട ബുദ്ധിമുട്ട് നാട്ടുകാർക്കുണ്ടാകുന്നു.
5. വോൾട്ടേജ് ക്ഷാമം വളരെ രൂക്ഷമാണ്.
6. പവർകട്ട് ജനങ്ങൾക്ക് വളരെ അസഹ്യമാണ്.
7. പാചകവാതകം സമയത്ത് ലഭ്യമാകുന്നില്ല.
8. വൈദ്യുത ചാർജ്ജ് അടയ്ക്കുന്നതിന് നീണ്ട ക്യൂ നില്ക്കേണ്ടി വരുന്നു.
9. അപേക്ഷകർക്ക് എളുപ്പം വൈദ്യുത കണക്ഷൻ ലഭിക്കുന്നില്ല.
10. വിളക്കുകൾ കത്തിക്കാൻ പോലും ആവശ്യത്തിനു മണ്ണെണ്ണ ലഭിക്കുന്നില്ല.

    ഒരു നിശ്ചിത ദിവസം മാത്രം മണ്ണെണ്ണ വിതരണം ചെയ്യുന്ന രീതി മാറണം.
11. പഞ്ചായത്തിൽ ഒരു പെട്രോൾ, ഡീസൽ ബാങ്കു ഇല്ല.
12. പാരമ്പര്യേതര ഊർജ്ജസ്രോതസ്സുകളേപ്പറ്റി ബോധം ഇല്ല.

### നിർദ്ദേശങ്ങളും, പരിഹാരമാർഗ്ഗങ്ങളും.

1. ഈ പഞ്ചായത്തിലുള്ള കൈപ്പട്ടൂർ മേജർ സെക്ഷൻെറ കീഴിൽ കൈപ്പട്ടൂർ സെക്ഷനാഫീസിനു പുറമേ, നരിയാപുരം വള്ളിക്കോട്, വാഴമുട്ടം എന്നീ സ്ഥലങ്ങളിൽ മൂന്നു സെക്ഷനാഫീസ് അനുവദിച്ച് മുഴുവൻ ഉപഭോക്താക്കളേയും കൈപ്പട്ടൂർ മേജർ സെക്ഷൻെറ പരിധിയിൽ കൊണ്ടു വരണം.
2. കൂടുതൽ വൈദ്യുത ലൈനുകൾ വലിച്ചും, 15ഓളം പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചും, കോളനി നിവാസികൾ അടക്കം മുഴുവൻ ആളുകൾക്കും കണക്ഷൻ നല്കണം.
3. ആമുഖത്തിൽ സൂചിപ്പിക്കുന്ന തരത്തിൽ 11KVലൈൻ വലിച്ച് വോൾട്ടേജ് ക്ഷാമം പരിഹരിക്കണം.
4. പ്രാദേശികതലത്തിൽ ഊർജ്ജസംരക്ഷണ സമിതികൾ രൂപീകരിച്ച് ഊർജ്ജത്തിൻെറ പ്രസരണ നഷ്ടം ഒഴിവാക്കാനായി ലൈനുകളിൽ മുട്ടിക്കിടക്കുന്ന വൃക്ഷ ശിഖരങ്ങൾ വെട്ടിമാറ്റുന്നതിന് സ്ഥിര സംവിധാനം ഉണ്ടാവണം.
5. ഇന്ധനക്ഷമത കൂടിയ അടുപ്പുകൾ പ്രചരിപ്പിക്കാനും ഇന്ധനലാഭമുണ്ടാക്കാനുമുള്ള പരിപാടികൾ നടപ്പാക്കണം.
6. പാചകവാതക വിതരണ ഏജൻസിയും, പെട്രോൾ പമ്പും പഞ്ചായത്തിൽ സ്ഥാപിക്കണം.
7. വൈദ്യുതി ബോർഡ് ജീവനക്കാരുടെ സഹകരണത്തോടെ വൈദ്യുതി വിതരണത്തിലെ അപാകതകൾ പരിഹരിക്കുന്നതിനും കാര്യക്ഷമമാക്കുന്നതിനും ആഫീസും ഫീൽഡും ആയുള്ള ബന്ധം ദൃഢമാക്കണം.
8. അനർട്ടിൻെറ സഹായത്തോടെ പാരമ്പര്യേതര ഊർജ്ജ ഉപകരണങ്ങളേക്കുറിച്ച് പ്രചരണപരിപാടികൾ സംഘടിപ്പിക്കണം.

ഉദാ: Copact thirensent lamp

9. സോളാർ ഉപയോഗിച്ച് തെരുവുവിളക്കുകൾ കത്തിക്കാമോ എന്നു പരിശോധിക്കണം.
10. സർക്കാർ പാചകവാതക ഗ്യാസ് വള്ളിക്കോട്ടു പഞ്ചായത്തിന് ലഭിക്കുന്നതിന് സംവിധാനം ഉണ്ടാകണം.
11. സൗരോർജ്ജ അടുപ്പുകളും, വിളക്കുകളും കുറഞ്ഞ വിലയ്ക്ക് വിതരണം ചെയ്യണം.

## മാർക്കറ്റ്

വള്ളിക്കോട് പൊതുവേ കാർഷിക പ്രധാനമായ ഒരു പഞ്ചായത്താണ്. കർഷകർ ഉല്പാദിപ്പിക്കുന്ന വിളകൾക്ക് ന്യായമായ വില ലഭിക്കുന്നതിന് ഇന്ന് നല്ല ചന്തയൊന്നും പഞ്ചായത്തിലില്ല. അതിനാൽ കർഷകർ ഇന്ന് തങ്ങളുടെ

വിളകൾ വിറ്റഴിക്കുന്നതിന് അന്യ പഞ്ചായത്തുകളിലുള്ള ചന്തകളെയാണ് ആശ്രയിക്കുന്നത്. ഇത് നമ്മുടെ കർഷകർക്കു വളരെയേറെ ബുദ്ധിമുട്ടും നമ്മുടെ പഞ്ചായത്തിന് വളരെയേറെ വരുമാന നഷ്ടവും ഉണ്ടാക്കുന്നു. വള്ളിക്കോട് പഞ്ചായത്ത് ഓഫീസ്സ് ആസ്ഥാനമാക്കി ഒരു വലിയ ചന്ത നടത്തുന്നതിനുള്ള സൗകര്യങ്ങൾ ഒരുക്കിയാൽ ഈ നഷ്ടം ഒരു പരിധിവരെ പരിഹരിക്കാവുന്നതാണ്. പണ്ട് പഞ്ചായത്ത് ഓഫീസിന് സമീപം ഒരു കാളചന്ത നിലവിലിരുന്നു. (നാരായണപുരം കാളചന്ത) ഇന്ന് അതില്ല, അതുപോലെ തിങ്കൾ, വ്യാഴം, എന്നീ ദിവസങ്ങളിൽ പൈയിനുംമൂട് ജംഗ്ഷനിൽ ഉണ്ടായിരുന്ന വാഴക്കുല ചന്ത അതിപ്രസിദ്ധമായിരുന്നു.

## ഇന്ന് നിലവിലുള്ള ചന്തകൾ

വള്ളിക്കോട് പുത്തൻ ചന്ത. വള്ളിക്കോട് പഞ്ചായത്ത് ഓഫീസ്സിനു സമീപം ചൊവ്വാ, വെള്ളി ദിവസങ്ങളിൽ പ്രവർത്തിക്കുന്നു.

2. നരിയാ പുരത്ത് സ്വകാര്യമേഖലയിലുള്ള ചന്ത
തിങ്കൾ വ്യാഴം ദിവസങ്ങളിൽ പ്രവർത്തിക്കുന്നു.

3. കൈപ്പട്ടൂർ പഴയ കടത്തുകടവിൽ പ്രവർത്തിക്കുന്ന അന്തിച്ചന്ത.

### മുകളിൽപ്പറഞ്ഞ ചന്തകളെ സംബന്ധിച്ച പ്രശ്നങ്ങളും നിർദ്ദേശങ്ങളും

1. വള്ളിക്കോടു പുത്തൻചന്ത. നിലവിലുള്ള ചന്തയ്ക്ക് സ്ഥലം കുറവായതിനാൽ കൂടുതൽ സ്ഥലം വാങ്ങി ആധുനിക സൗകര്യങ്ങളോടുകൂടി ചന്ത വികസിപ്പിക്കണം. കൂടുതൽ കെട്ടിടങ്ങൾ പണിത് ഷോപ്പിംഗ് കോംപ്ലക്സ് ആയി പ്രവർത്തിക്കണം. പച്ചക്കറികൾ കാർഷിക വിളകൾ തുടങ്ങിയവയുടെ വ്യാപാരത്തിന് ആവശ്യമായ സ്ഥിരം സ്റ്റാളുകൾ പണികഴിപ്പിക്കണം. മത്സ്യ ചന്തയും പരിസരങ്ങളും പ്രത്യേകം കോൺക്രീറ്റ് ചെയ്ത് വൃത്തിയായി സൂക്ഷിക്കണം. ചന്തയുടെ തറ കോൺക്രീറ്റ് ചെയ്യണം. മത്സ്യചന്ത എല്ലാ ദിവസവും നടത്താനുള്ള ക്രമീകരണം ഉണ്ടാക്കണം. ചന്തയ്ക്ക് ചുറ്റുമതിൽ കെട്ടി സംരക്ഷിക്കണം. ചന്തയ്ക്കകത്ത് തെരുവുവിളക്ക് ഉണ്ടാക്കണം. മാലിന്യങ്ങൾ നീക്കാനുള്ള സംവിധാനം ഉണ്ടാക്കണം. ചന്തയിൽ സ്ത്രീകൾക്കും പുരുഷന്മാർക്കും പ്രത്യേകം മൂത്രപ്പുര ഉണ്ടാക്കണം. ഇറച്ചി വില്പന പ്രത്യേകം സ്ഥലത്ത് വൃത്തിയായി കെട്ടിയ സ്റ്റാളുകളിൽ ആയിരിക്കണം.

ഇന്ന് റോഡുവക്കിലും മറ്റും പ്രവർത്തിക്കുന്ന വ്യാപാരം പൂർണ്ണമായും ചന്തയ്ക്കകത്ത് നടത്തുന്നതിനുള്ള സൗകര്യം ഉണ്ടാക്കണം. ഗേറ്റ് ഫീസ് പിരിക്കുന്നതിനുള്ള റേറ്റ് കാണിക്കുന്ന ബോർഡ് ചന്തയിലേക്ക് പ്രവേശിക്കുന്ന പ്രധാന കവാടത്തിൽ വൃത്തിയായി എഴുതി പ്രദർശിപ്പിക്കണം.

മാസത്തിൽ ഒരിക്കൽ ആടുമാടുകളുടെ കച്ചവടത്തിനുള്ള സൗകര്യം ഉണ്ടാക്കണം.

2. നരിയാപുരത്തെ സ്വകാര്യമേഖലയിലുള്ള ചന്ത
തിങ്കൾ, വ്യാഴം എന്നീ ദിവസങ്ങളിൽ സ്വകാര്യമേഖലയിൽ പ്രവർത്തിക്കുന്ന ഈ ചന്ത പഞ്ചായത്തിൽ നിന്നും ഏറ്റെടുക്കണം. ആവശ്യത്തിനുള്ള സ്ഥലം വാങ്ങി സ്റ്റാളുകൾ തുടങ്ങി ആധുനികമായ എല്ലാ സൗകര്യങ്ങളും ഏർപ്പെടുത്തണം

3. കൈപ്പട്ടൂർ പഴയ കടത്തുകടവിൽ പ്രവർത്തിക്കുന്ന അന്തിച്ചന്ത

ചന്ത പ്രവർത്തിക്കുന്ന സ്ഥലം മണ്ണിട്ടു നികത്തി റോഡിനു സമമാക്കണം. സ്റ്റാളുകൾ മുതലായവ നിർമ്മിച്ച് സൗകര്യപ്രദമാക്കണം. ആറിന്റെ ഭാഗത്തെ പടവുകൾ കെട്ടി സൗകര്യപ്പെടുത്തണം. ഈ ഭാഗത്ത് ഒരു ഓപ്പൺ എയർ തീയേറ്റർ കെട്ടിയാൽ പൊതു ആവശ്യത്തിന് ഉപയോഗിക്കാവുന്നതാണ്.

## മറ്റു നിർദ്ദേശങ്ങൾ

1. വാഴമുട്ടം ജംഗ്ഷനിൽ (സ്ക്കൂളിനു സമീപം) ആഴ്ച ചന്തയോ അന്തിച്ചന്തയോ സ്ഥാപിക്കാൻ നടപടി ഉണ്ടാകണം.
2. കൈപ്പട്ടൂർ തട്ടവഴി അടൂർ റോഡിൽ കാരയ്ക്കാട്ട് ജംഗ്ഷനിൽ (കുരിശുംമൂട്) ഒരു അന്തിച്ചന്ത സ്ഥാപിക്കുക.
3. കുടമുക്കു തീയേറ്റർ ജംഗ്ഷനിൽ അന്തിച്ചന്ത തുടങ്ങണം.
4. കൊച്ചാലുംമൂട്ടിൽ അന്തിച്ചന്ത അനുവദിക്കണം.
5. നരിയാപുരം ജംഗ്ഷനിൽ ഒരു അന്തിച്ചന്ത തുടങ്ങണം

മുകളിൽപ്പറഞ്ഞവയെല്ലാം ഗ്രാമസഭകളിൽ ഉയർന്നുവന്നിട്ടുള്ളതും അത്യാവശ്യമായി ചെയ്യേണ്ടതുമായ കാര്യങ്ങളാണ്. ഈ കാര്യങ്ങളെല്ലാം നടപ്പിലാക്കുന്നതിന് ആവശ്യമായ ഫണ്ട് അവ നടപ്പിലാക്കുന്നതിനുള്ള നടപടികൾ തുടങ്ങിയവയെപ്പറ്റി വിശദമായ ചർച്ചകൾ നടത്തി പദ്ധതികൾ ആവിഷ്കരിക്കേണ്ടതാണ്.

# പാർപ്പിടവും സാമൂഹ്യക്ഷേമവും

## 5.7

ആഹാരം, വസ്ത്രം, പാർപ്പിടം എന്നിവ ജീവിതാവശ്യങ്ങളിൽ അതിപ്രധാനമാണ്. ഇവയുടെ ലഭ്യതയ്ക്കും സുഭിക്ഷതയ്ക്കും വേണ്ടിയാണ് മനുഷ്യന്റെ നിരന്തരമായ പരിശ്രമം. സാമൂഹ്യവും സാമ്പത്തികവുമായ കാരണങ്ങളാൽ മേൽപ്പറഞ്ഞ അടിസ്ഥാനാവശ്യങ്ങൾ നിറവേറ്റുവാൻ കഴിയാത്ത ഒരു സമൂഹം ഇവിടെയുണ്ട്. അവരെ ദുർബ്ബല വിഭാഗങ്ങളെന്നോ ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവരെന്നോ വിശേഷിപ്പിക്കാം. മണിമാളികകളും ചെറ്റക്കുടിലുകളും ഇവിടെയുണ്ട്. ഒപ്പം തല ചായ്ക്കാനിടമില്ലാത്ത മനുഷ്യ പുത്രന്മാരും.

വിശപ്പടക്കുവാനുള്ള ആഹാരവും അവശ്യം വേണ്ട വസ്ത്രവും അധിവാസയോഗ്യമായ വീടും ഓരോ കുടുംബത്തിന്റെയും സ്വപ്നമാണ്. ഒപ്പം ആരോഗ്യം, വിദ്യാഭ്യാസം, തൊഴിൽ എന്നിവയിൽ അർഹമായ പരിഗണനയും ലഭ്യമാകുന്നതോടെ സാമൂഹ്യമായ അസന്തുലിതാവസ്ഥയെ ഒരു പരിധിവരെ സന്തുലിതമാക്കുവാൻ നമുക്കു സാധിക്കും. പാർപ്പിടവും സാമൂഹ്യക്ഷേമവും വിരൽ ചൂണ്ടുന്നത് ആ ലക്ഷ്യത്തിലേക്കാണ്.

### പാർപ്പിടം

സമൂഹത്തിന്റെ വളർച്ചയ്ക്ക് അനുസൃതമായി പാർപ്പിടങ്ങളുടെ കെട്ടും മട്ടും മാറും. എണ്ണവും വർദ്ധിക്കും. അര നൂറ്റാണ്ടിനു മുമ്പ് നമ്മുടെ പഞ്ചായത്തിൽ 95% വീടുകളും ഓലമേഞ്ഞവയായിരുന്നു. അവയുടെ 50% ൽ അധികവും ചെറ്റക്കുടിലുകൾ! കോൺക്രീറ്റു ചെയ്ത വീടുകൾ ഒന്നും തന്നെ ഉണ്ടായിരുന്നില്ല. ഇപ്പോഴോ? പഞ്ചായത്തിൽ ആകെയുള്ള 6128 വീടുകളിൽ ഒന്നിൽ കൂടുതൽ നിലകളുള്ളവ 143 കോൺക്രീറ്റു ചെയ്ത ഒരു നില കെട്ടിടങ്ങൾ 1524. ഓടിട്ടവ 2996 ഓല മേഞ്ഞവ 1465. തീരെ മോശപ്പെട്ട വീടുകൾ 770. നികുതിയുള്ളവ 3605. നികുതിയില്ലാത്തവ 2403.

### വീടുകളുടെ തരം തിരിച്ചുള്ള കണക്ക്

പട്ടിക I

| വാർഡ് | ഒന്നിൽകൂടുതൽ നിലകളുള്ളവ | കോൺക്രീറ്റ് വീടുകൾ | ഓടിട്ട വീടുകൾ | ഓലകെട്ടിയ വീടുകൾ | ആകെ വീടുകൾ |
|---|---|---|---|---|---|
| I | 21 | 109 | 441 | 108 | 679 |
| II | 15 | 95 | 276 | 140 | 526 |
| III | 35 | 387 | 316 | 44 | 782 |
| IV | 6 | 80 | 209 | 120 | 415 |
| V | 20 | 96 | 215 | 165 | 496 |
| VI | 17 | 56 | 284 | 261 | 618 |
| VII | 16 | 256 | 420 | 218 | 910 |
| VIII | 4 | 65 | 350 | 155 | 574 |
| IX | 6 | 165 | 228 | 160 | 559 |
| X | 3 | 215 | 257 | 94 | 569 |
| ആകെ | 143 | 1524 | 2996 | 1465 | 6128 |



വീടുകളുടെ സ്ഥിതിയെക്കുറിച്ചുള്ള ചാർട്ട് - പട്ടിക II

| ആകെ വീടുകൾ | നികുതിയുള്ളത് | നികുതിയില്ലാത്തത് |
|---|---|---|
| 6128 | 3605 | 2403 |
| തരക്കേടില്ലാത്തത് | മോശം | വളരെ മോശം |
| 1250 | 443 | 770 |

ഈ പഞ്ചായത്തിൽ കേരളാ ഹൗസിംഗ് ബോർഡിൻെറ കോന്നിയിലുള്ള റീജിയണൽ ഓഫീസിൻെറ അധികാര പരിധിയിൽപ്പെട്ട പ്രദേശമാണ് വള്ളിക്കോട് ഗ്രാമപഞ്ചായത്ത്. ഈ പഞ്ചായത്തിൽ ഹൗസിംഗ് സൊസൈറ്റികൾ ഒന്നും നിലവിലില്ല.

പാർപ്പിട നിർമ്മാണ രംഗത്ത് ജനശ്രദ്ധ ആകർഷിച്ച പദ്ധതിയാണ് 'ലക്ഷംവീടു പദ്ധതി'. ഒരു തുടക്കം എന്ന നിലയിൽആരംഭിച്ച പ്രസ്തുതപദ്ധതിയുടെ കുറവുകൾപരിഹരിക്കുന്നതിനോ കോളനിനിവാസികളുടെ ജീവിത സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനോ ആവശ്യമായനടപടികൾ അർഹമായ ഗൗരവത്തിൽ തുടർന്നുണ്ടായിട്ടില്ല.

## ലക്ഷംവീടു കോളനികളിലെ ചില പ്രശ്നങ്ങൾ

പഞ്ചായത്തിൽ നാലു ലക്ഷംവീടു കോളനികളാണുള്ളത്.

1. 6-ാം വാർഡിലെ മുകളുപറമ്പിൽ കോളനിയിലും 9-ാം വാർഡിലെ കാവിൻറയ്യത്ത് ലക്ഷം വീടു കോളനിയിലും താമസക്കാർക്ക് നാലു സെൻറ് സ്ഥലം വീതമല്ലാതെ വീടുകൾ നിർമ്മിച്ചു നൽകിയിട്ടില്ല. ഈ രണ്ടു കോളനികളിലും 75% ൽ കൂടുതൽ പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരാണ് താമസിക്കുന്നത്. ഭൂരിഭാഗവും ചെറ്റുക്കുടിലുകളിൽ കഴിഞ്ഞുകൂടുന്നു. 3 കോളനികളിൽ 24 കുടുംബങ്ങൾ വീതം താമസിച്ചു വരുന്നു. കുളത്തൂരേത്തു കോളനിയിൽ 10 കുടുംബങ്ങൾ താമസിക്കുന്നു.
2. നാലാം വാർഡിലെ കുടമുക്കു കോളനിയിലും ഏഴാം വാർഡിലെ കുളത്തൂരേത്തു കോളനിയിലും പദ്ധതി പ്രകാരം വീടുകൾ നിർമ്മിച്ചു നൽകിയിട്ടുണ്ട്.
3. കുളത്തൂരേത്തു കോളനി ഒഴികെ മറ്റു മൂന്നു കോളനികളിലും കക്കൂസുകൾ നിർമ്മിച്ചു നൽകിയിട്ടില്ല.
4. ചില കോളനികളിൽ വൈദ്യുതി എത്തിയിട്ടുണ്ടെങ്കിലും എല്ലാ വീടുകളും വൈദ്യുതീകരിച്ചിട്ടില്ല.
5. കോളനികളിൽ ജനദൗർലഭ്യം അനുഭവപ്പെടുന്നുണ്ട്.
6. ശവസംസ്കാരത്തിനുള്ള സൗകര്യങ്ങൾ ഇല്ല.

## മറ്റു കോളനികൾ

ഈ പഞ്ചായത്തിൽ 21 കോളനികൾ വേറെയുണ്ട് അവിടുത്തെ താമസക്കാരിൽ ബഹുഭൂരിപക്ഷവും ദുർബ്ബല ജനവിഭാഗങ്ങളിൽപ്പെട്ടവരാണ്.

സംയോജിത വികസന പദ്ധതി കോളനികളുടെ സ്ഥിതി ഒരുപരിധിവരെ മെച്ചപ്പെടുത്തിയിട്ടുണ്ട്. വീടുകൾ നിർമ്മിച്ചു നൽകിയിട്ടുണ്ട്. നിർമ്മാണത്തിനു നൽകിയ തുകയുടെ അപര്യാപ്തതമൂലം അപൂർണ്ണമായി കിടക്കുന്ന വീടുകളുണ്ട്. ഈടി കയ്യാലകൾ കുറെയൊക്കെ തീർന്നിരിക്കുന്നു. കുടിവെള്ളം എത്തിക്കുവാനുള്ള പ്രവർത്തനവും ഒരു പരിധി വരെ നടന്നിട്ടുള്ളതായി കാണാം.

IHDPയിൽ പ്പെടാത്ത കോളനികളിൽ ഓലമേഞ്ഞ കുടിലുകൾ ഇപ്പോഴും നിലനില്ക്കുകയാണ്. ഒന്നാം വാർഡിലെ പാലശ്ശേരി കോളനിയും രണ്ടാം വാർഡിലെ താഴയിൽ കോളനിയിലും അഞ്ചാം വാർഡിലെ മൂന്നാം കലങ്കു - കോളനിയിലും വൈദ്യുതി എത്തിയിട്ടില്ല. മറ്റു കോളനികളിലെ പല വീടുകളിലും വൈദ്യുതി കിട്ടിയിട്ടില്ല. കോളനി പ്രദേശങ്ങളിൽ കുടിവെള്ളക്ഷാമം അതിരൂക്ഷമാണ്. അഞ്ചാം വാർഡിൽ 20 കുടുംബങ്ങളും 7-ാം വാർഡിൽ 5 കുടുംബങ്ങളും 2-ാം വാർഡിൽ ഒരു കുടുംബവും പുറമ്പോക്കു ഭൂമികളിൽ താമസിക്കുന്നു. ഭൂമിയും വീടുമില്ലാത്ത 21 കുടുംബങ്ങൾ ഈ പഞ്ചായത്തിൽ ഉണ്ട്. 8-ാം വാർഡിൽ 15. ഏഴാം വാർഡിൽ 2, ഒൻമ്പതാം വാർഡിൽ - 2, അഞ്ചാം വാർഡിൽ -1, 10-ാം വാർഡിൽ-1

ജീവിതാവശ്യത്തിനുതകുന്ന ഒരു വീട് എന്നതിനുപരി മണിമന്ദിരങ്ങൾ പടുത്തുയർത്തുന്ന ഒരു പ്രവണത ഇന്ന് സമ്പന്ന സമൂഹത്തിൽ വർദ്ധിച്ചു വരുന്നുണ്ട്. സമൂഹത്തിൽ അസന്തുലിതാവസ്ഥയ്ക്കും അസ്വസ്ഥതകൾക്കും ഇട നൽകുന്ന ഈ പ്രവണത നിരുത്സാഹപ്പെടുത്തേണ്ടതാണ്.

## പാർപ്പിട നിർമ്മാണ രംഗത്തുള്ള പ്രശ്നങ്ങൾ

1. പാർപ്പിട നിർമ്മാണത്തിനു വേണ്ട സാധന സാമഗ്രികളുടെ വിലവർദ്ധനയും ദൗർലഭ്യവും.
2. പാർപ്പിട നിർമ്മാണത്തിനു യോജിച്ച സ്ഥലങ്ങളുടെ പരിമിതി
3. വായ്പകൾ ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ടുകൾ
4. മതിൽക്കെട്ടുകൾ ഉയർത്തുന്ന പരിസ്ഥിതി പ്രശ്നങ്ങൾ
5. വിദഗ്ദ്ധ തൊഴിലാളികളുടെ കുറവും കൂലിവർദ്ധനയും

## കക്കൂസ് ഇല്ലാത്ത വീടകുൾ (IRDP സർവ്വേ പ്രകാരം)
### പട്ടിക II

| വാർഡ് നമ്പർ | സാനിട്ടറി കക്കൂസുകൾ ഇല്ലാത്ത വീടുകൾ | വിവിധ പദ്ധതികളിലായി ഇതുവരെ അനുവദിച്ച കക്കൂസുകളുടെ എണ്ണം. | പൂർത്തീകരിച്ചവയുടെ എണ്ണം | ഇനീ കക്കൂസുകൾവേണ്ട കുടുംബങ്ങളുടെ എണ്ണം. |
|---|---|---|---|---|
| 1 | 67 | 13 | 3 | 54 |
| 2 | 83 | 11 | 4 | 72 |
| 3 | 90 | 16 | 7 | 74 |
| 4 | 60 | 13 | 3 | 47 |
| 5 | 72 | 17 | 13 | 59 |
| 6 | 68 | 24 | 14 | 44 |
| 7 | 60 | 30 | 10 | 20 |
| 8 | 55 | 15 | 5 | 40 |
| 9 | 70 | 55 | 34 | 15 |
| 10 | 65 | 34 | 22 | 31 |
| ആകെ | 694 | 228 | 105 | 456 |

### പാർപ്പിട നിർമ്മാണ രംഗത്തെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നിർദ്ദേശങ്ങൾ

1. പഞ്ചായത്തു തലത്തിൽ ഭവന നിർമ്മാണ സഹകരണസംഘങ്ങൾ സ്ഥാപിക്കുക
2. ചെലവുകുറഞ്ഞ വീടുകൾ നിർമ്മിക്കുന്നതിന് നിർമ്മിതി കേന്ദ്രത്തിൻെറ സേവനം പ്രയോജനപ്പെടുത്തണം.
3. ഭൂരഹിതർക്കുവേണ്ടി ഹൗസിംഗ് കോളനികൾ സ്ഥാപിക്കണം.
4. പാർപ്പിട നിർമ്മാണത്തിന് ഉദാരവ്യവസ്ഥയിൽ വായ്പകൾ ലഭ്യമാക്കണം.
5. പാർപ്പിട നിർമ്മാണ പദ്ധതിയെ സംബന്ധിച്ച് ബോധവൽക്കരണം നടത്തണം.
6. ദാരിദ്ര്യരേഖയ്ക്കു താഴെയുളള കുടുംബങ്ങൾക്കു വീടിൻെറ അറ്റകുറ്റപണികൾ നടത്തുന്നതിന് സബ്സിഡിയോടുകൂടിയ വായ്പകൾ അനുവദിയ്ക്കണം.
7. കെട്ടിട നിർമ്മാണ ചെലവിന് പഞ്ചായത്ത് ഒരു പരിധി നിശ്ചയിക്കണം. പരിധിയിൽ കവിഞ്ഞ് ചെലവു ചെയ്തു നിർമ്മിക്കുന്ന കെട്ടിടത്തിന് അധിക നികുതി ഏർപ്പെടുത്തണം.
8. പ്രകൃതിക്ഷോഭ പുനരധിവാസ പദ്ധതി 15000/- രൂപയിൽ നിന്ന് 25000/- രൂപയാക്കി ഉയർത്തണം.
9. രാജീവ് ദശലക്ഷ പാർപ്പിട പദ്ധതി 26400/- രൂപയിൽ നിന്നും 25000/- രൂപയാക്കി ഉയർത്തണം.
10. നിർമ്മാണ തൊഴിലാളികളുടെ ലേബർ ബ്യൂറോ പഞ്ചായത്തു തലത്തിൽ ഉണ്ടാക്കണം.
11. കോളനികളിൽ ടെലിവിഷൻ സെറ്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.
12. പാർപ്പിട നിർമ്മാണത്തിനായി പുറമ്പോക്കു ഭൂമി ഭൂരഹിതർക്ക് പതിച്ചു കൊടുക്കണം.



### സാമൂഹ്യക്ഷേമം

വള്ളിക്കോട് പഞ്ചായത്തിൽ സാമൂഹ്യക്ഷേമരംഗത്ത് താരതമ്യേന വളരെ പരിമിതമായ നേട്ടങ്ങളെ കൈവരിക്കുവാൻ കഴിഞ്ഞിട്ടുള്ളൂ.

1991 ലെ സെൻസസ് പ്രകാരം ഈ പഞ്ചായത്തിലെ ജനസംഖ്യ 19764ആണ്. ആകെ കുടുംബങ്ങൾ 6128. അവയിൽ 1951 കുടുംബങ്ങൾ ദാരിദ്ര്യരേഖയ്ക്കു താഴെയാണ്. 2451 കുടുംബങ്ങൾക്ക് കക്കൂസുകളില്ല. ഇതിൽ 530 കുടുംബങ്ങൾ പട്ടികജാതി- പട്ടികവർഗ്ഗത്തിൽപ്പെട്ട

## IRDP സർവ്വേപ്രകാരം ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവരുടെ വിവരം.

| വാർഡ്. | സർവ്വേപ്രകാരം കണ്ടെത്തിയ ആകെ കുടുംബങ്ങളുടെ എണ്ണം. | SC /ST കുടുംബങ്ങൾ. | സാമ്പത്തീക സഹായം ലഭിച്ച കുടുംബങ്ങൾ. | SC/ST. | സഹായം ലഭിച്ചതു വഴി ദാരിദ്ര്യരേഖ യ്ക്കു മുകളിൽ എത്തിയ കുടുംബ ങ്ങൾ. | ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള കുടുംബ ങ്ങൾക്കു സഹായം അർഹിക്കുന്നവർ. |
|---|---|---|---|---|---|---|
| 1 | 97 | 13 | 7 | 2 | 1 | 96 |
| 2 | 141 | 25 | 20 | 9 | 4 | 137 |
| 3 | 163 | 58 | 18 | 14 | 3 | 160 |
| 4 | പുതിയ വാർഡ് | - | - | - | - | - |
| 5 | 133 | 27 | 14 | 8 | 2 | 131 |
| 6 | 242 | 107 | 23 | 21 | 4 | 238 |
| 7 | 278 | 47 | 37 | 11 | 5 | 273 |
| 8 | 198 | 67 | 13 | 5 | 2 | 196 |
| 9 | 201 | 85 | 30 | 23 | 3 | 198 |
| 10 | 124 | 37 | 28 | 23 | 71 | 17 |
| ആകെ | 1577 | 466 | 190 | 116 | 31 | 1546 |

വയാണ്. സംയോജിത ഗ്രാമവികസന പദ്ധതിയുടെ സഹായത്തോടെ 115 കുടുംബങ്ങൾ ദാരിദ്ര്യരേഖയ്ക്കു മുകളിൽ എത്തിയിട്ടുണ്ടെന്നാണ്. പ്രസ്തുത പദ്ധതിയുടെ സഹായം ലഭിച്ചിട്ടില്ലാത്ത 1875 കുടുംബങ്ങൾ ഇനിയും ശേഷിക്കുന്നു. ട്രൈസം പദ്ധതിയിലൂടെ പരിശീലനം സിദ്ധിച്ചവരും ഇവിടെയുണ്ട്. അവരുടെ ശ്രമഫലമായി D.W.C.R.A പദ്ധതി പ്രകാരം രണ്ടു മെറ്റൽ യൂണിറ്റുകൾ ഒമ്പതും പത്തും വാർഡുകളിൽ പ്രവർത്തിച്ചു വരുന്നു. ഒമ്പതിലെ യൂണിറ്റിന് സ്ഥലമോ മറ്റു സൗകര്യങ്ങളോ ഇല്ല. അവിടെ 11 വനിതകൾ ജോലി ചെയ്യുന്നു. പത്തിലെ യൂണിറ്റിൽ 15 സ്ത്രീകൾ ജോലി ചെയ്യുന്നുണ്ട്. കൈപ്പട്ടൂരിൽ ആരംഭിച്ചിരുന്ന DWCRA യൂണിറ്റ് ഇപ്പോൾ പ്രവർത്തിക്കുന്നില്ല.

ബാങ്കുകളിൽ നിന്നും വായ്പകൾ കിട്ടുന്നതിന് ബുദ്ധിമുട്ടും കാലതാമസവും അനുഭവപ്പെടുന്നുണ്ട്.

### വില്ലേജ് ആഫീസുകൾ വഴിയുള്ള ക്ഷേമപദ്ധതികൾ

നിത്യവൃത്തിക്ക് ബുദ്ധിമുട്ടുന്ന വിധവകൾക്കും വൃദ്ധന്മാർക്കും വികലാംഗർക്കും രോഗികൾക്കും കർഷകത്തൊഴിലാളികൾക്കും തൊഴിൽ രഹിതർക്കും സഹായധനം നൽകുന്നത് വില്ലേജ് ആഫീസുകളുടെ ശുപാർശയനുസരിച്ചാണ്.

സഹായധനം ലഭിക്കുന്നവരുടെ വിവരം അടിയിൽ ചേർക്കുന്നു.

### പട്ടിക III

| | സഹായധനത്തിൻെറ ഇനം. | ലഭിക്കുന്നവരുടെ എണ്ണം |
|---|---|---|
| 1. | വിധവാ പെൻഷൻ | 96 |
| 2. | അഗതി പെൻഷൻ (വികലാംഗരും വാർദ്ധക്യം ചെന്നവരും) | 75 |
| 3. | ക്ഷയരോഗികൾക്കുള്ള പെൻഷൻ | 4 |
| 4. | ക്യാൻസർ രോഗികൾക്കുള്ള പെൻഷൻ | 2 |
| 5. | കർഷകത്തൊഴിലാളികൾക്കുള്ള പെൻഷൻ | 219 |
| 6. | തൊഴിലില്ലായ്മ വേതനം | 173 |

### പെൻഷനുകളെ സംബന്ധിച്ചുള്ള ചില പ്രശ്നങ്ങളും നിർദ്ദേശങ്ങളും

*1. വിധവാ പെൻഷൻ*

പ്രായപൂർത്തിയായ ആൺമക്കളുള്ള വിധവകൾക്ക് പെൻഷന് അർഹതയില്ലെന്നാണ്. അർഹതയുള്ള പലരേയും അനർഹരാക്കുന്നതിനുള്ള വ്യവസ്ഥമാറ്റി വരുമാനത്തിൻെറ

അടിസ്ഥാനത്തിൽ പെൻഷൻ ലഭ്യമാക്കണം.

*2. കർഷകത്തൊഴിലാളികൾ*

അർഹരായ കർഷകതൊഴിലാളികൾ നല്ലൊരു വിഭാഗത്തിന് ഇപ്പോഴും പെൻഷൻ കിട്ടുന്നില്ല. അർഹരായവരെ കണ്ടെത്തുവാനുള്ള അധികാരം ഗ്രാമപഞ്ചായത്തിനു നൽകണം.

*3. വാർദ്ധക്യകാല പെൻഷൻ*

പ്രായപൂർത്തിയായ ആൺമക്കളുള്ളവരെ പെൻഷന് അനർഹരാക്കുന്ന നിയമം മാററണം. പെൻഷനുള്ള അർഹതയുടെ മാനദണ്ഡം വരുമാനമാക്കണം.

*4. തൊഴിലില്ലായ്മാ വേതനം*

തൊഴിലില്ലായ്മ വേതനത്തിനു വിനിയോഗിക്കുന്ന തുക തൊഴിലവസരങ്ങൾ ഉണ്ടാക്കുന്ന പ്രത്യുത്പാദന മേഖലകളിലേക്കു തിരിച്ചു വിടണം.

5. ക്ഷയരോഗികൾക്കും ക്യാൻസർ രോഗികൾക്കും നൽകിവരുന്ന സഹായധനത്തിൻെറ തോത് വർദ്ധിപ്പിക്കണം.

6. പെൻഷൻ വിതരണം കുടിശിക വരുത്താതെ ക്രമമായി നൽകണം.

## അങ്കൺ വാടികൾ

സാമൂഹ്യക്ഷേമരംഗത്ത് അടിസ്ഥാനപരമായ നേട്ടങ്ങൾ ഉണ്ടാക്കുവാൻ കഴിയുന്ന അംഗനവാടികൾ നമ്മുടെ പഞ്ചായത്തിൽ 25 എണ്ണം ഉണ്ട്. ഇവയിൽ 6 എണ്ണത്തിനു മാത്രമാണ് സ്വന്തമായി കെട്ടിടങ്ങൾ ഉള്ളത്. ശേഷിക്കുന്നവയ്ക്കും കെട്ടിടങ്ങൾ ഉണ്ടാകണം. കുട്ടികൾക്ക് ആഹ്ലാദം പകരുന്ന സഹാചര്യം അങ്കണ വാടികളിലുണ്ടാവണം. പ്രാഥമികാവശ്യങ്ങൾക്കുള്ള സൗകര്യങ്ങൾപോലും പലയിടത്തുമില്ല. പൊടിക്കുഞ്ഞുങ്ങളെ 'ടൈ കെട്ടിക്കുന്ന ' പുത്തൻ വിദ്യാഭ്യാസ സംസ്കാരം അങ്കൻ വാടികളുടെ പ്രവർത്തനങ്ങൾക്ക് മങ്ങൽ ഏല്പിക്കുന്നു. ബഹുജന സഹകരണംകൊണ്ട് വളരേണ്ട പ്രസ്ഥാനമാണ് അങ്കൻവാടികൾ.

### നിർദ്ദേശങ്ങൾ

1 അങ്കൻവാടികൾക്ക് ഉറപ്പും വൃത്തിയുമുള്ള നല്ല കെട്ടിടങ്ങൾ ഉണ്ടാകണം. പഞ്ചായത്തിൻെറ അധീനതയിലുള്ള ഭൂമി അതിനുവേണ്ടി വിനിയോഗിക്കണം

2 പോഷകാഹാരത്തിനു നൽകുന്ന സംഖ്യ വർദ്ധിപ്പിക്കണം.

3 അങ്കൻവാടി വർക്കർമാരെയും ഹെൽപ്പർമാരേയും സ്ഥിരപ്പെടുത്തണം. അവരുടെ സേവന വേതന വ്യവസ്ഥകൾ നിജപ്പെടുത്തണം. അർഹമായ വേതനം നൽകണം.

4 അനെർട്ട് അടുപ്പുകൾ അംഗൻവാടികൾക്കു നൽകണം.

## പാർപ്പിട നിർമ്മാണം

### പ്രശ്നങ്ങൾ

1. ഹൗസിംഗ് ബോർഡിൻെറ റീജിയണൽ ആഫീസ് ഈ പഞ്ചായത്തിലോ സമീപ പഞ്ചായത്തുകളിലോ ഇല്ലാത്ത സ്ഥിതി.
2. ചെലവു കുറഞ്ഞ വീടുകൾ നിർമ്മിക്കുന്നതിന് വൈദഗ്ദ്ധ്യമില്ലായ്മ.
3. വായ്പകൾ ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ടുകൾ
4. പാർപ്പിട പദ്ധതിയെ സംബന്ധിച്ച് ബോധവൽക്കരണം ഇല്ലായ്മ
5. വീടുള്ളവർക്ക് അററകുററ പണികൾ നടത്തുന്നതിന് നിവൃത്തിയില്ലാത്ത അവസ്ഥ.
6. ചെറ്റക്കുടിലുകളിലും മണിമാണികകളും - അന്തരം അസ്വസ്ഥതകളുണ്ടാക്കുന്നു.
7. പാർപ്പിടങ്ങൾക്ക് അനുവദിക്കുന്ന തുക അവയുടെ നിർമ്മാണത്തിനു തികയാതെ വരുന്നു.
8. നിർമ്മാണ തൊഴിലാളികളുടെ എണ്ണം കുറവ്.
9. ദരിദ്ര വിഭാഗങ്ങൾക്ക് വിനോദത്തിനുള്ള അവസരം കുറവ്
10. പാർപ്പിട നിർമ്മാണത്തിന് ഭൂമിയുടെ ദൗർലഭ്യം.

## സാമൂഹ്യക്ഷേമം

### പ്രശ്നങ്ങൾ

1. നരിയാപുറത്ത് രണ്ട് റേഷൻ കടകൾ, ഭുവനേശ്വരത്ത് റേഷൻ കടയില്ല.
2. പുതിയ റേഷൻകാർഡു കിട്ടുവാൻ കടമ്പകളേറെ.
3. പൊതുവിതരണ മേഖലയിൽ അഴിമതി
4. റേഷൻ വ്യാപാരികൾക്ക് പരാതികൾ
5. കാർഡുകൾ റേഷൻകടകളിൽ രജിസ്ററർ ചെയ്യുന്നതിലുള്ള അപാകതകൾ
6. റേഷൻകടകളുടെ പ്രവർത്തനങ്ങളിൽ നിയന്ത്രണമില്ല.
7. മാവേലിസ്റ്റോറുകളുടെ എണ്ണം പരിമിതം.

### പൊതുവിതരണം

പൊതുവിതരണ ശൃഖല വില വർദ്ധനവ് ഒരു പരിധി വരെ നിയന്ത്രിക്കുന്നുണ്ട്.

നമ്മുടെ പഞ്ചായത്തിൽ 14 റേഷൻ കടകൾ പ്രവർത്തിക്കുന്നുണ്ട്. മുൻകാലങ്ങളിൽ കടകളിൽ നല്ല തിരക്ക് അനുഭവപ്പെട്ടിരുന്നു. ഇപ്പോൾ അധികം തിരക്കില്ല. റേഷൻ അരിയോട് അത്ര ആഭിമുഖ്യമില്ല.

# പഞ്ചായത്തിൽ നിലവിലുള്ള അങ്കണവാടികളുടെ വിവരം.

## പട്ടിക IV

| ക്രമ നമ്പർ | വാർഡ് നമ്പർ | സെൻറർ നമ്പർ | സ്ഥിതിചെയ്യുന്ന സ്ഥലം | കെട്ടിട വിവരം | 1-ാം ഗ്രേഡ് കുട്ടികളുടെ എണ്ണം | II-ാം ഗ്രേഡ് കുട്ടികളുടെ എണ്ണം | അൽപൂരക പോഷകാഹാരം ലഭിക്കുന്നവരുടെ എണ്ണം |
|---|---|---|---|---|---|---|---|
| 1 | 1 | 141 | നരിയാപുരം | വാടക | 10 | 9 | 34 |
| 2 | 1 | 176 | നരിയാപുരം | വാടക | 30 | - | 26 |
| 3 | 2 | 143 | വയലാവടക്ക് | വാടക | 8 | - | 30 |
| 4 | 2 | 142 | മാമ്മൂട് | വാടക | 10 | 6 | 45 |
| 5 | 2 | 144 | വയലാവടക്ക് | വാടക | 10 | 1 | 40 |
| 6 | 3 | 146 | കൈപ്പട്ടൂർ വെസ്റ്റ് | സ്വന്തം | 14 | 7 | 24 |
| 7 | 3 | 145 | കൈപ്പട്ടൂർ | സ്വന്തം | 28 | 8 | 30 |
| 8 | 4 | 156 | കല്ലുവിളകൈപ്പട്ടൂർ | വാടക | 21 | 3 | 28 |
| 9 | 4 | 153 | കുടമുക്ക് മാമ്മൂട് | വാടക | 22 | 2 | 36 |
| 10 | 5 | 154 | മൂന്നാംകലുങ്ക് | വാടക | 15 | - | 37 |
| 11 | 5 | 155 | മൂന്നാംകലുങ്ക് | വാടക | 14 | 14 | 17 |
| 12 | 6 | 152 | വള്ളിക്കോട് | വാടക | 14 | 4 | 30 |
| 13 | 6 | 151 | തൃക്കോവിൽ | വാടക | 6 | 1 | 32 |
| 14 | 6 | 150 | മുതുമത്തിൽ | ചിറവാടക | 7 | – | 25 |
| 15 | 7 | 149 | വള്ളിക്കോട് | വാടക | 26 | 3 | 40 |
| 16 | 7 | 147 | വള്ളിക്കോട് | വാടക | 32 | 1 | 40 |
| 17 | 7 | 148 | വള്ളിക്കോട് | വാടക | 12 | 5 | 35 |
| 18 | 8 | 159 | കൊച്ചാലുംമൂട് | സ്വന്തം | 24 | 4 | 37 |
| 19 | 8 | 158 | തെക്കുനിലം | സ്വന്തം | 18 | 5 | 36 |
| 20 | 8 | 157 | പുതുപ്പറമ്പ് | സ്വന്തം | 9 | 5 | 51 |
| 21 | 9 | 161 | വാഴമുട്ടം കിഴക്ക് | സ്വന്തം | 12 | 2 | 29 |
| 22 | 9 | 162 | വാഴമുട്ടം ചാലക്കൽ | വാടക | 12 | 2 | 40 |
| 23 | 17 | 177 | വാഴമുട്ടം | വാടക | 13 | 1 | 24 |
| 24 | 10 | 178 | വാഴമുട്ടം പടിഞ്ഞാറ് | വാടക | 9 | - | 35 |
| 25 | 10 | 160 | വാഴമുട്ടം കാഞ്ഞരപ്പാറ | വാടക | 17 | 5 | 30 |
| | | | ആകെ | | 393 | 88 | 831 |

## ചില നിർദ്ദേശങ്ങൾ

1. നരിയാപുരം ഭാഗത്ത് രണ്ടു റേഷൻ കടകൾ പ്രവർത്തിക്കുന്നുണ്ട്. അവയിൽ ഒന്ന് ഭുവനേശ്വരത്തേക്കുമാറ്റി സ്ഥാപിക്കണം
2. ഈ പഞ്ചായത്തിൽ കുറെ കുടുംബങ്ങൾക്ക് ഇനിയും റേഷൻകാർഡ് കിട്ടിയിട്ടില്ല. പുതിയ കാർഡുകൾ കിട്ടുവാനുള്ള നടപടികൾ ഉണ്ടാവണം. കാർഡുകൾ കിട്ടുവാനുള്ള വ്യവസ്ഥകൾ കൂടുതൽ ഉദാരമാക്കണം
3. പൊതു വിതരണ മേഖലയിൽ അഴിമതിയുടെ നിലവാരം വളരെ കൂടുതലാണ്. അഴിമതി ഒഴിവാക്കുവാനുള്ള നടപടികൾ ഉണ്ടാവണം.
4. റേഷൻ വ്യാപാരികൾക്ക് ന്യായമായ കമ്മീഷൻ ഉറപ്പാക്കണം.
5. ARD 202 -ാം നമ്പർ കടയിൽ (ഞക്കുനിലം) പ്രമാടം പഞ്ചായത്തിലെ 104 കാർഡുകൾ ഉണ്ട്. ARD 201-ാം നമ്പർ കടയിൽ (പുതുപ്പറമ്പിൽ ഭാഗം) പ്രമാടം പഞ്ചായത്തിലെ 13 കാർഡുകൾ ഉണ്ട്. ARD 189 -ാം നമ്പർ കടയിൽ (പ്രമാടം പഞ്ചായത്തിൽ) വള്ളിക്കോടു പഞ്ചായത്തിലെ 31 കാർഡുകൾ ഉണ്ട്. പഞ്ചായത്തുകളിലെ കാർഡുകൾ അതാതു പഞ്ചായത്തുകളിലെ കടകളിൽ തന്നെ രജിസ്റ്റർ ചെയ്യുവാനുള്ള നടപടി പ്രോത്സാഹിപ്പിക്കണം. തത്വാധിഷ്ഠിതമായി പ്ലാൻ ചെയ്യാത്തതിൻെറ പോരായ്മയാണ്.
6. റേഷൻ കടകളുടെ നിയന്ത്രണം ഗ്രാമപഞ്ചായത്തിൻെറ അധികാര പരിധിയിൽ കൊണ്ടുവരണം.
7. എല്ലാ കാർഡ് ഉടമകൾക്കും മണ്ണെണ്ണയുടെ കോട്ടാ വർദ്ധിപ്പിച്ചു നൽകണം.
8. മാവേലി സ്റ്റോറുകളുടെ എണ്ണം വർദ്ധിപ്പിക്കണം.
9. റേഷൻ സാധനങ്ങളുടെ അനധികൃത വില്പന തടയുന്നതിന് വാർഡു തല - പഞ്ചായത്തു തല സംവിധാനം ഉണ്ടാക്കണം.

## നിർദ്ദേശങ്ങൾ

1. "പാർപ്പിടം, സാമൂഹ്യക്ഷേമം" ഇവയെ സംബന്ധിച്ച് ബോധവൽക്കരണം നടത്തണം.
2. അർഹതയുള്ള മുഴുവൻ കുടുംബങ്ങളെയും IRDP രജിസ്റ്ററിൽ ഉൾപ്പെടുത്തണം
3. ഒരു വാർഡിൽ രണ്ട് എന്ന ക്രമത്തിൽ DWCRAയുടെ യൂണിറ്റുകൾ സ്ഥാപിക്കണം
4. സന്നദ്ധസംഘടനകളുടെ സഹായത്തോടെ അമ്മമാർക്കും കുഞ്ഞുങ്ങൾക്കും പോഷകാഹാരം നൽകുവാനുള്ള പരിപാടി ആസൂത്രണം ചെയ്ത് നടപ്പിലാക്കണം.
5. പഞ്ചായത്തു തലത്തിൽ ഉപഭോക്തൃഫോറം ഉണ്ടാവണം.
6. പഞ്ചായത്തു തലത്തിൽ ഫാമിലി കൗൺസിലിംഗ് രൂപീകരിക്കണം
7. പഞ്ചായത്തിൽ ഒരു വൃദ്ധമന്ദിരം സ്ഥാപിക്കണം
8. പ്രധാന ജംഗ്ഷനുകളിൽ കക്കൂസ്സും മൂത്രപ്പുരയും ഉണ്ടാക്കണം.
9. 4-ാം വാർഡിൽ, മലമ്പുറത്ത് പട്ടികജാതി കോളനി, കാരക്കാട് പട്ടികജാതി കോളനി എന്നിവ 1 HDP പദ്ധതിയിൽ ഉൾപ്പെടുത്തണം.
10. കോളനികൾക്ക് വൈദ്യുതി, കക്കൂസ്, എന്നിവ ലഭ്യമാക്കണം.
11. ലക്ഷംവീട് കോളനികൾക്ക് മറ്റു കോളനികൾക്കു നൽകുന്ന പരിഗണനകൾ ലഭിക്കുവാൻ 1 HDP ലിസ്റ്റിൽ പെടുത്തണം.

> ജനങ്ങളെ തെളിക്കാൻ എളുപ്പമാണ്
> അവരെ നയിക്കുന്നതാണ് ക്ലേശകരം
>
> —ടാഗോർ

# സംസ്കാരം

## 5.8

വള്ളിക്കോട് പഞ്ചായത്തിന് വളരെ പഴക്കമുള്ള ഒരു സാംസ്കാരിക പാരമ്പര്യമുണ്ട്. വിദ്യാഭ്യാസംകൊണ്ടും സാമൂഹ്യ ആചാരക്രമം കൊണ്ടും ഇതര പ്രദേശങ്ങളെ അതിശയിപ്പിക്കുന്ന സാംസ്കാരികപ്പഴമ നമുക്ക് അവകാശപ്പെട്ടതാണ്. സിന്ധൂനദീതട സംസ്കാരത്തോടൊപ്പം പഴക്കമുണ്ട് നമ്മുടെ സംസ്കാരത്തിനും. മോഹൻജദാരോ ഹാരപ്പാ എന്നീ സ്ഥലങ്ങളിൽ നിന്നും കണ്ടെടുത്ത ചരിത്രാവശിഷ്ടങ്ങൾ സിന്ധൂനദീതട സംസ്കാരത്തെ വിളിച്ചോതുന്നതുപോലെ ഈ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ കാണപ്പെട്ടിട്ടുള്ള പുരവസ്തുക്കൾ ഇവിടെ നിലനിന്നിരുന്ന ഒരു സംസ്കൃതിയുടെ പ്രത്യക്ഷതെളിവുകളാണ്. ഭൂമിക്കടിയിൽ നിന്നു കിട്ടിയിട്ടുള്ള കൽവിളക്കുകളും കൽമഴുവും ഇന്നും ചില വീടുകളുടെ അകത്തളങ്ങളിൽ വിശ്രമിക്കുന്നു. ശവസംസ്കാരത്തിന് ഉപയോഗിച്ചിരുന്നതെന്നു വിശ്വസിക്കുന്ന വലിയ കളിമൺകലങ്ങളും



കല്ലറകളും സർവ്വസാധാരണമായി കണ്ടെടുത്തിട്ടുണ്ട്. ഈ സാംസ്കാരിക പാരമ്പര്യം നിലനിന്നിരുന്നത് ക്രിസ്തുവിന്റെ ജനനത്തിനും വളരെ മുമ്പായിരുന്നു എന്നത് നമുക്ക് അഭിമാനത്തിനു വക നല്കുന്നു.

വടക്കേ ഇൻഡ്യയിൽ ഉടലെടുത്ത ബുദ്ധമതവും ജൈനമതവും തെക്കേ ഇൻഡ്യൻ പ്രദേശങ്ങളിലേക്ക് വ്യാപിച്ചപ്പോൾ അതിന്റെ സ്വാധീനം സമീപപ്രദേശങ്ങളിലെന്നപോലെ വള്ളിക്കോട്ട് ഗ്രാമപ്രദേശത്തും ഉണ്ടായി. വള്ളിക്കോടു പഞ്ചായത്തിന്റെ ഹൃദയഭാഗത്തു സ്ഥിതിചെയ്യുന്ന വൻപള്ളിൽ ഒരു കാലത്ത് ഒരു ബുദ്ധമതകേന്ദ്രമായിരുന്നു എന്നതിനു ഐതീഹ്യങ്ങളും മറ്റു പല തെളിവുകളും സാക്ഷ്യം വഹിക്കുന്നു. അതിനടുത്തുള്ള ചാലപറമ്പ് ഒരു ശാല (വിദ്യാലയം) പ്പറമ്പ് ആയിരിക്കാം തൊട്ടടുത്തുള്ളകാവും ശ്രദ്ധേയമാണ്.

പരശുരാമൻ കേരളത്തെ ബ്രാഹ്മണർക്കു ദാനം ചെയ്തു എന്നാണ് ഐതീഹ്യം. അന്ന് അവർ ഭരണസൗകര്യത്തിനായി കേരളത്തെ അറുപത്തിനാല് ഗ്രാമങ്ങളായി വിഭജിച്ചിരുന്നു. അതിൽ ഒരു ഗ്രാമം അച്ചൻകോവിൽ മുതൽ ആറൻമുളവരെ വ്യാപിച്ചു കിടന്നിരുന്നു. അതിന്റെ ആസ്ഥാനം വള്ളിക്കോടായിരുന്നു. ഈ അടുത്തകാലം വരെ ബ്രഹ്മസ്വം മഠം എന്ന പേരിൽ അത് അറിയപ്പെട്ടിരുന്നു.

ബുദ്ധമതദേവാലയങ്ങളുടെയും (പള്ളി- ഹിന്ദുക്കളുടെ ദേവാലയങ്ങൾ ഒഴിച്ചുള്ള ആരാധനാസ്ഥലങ്ങൾക്കു പറയുന്ന പേര്) ഭരണസിരാകേന്ദ്രങ്ങളുടെയും അഥവാ കോടതികളുടെയും (കോട്) ആസ്ഥാനമായിരുന്ന 'പള്ളിക്കോട്' ആയിരിക്കാം ഒരു പക്ഷേ പിൽക്കാലത്ത് വള്ളിക്കോടായത്.

തൃക്കോവിൽ ശ്രീ പത്മനാഭ സ്വാമി ക്ഷേത്രത്തിലെ

പ്രതിഷ്ഠ വിഷ്ണു ഭക്തനായ വില്വമംഗലം തിരുവനന്ത പുരം ശ്രീ പത്മനാഭസ്വാമിക്ഷേത്രം നിർമ്മിക്കുന്നതിനു മുൻപ് നിർവഹിച്ചിരുന്നു എന്ന് കരുതിപ്പോരുന്നു. തൃപ്പാറക്ഷേത്രത്തിൻെറ പഴക്കം നിർണ്ണയാതീതമാണ്. ഇണ്ടിളയപ്പൻ ക്ഷേത്രത്തിന് 1000വർഷത്തെ പഴക്കമുള്ളതായിപ്പറയുന്നു.

പണ്ട് തൃക്കോവിൽ ക്ഷേത്രത്തിനു സമീപം ഒരു ഉന്നത വിദ്യാഭ്യാസ സ്ഥാപനം നിലവിലിരുന്നു. അതാണ് പില്ക്കാലത്ത് തുമ്പമൺ പ്രദേശത്തേക്ക് മാറ്റിയതെന്നും പറയപ്പെടുന്നു. എന്തായാലും ഒരു കാര്യം വ്യക്തമാണ്. വളരെ പഴയകാലം മുതൽ വള്ളിക്കോട് വിദ്യാഭ്യാസത്തിലും സംസ്കാരത്തിലും മുൻപന്തിയിലായിരുന്നു. അതിനാലാണ് 1915ൽ പ്രസിദ്ധീകരിച്ച ഓക്സ് ഫോർഡ് അറ്റ്ലസ്സിൽ വള്ളിക്കോടിൻെറ പേരും രേഖപ്പെടുത്തിയിരിക്കുന്നത്.പ്രസ്തുത ഭൂപടത്തിൽ ഇന്നത്തെ പത്തനംതിട്ട ജില്ലയിൽ ഉള്ള സ്ഥലങ്ങളിൽ അടൂരും വള്ളിക്കോടും മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളൂ എന്നതും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. അതുപോലെ കൈപ്പട്ടൂരിനടുത്തുണ്ടായിരുന്ന വ്യാപാരകേന്ദ്രം (കൈപ്പട്ടൂർ കാരയ്ക്കാട്ടു ചന്ത) വളരെ പ്രസിദ്ധമായിരുന്നു. സമീപ പ്രദേശങ്ങളിൽ നിലനിന്നിരുന്ന വ്യാപാരകേന്ദ്രങ്ങളിൽ ഏറ്റവും പഴക്കം ചെന്ന വ്യാപാര കേന്ദ്രമായിരുന്നു കാരയ്ക്കാട്ടു ചന്ത. അച്ചൻകോവിൽ നിന്നുപോലും ആളുകൾ ഇവിടെ വന്നിരുന്നതായി പറയപ്പെട്ടിരുന്നു.

പുരാതന കാലത്ത് കേരളത്തിൽ നിലവിലിരുന്ന നാട്ടുകൂട്ടങ്ങളുടെ മാതൃകയിൽ ഉള്ള ഒന്നായിരുന്നു തൃപ്പാറക്കൂട്ടം. നാട്ടിലെ കാര്യങ്ങൾക്ക് തീർപ്പുകല്പിച്ചിരുന്ന ഗ്രാമസഭകളായിരുന്നു നാട്ടുക്കൂട്ടങ്ങൾ. തൃപ്പാറക്കൂട്ടം പിൽക്കാലത്ത് പിറന്നാൾക്കൂട്ടങ്ങളായി മാറി. ഇത് ഇരുപതാം നൂറ്റാണ്ടിൻെറ ആദ്യദശകങ്ങളിൽ വരെ നിലനിന്നിരുന്നു. നമ്മുടെ ദേശീയനേതാക്കൾക്ക് ഗ്രാമസ്വരാജ് അല്ലെങ്കിൽ ഗ്രാമപഞ്ചായത്ത് എന്ന ആശയം ഇത്തരം കൂട്ടങ്ങളിൽ നിന്നാണ് കിട്ടിയിട്ടുള്ളത്.

കൈപ്പട്ടൂർ വലിയ വീട്ടിൽ കുടുംബത്തിലെ ഡേവിഡ് വി. ജോർജ്ജ് സ്വാതന്ത്ര്യ സമര യോദ്ധാവായിരുന്നു. അനേകം സംസ്കൃത പണ്ഡിതന്മാർ, ആയുർവേദ ഭിഷഗ്വരന്മാർ, ജ്യോതിഷ വിദഗ്ദ്ധർ, കഥകളി പ്രേമികൾ, ഓട്ടൻ തുള്ളൽ കലാകാരന്മാർ, നിലത്തെഴുത്ത് ആശാന്മാർ എന്നിവർ ഈ കരയിലുണ്ടായിരുന്നു. തട്ടാരേത്ത് ആശാനും, തിക്കമ്പേത്ത് ആശാനും ഈ ഗ്രാമത്തിലെ പഴയകാലത്തുണ്ടായിരുന്ന പ്രമുഖരായ രണ്ട് നിലത്തെഴുത്ത് ആശാന്മാരായിരുന്നു. കുരീക്കാട്ടിൽ കൊച്ചുകുഞ്ഞു കുറുപ്പു വൈദ്യനും തെക്കേ വീട്ടിൽ നാരായണൻ വൈദ്യനും അന്നത്തെ ചികിത്സാ രംഗത്തും പ്രാമുഖ്യം വഹിച്ചിരുന്നു. സംഗീതജ്ഞരും കലാകാരന്മാരും ധാരാളമായി ഈ നാട്ടിൻ പുറത്ത് ഉണ്ടായിരുന്നു.

താഴൂർ ഭഗവതിക്ഷേത്രത്തിലെ കൂട്ടക്കോലം ഇന്നാട്ടിലെ സാംസ്കാരികവും കലാപരവുമായ പാരമ്പര്യം വിളിച്ചറിയിക്കുന്നതാണ്. തേരുകെട്ടും ഇവിടെ നിലവിലിരുന്നു. അങ്ങനെ സാംസ്കാരിക പൈതൃകം കൊണ്ടും വിദ്യാഭ്യാസ ഔന്നത്യം കൊണ്ടും ആചാര മര്യാദകൾ കൊണ്ടും ഖ്യാതി നേടിയ ഒരു പ്രദേശത്തിൻെറ പാവനമായ മണ്ണിൻെറ സന്താനങ്ങളാണ് നാം എന്ന് അഭിമാനിക്കാം.

## വള്ളിക്കോടു പഞ്ചായത്തിലെ സാംസ്കാരിക സ്ഥാപനങ്ങൾ

ഇവയെ ഗ്രന്ഥശാലകൾ, തീയേറ്ററുകൾ, ആശ്രമങ്ങൾ, കായികകലാസമിതികൾ എന്നിങ്ങനെ തിരിക്കാം.

### 1. ഗ്രന്ഥശാലകൾ

| ക്രമ നമ്പർ | വാർഡ് | വായനശാലയുടെ പേര് | സ്ഥലം |
|---|---|---|---|
| 1. | I | സി. വി. സ്മാരക ഗ്രന്ഥശാല | നരിയാപുരം |
| 2. | I | ഭുവനേശ്വരം വായനശാല | നരിയാപുരം |
| 3. | II | പബ്ലിക് ലൈബ്രറി വയലാ | വടക്ക് |
| 4. | II | നെഹ്റു യുവക് കേന്ദ്രം വയലാ | വടക്ക് |
| 5. | III | വള്ളത്തോൾ വായനശാല | കൈപ്പട്ടൂർ |
| 6. | IV | ദേശാഭിമാനി വായനശാല | കുടമുക്ക് |
| 7. | VI | U.A.S.C വായനശാല | തൃക്കോവിൽ |
| 8. | VII | വള്ളിക്കോട്ടു ഗ്രന്ഥശാല | വള്ളിക്കോട് |
| 9. | VIII | പഞ്ചായത്തു സാംസ്കാരിക നിലയം | ഞക്കുനിലം |
| 10. | IX | വള്ളത്തോൾ വായനശാല | വാഴമുട്ടം |
| 11. | IX | പൊൻപുലരി ഗ്രന്ഥശാല | കൊലപ്പാറ |

### 2. തിയേറ്ററുകൾ

| വാർഡ് | പേര് | സ്ഥലം |
|---|---|---|
| III. | ജോയിസ് തീയേറ്റർ | കുടമുക്ക് |
| VII. | ലേഖാ തീയേറ്റർ | വള്ളിക്കോട് |

### 3. ആശ്രമങ്ങൾ

| വാർഡ് | പേര് | സ്ഥലം |
|---|---|---|
| VII | ശ്രീരാമകൃഷ്ണാശ്രമം | വള്ളിക്കോട് |
| X | ശ്രീനിലകണ്ഠ തീർത്ഥ പാദാശ്രമം | വാഴമുട്ടം |

## 4. കായിക കലാ സമിതികൾ

| ക്രമനമ്പർ | വാർഡ് | പേര് | സ്ഥലം |
|---|---|---|---|
| 1. | I | വിന്നേഴ്സ് ആർട്ട്സ് & സ്പോർട്ട്സ് ക്ലബ് | നരിയാപുരം |
| 2. | II | നവോദയാ ആർട്ട്സ് & സ്പോർട്സ് ക്ലബ് | വയലാ വടക്ക് |
| 3. | III | ഫ്രൺസ് ആർട്ട്സ് & സ്പോർട്സ് ക്ലബ് | കുടമുക്ക് |
| 4. | " | എവർഷൈൻ ആർട്സ് & സ്പോർട്ട്സ് ക്ലബ് | കൈപ്പട്ടൂർ |
| 5. | " | ചൈതന്യ യൂത്ത് മൂവ്മെൻറ് | കൈപ്പട്ടൂർ |
| 6. | IV | കേളി ആർട്ട്സ് & സ്പോർട്ട്സ് ക്ലബ് | കുടമുക്ക് |
| 7. | " | സമഭാവന ആർട്ട്സ് & സ്പോർട്ട്സ് ക്ലബ് | കുടമുക്ക് |
| 8. | " | ബാലജനസഖ്യം | കുടമുക്ക് |
| 9. | VII | ജനതാ ആർട്ട്സ് & സ്പോർട്ട്സ് ക്ലബ് | പുത്തൻചന്ത. |
| 10. | " | തപസ്യ ആർട്ട്സ് & സ്പോർട്ട്സ് ക്ലബ് | പൈനുംമൂട് |
| 11. | " | യൂണൈറ്റഡ് ആർട്ട്സ് & സ്പോർട്ട്സ് ക്ലബ് തൃക്കോവിൽ | ജംഗ്ഷൻ |
| 12. | " | ഫ്രൺസ് ആർട്ട്സ് & സ്പോർട്ട്സ് ക്ലബ് വാലുപറമ്പ് | ജംഗ്ഷൻ |
| 13. | VIII | മാതൃഭൂമി സ്റ്റഡി സർക്കിൾ | ഞക്കുനിലം |
| 14. | " | യുവധാര ആർട്ട്സ് &സ്പോർട്ട്സ് ക്ലബ് | കൊച്ചാലുംമൂട് |
| 15. | " | നവധാര ആർട്ട്സ് & സ്പോർട്ട്സ് ക്ലബ് | കൊച്ചാലും മൂട് |
| 16. | " | യുവചേതനാ ആർട്ട്സ് & ക്ലബ് കൊച്ചാലും | മൂട് |
| 17. | IX | യുവധാര ആർട്ട്സ് & ക്ലബ് വാഴമുട്ടം - | പുതുപ്പറമ്പ് |
| 18. | " | സാരഥി ആർട്ട്സ് & ക്ലബ് വാഴമുട്ടം - | പുതുപ്പറമ്പ് |
| 19. | " | നവോദയാ ആർട്ട്സ് & സ്പോർട്ട്സ് ക്ലബ് | കിടങ്ങേത്ത് |
| 20. | X. | അംബേദ്കർ ആർട്ട്സ് & സ്പോർട്ട്സ് ക്ലബ് | കിടങ്ങേത്ത്. |
| 21. | VII. | നടരാജാ നൃത്തകലാവേദി, വള്ളിക്കോട് | പുത്തൻചന്ത |

## സാംസ്കാരിക സ്ഥാപനങ്ങൾ

### പ്രശ്നങ്ങളും നിർദ്ദേശങ്ങളും

*I. ഗ്രന്ഥശാലകൾ*

1. C.V സ്മാരകഗ്രന്ഥശാല നരിയാപുരം 40 വർഷം പഴക്കമുള്ള ഈ ഗ്രന്ഥശാല വാടകക്കെട്ടിടത്തിലാണു നടത്തിപ്പോന്നത്. സ്വന്തമായി സ്ഥലമുണ്ടെങ്കിലും കെട്ടിടം പണിയാനുള്ള സാമ്പത്തീക ആനുകൂല്യം ഇല്ലാത്തതു കാരണം പ്രവർത്തനം മുടങ്ങിക്കിടക്കുകയാണ്. ലൈബ്രറി കൗൺസിൽ ഇടപെട്ടു പുനരുജ്ജീവിപ്പിക്കണം.
2. ഭുവനേശ്വരം വായനശാല നരിയാപുരം- നിർദ്ദിഷ്ട ഭരണസംവിധാനമോ സ്വന്തസ്ഥലമോ, കെട്ടിടമോ ഇല്ല. പ്രവർത്തനം മുടങ്ങിയിരിക്കുന്നു. നാട്ടുകാർ മുൻകൈ എടുത്ത് പ്രവർത്തനക്ഷമമാക്കണം.
3. പബ്ലിക് ലൈബ്രറി വയലാ വടക്കു - തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതിയോ കെട്ടിടമോ ഇല്ല. നാട്ടുകാരുടെ ശ്രമം കൊണ്ട് ലൈബ്രറി പ്രവർത്തനം ആരംഭിച്ച് ഗ്രാൻറ് ലഭിക്കത്തക്ക നിലയിലെത്തിക്കണം.
4. നെഹ്റു യുവക് കേന്ദ്രം വയലാ വടക്ക് തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതിയില്ല പ്രവർത്തനം കാര്യക്ഷമമല്ല.
5. വള്ളത്തോൾ വായനശാല കൈപ്പട്ടൂർ - പ്രവർത്തനം തൃപ്തികരമാണ് M.Pഫണ്ടിൽ നിന്നും ലഭ്യമായ തുക ഉപയോഗിച്ചുലൈബ്രറിയോടു ചേർത്തു സ്വന്തമായി കെട്ടിടം പണിയാൻ സാധിച്ചിട്ടുണ്ട്. വായനക്കാർ കൊണ്ടുപോകുന്ന പുസ്തകങ്ങൾ തിരികെ എല്പി

ക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കണം. സൗജന്യമായി T.Vസെറ്റ് അനുവദിക്കണം.

6. ദേശാഭിമാനി വായനശാല:- സ്വന്തമായി സ്ഥലമുണ്ടെങ്കിലും കെട്ടിടമില്ല കെട്ടിടത്തിൻെറ തറ കെട്ടിയിട്ടിട്ടുണ്ട്. കെട്ടിടം പൂർത്തിയാക്കാൻ സാമ്പത്തീക സഹായം ആവശ്യമുണ്ട്.
7. വള്ളിക്കോടു ഗ്രന്ഥശാല -വള്ളിക്കോട് 1951-ൽ സ്ഥാപിച്ച ഈ ഗ്രന്ഥശാലയ്ക്ക് സ്വന്തസ്ഥലവും കെട്ടിടവും ഉണ്ട്. എന്നാൽ മേൽക്കൂര തകർന്ന നിലയിലാണ്, പുതുക്കി പണിയുന്നതിനുള്ള സാമ്പത്തിക സഹായം ലഭ്യമാക്കണം. ആവശ്യത്തിനുപകരണങ്ങളില്ല. ബഹുനിലകളോടുകൂടിയ ഒരു പുതിയ കെട്ടിടം നിർമ്മിച്ചു ഒരു സാംസ്കാരിക കേന്ദ്രമാക്കി വളർത്തണം. ഒരു T.Vസെറ്റ് സൗജന്യമായി നൽകണം. ഇപ്പോഴത്തെ കേരള ലൈബ്രറി കൗൺസിൽ സംസ്ഥാന പ്രസിഡൻറ് ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ M.L.A ഈ വായനശാലയിലെ അംഗവും തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധിയുമാണ്.
8. U.A.S.C വായനശാല തൃക്കോവിൽ ജംഗ്ഷൻ സ്വന്തമായി സ്ഥലവും കെട്ടിടവും ഉണ്ടെങ്കിലും ഗ്രന്ഥശാലയ്ക്കാവശ്യമുള്ള പുസ്തകങ്ങളോ ഫർണിച്ചറുകളോ ഇല്ല. നിയമാനുസൃതമായി തെരഞ്ഞെടുപ്പു നടത്തി ഗ്രന്ഥശാലയ്ക്കുള്ള അംഗീകാരം തേടേണ്ടതാണ്.
9. പഞ്ചായത്തു സാംസ്കാരിക നിലയം ഞക്കുനിലം ഒരു ഗ്രന്ഥശാലയും വായനശാലയും പ്രവർത്തിക്കുന്നെങ്കിലും അംഗീകാരമില്ല. വൈദ്യുതി അടിയന്തിരമായി ലഭ്യമാക്കണം. തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതി നിലവിൽ വരണം.
10. വള്ളത്തോൾ വായനശാല വാഴമുട്ടം:- സ്വന്തമായി സ്ഥലവും കെട്ടിടവും തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതിയും ഉണ്ട്. ഒരു T.V സെറ്റു സ്ഥാപിച്ചിട്ടുണ്ട്. എന്നാൽ T.V പ്രേക്ഷകർക്ക് ഇരുന്നുകാണുന്നതിനുള്ള സ്ഥലസൗകര്യമില്ല. കെട്ടിടം പുതുക്കി പണിയുന്നതിനു ധനസഹായം ഉണ്ടാവണം.
11. പൊൻപുലരി ഗ്രന്ഥശാല :-കൊലപ്പാറ വായനശാലയ്ക്ക് സ്വന്തസ്ഥലവും കെട്ടിടവും ഉണ്ടെങ്കിലും ആവശ്യമായ പുസ്തകങ്ങളോ പ്രസിദ്ധീകരണങ്ങളോ ഉപകരണങ്ങളോ പ്രവർത്തനക്ഷമതയോ ഇല്ല. പ്രവർത്തനം ഊർജ്ജിതപ്പെടുത്തുവാൻ ഒരു കർമ്മസമിതി ഉണ്ടാകണം.

*II. കായ്ക കലാസമിതികൾ:-*

1. പഞ്ചായത്തിലുടനീളം ഇരുപതോളം കലാകായിക സമിതികൾ ഉണ്ട്. പട്ടിക നമ്പർ2ൽ ചേർത്തിട്ടുള്ള സമിതികളിൽ ഒന്നിനും തന്നെ സ്വന്തമായി സ്ഥലമോ കെട്ടിടമോ ഇല്ല. അവയിൽ രജിസ്റ്റർ ചെയ്ത് നിയമാനുസൃതമായി തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതികൾ കുറവാണ്. പുത്തൻ ചന്തയിൽ പ്രവർത്തിക്കുന്ന ജനതാ ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്ബിന് ജില്ലാ വോളീബോൾ അസോസിയേഷൻ അംഗത്വമുണ്ട്. 7-ാം വാർഡിലെ തപസ്യാ ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്ബ് നെഹ്റു യുവക് കേന്ദ്രവുമായി അഫിലിയേറ്റു ചെയ്തു പ്രവർത്തിക്കുന്നു.

## കായികകാല സംഘടനകൾ നിർദ്ദേശങ്ങൾ

കായികകലാസംഘടനകളുടെ പ്രവർത്തനം പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി ആവശ്യമായ സ്പോർട്ട്സ് ഉപകരണങ്ങൾ നല്കണം. കലാസംഘടനകളുടെ പ്രവർത്തനത്തിന് ആവശ്യമായ ധനസഹായം നല്കണം.

കലാ പ്രതിഭകൾക്ക് വിദ്യാഭ്യാസ ആനുകൂല്യങ്ങൾ നല്കണം. പഞ്ചായത്തിലെ അവശ കലാകാരന്മാർക്ക് പെൻഷൻ പദ്ധതി അനുവദിയ്ക്കണം. അടിയിൽ പറയുന്ന നാശോന്മുഖമായിക്കൊണ്ടിരിയ്ക്കുന്ന നാടൻ കായികകലാരൂപങ്ങളുടെ പുനരുദ്ധാരണത്തിന് ഒരു നാടൻകായിക കലാ അക്കാഡമി സ്ഥാപിക്കുകയും അതിന് ഒരു ആസ്ഥാനം പഞ്ചായത്ത് തലത്തിൽ ഉണ്ടാവുകയും വേണം.

ഉദാഹരണം - കാക്കാരിശ്ശി നാടകം, കോൽകളി (കമ്പടികളി) പാക്കനാർ കളി, കഥകളി, ഓട്ടൻതുള്ളൽ, പരിചമുട്ടുകളി, വേലകളി, പടയണി, വിൽകലാമേള, കോലം എഴുത്ത്, തിരുവാതിര കളി, കോലം തുള്ളൽ, പ്രമാടി തുടങ്ങിയ കലാരൂപങ്ങൾ.

പഞ്ചായത്തിൻെറ ആഭിമുഖ്യത്തിൽ പത്രമാസികകൾ ഇല്ല. വായനശാലകൾ ഉണ്ടെങ്കിലും അത് പ്രയോജനപ്പെടുത്തുന്നതിൽ ആളുകൾ വിമുഖത കാണിയ്ക്കുന്നു. സ്ത്രീകളുടെയും കുട്ടികളുടെയും വായനാശീലം വളർത്തുന്നതിന് പുസ്തകങ്ങൾ വീടുകളിൽ എത്തിക്കുന്ന മൊബൈൽ ലൈബ്രറി സംവിധാനം ഏർപ്പെടുത്തണം. ഈ പഞ്ചായത്തിലെ കലാകാരന്മാരുടെ സാഹിത്യ അഭിരുചി വളർത്തുന്നതിനായി ഒരു പ്രസിദ്ധീകരണം അടിയന്തിരമായി തുടങ്ങണം.

## മതവിഭാഗങ്ങൾ – ഉത്സവങ്ങൾ; പെരുനാളുകൾ

ഈ പഞ്ചായത്തിലെ പ്രബലമായ രണ്ട് മതവിഭാഗങ്ങൾ ഹിന്ദുക്കളും കൃസ്ത്യാനികളും ആണ്. മതസൗഹാർദ്ദം കാത്തുസൂക്ഷിയ്ക്കുന്ന ഒരു സംസ്കാരമാണ് ഇവിടെ നില നില്ക്കുന്നത്.

### പ്രധാനക്ഷേത്രങ്ങൾ

| വാർഡ് | | |
|---|---|---|
| 1 | -1- | ഭുവനേശ്വരംക്ഷേത്രം |
| | -2- | വടക്കുംനാഥക്ഷേത്രം - ആൽത്തറ |
| | -3- | പെരുതിട്ടമഠം ദേവീക്ഷേത്രം. |
| 3 | -1- | ഇണ്ടിളയപ്പൻ ശാസ്താക്ഷേത്രം - വയലാവടക്ക് |
| | -2- | അമ്മൻകോവിൽ ക്ഷേത്രം - കൈപ്പട്ടൂർ |
| 4 | -1- | കുടമുക്ക്ക്ഷേത്രം - കുടമുക്ക് |

-2- വളവൂർക്കാവ് ക്ഷേത്രം
-3- കാരയക്കാട്ട് മലദേവീ സ്ഥാനം വിളയ്ക്കാട്ട് ക്ഷേത്രം.
5 (1) വിളയ്ക്കാട്ടു ക്ഷേത്രം
6 (1) തൃപ്പാറ മഹാദേവർക്ഷേത്രം
(2) തൃക്കോവിൽ ശ്രീപത്മനാഭസ്വാമിക്ഷേത്രം
(3) പാറക്കരമലക്ഷേത്രം, വള്ളിക്കോട്
(4) പുതിയിടത്തുക്കാവ് ദേവീക്ഷേത്രം വള്ളിക്കോട്
7 (1) മാമ്പിലാലിൽ ശ്രീധർമ്മശാസ്താക്ഷേത്രം, വള്ളിക്കോട്
(2) താഴൂർ ദേവീമൂലസ്ഥാനം, വള്ളിക്കോട്
8 (1) ചാവരുകാവ് ക്ഷേത്രം
(2) അമ്മൂമ്മപ്പാറദേവീക്ഷേത്രം -തലയിറ
9 (1) ഊരാളൻ കുന്നുപാറ
(2) പള്ളിമുരുപ്പ് ആരാധനാലയം
10 (1) ചേന്നാത്ത് വിഷ്ണുക്ഷേത്രം
(2) കാഞ്ഞിരപ്പാറമല

## പള്ളികൾ (കൃസ്ത്യൻ)

വാർഡ്
1 (1) നരിയാപുരം
ഇമ്മാനുമേൽ ഓർത്തഡോക്സ്പള്ളി
3 (2) കൈപ്പട്ടൂർ സെൻറ് ഇഗ്നേഷ്യസ്
ഓർത്തഡോക്സ് പള്ളി
5 (3) കൈപ്പട്ടൂർ സെൻറ് ജോർജ്ജ്പള്ളി
6 (4) മർത്തോമ്മാപള്ളി കൈപ്പട്ടൂർ
9 (6) മാർബർ സൗമ
ഓർത്തഡോക്സ് പള്ളി വാഴമുട്ടം ഈസ്റ്റ്
(7) പെന്തകോസ്തു പള്ളി പുതുപ്പറമ്പിൽ
(ചർച്ച ഓഫ് ഗോഡ്)
10 (8) (മുളങ്കുന്നു പള്ളി)
മാർഇഗ്നേഷ്യസ് യാക്കോബായപള്ളി
9. പെന്തകോസ്തുപള്ളി - വാഴമുട്ടം ഈസ്റ്റ്

## ക്ഷേത്ര ഐതിഹ്യങ്ങൾ

### 1. ഇണ്ടിളയപ്പൻ ക്ഷേത്രം

1000 വർഷം പഴക്കമുള്ളതായി പറയപ്പെടുന്ന ഈ ക്ഷേത്രത്തിൽ ശാസ്താവും ശിവനും ചേർന്ന ശക്തി സ്വരൂപമാണ് വിഗ്രഹം. വർഷംതോറും ധനു 11ന് വിവിധ പരിപാടികൾ ഉൾക്കൊള്ളിച്ചുകൊണ്ട് ഉത്സവം നടത്തപ്പെടുന്നു. കൂടാതെ കർക്കടകത്തിലെ വാവ് ഭക്തി നിർഭരമായി കൊണ്ടാടുന്നു. ഉണ്ണിയപ്പം വാർപ്പിക്കുകയാണ് ഇവിടുത്തെ പ്രധാനവഴി പാട്.

### 2. തൃപ്പാറ മഹാദേവർ ക്ഷേത്രം.

ദക്ഷിണകാശി എന്നറിയപ്പെടുന്ന ഈ ക്ഷേത്രത്തിൽ കരക്കാരുടെ സഹകരണത്തോട് കൂടി ശിവരാത്രി മഹോത്സവം കൊണ്ടാടുന്നു. കന്നിമാസത്തിലെ ആയില്യം ഭക്തി നിർഭരമായി ആഘോഷിയ്ക്കുന്നു. മേൽകൂരയില്ലാത്ത കേരളത്തിലെ രണ്ടാമത്തെ ക്ഷേത്രം ആണ് ഇത്. തൃപ്പാറക്കൂട്ടം വളരെ പ്രസിദ്ധമായിരുന്നു. ഉത്സവകാര്യങ്ങളിൽ ജാതിമതഭേദമന്യേ ആയിരക്കണക്കിനു ഭക്തജനങ്ങൾ സഹകരിക്കുന്നു. മേൽക്കൂരയില്ലാത്ത പ്രതിഷ്ഠയുടെ ചുറ്റുമുള്ള കല്ലുകളിൽ അച്ചൻകോവിൽ ആറ് തൊട്ടുരുമ്മി ഒഴുകുന്നു. വെള്ളപ്പൊക്ക സമയങ്ങളിൽ ഈ ക്ഷേത്രത്തിലെ പൂജകൾ തൃക്കോവിൽ ക്ഷേത്രത്തിൽ വച്ചാണ് നടത്തുന്നത്.

### 3. തൃക്കോവിൽ ക്ഷേത്രം.

തിരുവനന്തപുരം ശ്രീപത്മനാഭസ്വാമിക്ഷേത്രം കഴിഞ്ഞാൽ കേരളത്തിലെ ഏക ശ്രീപത്മനാഭസ്വാമിക്ഷേത്രമാണ് മദ്ധ്യകേരളത്തിലെ വള്ളിക്കോട്ട് സ്ഥിതി ചെയ്യുന്ന ഈ ക്ഷേത്രം.

വിഷ്ണുഭക്തനായ വില്വമംഗലത്ത് സ്വാമിയാർ ആണ് ക്ഷേത്രപ്രതിഷ്ഠ നടത്തിയത്. ഈ ക്ഷേത്രപ്രതിഷ്ഠക്ക് ശേഷമാണ് തിരുവനന്തപുരം പത്മനാഭസ്വാമിക്ഷേത്ര പ്രതിഷ്ഠ നടത്തിയെന്നും ഐതീഹ്യം ഉണ്ട്.

വർഷംതോറും മീനമാസത്തിലെ രോഹിണി നാളിൽ സപ്താഹ യജ്ഞത്തോടുകൂടി 10ദിവസത്തേ ഉത്സവം കൊടിയേറുന്നു. 10-ാം ദിവസത്തെ ആറാട്ടോടുകൂടി സമാപിക്കുന്ന ഉത്സവങ്ങളിൽ കഥകളി ഒരു പ്രധാന പരിപാടി ആണ്.

ആറാട്ടു ദിവസം ക്ഷേത്രത്തിൽ നിന്നും ഗജവീരന്മാരുടെ അകമ്പടിയോടുകൂടി കള്ളോട്ട് മുരുപ്പ് വഴി താഴൂർ ക്ഷേത്ര സന്നിധിയിൽ എത്തി ആറാടിയശേഷം ഘോഷയാത്ര സന്നിധിയിൽ തിരിച്ചെത്തി കൊടി ഇറങ്ങുന്നതോടുകൂടി ഉത്സവത്തിന് സമാപനം കുറിയ്ക്കുന്നു. തിരുവിതാംകൂർ ദേവസ്വം ബോർഡിൻെറ അധീനതയിലുള്ള ക്ഷേത്രത്തിൻെറ പുനരുദ്ധാരണത്തിനും ഉത്സവാദി ചടങ്ങുകൾക്കും നാനാജാതി മതസ്ഥരുടെയും നിർലോഭമായ സഹായസഹകരണങ്ങൾ ലഭിയ്ക്കുന്നു.

### 4. പാറക്കരമലക്ഷേത്രം

തൃക്കോവിൽ, വാലുപറമ്പ് റോഡിന് മദ്ധ്യഭാഗത്തായി സ്ഥിതിചെയ്യുന്ന ഒരു പാറയിലാണ്.

പ്രതിഷ്ഠയില്ലാത്ത ഈ ക്ഷേത്രം സ്ഥിതിചെയ്യുന്നത്. വൃശ്ചികത്തിൽ 22ന് ഒരു ദിവസത്തേ ഉത്സവം. പടയണി പ്രധാനമായി നടത്തപ്പെടുന്നു.

### 5. പുതിയിടത്തുകാവ് ദേവീക്ഷേത്രം

അയിത്തം നിലനിന്നു പോന്ന കാലഘട്ടത്തിൽ ഈഴവരാദി പിന്നോക്കസമുദായാംഗങ്ങൾക്ക് ആരാധനാസ്വാതന്ത്ര്യം ലഭിയ്ക്കുന്നതിനുവേണ്ടി; കൊല്ലവർഷം 1030നും 1080നും മദ്ധ്യേ ജീവിച്ചിരുന്ന കൊഴുവട്ടശ്ശേരിൽ കുടുംബകാരണവരായ നാരായണൻ ചാന്നാർ, സ്വന്തം വീട്ടിൽ ഭദ്രകാളി സേവ നടത്തിവരവേ, ദേവീ ദർശനം ലഭിയ്ക്കുകയും 1072 ൽ ഒരു കുംഭമാസത്തിലെ അനിഴം നക്ഷത്രത്തിൽ കുടുംബ വസ്തുവിൽ ക്ഷേത്രം പണിത് ദേവീയെ ഒരു പീഠത്തിൽ ആവാഹിച്ച് ക്ഷേത്രത്തിൽ കുടിയിരുത്തി ഈഴവരാദി പിന്നോക്ക ആളുകൾക്ക് ദർശനത്തിന് വഴിയൊരുക്കിയെന്ന് ഐതീഹ്യം. ശേഷം സ്വന്തം

ചിലവിൽ ക്ഷേത്രകലകളെ പ്രോത്സാഹിപ്പിക്കുകയും ക്ഷേത്ര നിത്യവൃത്തിക്ക് ആവശ്യമായ പൂജാസാധനങ്ങളും എഴുന്നെള്ളത്തിനുള്ള ആന തുടങ്ങിയവ ക്ഷേത്രത്തിന് സംഭാവന നല്കുകയും ചെയ്തു. ക്ഷേത്രം 81-ാം നമ്പർ എസ്.എൻ.ഡി.പി ശാഖായോഗം ഏറ്റെടുക്കുകയും ശ്രീകോവിൽ, നടപ്പന്തൽ മുതലായവ നിർമ്മിച്ച് 7.9.53 ൽ ദേവീ വിഗ്രഹ പ്രതിഷ്ഠനടത്തി സ്വസമുദായത്തിൻെറയും മറ്റ് സഹോദര സമുദായങ്ങളുടെയും സഹകരണത്തോടെ ഉത്സവവും ചിറപ്പ് മഹോത്സവം നടത്തി വരുന്നു.

### 6. അമ്മൻകോവിൽ ക്ഷേത്രം

ഉദ്ദേശം 450 വർഷങ്ങൾക്കു മുൻപ് പാണ്ടിനാട്ടിൽ നിന്നും വന്ന കുറെ വണിക വൈശ്യർ ആരാധന നടത്തുന്നതിന് കൈപ്പട്ടൂരിൻെറ ഹൃദയഭാഗത്ത് അച്ചൻകോവിൽ ആറിൻെറ തീരത്ത് സ്ഥാപിച്ചിട്ടുള്ള ദേവീക്ഷേത്രമാണിത്. മുപ്പടാദി അമ്മൻകോവിൽ എന്നും ഈ ക്ഷേത്രത്തിന് പറയപ്പെടുന്നു. കുംഭമാസത്തിലെ അശ്വതി നാളിൽ സപ്താഹയജ്ഞം ഉൾപ്പടെ 10 ദിവസത്തെ ഉത്സവം നടത്തി വരുന്നു. പ്രധാന വഴിപാട് പൊങ്കാലയാണ്. തൃപ്പാറ മഹാദേവർ ക്ഷേത്രത്തിൽ നിന്ന് ആറാട്ട് എഴുന്നെള്ളിച്ച് അമ്മൻ കോവിൽ ക്ഷേത്രത്തിൽ ആറാട്ട് നടത്തുന്നു. പരേതനായ ഡെപ്യൂട്ടി കളക്ടർ P.C കണ്ണയ്യാ ചെട്ടിയാർ വകയും ബ്രിഗേഡിയർ കെ. നമശിവായത്തിൻെറ വകയായും തൃപ്പാറ ശിവരാത്രിമഹോത്സവ ദിനത്തിൽ സ്വന്തമായി നിർമ്മിച്ച ആൽത്തറയിൽ ശർക്കരവെള്ളവും സംഭാര വെള്ളവും വിതരണം ചെയ്തു വരുന്നത് മറ്റ് പ്രദേശങ്ങളിൽ നിന്നുള്ള പ്രത്യേകതയാണ്. മറ്റ് മതസ്ഥരുമായി രമ്യതയിൽ കഴിയുന്ന ഇവർ ഈശ്വര ഭക്തരും ശാന്തശീലരും ആണ്.

### 7. ചേന്നാത്ത് വിഷ്ണുക്ഷേത്രം

അഞ്ച് നൂറ്റാണ്ടുകാലം പഴക്കമുള്ള ഈ ക്ഷേത്രത്തിൽ നാട്ടുകാരുടെ സഹകരണത്തോടുകൂടി ഉത്സവങ്ങളും ചിറപ്പും ഭംഗിയായി നടത്തി വരുന്നു.

മുകളിൽ പറഞ്ഞ നിരവധി കാവുകളിലും വച്ചാരാധനാലയങ്ങളിലും ചിറപ്പും ഉത്സവങ്ങളും നിത്യപൂജകളും വിശേഷാൽ പൂജകളും നടത്തിവരുന്നു.

### പള്ളികൾ

1. കൈപ്പട്ടൂർ സെൻറ് ഇഗ്നേഷ്യസ് ഓർത്തഡോക്സ് പള്ളി.

നൂറ്റിപ്പത്ത് വർഷം മുൻപ് സ്ഥാപിതമായതാണ് ഈ കൃസ്ത്യൻ ആരാധനാലയം. ഏതാണ്ട് 725 കുടുംബങ്ങൾ ഈ പള്ളിയിൽ കൂടി നടക്കുന്നു. സെൻറ് ഇഗ്നേഷ്യസ് എന്ന പരിശുദ്ധൻെറ പേരിൽ ഭക്തി നിർഭരമായ പെരുനാൾ വർഷം തോറും കൊണ്ടാടുന്നു. അന്നേ ദിവസം നടത്തുന്ന നേർച്ച അപ്പം; പഴം; എന്നിവ ഏതാനും ഹിന്ദു കുടുംബങ്ങളിൽ ഇന്നും നല്കി വരുന്നു.

നരിയാപുരം ഇമ്മാനുവേൽ ഓർത്ത്ഡോക്സ് പള്ളി ഏകദേശം 70 വർഷത്തിലധികം വർഷത്തെ പഴക്കമുള്ള ദേവാലയം ആണ്. ഇവിടെ 350ൽ അധികം കുടുംബങ്ങൾ ആരാധന നടത്തുന്നു. മതസൗഹാർദ്ദത്തിന് ഊ പള്ളി ഒരു പ്രതീകമാണ്.

### മഹിളാ സംഘടനകൾ

ഈ പഞ്ചായത്തിൽ ദേശസേവിനി മഹിളാ സമാജം (വയലാ വടക്ക്) ശ്രീ ലക്ഷ്മീ മഹിളാ സമാജം വള്ളിക്കോട്, ജയശ്രീ മഹിളാ സമാജം കുടമുക്ക്; ശ്രീദേവീ മഹിളാ സമാജം വള്ളിക്കോട് ഇന്ദിരാജി മഹിളാ സമാജം വള്ളിക്കോട്, മഹിളാ സമാജം ഞക്കു നിലം, മഹിളാ സമാജം കൊച്ചാലും മൂട്, ഇവ പ്രവർത്തിയ്ക്കുന്നു. വനിതകളുടെ ഉന്നമനത്തിനും, സാമൂഹിക അസമത്വത്തിനെതിരായും സമാജങ്ങൾ പ്രവർത്തിച്ചു വരുന്നു.

### പ്രശ്നങ്ങൾ:

മുകളിൽ പറഞ്ഞിരിക്കുന്ന സമാജങ്ങൾക്ക് കെട്ടിടങ്ങളും സ്ഥലവും ഇല്ല. സ്വന്തമായി കെട്ടിടവും ഫർണീച്ചറുകളും ലഭിക്കുവാൻ നടപടി സ്വീകരിയ്ക്കണം.

### നിർദ്ദേശങ്ങൾ:-

വനിതകൾ രാഷ്ട്രീയ സാമൂഹിക സാംസ്കാരിക രംഗങ്ങളിൽ വേണ്ടത്ര ശ്രദ്ധ പതിപ്പിച്ചു കാണുന്നില്ല. വിവിധ വാർഡുകളിലായി പ്രവർത്തിച്ചു വരുന്ന സംഘടനകൾ പഞ്ചായത്ത് കേന്ദ്രീകരിച്ച് ഒരു സംഘടന രൂപീകരിച്ച് കർമ്മ നിരതരാകുവാൻ ശ്രമിയ്ക്കേണ്ടതാണ്.

### പൊതുനിർദ്ദേശം

പഞ്ചായത്തിലെ എല്ലാ വാർഡുകളിലും ഉള്ള കലാകാരന്മാരെയും കവികളെയും സാംസ്കാരിക നായകന്മാരെയും ഉൾപ്പെടുത്തി ഒരു സംഘടനയ്ക്ക് രൂപം കൊടുക്കുകയും പഞ്ചായത്ത് കേന്ദ്രമാക്കി ഒരു ആസ്ഥാനം നിർമ്മിയ്ക്കുകയും വേണം. സംഘടനയ്ക്ക് ഒരു നിയമാവലി ഉണ്ടാക്കി മെമ്പർഷിപ്പും മാസവരിയും തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതിയും ഉണ്ടാക്കി നാടൻ കലകൾക്കും, കലാകായിക പ്രതിഭകൾക്കും കവികൾക്കും പ്രയോജനകരമാകത്തക്ക രീതിയിൽ, കായികകലാ പരിപാടികൾ, നാടൻ കാലരൂപങ്ങൾ; സാംസ്കാരിക സമ്മേളനം, കവിയരങ്ങ്; ക്ലാസ്സുകൾ, ഇവ വാർഡുകൾ കേന്ദ്രീകരിച്ച് മൂന്നു മാസത്തിലൊരിക്കൽ നടത്തുകയും വേണം. സംഘടനയുടെ പേരിൽ കയ്യെഴുത്തു മാസികകൾ മറ്റു പ്രസിദ്ധീകരണങ്ങൾ ഇവ പഞ്ചായത്തിൻെറ മേൽ നോട്ടത്തിലും സംഘടനയുടെ നിയന്ത്രണത്തിലും നടത്തുകയും അർഹരായ കലാകാരന്മാർക്ക് പ്രോത്സാഹനസമ്മാന ങ്ങളും അവാർഡുകളും നൽകുകയും വേണം. വർഷത്തിലൊരിയ്ക്കൽ സംഘടനയുടെ വാർഷികം വിപുലമായ രീതിയിൽ നടത്തുവാനും വേണ്ട നടപടികൾ പഞ്ചായത്തു കമ്മറ്റി ചെയ്യേണ്ടതാണ്.

വാർഷിക പൊതുയോഗവും, തെരഞ്ഞെടുപ്പും, കണക്കുകൾ കൃത്യമായി ആഡിറ്റ് ചെയ്തും തരുന്ന ക്ലബ്ബുകൾക്ക് പഞ്ചായത്തിൻെറ ഗ്രാൻറ് അനുവദിയ്ക്കേണ്ടതാണ്.

# 5.9 വനിതാക്ഷേമം



നമ്മുടെ ഭൂതകാല സമൂഹ്യചരിത്രത്തിൻെറ പശ്ചാത്തലത്തിൽ വേണം സ്ത്രീകൾക്ക് ഇന്നു സമൂഹത്തിലുള്ള സ്ഥാനം വിലയിരുത്താൻ. മനുസ്മൃതിയുടെ കാലം മുതൽക്കേ സ്ത്രീക്ക് സമൂഹത്തിൻെറ തിരുമുറ്റത്തു കടക്കാനോ കാലുറപ്പിക്കാനോ ഉള്ള അവസരം ഉണ്ടായിരുന്നില്ല. പുരുഷമേധാവിത്വവും, ഉച്ചനീചത്വവും, വിദ്യാഭ്യാസ നിഷേധവും സ്ത്രീകളുടെ സ്ഥിതി വഷളാക്കിക്കൊണ്ടിരുന്നു. ഈ കാലങ്ങളിൽ നിലനിന്ന ഫ്യൂഡൽ വ്യവസ്ഥിതിയിൽ ശൈശവവിഹാഹം ബഹുഭാര്യത്വം, സതിസമ്പ്രദായം, വിധവകളോടു കാണിക്കുന്ന ക്രൂരത ഇവയെല്ലാം പരിശുദ്ധമായ നീതിസാരത്തിൻെറ മറവിൽ ആചരിച്ചു പോന്നു. എന്നാൽ ബ്രിട്ടീഷ് ഇന്ത്യൻ ഭരണകർത്താക്കളുടെ നിയമനിർമ്മാണവും, ഭാരതീയനേതാക്കളായ രാജാറാം മോഹൻ റോയ്, ദാദാബായി നവറോജി തുടങ്ങിയവരുടെ സാമൂഹ്യസേവനവും സ്ത്രീകളുടെ പദവി വർദ്ധിപ്പിക്കുകയും, ജീവിതത്തിൽ തുല്യ പങ്കാളികളാണ് എന്ന സങ്കല്പത്തിന് ആക്കം കൂട്ടുകയും ചെയ്തു. റാണി ലക്ഷ്മീബായി, ആനി ബസൻറ്, സരോജനീ നായിഡു എന്നീ വനിതാ രത്നങ്ങളുടെ ജീവിതം സ്ത്രീ സമൂഹത്തിന് ഇന്നും ആവേശമാണ്. ഇന്ത്യൻ ദേശീയ പ്രസ്ഥാനത്തിൻെറ വളർച്ചയും വികാസവും, സ്ത്രീസ്വാതന്ത്ര്യം ഉറപ്പാക്കി. എങ്കിലും ഇന്നും അനവധി രംഗങ്ങളിൽ പുരുഷമേധാവിത്വവും സ്ത്രീകളോടു കാണിക്കുന്ന അതിക്രമവും നിലനില്ക്കുന്നു. ഇതിനെതിരെ സ്ത്രീകൾ മാത്രമല്ല, പുരുഷന്മാരും ഉണർന്നു പ്രവർത്തിക്കേണ്ടതുണ്ട്.

വള്ളിക്കോടു പഞ്ചായത്തിൽ സാമൂഹ്യസേവന രംഗത്തും, സ്വാതന്ത്ര്യ സമരരംഗത്തും പ്രവർത്തിച്ച അനേകം സ്ത്രീകൾ ഉണ്ടായിരുന്നു. ശ്രീമതി ദേവകി അന്തർജനം ശ്രീമൂലം പ്രജാസഭയിലെ അംഗമായിരുന്നു. അവരുടെ സേവനം ഇന്നാട്ടിലെ സ്ത്രീകളിൽ ആവേശവും ഉണർവ്വും വളർത്താൻ സഹായിച്ചിട്ടുണ്ട്. സാമൂഹ്യരംഗത്തേക്കും, തൊഴിൽ സേവനം എന്നീ രംഗങ്ങളിലേക്കും കടന്നു വരുന്നതിന്, അവസരങ്ങൾ സുലഭമാണെങ്കിലും ഈ അവസരങ്ങൾ പരമാവധി പ്രയോജനപ്പെടുത്തുകയോ, പ്രയോജനപ്പെടുത്താൻ സഹായിക്കുകയോ ചെയ്യുന്നില്ല. അതിനാൽ ഇന്നും സ്ത്രീകൾ പിൻതള്ളപ്പെടുന്നു. അവർക്കുള്ള സാമൂഹ്യ സമത്വം ഉറപ്പാക്കാൻ നിയമനിർമ്മാണം കൊണ്ടുമാത്രം കഴിയുകയില്ല. സമൂഹ മനസ്സാക്ഷി ഉണർന്ന് ഈ സ്ഥിതിക്ക് പരിഹാരം കാണേണ്ടതാണ്.

വള്ളിക്കോടു പഞ്ചായത്തിൽ 10440 സ്ത്രീകളും 9324 പുരുഷന്മാരും ഉണ്ട്. ഇവരിൽ തൊഴിലാളികളും, തൊഴിൽ രഹിതരും, ഉദ്യോഗസ്ഥകളും, വീട്ടമ്മമാരും വിദ്യാർത്ഥികളുമുണ്ട്. അവർ നേരിടുന്ന ചില പ്രശ്നങ്ങൾ പരിഹരിക്കാൻ താഴെ പറയുന്ന നിർദ്ദേശങ്ങൾ പരിഗണിക്കേണ്ടതാണ്.

## സ്ത്രീകളുടെ സാമൂഹ്യ അസമത്വം കുറയ്ക്കാൻ ചില നിർദ്ദേശങ്ങൾ

1. വള്ളിക്കോടു പഞ്ചായത്തിൽ മദ്യോൽപാദനവും വിപണനവും കർശനമായി തടഞ്ഞുകൊണ്ട് സമ്പൂർണ്ണ മദ്യ നിരോധനം ഏർപ്പെടുത്തുക.
2. സ്ത്രീധന സമ്പ്രദായം നിയമം മൂലം അവസാനിപ്പിക്കുകയും മറ്റു പേരുകളിൽ അത് പുനർ ജനിക്കുന്നത് തടയുകയും ചെയ്യുക.
3. സ്ത്രീകളെക്കൊണ്ട് അധിക സമയം ജോലി ചെയ്യിക്കുകയും, ചെയ്യുന്ന ജോലിക്ക് കൂലി നല്കാകിരിക്കുകയും ചെയ്യുന്ന തൊഴിലുടമയ്ക്കെതിരെ നടപടി എടുക്കണം.
4. സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തം കൂടുതലുള്ള കാർഷിക മേഖലയിൽ സ്ത്രീക്കും പുരുഷനും ഉള്ള കൂലിനിരക്കിലുള്ള അന്തരം കുറയ്ക്കുക.
5. പഞ്ചായത്തിലെ വാർഡുകൾ തോറും സ്ത്രീകൾക്കുവേണ്ടി ചെറുകിട വ്യവസായ യൂണിറ്റുകൾ ആരംഭിക്കുക.

ഉദാ:- സോപ്പു നിർമ്മാണം, മെഴുകുതിരി നിർമ്മാണം, കറിപൗഡർ നിർമ്മാണം, തേനീച്ചവളർത്തൽ, അച്ചാർ നിർമ്മാണം - തുടങ്ങിയവ

6. മേൽപറഞ്ഞ വ്യവസായ യൂണിറ്റുകൾ ആരംഭിക്കുന്നതിന് ആവശ്യത്തിന് വായ്പയും സബ്സിഡിയും അനുവദിക്കണം.
7. സ്ത്രീകളുടെ ഒരു സഹകരണ സംഘംസ്ഥാപിച്ച്, അതിൻെറ ആഭിമുഖ്യത്തിൽ, കരകൗശലവസ്തു നിർമ്മാണ യൂണിറ്റ്, റെഡിമെയ്ഡ് വസ്ത്രനിർമ്മാണ യൂണിറ്റ്, ബേക്കറി യൂണിറ്റ് തുടങ്ങിയവ സ്ഥാപിക്കാനുള്ള സഹായം നല്കണം.
8. പാവപ്പെട്ട വനിതകൾ, വിധവകൾ, വാർദ്ധക്യം എത്തിയവർ, വികലാംഗർ, ബുദ്ധിസ്ഥിരത ഇല്ലാത്തവർ, അഗതികൾ എന്നി

വരേ പുനരധിവസിക്കാനുള്ള സംവിധാനം ഉണ്ടാക്കുക.

9. പഞ്ചായത്തിലെ ഓരോ വാർഡിലും വനിതാ സംഘടനകൾ ഉണ്ടാക്കുകയും, മാസത്തിലൊരിക്കൽ സെമിനാറുകൾ നടത്തി രോഗപ്രതിരോധം, ആരോഗ്യപ്രശ്നങ്ങൾ, തൊഴിൽപരമായ കാര്യങ്ങൾ എന്നിവയിൽ ബോധവൽക്കരണം നടത്തുകയും ചെയ്യുക. ഇതിനായി പഞ്ചായത്ത്, ആരോഗ്യ വകുപ്പ്, തൊഴിൽ വകുപ്പ്, നിയമ വകുപ്പ് എന്നിവയുമായി ബന്ധപ്പെട്ടു പ്രവർത്തിക്കണം.
10. എയിഡ്സ് പോലുള്ള മാരക രോഗങ്ങൾ അപ്പപ്പോൾ കണ്ടുപിടിക്കാനും, പ്രതിരോധിക്കാനും, പ്രതിവിധി നേടാനും കഴിയണം.
11. ബഹുജന സംഘടനകളിൽ സ്ത്രീകളുടെ പങ്കാളിത്തം ഉറപ്പാക്കണം.
12. തൊഴിൽ മേഖലയിൽ സ്ത്രീപുരുഷ ഭേദമില്ലാതെ വേതനം ഏകീകരിക്കണം.
13. കന്നുകാലിവളർത്തൽ, കോഴിവളർത്തൽ, പച്ചക്കറിക്കൃഷി തുടങ്ങിയവയ്ക്കു വേണ്ട ധനസഹായം നല്കണം.
14. ഈ പഞ്ചായത്തിലെ ലക്ഷം വീടു കോളനികൾ 1 HDP കോളനിയായി അംഗീകരിക്കണം.
15. പഞ്ചായത്തിലുള്ള അംഗൻവാടികളോടനുബന്ധിച്ച് ശിശുസംരക്ഷണ കേന്ദ്രങ്ങൾ (ക്രെഷ്) അനുവദിക്കണം.
16. ആറുമാസത്തിൽ ഒരിക്കലെങ്കിലും, സാമൂഹ്യക്ഷേമവകുപ്പ്, ആരോഗ്യവകുപ്പ്, വികസന ബ്ലോക്ക് എന്നിവയുടെ ആഭിമുഖ്യത്തിൽ വനിതാക്ഷേമ ക്യാമ്പുകൾ നടത്തണം.
17. പഞ്ചായത്തിലെ നിർദ്ധന കുടുംബങ്ങൾക്ക്, ഭവനം, കക്കൂസ്, കിണർ, എന്നിവയ്ക്ക് സാമ്പത്തിക സഹായം നല്കണം.
18. എല്ലാ പോലീസ് സ്റ്റേഷനുകളിലും വനിതാപോലീസിനെ നിയമിക്കുകയും, ജില്ലാ ആസ്ഥാനത്ത് വനിതാ പോലീസ്റ്റേഷൻ സ്ഥാപിക്കുകയും വേണം.
19. അന്ധവിശ്വാസം അനാചാരം ഇവയ്ക്കെതിരെ വിവിധ മാധ്യമങ്ങളിലൂടെ ബോധവൽക്കരണ പരിപാടികൾ ആവിഷ്കരിച്ചു നടപ്പാക്കണം.
20. ഓരോ വാർഡിലും വനിതാ സഹായസെൽ രൂപീകരിച്ച് മദ്യനിരോധനം മോണിറ്റർ ചെയ്യണം.
21. പഞ്ചായത്തിൽ 4-ാം വാർഡിൽ കുടമുക്കു ഭാഗത്ത് ഒരു മെറ്റൽ ക്രെഷർ സ്ഥാപിക്കണം.
22. വിദ്യാ സമ്പന്നരായ വനിതകൾക്ക് തൊഴിൽ കണ്ടെത്തുന്നതായി ചെറുകിട വ്യവസായ യൂണിറ്റുകൾ ആരംഭിക്കുന്നതിന് ആവശ്യമായ പരിശീലനം നല്കണം.
23. അമ്മമാരും സ്ത്രീകളും എളുപ്പം ബന്ധപ്പെടുന്ന അങ്കണവാടികളേ ഇൻഫർമേഷൻ സെൻററുകളാക്കി മാറ്റണം, ആരോഗ്യം, വ്യവസായം, തൊഴിൽ പൊതുവിതരണം തുടങ്ങി പൊതുപ്രാധാന്യമുള്ള വിഷയങ്ങളിലുള്ള അറിവ് അത്തരം സ്ഥാപനങ്ങളിലൂടെ നല്കണം.
24. വിധവകൾ, പട്ടികജാതി വനിതകൾ, അംഗവൈകല്യം സംഭവിച്ച സ്ത്രീകൾ, നിത്യരോഗികൾ എന്നിവർക്കുവേണ്ടി ക്ഷേമനിധി ഉണ്ടാക്കുകയും പഞ്ചായത്തു പ്രസിഡൻറിൻെറ നേതൃത്വത്തിലുള്ള കമ്മറ്റിക്ക് തുക ചെലവഴിക്കുവാനുള്ള അധികാരം നല്കുകയും വേണം.

## ഈ പഞ്ചായത്തിലെ വനിതകൾ നേരിടുന്ന പ്രശ്നങ്ങൾ

1. വള്ളിക്കോടു പഞ്ചായത്തിൽ പാചകത്തിനാവശ്യമായ വിറക് സുലഭമല്ല. പകരം സംവിധാനമായ, മണ്ണെണ്ണ, ഗോബർ ഗ്യാസ്, എൽ.പി.ജി. സൗരോർജ്ജം എന്നിവയുടെ ഉപയോഗം സാർവത്രികമല്ല. സമീപത്തുള്ള ഒരു LPGഗ്യാസ് ഏജൻസിയിലും വള്ളിക്കോടു പഞ്ചായത്തിനെ ഉൾപ്പെടുത്തിയിട്ടില്ല.
2. അഭ്യസ്ത വിദ്യരും തൊഴിലില്ലാത്തവരുമായ അനേകം സ്ത്രീകൾ പഞ്ചായത്തിലുണ്ട്.
3. ട്രൈസം പരിപാടിയിൽ തൊഴിൽ പരിശീലനത്തിന് അർഹതയുള്ളവർക്ക് അവസരം ലഭിക്കാതെ പോകുന്നു.
4. വനിതാ വ്യവസായങ്ങൾ ഈ പഞ്ചായത്തിൽ ഇല്ല.
5. വ്യാജമദ്യം മയക്കുമരുന്ന് എന്നിവയുടെ ഉപയോഗം മൂലം ഗാർഹിക പ്രശ്നങ്ങൾ ഉണ്ടാവുന്നു.
6. സ്ത്രീധനം, സ്ത്രീപീഡനം, ചൂഷണം എന്നിവ നിരോധനങ്ങളെ അതിലംഘിച്ചും സജീവമായി സമൂഹത്തിൽ നിലനില്ക്കുന്നു.
7. പ്രവർത്തനം അറ്റു കിടക്കുന്ന വള്ളിക്കോട് 7-ാം വാർഡിലെ PH സെൻററിൻെറ പ്രവർത്തനം പുനരാരംഭിക്കാത്തതുകൊണ്ട് അമ്മമാർക്കും കുങ്ങൾക്കും ആരോഗ്യപരിരക്ഷണം ലഭിക്കുന്നില്ല.
8. പൊതു സ്ഥലങ്ങളിൽ സ്ത്രീകൾക്ക് പ്രാഥമികാവശ്യം നിറവേറ്റാൻ സൗകര്യങ്ങളില്ല.
9. എല്ലാ മേഖലകളിലും സ്ത്രീകളുടെ വേതനം പുരുഷന്മാരുടേതിന് തുല്യമല്ല.
10. സാമൂഹ്യസേവനരംഗത്തേക്ക് കടന്നുവരുന്ന സ്ത്രീകൾക്ക് പ്രോത്സാഹനം ലഭിക്കുന്നില്ല എന്നു മാത്രമല്ല അവർ ആക്ഷേപിക്കപ്പെടുകയും ചെയ്യുന്നു.
11. സ്ത്രീ സമത്വത്തേയും, സ്ത്രീ സ്വാതന്ത്ര്യത്തേയും സംബന്ധിക്കുന്ന ബോധവൽക്കരണ ക്യാമ്പുകൾ നടത്തപ്പെടുന്നില്ല.
12. സ്ത്രീകൾക്ക് സാമ്പത്തിക ഭദ്രത ഉറപ്പുവരുത്താൻ കഴിയുന്നില്ല.
13. സ്ത്രീകളിൽ വായനാശീലം കുറഞ്ഞു വരുന്നു.
14. സ്ത്രീകളെ അപകീർത്തിപ്പെടുത്തുന്ന തരത്തിലുള്ള പോസ്റ്റർ പ്രചരണം സ്ത്രീത്വത്തെ അപമാനിക്കുന്നു.
15. വനിതകൾക്കുമാത്രമായി ഗവൺമെൻറ് അനുവദിക്കുന്ന ലോണുകൾ നൽകാൻ ബാങ്കുകൾ വിമുഖത കാണിക്കുന്നു.

ഒമ്പതാം പദ്ധതിക്കുവേണ്ടി നടത്തുന്ന ജനകീയാസൂത്രണത്തിൽ നടപ്പാക്കുന്ന പദ്ധതികളിൽ സ്ത്രീകളുടെ സർവ്വതോന്മുഖമായ വികാസത്തിന് ഉതകുന്ന പരിഗണന നല്കും എന്ന് നമുക്ക് പ്രത്യാശിക്കാം.



# സഹകരണമേഖല

## 5.10

കേരളത്തിൽ സഹകരണപ്രസ്ഥാനം ഇരുപതാം നൂറ്റാണ്ടിൻെറ ആരംഭത്തിലാണ് പ്രവർത്തിച്ചു തുടങ്ങിയത്. എന്നാൽ ലോകത്തിൻെറ ഇതരഭാഗങ്ങളിൽ 19-ാം നൂറ്റാണ്ടിൽ തന്നെ സഹകരണപ്രസ്ഥാനം ആരംഭിച്ചതായി ചരിത്രം രേഖപ്പെടുത്തുന്നു. നമ്മുടെ ഗ്രാമപ്രദേശങ്ങളിൽ ഉദ്ദേശം എഴുപത്തഞ്ചു വർഷങ്ങൾക്ക് മുമ്പ് പരസ്പര സഹായ സഹകരണ സംഘങ്ങൾ എന്ന പേരിൽ ഏതാനും ആളുകൾ പങ്കെടുത്ത് ആരംഭിച്ച ഈ പ്രസ്ഥാനം ഇന്നു വളർന്നു പന്തലിച്ച് ഒരുവൻപ്രസ്ഥാനമായി മാറിയിരിക്കുകയാണ്. കാർഷിക വ്യവസായിക ഉല്പന്നങ്ങളുടെ സംഭരണ വിതരണരംഗങ്ങളിലും മറ്റ് എല്ലാ തുറകളിലും ഈ മേഖല അതിൻെറ പ്രവർത്തനം വ്യാപിപ്പിച്ചിരിക്കുകയാണ്. ഇടത്തട്ടുകാരെ ഒഴിവാക്കി ഉല്പാദകനും, ഉപഭോക്താവിനും പരമാവധി പ്രയോജനം ലഭിക്കുക എന്നുള്ളതാണ് ഇതിൻെറ പ്രധാന ലക്ഷ്യം. മനുഷ്യൻെറ ജനനം മുതൽ മരണംവരെയുള്ള എല്ലാ ആവശ്യങ്ങളും നിറവേറ്റപ്പെടുന്നതിനു നമ്മുടെ സഹകരണ സംഘങ്ങൾ സജ്ജമാക്കേണ്ടതാണ്.

വള്ളിക്കോട് പഞ്ചായത്തിൽ കൊല്ലവർഷം 1094-ൽ വള്ളിക്കോടു സഹകരണ സംഘവും 1095ൽ കൈപ്പട്ടൂർ സഹകരണ സംഘവും സ്ഥാപിതമായി. മുക്കാൽ നൂറ്റാണ്ടിലേറെ പ്രവർത്തന പാരമ്പര്യമുള്ള ഈ രണ്ടു സഹകരണ പ്രസ്ഥാനങ്ങളും ഈ പഞ്ചായത്തിലെ സാധാരണക്കാർക്ക് സാമ്പത്തിക കാര്യങ്ങളിൽ ഒരു അത്താണിയായി മാറിയിരിക്കുകയാണ്.

പത്തനംതിട്ട ജില്ലയിൽ ഏറ്റവും മുൻപന്തിയിൽ നില്ക്കുന്ന രണ്ടു പ്രാഥമിക സഹകരണ ബാങ്കുകളാണ് മേൽ പറഞ്ഞവ. ജനങ്ങളുടെ കാർഷികവും കാർഷികേതരവുമായ ഏതുതരം വായ്പകളു ഇവിടെനിന്നും ലഭ്യമാകുന്നു. കൂടാതെ ചിട്ടികളും എല്ലാവിധ ബാങ്കിംഗ് ഇടപാടുകളും വെള്ളം, കീടനാശിനി, തുണി, പല ചരക്ക്, റബ്ബർ തുടങ്ങിയവയുടെ വ്യാപാരങ്ങളും നടത്തുന്നു. കൈപ്പട്ടൂർ സർവീസ് സഹകരണ ബാങ്ക് അടുത്തകാലത്ത് നരിയാപുരത്ത് ആരംഭിച്ചിരിക്കുന്ന ബ്രാഞ്ച് ആ പ്രദേശത്തെ ജനങ്ങൾക്ക് കൂടുതൽ സഹായകരമാണ്.

### ഇതര സഹകരണ പ്രസ്ഥാനങ്ങൾ.

1. നരിയാപുരം ക്ഷീരോല്പാദക സഹകരണ സംഘം No. 44ഡി.

2. വള്ളിക്കോട് ക്ഷീരോല്പാദക സഹകരണസംഘം No. 87 ഡി.

മേൽപ്പറഞ്ഞവയ്ക്കു പുറമേ റബ്ബർ ഉല്പാദനം, നെല്ല് ഉല്പാദനം, കേരവികസനം, വിദ്യഭ്യാസം എന്നീ മേഖലയിലും സഹകരണസംഘങ്ങൾ പ്രവർത്തിച്ചുപോരുന്നുണ്ട്. നിലവിലുണ്ടായിരുന്ന കുടമുക്ക് പട്ടികജാതി ഗ്രാമ സഹകരണ സംഘവും VII-ാം വാർഡിലെ കൺസ്യൂമർ സഹകരണ സംഘവും ഇന്ന് പ്രവർത്തിക്കുന്നില്ല.

### ക്ഷീരോല്പാദക സഹകരണസംഘങ്ങൾ

വള്ളിക്കോട് ഗ്രാമപഞ്ചായത്തിൽ നരിയാപുരം ഭാഗത്തും

## വള്ളിക്കോട് ഗ്രാമപഞ്ചായത്തിലെ സഹകരണ പ്രസ്ഥാനങ്ങൾ

1. വള്ളിക്കോട് സർവീസ് സഹകരണബാങ്ക് ക്ലിപ്തം 61.
2. കൈപ്പട്ടൂർ സർവീസ് സഹകരണ ബാങ്ക് ക്ലിപ്തം 115

## സഹകരണ സംഘങ്ങളുടെ പൊതു വിവരങ്ങൾ

### പട്ടിക1

| | ഇനം | കൈപ്പട്ടൂർ | വള്ളിക്കോട് |
|---|---|---|---|
| | | സഹകരണ സംഘം | സഹകരണ സംഘം |
| 1. | സ്ഥാപിതം | 1919 | 1918 |
| 2. | ആകെ അംഗങ്ങൾ | 5020 | 5288 |
| 3. | ഓഹരിവില | Rs. 10 | Rs. 10 |
| 4. | ഓഹരി മൂലധനം | 50 ലക്ഷം | 50 ലക്ഷം |
| 5. | പിരിഞ്ഞ മൂലധനം | Rs. 1562500 | 2063320 രൂപ |
| 6. | സർക്കാർ ഓഹരി | 531500രൂപ. | 73000രൂപ |
| 7. | പൊതുജനങ്ങളിൽ നിന്നു സംഭരിച്ച സ്ഥിര നിക്ഷേപം | 30747000 | 281555135 |
| 8. | എസ്റ്റാബ്ലിഷ്മെൻറ് ചാർജ്ജസ് | 800978 | 815000. |
| 9. | വാർഷിക ടേണോവർ | | |
| 10. | ജീവനക്കാരുടെ എണ്ണം. | | |
| 11. | ലാഭം / നഷ്ടം. | | |

വള്ളിക്കോടു ഭാഗത്തും ഓരോ ക്ഷീരോല്പാദക സഹകരണസസംഘങ്ങളുണ്ട്. ഇതിൽ നരിയാപുരം ക്ഷീരോല്പാദക സഹകരണസംഘം നല്ലനിലയിൽ പ്രവർത്തിക്കുന്ന ക്ഷീര കർഷകരിൽ നിന്നും പാൽശേഖരിക്കുകയും വിപണനം നടത്തുകയും ചെയ്യുന്നതു കൂടാതെ വിവിധതരം പാൽ ഉല്പന്നങ്ങൾ ഉണ്ടാക്കി വിറ്റു വരുന്നു. ഈ സംഘം വഴി കാലിതീറ്റ സംഭരിച്ചു വിതരണം ചെയ്യുന്നുണ്ട്. എന്നാൽ വള്ളിക്കോടു ക്ഷീരോല്പാദക സഹകരണ സംഘത്തിൽ അവിടെ ലഭിക്കുന്ന പാൽ വാങ്ങി വിതരണം ചെയ്യുക മാത്രമേ നടക്കുന്നുള്ളു. ഇതിന്റെ പ്രവർത്തനം കുറെക്കൂടി വിപുലമാക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ചു നടപ്പാക്കുന്നത് നന്നായിരിക്കും.

### റബ്ബർ ഉല്പാദക സംഘങ്ങൾ

നമ്മുടെ പഞ്ചായത്തിൽ കൈപ്പട്ടൂരും വള്ളിക്കോടും കേന്ദ്രമാക്കി രണ്ട് റബ്ബർ ഉല്പാദക സംഘങ്ങൾ ഉണ്ട്. കർഷകരിൽ നിന്നും റബ്ബർ, റബ്ബർപാൽ എന്നിവ സംഭരിച്ചു വിപണനം നടത്തി റബ്ബർ കർഷകർക്ക് ന്യായമായ വില ലഭിക്കുവാൻ സഹായിക്കുന്നു. റബ്ബർ കർഷകർക്ക് വളം, കീടനാശിനി, ടാപ്പിംഗിനുവേണ്ട ഉപകരണം എന്നിവ നൽകുന്നു. റബ്ബർ കർഷകർ കൂടുതലായി അതിൽ അംഗങ്ങളാകുകയും സംഘം മുഖേന ലഭിക്കുന്ന ആനുകൂല്യങ്ങൾ നേടിയെടുക്കുവാൻ തയ്യാറാക്കുകയും ചെയ്യേണ്ടതാണ്.

### കേരവികസന സമിതി.

വള്ളിക്കോടു പഞ്ചായത്തിൽ കേരവികസനത്തിനുവേണ്ടി വള്ളിക്കോട് ആസ്ഥാനമാക്കി 1994 മുതൽ പ്രവർത്തിക്കുന്ന കേരവികസന സഹകരണ സംഘത്തിൽ 1200 ൽപ്പരം അംഗങ്ങളുണ്ട്. സർക്കാരിൽ നിന്ന് കാലാകാലങ്ങളിൽ കേരവികസനത്തിനു വേണ്ടി കൃഷി ഭവനത്തിലൂടെ നല്കുന്ന ആനുകൂല്യങ്ങൾ ഈ സമിതി മുഖാന്തിരം കാലാകാലങ്ങളിൽ കർഷകർക്ക് വിതരണം ചെയ്യുന്നു.

### പാടശേഖര സമിതികൾ

ഈ പഞ്ചായത്തിൽ പത്ത് പാടശേഖര സമിതികൾ ഉണ്ട്. 346 ഹെക്ടർ നിലത്തിൽ ഏകദേശം നെൽകൃഷിയുള്ള 65% ഈ പാടശേഖര സമിതിയുടെ പരിധിയിൽ

ഉൾപ്പെടുന്നു. സബ്സിഡിറേറ്റിൽ ഗവൺമെൻറിൽനിന്നും നല്കിയ ടില്ലർ ഈ പത്തു പാടശേഖര സമിതിക്കും ഉണ്ട്. ട്രാക്ടർ, സ്പ്രെയർ തുടങ്ങിയ മറ്റ് യന്ത്രോപകരണങ്ങളും സൗജന്യനിരക്കിൽ ലഭ്യമാക്കി കൃഷിക്കാരെ സഹായിക്കുന്നു. എന്നിരുന്നാലും കൂട്ടുകൃഷിയിലൂടെ പരമാവധി ഉല്പാദനം വർദ്ധിപ്പിക്കുവാനും ഉല്പാദനച്ചിലവു കുറയ്ക്കാനും ഉള്ള ശ്രമങ്ങൾ ഇന്നും വിജയിച്ചിട്ടില്ല.

### നിർദ്ദേശങ്ങൾ

1. നമ്മുടെ സർവ്വീസ് സഹകരണ ബാങ്കുകളുടെ പരിധിയിലുള്ള എല്ലാ വീടുകളിൽ നിന്നും ഒരാൾ വീതം എങ്കിലും നിക്ഷേപകൻ ആകത്തക്കവിധം ജനങ്ങളെ ബോധവൽക്കരിക്കണം. തന്മൂലം മിച്ചം വെയ്ക്കുവാനുള്ള പ്രവണത ഉണ്ടാകുകയും ബാങ്കുകളുടെ നിക്ഷേപം വർദ്ധിക്കുകയും ചെയ്യും.
2. ആവശ്യമായ സ്ഥലങ്ങളിൽ സർവീസ് സഹകരണബാങ്കിൻെറ ബ്രാഞ്ചുകൾ സ്ഥാപിക്കുക.
3. വിലനിലവാരം പിടിച്ചു നിർത്തുന്നതിന് സർവീസ് സഹകരണ ബാങ്കുകളുടെ ചുമതലയിൽ മാവേലി സ്റ്റോറുകൾ പ്രവർത്തിപ്പിക്കുക.
4. കർഷകരെ സഹായിക്കുന്നതിന് ബാങ്കുകളുടെ ചുമതലയിൽ പഞ്ചായത്തിൻെറ വിവിധ പ്രദേശങ്ങളിൽ വളം, കീടനാശിനി, കാർഷികോപകരണങ്ങൾ എന്നിവയുടെ ഡിപ്പോകൾ സ്ഥാപിക്കുക നിലവിലുള്ളവ വിപുലീകരിക്കുക.
5. കാർഷികവായ്പകളുടെ പരിധി വർദ്ധിപ്പിക്കുക; പലിശ നിരക്ക് കുറയ്ക്കുക.
6. അഭ്യസ്തവിദ്യർക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിന് വേണ്ടി സർവീസ് സഹകരണബാങ്കുകൾ ഉദാരവ്യവസ്ഥയിൽ വായ്പകൾ നല്കുക.
7. സഹകരണ ബാങ്കുകളിൽ NRIനിക്ഷേപകണക്കുകൾ തുടങ്ങുവാൻ സംഘങ്ങൾക്ക് അനുവാദം നല്കുക.
8. സാധാരണക്കാരായ ജനങ്ങൾക്ക് മിതമായ വിലയ്ക്ക് സ്റ്റേഷനറി, പലചരക്ക്, പച്ചക്കറി, എന്നിവ ലഭിക്കത്തക്കവണ്ണം നമ്മുടെ ഗ്രാമപഞ്ചായത്തിൻെറ പ്രധാന ഭാഗങ്ങളിൽ കൺസ്യൂമർ സഹകരണസംഘങ്ങൾ രൂപീകരിച്ചു പ്രവർത്തിപ്പിക്കുക.

അതുപോലെതന്നെ ക്രെഡിറ്റ് വ്യവസ്ഥയിൽ സാധനങ്ങൾ കൊടുക്കത്തക്കവണ്ണം നിയമങ്ങൾ ഏർപ്പെടുത്തുക കൂടി ചെയ്താൽ മാത്രമേ ഗ്രാമപ്രദേശങ്ങളിൽ കൺസ്യൂമർ മേഖല വിജയിക്കുകയുള്ളൂ. അതിനോടൊപ്പം ജനങ്ങളുടെ സഹകരണവും ഉണ്ടായിരിക്കണം.

9. നമ്മുടെ സാമ്പത്തിക സ്ഥാപനങ്ങളായ സഹകരണ ബാങ്കുകൾ ദുർബലവിഭാഗങ്ങളിൽപെട്ടവർക്ക് തക്കതായ ജാമ്യം കൊടുക്കുവാൻ കഴിയാത്തതിൻെറ ഫലമായി അവർക്ക് വേണ്ടത്രവായ്പകൾ കിട്ടുന്നില്ല. ജാമ്യവ്യവസ്ഥകൾ ലഘൂകരിക്കണം.
10. പലിശ നിരക്കു കുറവുള്ള കാർഷികവായ്പകൾ കർഷകർ പൊതുവേ കുറച്ചു മാത്രമേ എടുക്കുന്നുള്ളു അതിന് കർഷകർക്കു വേണ്ട അറിവു പകർന്നു കൊടുക്കാനുള്ള സംവിധാനം ഉണ്ടാവണം.
11. സ്വയം തൊഴിൽ കണ്ടെത്താൻ പദ്ധതി പ്രകാരം കുറഞ്ഞ പലിശ നിരക്കിൽ വായ്പകൾ ലഭിക്കുവാനുള്ള ബുദ്ധിമുട്ടുകൾ പരിഹരിക്കണം.
12. ക്ഷീരവ്യവസായ സഹകരണമേഖലയിൽ വികസനം ഉണ്ടാകുന്നതിന് ക്ഷീരകർഷകർക്ക് കൂടുതൽ പാൽ കിട്ടുന്ന നല്ലയിനം കാലികളെ വാങ്ങുവാൻ വായ്പകൾ അനുവദിക്കുക.
13. കുറഞ്ഞ നിരക്കിൽ കാലിത്തീറ്റകൾ ലഭ്യമാക്കുക
14. കൂടുതൽ പ്രദേശത്ത് തീറ്റപ്പുല്ല് കൃഷി ചെയ്യുന്നതിനു സാമ്പത്തിക സഹായങ്ങളും നിർദ്ദേശങ്ങളും നല്കുക.
15. കർഷകർക്ക് മൃഗസംരക്ഷണം മാർഗ്ഗങ്ങളെക്കുറിച്ച് ബോധവൽക്കരണം നടത്തുക.
16. ക്ഷീരകർഷകരെ സഹായിക്കുന്നതിനുവേണ്ടി ഗ്രാമപഞ്ചായത്തിൽ നിലവിലുള്ളവ കൂടാതെ വിവിധ പ്രദേശങ്ങളിൽ ക്ഷീരോല്പാദക സഹകരണ സംഘങ്ങൾ രൂപീകരിക്കുക.
17. ക്ഷീരോല്പാദക സംഘങ്ങളിൽ നിന്നും മിൽമ വാങ്ങുന്ന പാലിന് ന്യായമായ വില സംഘങ്ങൾക്കു കിട്ടത്തക്കവണ്ണം സർക്കാർതലത്തിൽ വേണ്ട നടപടികൾ ഉണ്ടാകണം.
18. കർഷകർ ഉല്പാദിപ്പിക്കുന്ന കാർഷികോല്പന്നങ്ങൾക്ക് ന്യായമായ വിലകിട്ടുന്നതിനുവേണ്ടി നമ്മുടെ ഗ്രാമപഞ്ചായത്തിൽ കാർഷികോല്പന്നങ്ങൾ വാങ്ങുകയും, വിപണനം നടത്തുകയും ചെയ്യുന്ന മാർക്കറ്റിംഗ് സഹകരണ സംഘങ്ങൾ സ്ഥാപിക്കുക.
19. നമ്മുടെ പഞ്ചായത്തിൽ വളരെക്കൂടുതൽ റബ്ബർ, തെങ്ങ് ഇവ കൃഷിയുള്ളതിനാൽ റബ്ബർ കേരോല്പന്നങ്ങൾ ഇവയേ അടിസ്ഥാനമാക്കിയുള്ള വ്യവസായ സഹക

രണസംഘങ്ങൾ രൂപീകരിക്കുക.

20. വനിതാവ്യവസായ സഹകരണസംഘങ്ങൾ രൂപീകരിച്ച് റെഡിമെയ്ഡ് വസ്ത്രനിർമ്മാണം കറിപൗഡർ, അച്ചാർ, പാൽഉല്പന്നങ്ങൾ അടിസ്ഥാനമാക്കിയുള്ളവ തുടങ്ങി സ്ത്രീകളുടെ തൊഴിലില്ലായ്മ പരിഹരിക്കുക.

21. വള്ളിക്കോടു ഗ്രാമപഞ്ചായത്തിന്റെ IX-Xവാർഡുകളിൽ പാറ കൂടുതൽ ലഭ്യമാണ്. അവിടെ മെറ്റൽ ക്രഷർ വ്യവസായ സഹകരണ സംഘങ്ങൾ സ്ഥാപിച്ചാൽ അവിടെയുള്ള സ്ത്രീകൾക്കും പുരുഷന്മാർക്കും കൂടുതൽ തൊഴിൽ ലഭിക്കും.

22. നമ്മുടെ പഞ്ചായത്തിൽ പട്ടികജാതിക്കാർ കൂടുതലുള്ള കോളനി പ്രദേശങ്ങളിൽ പട്ടികജാതിക്കാർക്കുവേണ്ടി വ്യവസായ സഹകരണ സംഘങ്ങൾ സ്ഥാപിക്കുക.

23. സഹകരണാടിസ്ഥാനത്തിൽ വൻതോതിൽ കോഴി വളർത്തൽ സഹകരണസംഘം ആരംഭിക്കുക.

24. നരിയാപുരം കേന്ദ്രമാക്കി ഒരു റബ്ബർ ഉല്പാദക സഹകരണ സംഘം സ്ഥാപിക്കുക.

25. തയ്യൽ തൊഴിലിൽ വൈദഗ്ദ്ധ്യം നേടിയ സ്ത്രീ തൊഴിലാളികൾക്കുവേണ്ടി ഒരു സഹകരണ സംഘം നരിയാപുരത്തു സ്ഥാപിച്ചു തൊഴിൽ പ്രശ്നത്തിനു കുറെയെങ്കിലും പരിഹാരം കാണുക.

26. അതതു സഹകരണസംഘത്തിന്റെ മേൽനോട്ടത്തിൽ വള്ളിക്കോട്ടും നരിയാപുരത്തും ഓരോ സഹകരണ മാവേലിസ്റ്റോർ ആരംഭിക്കുക.

27. സഞ്ചരിക്കുന്ന മാവേലിസ്റ്റോറുകൾ ഈ പഞ്ചായത്തിലും ആരംഭിക്കണം.

28. സഹകരണാടിസ്ഥാനത്തിൽ ഒരു പച്ചക്കറി വിപണന കേന്ദ്രം സ്ഥാപിക്കുക.

29. സഹകരണ സംഘങ്ങൾ കൃഷി ആവശ്യങ്ങൾക്കുള്ള വായ്പയ്ക്ക് പലിശ നിരക്ക് കുറച്ചു നല്കണം.

30. വള്ളിക്കോടു പഞ്ചായത്തിന്റെ ആസ്ഥാനത്തിനടുത്ത് പത്തനംതിട്ട ഭൂവികസന സഹകരണ സംഘത്തിന്റെ ഒരു ബ്രാഞ്ച് ആരംഭിക്കണം.

കണ്ണുകൾ ചുവന്നു തുടുക്കുമ്പോൾ
കാഴ്ചശക്തികുറയുന്നു.
—നെഹ്റു

# പട്ടികജാതി പട്ടികവർഗ്ഗക്ഷേമം



## 5.11

തൊട്ടുകൂടായ്മയും തീണ്ടിക്കൂടായ്മയും കൊടികുത്തി വാണിരുന്ന ഒരു സാമൂഹ്യ പശ്ചാത്തലമാണ് കേരളത്തിലെ പട്ടികജാതി പട്ടികവർഗ്ഗക്കാർക്കുണ്ടായിരുന്നത്. അതുകൊണ്ടു തന്നെ അവർ സാമ്പത്തികമായി പിന്നോക്കം പോയി. പൊതു നിരത്തിൽ നടക്കാനോ ദേവാലയങ്ങളിൽ ആരാധന നടത്താനോ അനുവദിക്കാതിരുന്ന ആ കാലഘട്ടത്തിൽ അവർക്കു പൊതു രംഗത്തു പ്രത്യക്ഷപ്പെടാനോ സമൂഹത്തിൻെറ മുഖ്യ ധാരയിലേക്കു കടന്നു കയറാനോ അവസരം ലഭിച്ചില്ല. ക്ഷേത്ര പ്രവേശന വിളംബരത്തോടൊപ്പം, അവർക്കും സമൂഹ്യ നീതി ഉറപ്പുവരുത്താനുള്ള ശ്രമവും കൂടി നടന്നപ്പോൾ സമൂഹ മനസ്സാക്ഷി തൊടീലിനും, തീണ്ടലിനും, ഉച്ചനീചത്വങ്ങൾക്കും എതിരായി ഉണർന്നു. പുരോഗമന പ്രസ്ഥാനങ്ങളും ഈ വഴിക്ക് വളരെ ഏറെ പ്രവർത്തിച്ചിട്ടുണ്ട്. മഹാനായ അംബേദ്കർ, അയ്യൻകാളി, കെ. കേളപ്പൻ, ശ്രീനാരയണ ഗുരു, ചട്ടമ്പിസ്വാമികൾ, വി.ടി. ഭട്ടതിരിപ്പാട്, മന്നത്തു പത്മനാഭൻ തുടങ്ങിയവരുടെ സാമൂഹ്യ രംഗത്തുള്ള സേവനം പട്ടികജാതി പട്ടിക വർഗ്ഗത്തിനും തണലേകി. ഭരണസംഘടനാനുസൃതമായ അവകാശങ്ങൾ, ഭൂനിയമങ്ങൾ, സംവരണതത്വം വിവിധക്ഷേമ പ്രവർത്തനങ്ങൾ എന്നിവ ഈ വിഭാഗങ്ങളുടെ പുരോഗതിക്കു വഴിഒരുക്കി. എങ്കിലും ആത്മവിശ്വാസവും ഉല്ക്കലേർഷചരയും ഇനിയും കൈവരേണ്ടിയിരിക്കുന്നു.

വള്ളിക്കോട് ഗ്രാമപഞ്ചായത്തിൽ പത്തു വാർഡുകളിലായി 731 വീടുകളിൽ 3022 പട്ടികജാതിക്കാരും 25 ഓളം പട്ടിക വർഗ്ഗക്കാരും താമസിക്കുന്നു. ഇവർ സിദ്ധർ, സാംബവർ, ചേരമർ, വേലൻ, പാണൻ, പതിയാൻ, തണ്ടാൻ, ചാക്ക, തച്ചൻ, നായാടി തുടങ്ങിയ ജാതി പേരുകളിൽ അറിയപ്പെടുന്നു. ഇവർ വിവിധ തൊഴിലുകൾ ചെയ്ത് ഉപജീവനം നടത്തിപ്പോരുന്നു. ഇവർ ഈ പഞ്ചായത്തിലുള്ള 28 കോളനികളിലായും ഒറ്റപ്പെട്ടും ജീവിക്കുന്നു. ഇവയിൽ എട്ട് എണ്ണം I.H.D.P കോളനികളാണ്. സർക്കാർ പദ്ധതികളിലൂടെയും, വിവിധ ഏജൻസികളിലൂടെയും നടപ്പാക്കുന്ന ക്ഷേമപദ്ധതികൾ ഒന്നും പൂർണ്ണമായി ലക്ഷ്യത്തിൽ എത്തിയിട്ടില്ല ഇടനിലക്കാരുടെ ചൂഷണത്തിന് ഇവർ വിധേയരാകുന്നു.

വള്ളിക്കോട് ഗ്രാമപഞ്ചായത്തിലെ പത്തുഗ്രാമസഭകളിലെ ചർച്ചാ റിപ്പോർട്ടുകളും പഠന പര്യടനവും, കാരണവ ചർച്ചകളും, ലഭ്യമായ സ്ഥിതി വിവരക്കണക്കുകളും അവലംബിച്ചുകൊണ്ട് പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽ പെട്ടവരുടെ, ആഹാരം, വസ്ത്രം, പാർപ്പിടം, വിദ്യാഭ്യാസം, ആരോഗ്യം തുടങ്ങിയ അടിസ്ഥാന പ്രശ്നങ്ങളേ സംബന്ധിച്ച് ചർച്ച നടത്തി.

### തൊഴിൽ

കാർഷിക മേഖലുമായി ബന്ധപ്പെട്ടുള്ള തൊഴിൽ ചെയ്യുന്നവരാണ് പട്ടികജാതി വിഭാഗത്തിൽ പെട്ടവരിൽ ഭൂരിഭാഗവും, കാർഷിക മേഖലയിലെ യന്ത്രവത്കരണം, ദീർഘകാല നാണ്യവിളകളിലേക്കുള്ള നീക്കം തുടങ്ങിയവ ഈ മേഖലയിലെ തൊഴിൽ സാധ്യത കുറയ്ക്കുന്നു. ഹ്രസ്വകാലവിളകളെ ബാധിക്കുന്നു. പാടത്തും പറമ്പിലും ജോലിചെയ്തിരുന്നവർക്ക് മറ്റു മേഖലതേടി പോകേണ്ടിവരുന്നു.

## പഞ്ചായത്തിലുള്ള പട്ടികജാതി കോളനികളെ സംബന്ധിച്ച വിവരങ്ങൾ.

### പട്ടിക. 1

| നമ്പർ | പട്ടികജാതി കോളനി | വാർഡ് | കുടുംബങ്ങളുടെ എണ്ണം | അംഗസംഖ്യ |
|---|---|---|---|---|
| 1 | പാലശ്ശേരി കോളനി | I | 13 | 47 |
| 2 | കുറ്റിയിൽ കോളനി | " | 28 | 100 |
| 3. | താഴെയിൽ കോളനി | II | 10 | 40 |
| 4. | മാവും പാറ കോളനി | III | 31 | 122 |
| 5. | പുതുശ്ശേരി കോളനി | " | 16 | 58 |
| 6. | വല്യത്തു കോളനി | " | 12 | 45 |
| 7. | കോയിക്കലേത്ത് മല കോളനി | " | 10 | 35 |
| 8. | കാരയ്ക്കാട്ടുമല കോളനി | IV | 10 | 50 |
| 9. | മലമ്പുറം (പാറക്കൂട്ടത്തിൽ) | " | 25 | 100 |
| 10. | ഞാറക്കുറ്റിയിൽ കോളനി | " | 6 | 25 |
| 11. | കുഴിഞ്ഞയ്യത്ത് കോളനി | " | 5 | 17 |
| 12. | നെല്ലിയ്ക്കാട്ട് മുരുപ്പ് കോളനി | " | 9 | 37 |
| 13. | കുടമുക്ക് ലക്ഷംവീട് | " | 24 | 186 |
| 14. | IHDP മൂന്നാംകലുങ്ക് കോളനി | V | 46 | 168 |
| 15. | IHDP പത്തുപറയിൽ (കോഴിക്കോട്ടു തലയ്ക്കൽ) | " | 56 | 260 |
| 16. | ലക്ഷംവീട് | VI | 24 | 96 |
| 17. | വിളയിൽ ചിറക്കരോട്ട് | " | 28 | 112 |
| 18. | തൃപ്പാറ കോളനി | " | 35 | 140 |
| 19. | IHDP അക്കാളുമുക്ക് കോളനി | VII | 19 | 90 |
| 20. | കുളത്തൂരേത്ത് ലക്ഷംവീട് | " | 20 | 130 |
| 21. | ചെമ്പതകിഴക്കേക്കര (കൊച്ചാൽ) | VIII | 28 | 96 |
| 22. | IHDP ചോനൽ മുരുപ്പ് കോളനി | " | 47 | 188 |
| 23. | IHDP മൂർത്തി മുരുപ്പ് | IX | 50 | 210 |
| 24. | IHDP തേക്കും കൂട്ടത്തിൽ മുരുപ്പ് | " | 16 | 58 |
| 25. | IHDP പള്ളിമുരുപ്പ് കോളനി | " | 80 | 310 |
| 26. | കാവിൻറയ്യത്ത് ലക്ഷംവീട് | " | 24 | 97 |
| 27. | അംബേദ്ക്കർ കോളനി | X | 20 | 82 |
| 28. | IHDP കാഞ്ഞിരപ്പാറ കോളനി | " | 49 | 193 |
| | ആകെ | | 741 | 3092 |

## പട്ടിക II

| ക്രമ നമ്പർ | ഒറ്റപ്പെട്ട് (പലയിടത്തായി താമസിക്കുന്ന പട്ടിക ജാതിക്കാർ | വാർഡ് | കുടുംബങ്ങളുടെ എണ്ണം | അംഗസംഖ്യ |
|---|---|---|---|---|
| 1. | " | I | 26 | 120 |
| 2. | " | II | 11 | 42 |
| 3. | " | III | 8 | 26 |
| 4. | " | IV | 14 | 56 |
| 5. | പുറമ്പോക്ക് നിവാസികൾ | V | 24 | 96 |
| 6. | ഒറ്റപ്പെട്ടു താമസിക്കുന്നവർ | " | 21 | 84 |
| 7. | " | VII | 11 | 47 |
| 8. | " | IX | 9 | 32 |
| 9. | " | X | 5 | 22 |
| | ആകെ | | 129 | 525 |

## പട്ടിക 3
### പ്രാഥമികാവശ്യങ്ങൾ ലഭിക്കാത്ത വീടുകൾ

| നമ്പർ | വാർഡ് | സ്വന്തമായി ഭൂമിയില്ലാത്തവർ | വാസയോഗ്യമല്ലാത്ത വീടുകൾ | സ്വന്തമായി കക്കൂസ് ഇല്ലാത്ത വീടുകൾ | കുടിവെള്ളക്ഷാമം അനുഭവിക്കുന്ന വീടുകൾ | വൈദ്യുതി ലഭിക്കാത്ത വീടുകൾ | തൊഴുത്ത് ഇല്ലാത്ത വീടുകൾ | കുളിമുറിയില്ലാത്ത വീടുകൾ |
|---|---|---|---|---|---|---|---|---|
| 1. | I | | 25 | 28 | 20 | 42 | 8 | 30 |
| 2. | II | 1 | 18 | 19 | 11 | 19 | 10 | 20 |
| 3. | III | | 32 | 45 | 54 | 49 | 26 | 50 |
| 4. | IV | | 50 | 50 | 43 | 68 | 29 | 65 |
| 5. | V | 25 | 88 | 81 | 88 | 110 | 38 | 110 |
| 6. | VI | | 32 | 38 | 38 | 46 | 24 | 39 |
| 7. | VII | 8 | 24 | 23 | 24 | 21 | 11 | 28 |
| 8. | VIII | | 21 | 39 | 48 | 49 | 28 | 45 |
| 9. | IX | | 98 | 98 | 115 | 80 | 56 | 111 |
| 10. | X | 15 | 25 | 36 | 59 | 62 | 35 | 70 |
| | ആകെ | 44 | 413 | 457 | 500 | 546 | 265 | 568 |

കർഷകരും, കർഷകത്തൊഴിലാളികളും പരിസ്ഥിതി പ്രശ്നങ്ങളും ഇതിനു കാരണങ്ങളാണ്. കെട്ടിട നിർമ്മാണ രംഗത്ത് അടിക്കടി ഉണ്ടായിക്കൊണ്ടിരിക്കുന്ന തൊഴിലവസരങ്ങൾ അവരേ അങ്ങോട്ടാകർഷിക്കുന്നു. കാർഷിക മേഖലയിൽ പുരഷന്മാരും സ്ത്രീക്കുമുള്ള കൂലിനിരക്കിലെ അന്തരം, സ്ത്രീ തൊഴിലാളികളേ ആ രംഗത്തു നിന്നും പിൻമാറൻ പ്രേരിപ്പിക്കുന്നു. കൂടാതെ കാർഷിക മേഖലയിലെ ജോലികളിൽ പലതും "സീസണൽ" ആണ്. അതിനാൽ വർഷത്തിൽ എല്ലാ ദിവസവും ജോലി കിട്ടുന്ന മേഖല തേടിപ്പോകുന്നതും സ്വാഭാവികമാണ്. പരമ്പരാഗതതൊഴിലായ, കുട്ട, വട്ടി, പരമ്പ്, മുറം മുതലായവയുടെ നിർമ്മാണം, പായ് നെയ്ത്ത് തുടങ്ങിയവ ഇന്ന് കടുത്ത പ്രതിസന്ധിയേ നേരിടുകയാണ്. അസംസ്കൃത വസ്തുക്കളുടെ ലഭ്യതക്കുറവ്, അവയ്ക്കുണ്ടായിക്കൊണ്ടിരിക്കുന്ന അമിതമായ വിലവർദ്ധനവ്, തഴകൈത പ്രകൃത്യാ വളരുന്നതിനുള്ള സൗകര്യക്കുറവ് എന്നിവ, ഈ മേഖലയിൽ പിടിച്ചു നില്ക്കുന്നതിന് പട്ടികജാതിക്കാരെ അപ്രാപ്തരാക്കുന്നു. മേൽപറഞ്ഞ വസ്തുക്കൾ പ്ലാസ്റ്റിക്കുകൾ കൊണ്ടും മറ്റും നിർമ്മിക്കുന്നതിനാൽ വിപണന സാധ്യതയും കുറയുന്നുണ്ട്. ആകെക്കൂടി നോക്കിയാൽ തൊഴിൽ പരമായ സ്ഥിതി പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിലുള്ളവർക്ക് മോശമാണ്.

## പാർപ്പിടം

ജന്മിമാർക്കും മാടമ്പിമാർക്കും മറ്റും സ്വന്തമായിരുന്ന സ്ഥലത്ത് കൊച്ചുചെറ്റക്കുടിലുകൾ വച്ച് കുടികിടപ്പുകാരായി കഴിഞ്ഞവരാണ് ഈ വിഭാഗത്തിൽപ്പെട്ട ബഹുഭൂരിപക്ഷവും. ഭൂപരിഷ്കരണ നിയമങ്ങളും, കുടികിടപ്പവകാശങ്ങളും നിലവിൽവന്നതോടെ അഞ്ചും പത്തും സെൻറ് ചിലർക്ക് ലഭിച്ചിട്ടുണ്ടെങ്കിലും അവിടെ വാസയോഗ്യമായ ഒരു വീടു വയ്ക്കാൻ അവർ അപ്രാപ്തരായിരുന്നു. സാമൂഹ്യ സാംസ്കാരിക സംഘടനകളുടെ പ്രവർത്തനഫലമായും, സർക്കാരിൻെറ വിവിധ പദ്ധതികൾ മൂലവും പാർപ്പിട പ്രശ്നത്തിന് അല്പമാത്രമായ പരിഹാരം കാണാൻ കഴിഞ്ഞിട്ടുണ്ട്. ലക്ഷം വീടു പദ്ധതി കോളനികൾ കേന്ദ്രീകരിച്ചുള്ള ഭവനനിർമ്മാണം എന്നീ പദ്ധതികൾ കുറെയൊക്കെ സഹായകമായിട്ടുണ്ട്. എങ്കിലും വാസയോഗ്യമായ കെട്ടിടം ഉള്ളവരുടെ സംഖ്യ ഈ പഞ്ചായത്തിൽ പരിമിതമാണ്. സ്വന്തസ്ഥലമോ വീടുവയ്ക്കാനുള്ള സാമ്പത്തിക നിലവാരമോ ഇല്ലാത്ത പലരും ഇന്ന് ചെറ്റക്കുടിലുകളിൽ കഴിയുന്നു. വായ്പാ പദ്ധതികൾ വേണ്ടത്ര ഫലപ്രദമല്ലാത്ത രീതിയിലായതിനാൽ, വീട് എന്ന ആഗ്രഹം സഫലീകരിക്കാൻ കഴിയാതെ പോകുന്നു. ലഭിച്ച വായ്പകൾ തിരിച്ചടയ്ക്കാൻ കഴിയാതെ നട്ടം തിരിയുന്നവർ ഇനി ഒരു കൂട്ടർ. വയ്ക്കുന്ന വീടു തന്നെ അറ്റകുറ്റപണി നടത്താതെ ഇരിക്കുന്നതിനാൽ കാറ്റ്, മഴ എന്നിവയിൽ തകർന്നുവീഴുന്ന കെട്ടിടങ്ങളിൽ ഭൂരിഭാഗവും പട്ടികജാതിക്കാരുടേതാണ്. ഭവനരഹിതരായിത്തീരുന്നതും അവർ തന്നെ. ഒരിടത്തും പാർപ്പിടമില്ലാതെ കടത്തിണ്ണയിലും മരച്ചുവട്ടിലും രാത്രി കഴിച്ചുകൂട്ടുന്ന സഞ്ചാരികളായ പട്ടികജാതിക്കാരെയും പഞ്ചായത്തിൽ കാണാം.

## വിദ്യാഭ്യാസം

ഒരു കാലത്ത് വിദ്യാഭ്യാസം പാടേ നിഷേധിക്കപ്പെട്ടിരുന്ന ഇവർ, പിൽക്കാലത്ത് സാമൂഹ്യ സാംസ്കാരിക രംഗങ്ങളിലുണ്ടായ വിപ്ലവകരമായ മാറ്റങ്ങൾകൊണ്ട് വിദ്യാഭ്യാസ സാമൂഹ്യ മണ്ഡലങ്ങളിൽ ഉയർന്നു വരാൻ തുടങ്ങി. അനേകകാലം അടിമത്തത്തിൽ കഴിഞ്ഞ അവശ വിഭാഗത്തിന്, പെട്ടെന്ന് ഒരു നവോത്ഥാനം കൈവരിക്കാൻ കഴിയാതെ പോയിട്ടുണ്ട്. നിർബന്ധിതവും സാർവ്വത്രികവുമായ വിദ്യാഭ്യാസം നിലവിൽ വന്നതോടെ ചെറുപ്പക്കാർ എല്ലാം തന്നെ വിദ്യാലയാന്തരീക്ഷത്തിൽ എത്തിക്കപ്പെട്ടിട്ടുള്ളവരാണ്. എന്നാൽ സാമ്പത്തികവും, ഗാർഹികവുമായ കാരണങ്ങളാൽ ഇടയ്ക്കുവച്ചു പഠനം നിർത്തിയവർ അനേകരാണ്. അവർക്കും വിദ്യാലയത്തിൽ പ്രവേശനം നിഷേധിക്കപ്പെട്ടിരുന്ന ഹതഭാഗ്യർക്കും വേണ്ടി ആവിഷ്കരിച്ചു നടപ്പിലാക്കിയ സമ്പൂർണ്ണ സാക്ഷരതായജ്ഞം ഒരു വൻ വിജയമായിരുന്നു ഈ പഞ്ചായത്തിൽ. എന്നാൽ തുടർ വിദ്യാഭ്യാസത്തിൻെറ അപര്യാപ്തതയും, ലക്ഷ്യബോധവില്ലായ്മയും കൊണ്ട് ഫലപ്രദമായയി സമ്പൂർണ്ണ സാക്ഷരത കൈവരിക്കാൻ ഇന്നു കഴിഞ്ഞിട്ടില്ല. സ്ക്കൂൾ വിദ്യാഭ്യാസം തടസ്സം കൂടാതെ പൂർത്തിയാക്കുന്നവർ കുറച്ചു മാത്രം. അവരിൽ പരിമിതമായ ഒരു സംഖ്യമാത്രമേ പ്രീഡിഗ്രി, ഡിഗ്രി തലങ്ങളിൽ എത്തിച്ചേരുന്നുള്ളൂ. സർക്കാർ പലതരത്തിലുള്ള ആനുകൂല്യങ്ങളും പ്രചോദനങ്ങളും നല്കുന്നുണ്ടെങ്കിലും, അവ പൂർണമായി പ്രയോജനപ്പെടുത്തി വിദ്യാഭ്യാസം പൂർത്തിയാക്കുന്നവർ വിരളമാണ്. രക്ഷിതാക്കൾ കൂലിവേലയ്ക്ക് പോകുമ്പോൾ, ഇളയ കുട്ടികളെ നോക്കാൻ കുടിലിൽ തങ്ങേണ്ടി വരുന്ന കുട്ടിയുടെ വിദ്യാഭ്യാസം അവിടെ നിന്നു പോകുന്നു. അല്ലെങ്കിൽ ഉദര പൂരണത്തിനുവേണ്ടി വീട്ടുവേലക്കു പോകാൻ തയാറാകുന്നു.

സർക്കാർ മേഖലയിൽ ജോലി ലഭിച്ചിട്ടുള്ള പട്ടികജാതിയിൽ പെട്ടവരുടെ സംഖ്യ പഞ്ചായത്തിൽ നൂറിൽ താഴെയാണ്. സംവരണാനുകൂല്യങ്ങൾ നിലവിലുണ്ടെങ്കിലും ജോലി ലഭിക്കുന്നവർ തുലോം കുറവാണ്. സർവ്വകലാശാല, ബിരുദം നേടിയവർ പരിമിതവും, മെഡിക്കൽ എൻജിനീയറിംഗ് ബിരുദം സമ്പാദിച്ചവർ അംഗുലീപരിമിതവും

ആണ്. ശാസ്ത്ര സാങ്കേതിക രംഗത്തുള്ള വിദ്യാഭ്യാസം ചെലവേറിയതാകയാൽ, സാമ്പത്തീകമായി പിന്നോക്കം നില്ക്കുന്നവർക്ക് അതിൽപ്രവേശിക്കാൻ കഴിയുന്നില്ല.

## ആരോഗ്യം

ആരോഗ്യ രംഗത്ത് പട്ടികജാതി പട്ടികവർഗ്ഗക്കാർ തുലോം പിന്നിലാണ്. പാടത്തും പണിശാലയിലും അധ്വാനിക്കുന്ന ഈ വിഭാഗത്തിന് അർദ്ധ പട്ടിണിയും, പോഷകാഹാരക്കുറവും, ആരോഗ്യകരമായ ജീവിതത്തിനുള്ള ഭൗതിക സാഹചര്യക്കുറവും, സർവ്വോപരി അജ്ഞതയും കാരണം അനാരോഗ്യവും അതുവഴി രോഗം പിടിപെടുകയും ചെയ്യുന്നു. കോളനികളിലെ പരിമിതമായ സൗകര്യങ്ങൾ നിബിഡമായ ജനജീവിതം എന്നിവ സാംക്രമിക രോഗങ്ങൾ പടർന്നു പിടിക്കാൻ കാരണമാകുന്നു. IHDP പോലെയുള്ള വികസനപദ്ധതിയിലൂടെ കോളനി നിവാസികളുടെ ജീവിത സാഹചര്യം വർദ്ധിപ്പിക്കാനുള്ള ശ്രമം നടക്കുന്നു എങ്കിലും ഈ സൗകര്യങ്ങൾ പൂർണ്ണമായി പ്രയോജനപ്പെടുത്തി ജീവിത സാഹചര്യം വർദ്ധിപ്പിക്കുന്നതിനുള്ള കൂട്ടായ ഒരു യത്നം അവരുടെ ഭാഗത്ത് ഇനിയും ഉണ്ടായിട്ടില്ല. പുതിയ ജീവിതശൈലി ഉൾക്കൊള്ളാൻ അവരുടെ ഇടയിലെ അഭ്യസ്തവിദ്യർ മുന്നോട്ടു വരേണ്ടതാണ്. മദ്യവും മയക്കുമരുന്നും കോളനി നിവാസികളെ ചൂഷണം ചെയ്യുന്നു. ജോലി ചെയ്തു ക്ഷീണിച്ച അവർക്ക് ശരീരക്ഷീണം മാറ്റാൻ അല്പം "മരുന്നു" കഴിക്കാൻ സമൂഹം അവരേ അനുവദിച്ചിരിക്കുയാണെന്നു തോന്നും. തെറ്റായ ഈ ധാരണ മാറ്റാൻ ബോധവൽക്കരണം വേണം. എല്ലാ വീടുകൾക്കും കക്കൂസ് സൗകര്യമോ, ഉള്ളത് ശുചിയായി സൂക്ഷിക്കാനുള്ള താല്പര്യമോ ഇല്ല. അനാരോഗ്യകരമായ കക്കൂസ്, പരിസരം, കുടിവെള്ളം എന്നിവ കോളനികളിൽ രോഗകാരണമായി മാറുന്നു.

## കലാകായികരംഗം

നിരവധി നാടൻ കലാകാരന്മാരും കായിക താരങ്ങളും ഉള്ള ഒരു പഞ്ചായത്താണിത്. അവരുടെ കഴിവുകൾ വികസിപ്പിക്കാൻ അവസരം ലഭിക്കുന്നില്ല. കലാകാരന്മാരെ കണ്ടെത്തി പ്രോത്സാഹിപ്പിക്കാൻ ഒരു പദ്ധതി ഉണ്ടെങ്കിൽ നഷ്ടപ്രായമായിക്കൊണ്ടിരിക്കുന്ന നാടൻ കലകൾക്ക് പുനർജന്മം നല്കാൻ കഴിയും. കോൽക്കളി, കാക്കാരിശ്ശി, കോലം തുള്ളൽ, പാക്കനാർകളി, പരിശമുട്ട്, വേലൻതുള്ളൽ, പുള്ളികുത്തിക്കളി തുടങ്ങിയ വിനോദ, ആചാര കലകൾക്ക് പേരു കേട്ടതായിരുന്നു ഈ പഞ്ചായത്ത്.

| | വാർഡ് നമ്പർ | നിലവിലുള്ള നാടൻ കലാസംഘങ്ങൾ |
|---|---|---|
| 1. | I | കോൽകളി |
| 2. | | കാക്കാരിശ്ശി |
| 3 | II | കോൽകളി |
| 4. | | പരിശമുട്ടുകളി |
| 5. | III | പരിശമുട്ട് |
| 6. | V | കോലം തുള്ളൽ ട്രൂപ്പ് |
| 7. | | പാക്കനാർ കളിട്രൂപ്പ് |
| 8. | VII | കോൽക്കളി |
| 7 | | കാക്കാരിശ്ശി നാടകം. |
| 8 | | നാടകസംഘം കഥകളി സംഘം. |
| 9 | IX | കോൽക്കളി |
| 10. | X | വേടൻതുള്ളൽ, കുറവർകളി |
| 11. | | പുള്ളികുത്തിക്കളി |
| 12. | | പാക്കനാർ കളി |
| 13. | | ചെറുനാടക സംഘം |
| 14. | | ഒരു ആർട്സ് & സ്പോർട്സ് ക്ലബ്ബ് |

മേൽപറഞ്ഞ കലാരൂപങ്ങൾ പട്ടികജാതിക്കാരുടെ പങ്കാളിത്തം വളരെ കൂടുതൽ ഉള്ളതും നാടിൻെറ സാംസ്കാരിക തനിമ നിലനിർത്തുന്നതുമാണ്. കാർഷിക മേഖലയുമായി ബന്ധപ്പെട്ടിട്ടുള്ള കൊയ്ത്തുപ്പാട്ട്, ഞാറ്റുപാട്ട്, കൂടാതെ തുമ്പിതുള്ളൽ, ഭജനപ്പാട്ട്, ഉപകരണ സംഗീതം, മിമിക്സ് തുടങ്ങിയ കലാരൂപങ്ങൾ അവതരിപ്പിക്കുവാൻ കഴിവുള്ള കലാകാരന്മാർ ഈ പഞ്ചായത്തിലുണ്ട്. കായികരംഗത്തും മികവുറ്റ താരങ്ങൾ ഇവിടെയുണ്ട്. അവർക്ക് വേണ്ടത്ര പ്രോത്സാഹനം ലഭിക്കുന്നില്ല.

മുകളിൽ വിവരിച്ച മേഖലകളേപ്പറ്റി പഞ്ചായത്ത് ഗ്രാമസഭകളിൽ നിന്നും ലഭിച്ച റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിലുള്ള പ്രശ്നങ്ങളും നിർദ്ദേശങ്ങളും.

## പ്രശ്നങ്ങൾ

1. കാർഷിക മേഖലയിൽ തൊഴിൽ കുറഞ്ഞുവരുന്നു.
2. ഭക്ഷ്യവിളകളേക്കാൾ നാണ്യവിളകൾക്ക് പ്രാധാന്യം ഏറി വരുന്നു.
3. കർഷക തൊഴിലാളികളിൽ പുരുഷനും സ്ത്രീക്കും വേതന വ്യത്യാസം നിലനില്ക്കുന്നു.
4. കാർഷിക മേഖലയിൽ വിദഗ്ധ തൊഴിലാളികളുടെ എണ്ണം കുറഞ്ഞു വരുന്നു.

5. വർഷത്തിൽ എല്ലാ ദിവസവും ജോലി ലഭിക്കാത്ത കൃഷിമേഖലയിൽ നിന്നും സ്ഥിരം ജോലി ലഭിക്കുന്ന നിർമ്മാണ മേഖലയിലേക്ക് തൊഴിലാളികൾ മാറിപ്പോകുന്നു.
6. സർക്കാർ തൊഴിൽ ലഭിക്കുന്നില്ല.
7. പരമ്പരാഗത തൊഴിൽ മേഖലയിൽ നിലനില്ക്കുന്ന പ്രശ്നങ്ങൾ . അതായത് അസംസ്കൃത സാധനങ്ങളുടെ ലഭ്യതക്കുറവ് അവയുടെ വില വർദ്ധനവ് തുടങ്ങിയവ.
8. എല്ലാവർക്കും സ്വന്തമായി വീടില്ല. വീടുവയ്ക്കാൻ സ്ഥലമില്ല. ഇപ്പോൾ കിട്ടുന്ന ധനസഹായം കൊണ്ട് വീടുവയ്ക്കാൻ കഴിയാതെ വരുന്നു.
9. ഭൂരിഭാഗം വീടുകളും താമസയോഗ്യമല്ല.
10. പലതും അംഗീകാരം ലഭിക്കാത്ത കോളനികളാകയാൽ പാർപ്പിട പദ്ധതികളുടെ പ്രയോജനം ലഭിക്കുന്നില്ല.
11. ചെറിയ വീടുകളും കുടിലുകളും പ്രകൃതിക്ഷോഭത്തിനിരയാകുന്നു.
12. കക്കൂസുകൾ ഇല്ലാത്ത വീടുകളാണ് അധികവും ഇത് ആരോഗ്യപ്രശ്നം ഉണ്ടാക്കുന്നു.
13. ചെറുപ്പത്തിലേ തൊഴിലെടുക്കാൻ നിർബന്ധിതരാകുന്നതുകൊണ്ടും, വീട്ടിലെ പ്രതികൂല ചുറ്റുപാടുകൾകൊണ്ടും പഠനം നിർത്തിപ്പോകുന്നു.
14. ശാസ്ത്ര വിദ്യാഭ്യാസം അടക്കം ഉന്നത വിദ്യാഭ്യാസത്തിന് ചെലവേറിയിരിക്കുന്നതിനാൽ സാമ്പത്തിക ഭദ്രത ഇല്ലാത്തവർക്ക് അതു നിഷേധിക്കപ്പെടുന്നു.
15. മാതാപിതാക്കളുടെ വിദ്യാഭ്യാസ പിന്നോക്കാവസ്ഥ കുട്ടികളുടെ വിദ്യാഭ്യാസത്തേയും ബാധിക്കുന്നു.
16. സഹപാഠികളുടെ പഠനനിലവാരത്തിലും, അവരുടെ വസ്ത്ര ധാരണരീതിയിലും, എത്താൻ കഴിയാത്ത കുട്ടികൾക്ക് സ്ക്കൂൾ പഠനത്തോട് വിരക്തി തോന്നുന്നു.
17. കലാകായിക രംഗങ്ങളിൽ പ്രോത്സാഹനം ലഭിക്കുന്നില്ല.
18. കോളനി നിവാസികൾക്ക് ആരോഗ്യപ്രശ്നങ്ങളിൽ അറിവു നല്കുന്നില്ല.
19. പോഷകാഹാരക്കുറവ് കോളനി നിവാസികൾക്ക് ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാകുന്നു.
20. ശുചിത്വമില്ലായ്മ അറിവില്ലായ്മ എന്നിവ രോഗങ്ങളേക്ഷണിച്ചു വരുത്തുന്നു.
21. മദ്യം മയക്കുമരുന്ന് എന്നിവ പെട്ടെന്ന് കോളനികളിൽ വ്യാപിക്കുന്നു.

## നിർദ്ദേശങ്ങൾ

1. ഭൂമിസ്വന്തമായി ഇല്ലാത്ത പട്ടികജാതിയിൽപെട്ടവർക്ക് സ്വന്തമായി ഭൂമിയും, തരിശുഭൂമി കൃഷി ചെയ്യാനുള്ള അവകാശവും കൊടുക്കണം.
2. അവരിൽ അഭ്യസ്ത വിദ്യരായുള്ളവരെ, അർഹമായ ജോലിക്കു നിയമിക്കണം.
3. ടൈസം പരിപാടിയിൽ തൊഴിൽ പരിശീലനം നല്കി അവരേ പഞ്ചായത്തു പ്രദേശത്ത് പ്രയോജനപ്പെടുത്തണം.
4. വീടുവയ്ക്കുന്നതിനാവശ്യമായത്ര ധനസഹായം സർക്കാർ നല്കണം.
5. കെട്ടിട നിർമ്മാണ സമഗ്രികൾ പട്ടികജാതിക്കാർക്കും സൗജന്യ നിരക്കിൽ ലഭ്യമാക്കണം.
6. കോളനികൾ എല്ലാം IHDP പദ്ധതിയിൽ ഉൾപ്പെടുത്തണം.
7. പ്രകൃതിക്ഷോഭം മൂലം വീടുനശിക്കുന്നവർക്കു പുതിയ വീടുവയ്ക്കാൻ ധനസഹായം നല്കണം.
8. വീടുപണിയിൽ ഉണ്ടായ കടക്കെണിയിൽ നിന്നും അവരെ മോചിപ്പിക്കണം.
9. കക്കൂസ് ഇല്ലാത്ത വീടുകളിൽ കക്കൂസം നിർമ്മിക്കാൻ ധനസഹായം നല്കി അവരെ പ്രേരിപ്പിക്കണം.
10. ഒറ്റപ്പെട്ടു കഴിയുന്ന മറ്റു പട്ടികജാതി കുടുംബങ്ങളേക്കൂടി കോളനികൾക്കുള്ള സൗജന്യത്തിന് അർഹമാക്കണം.
11. എല്ലാകോളനികളിലും കുടവെള്ളം ലഭ്യമാക്കാൻ കുളങ്ങൾ കുഴിച്ച് പമ്പുസെറ്റ് സ്ഥാപിച്ചു കൊടുക്കണം.
12. പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠന സാമഗ്രികൾ സൗജന്യമായി നല്കി, മറ്റു ചെലവുകൾ പൂർണമായും ഗവ:വഹിക്കണം.
13. ആരോഗ്യപരിപാലനത്തിൽ അവർക്ക് പ്രത്യേക പരിഗണന കൊടുക്കണം.
14. മാതൃസംഗമത്തിൽ അവരുടെ അമ്മമാരുടെ പങ്കാളിത്തം ഉറപ്പാക്കണം.
15. പിന്നോക്കം നില്ക്കുന്ന വിദ്യാർത്ഥികൾക്ക് പ്രത്യേകം കോച്ചിംങ്ങ് നല്കണം.
16. കായികരംഗങ്ങളിൽ കഴിവുള്ള കുട്ടികളേ ആ രംഗത്തേക്കു തിരിച്ചുവിടണം.
17. ഉച്ചഭക്ഷണ വിതരണം കാര്യക്ഷമവും പോഷക പ്രധാനവും ആകണം.
18. കോളനികളിൽ നിന്നും പട്ടിണിമാറ്റാൻ റേഷൻ സമ്പ്രദായം ഉദാരവൽകരിക്കണം.
19. ആരോഗ്യവകുപ്പിൻേറയും സന്നദ്ധസംഘടനകളുടേയും ആഭിമുഖ്യത്തിൽ സെമിനാറുകളും ചർച്ചാ ക്ലാസ്സുകളും കോളനിയിൽ സംഘടിപ്പിച്ച്, ആരോഗ്യം, ശുചിത്വം

മാരക രോഗങ്ങൾ, എന്നിവയേപ്പറ്റി ശാസ്ത്രീയമായ അറിവ് അവരിൽ വളർത്തണം.

20. രോഗപ്രതിരോധകുത്തിവയ്പുകൾ, കൊതുകു നശീകരണം, ക്ലോറിനേഷൻ തുടങ്ങിയവ അടിയന്തിര പ്രാധാന്യത്തോടെ കോളനികളിൽ നടത്തണം.
21. കൂലിപ്പണിക്കാരോ, കർഷകത്തൊഴിലാളികളോ ആയ അവരിൽ ബഹുഭൂരിപക്ഷവും മദ്യത്തിനും, മയക്കുമരുന്നിനും അടിമകളാണ്. അവരേ അതിൽ നിന്നും പിൻതിരിപ്പിക്കാൻ സന്നദ്ധ പ്രവർത്തകരുടെ ശ്രദ്ധപതിയണം.
22. രോഗികളായ അവശത അനുഭവിക്കുന്നവർക്ക് അടിയന്തിരസഹായം നല്കി പരിരക്ഷിക്കണം.
23. കുടിവെള്ളക്ഷാമം അനുഭവിക്കുന്ന കോളനികളിലെല്ലാം കുളംകുഴിച്ച് പമ്പുസെറ്റുസ്ഥാപിച്ച് കുടിവെള്ളം എത്തിക്കണം.
24. വൈദ്യുതി എത്തിയിട്ടില്ലാത്ത പട്ടികജാതി ഭവനങ്ങളിൽ സൗജന്യമായി വൈദ്യുതി എത്തിക്കാൻ വേണ്ട നടപടികൾ എടുക്കണം.
25. വിധവാപെൻഷൻ, വാർദ്ധക്യകാലപെൻഷൻ, കാർഷകതൊഴിലാളി പെൻഷൻ, വികലാംഗ പെൻഷൻ തുടങ്ങിയ ധനസഹായ പദ്ധതികൾ കാലതാമസം കൂടാതെ വിതരണം ചെയ്യണം.
26. ആരോഗ്യവകുപ്പിൻെറ പ്രവർത്തകർ നിരന്തരം കോളനികൾ സന്ദർശിച്ച് അവരുടെ ആരോഗ്യപ്രശ്നം ചർച്ച ചെയ്യണം.
27. പട്ടികജാതി ഭവനങ്ങളിൽ കക്കൂസ് നിർമ്മിച്ചു കൊടുക്കണം.
28. കോളനികളോടനുബന്ധിച്ച് പൊതു ശ്മശാനം വേണം.
29. പുറമ്പോക്കിൽ താമസിക്കുന്ന പട്ടികജാതിക്കാരെ പുനരിധിവസിപ്പിക്കുന്നതിന് നടപടി സ്വീകരിക്കണം.
30. പരമ്പരാഗത തൊഴിൽ ചെയ്തു ജീവിച്ചിരുന്നവരുടെ തൊഴിൽ നഷ്ടപ്പെട്ടതിനാൽ അവർക്കുവേണ്ടി പ്രത്യേക തൊഴിൽ സംരംഭങ്ങൾ തുടങ്ങാൻ നടപടി ഉണ്ടാക്കണം.
31. സാമ്പത്തിക ബുദ്ധിമുട്ട് അനുഭവപ്പെടുന്ന ഭവനങ്ങളിലെ പെൺകുട്ടികളേ വിവാഹം ചെയ്തയയ്ക്കാൻ സഹായനിധി രൂപീകരിക്കണം.
32. കോളനികളിലേക്കുള്ള റോഡു സൗകര്യങ്ങൾ മെച്ചപ്പെടുത്തണം.
33. വായ്പ എടുത്ത് തിരിച്ചടയ്ക്കാൻ വിഷമിക്കുന്ന പട്ടികജാതി വിഭാഗത്തിൽ പെട്ടവരേ കടത്തിൽ നിന്നും ഒഴിവാക്കാൻ നടപടി എടുക്കണം.
34. കാർഷികോപകരണങ്ങൾ പട്ടികജാതിക്കാർക്ക് വില കുറച്ചു കൊടുക്കണം.
35. കർഷകത്തൊഴിലാളി ക്ഷേമനിധി ശരിയായ രീതിയിൽ നടപ്പാക്കണം.
36. കൃഷിക്കാരായ പട്ടികജാതിക്കാർക്ക് കൃഷിഭവനിൽ നിന്നുള്ള ആനുകൂല്യങ്ങൾ ഉദാരമാക്കണം.
37. റേഷൻകാർഡില്ലാത്തവർക്ക് അവവിതരണം ചെയ്യാൻ നടപടി സ്വീകരിക്കണം.
38. എല്ലാ ഹരിജൻ ഭവനങ്ങളിലും ഒരാൾക്കെങ്കിലും സർക്കാർ ജോലി ഉറപ്പാക്കണം.
39. ഓരോ വാർഡിലും പട്ടികജാതി ക്ഷേമ സൊസൈറ്റികൾ സ്ഥാപിക്കണം.
40. വീടുകളുടെ അറ്റകുറ്റപണിക്ക് സർക്കാർ ധനസഹായം ഏർപ്പെടുത്തണം.
41. തൊഴുത്തില്ലാത്ത കുടുംബങ്ങൾക്ക് അതിനു വേണ്ട ധനസഹായം നല്കുകയും, പശുക്കളേ സബ്സിഡി റേറ്റിൽ നല്കുകയും വേണം.
42. പട്ടികജാതി പട്ടികവർഗ്ഗക്ഷേമത്തിനു വേണ്ടി റേഡിയോ ടി.വി. പത്രം എന്നീ മാധ്യമങ്ങൾക്ക് കൂടുതൽ പ്രചാരം നല്കണം.
43. വയൽ തരിശ്ശിടുന്ന നടപടി കർഷകത്തൊഴിലാളികൾക്ക് ജോലി നഷ്ടപ്പെടുമെന്നതിനാൽ നിരുത്സാഹപ്പെടുത്തണം.
44. പട്ടികജാതി കോളനികളോടു ചേർന്നും അങ്കണവാടികൾ ആരംഭിക്കണം.
45. കോളനി നിവാസികൾക്കുവേണ്ടി കളിസ്ഥലം, ഓപ്പൺ എയർ തീയേറ്റർ എന്നിവ നിർമ്മിക്കണം.
46. പട്ടികജാതിക്കാർ ചേർന്നു നടത്തുന്ന കലാകായിക സമിതികൾക്ക് ഗ്രാൻറ് അനുവദിക്കണം.
47. സാങ്കേതിക വിദ്യാഭ്യാസം നേടിയവർക്ക് അതതു ശാഖയൽ ജോലി ലഭിക്കുവാൻ സൗകര്യം ഉണ്ടാവണം.
48. കാലകായികപ്രതിഭകളേയും, ഉന്നതവിജയം കരസ്ഥമാക്കുന്നവരേയും ആദരിക്കാൻ അവാർഡുകൾ ഏർപ്പെടുത്തണം.
49. ഗവൺമെൻറ് മേഖലയിലേപോലെ പ്രൈവറ്റ് മേഖളകളിലേയും സ്ഥാപനങ്ങളിലേ ഒഴിവുകളിൽ സംവരണതത്വം പാലിച്ചുകൊണ്ട് തൊഴിൽ നല്കാനുള്ള നിയമം ഉണ്ടാവണം.
50. മേൽപ്പറഞ്ഞ ആനുകൂല്യങ്ങൾ ഒറ്റപ്പെട്ടു താമസിക്കുന്ന പട്ടികജാതിയിൽ പെട്ട കുടുംബങ്ങൾക്കും, പട്ടികവർഗ്ഗത്തിൽ പെട്ടവർക്കും ലഭിക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തണം.



# വിഭവസമാഹരണം

## 5.12

വിഭവങ്ങളുടെ ലഭ്യതയെ അടിസ്ഥാനമാക്കിയാണ് വികസന പ്രവർത്തനങ്ങൾ നടക്കുന്നത്. വിഭവങ്ങളുടെ പരിമിതി വികസനത്തെ സാരമായി ബാധിക്കുന്നു. സമാഹരിക്കത്തക്ക വിഭവങ്ങൾ കണ്ടറിഞ്ഞ് വേണ്ടും വിധത്തിൽ വികസന പ്രവർത്തനങ്ങൾക്ക് വിതരണം നടത്തുകയെന്നത് ശ്രദ്ധേയമായ ഒരു പ്രക്രിയയാണ്. ഒരു പ്രദേശത്തെ വികസന പ്രക്രിയയ്ക്കു വേണ്ടി അവിടനിന്നു തന്നെ സമാഹരിക്കത്തക്ക വിഭവങ്ങൾ കണ്ടെത്തുകയും, മറ്റു വഴികളിൽകൂടി ലഭിക്കുന്ന വിഭവങ്ങളുമായി കൂട്ടിയിണക്കുകയും ചെയ്യേണ്ടിയിരിക്കുന്നു.

പ്രകൃതിവിഭവങ്ങൾ, മാനവശേഷി, നികുതി, വാടക, സമ്പാദ്യങ്ങൾ മുതലായവയാണ് വള്ളിക്കോടു പഞ്ചായത്തിലെ പ്രധാന വിഭവങ്ങൾ. കാർഷിക, വ്യാവസായിക മേഖലയുടെ പുരോഗതി അനിവാര്യമായിരിക്കുന്ന ഒരു സാമ്പത്തിക പശ്ചാത്തലമാണ് ഈ പഞ്ചായത്തിനുള്ളത്. ഈ ഗ്രാമപ്രദേശം പരാധീനതകൾ വളരെ അനുഭവിക്കുന്നു. ശാസ്ത്രീയമായ വിഭവസമാഹരണം നടത്തുകയും ആ വിഭവത്തെ പരമാവധി പ്രയോജനപ്പെടുത്തുകയും ചെയ്യുക എന്ന പ്രക്രിയയാണിനി ആവശ്യമായിട്ടുള്ളത്.

### ഗ്രാമപഞ്ചായത്തിൻെറ വരുമാനവും ചെലവും

കെട്ടിടനികുതി, തൊഴിൽനികുതി, വിനോദനികുതി, ലേലതുക, ലൈസൻസ് ഫീസ്, ഗ്രാൻറുകൾ, സർക്കാരിൽ നിന്നു ലഭിക്കുന്ന ഫണ്ട്. (JRY, അൺടൈഡ്) എന്നിവയാണ് പഞ്ചായത്തിൻെറ പ്രധാന വരുമാന മാർഗ്ഗങ്ങൾ

### ഗ്രാമപഞ്ചായത്തിൻെറ ചെലവ്

എസ്റ്റാബ്ലിഷ്മെൻറ്, പൊതുമരാമത്ത്, മറ്റു വികസനചെലവുകൾ എന്നീ മേഖലകളിലായിട്ടാണ് പ്രധാന ചെലവ്.

പൊതുമരാമത്ത് പ്രവർത്തനങ്ങൾക്കും ഭരണ ചെലവിനുമാണ് കൂടുതൽ തുക ചെലവിടുന്നത്. മറ്റു മേഖലകളിൽ ചെലവ് പരിമിതമാണ്. പൊതുമരാമത്ത് പണികൾ ലേലം ചെയ്തു കൊണ്ടോ നോമിനി വഴിയോ നടത്തുന്നതാണ്.

പ്രത്യക്ഷ ഉത്പാദന മേഖലയിൽ പഞ്ചായത്തിൽ സമീപകാലത്ത് കാര്യമായ പ്രവൃത്തികൾ ഒന്നും തന്നെ നടന്നിട്ടില്ല.

മൊത്തം വരുമാനത്തിൽ തനതു വരുമാനം കൂടുന്നതായി മനസ്സിലാക്കാം. തനതു വരുമാനത്തിൽ, കെട്ടിടനികുതി, തൊഴിൽ നികുതി എന്നിവയിൽ കാതലായ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. ടിക്കറ്റുനിരക്ക് കാലാകാലങ്ങളിൽ വർദ്ധിപ്പിക്കുന്നുണ്ടെങ്കിലും ആനുപാതികമായി വിനോദനികുതിയിനത്തിലുള്ള വരവ് വർദ്ധിച്ചുകാണുന്നില്ല. നികുതി സാധ്യതയ്ക്കനുസരിച്ച് വരുമാനം വർദ്ധിച്ചിട്ടില്ലെന്നും പറയേണ്ടിയിരിക്കുന്നു. നികുതിയേതര വരുമാനം വർദ്ധിച്ചിട്ടുള്ളതായി കാണുന്നില്ല.

## വള്ളിക്കോട് ഗ്രാമപഞ്ചായച്ചു വരവ് സ്റ്റേറ്റ്മെൻറ് 1991 - 92 to 95 - 96

| | 91 - 92 | 92 - 93 | 93 - 94 | 94 - 95 | 95 - 96 |
|---|---|---|---|---|---|
| കെട്ടിടനികുതി | 162371-21 | 176226-00 | 258836-25 | 26059-00 | 274034-50 |
| സർവ്വീസ് നികുതി | 22629-74 | 24872-95 | 36445-75 | 36997-00 | 38293-50 |
| തൊഴിൽ നികുതി | 68235-00 | 71575-00 | 88069-00 | 107255-00 | 133495-00 |
| D & O Liecnce Fee | 6335-00 | 6190-00 | 9389-00 | 8859-00 | 9776-00 |
| PFA | 1704-00 | 1648-00 | 1602-00 | 1577-00 | 1947-00 |
| സ്റ്റാൾ വാടക | 24266-00 | 19950-00 | 31696-00 | 33565-00 | 34669-00 |
| ചന്തലേലം | 7605-00 | 5000-00 | 8000-00 | 8025-00 | 3650-00 |
| ഇറച്ചിസ്റ്റാൾ | 41748-00 | 26700-00 | 16260-00 | 16975-00 | 7832-00 |
| വിനോദനികുതി | 6710-00 | 12057-00 | 9929-00 | 8436-00 | 8592-00 |
| അധികവിനോദനികുതി | 4042-50 | 7306-00 | 5992-00 | 5104-00 | 5198-60 |
| അടിസ്ഥാനനികുതി | 12893-00 | - | - | 17600-00 | - |
| MI ഗ്രാൻറ് | 10970-00 | 10970-00 | 10970-00 | 10970-00 | 10970-00 |
| VRM ഗ്രാൻറ് | 21159-00 | 20507-00 | 21017-00 | 20859-00 | 20581-00 |
| VTC | 4526-00 | 8955-00 | - | - | 102742-00 |
| ഉപാധിരഹിതഫണ്ട് | 150000-00 | 164986-00 | 191000-00 | 265500-00 | 275000-00 |
| 75% Duty | 92992-00 | 171580-00 | 13334-00 | 212020-00 | 275000-00 |
| വെള്ളപ്പൊക്കദുരിതാശ്വാസം | - | 100000-00 | 130200-00 | - | - |
| മണൽലേലം | - | - | 276001-00 | 111000-00 | - |
| മറ്റുവരുമാനം | 188883-80 | 36888-15 | 238180-00 | 286599-60 | 81678-60 |
| TOTAL | 8,27028-25 | 865411-10 | 1340929-00 | 1176900-60 | 1232901-70 |

## പഞ്ചായത്തിൻെറ ചെലവ് (5 വർഷങ്ങൾ) പട്ടിക II

| ക്രമ നമ്പർ | ഇനം | 1991-92 | 1992-93 | 1993-94 | 1994-95 | 1995-96 |
|---|---|---|---|---|---|---|
| 1 | ഭരണം | 365570.55 | 887962.60 | 325949.00 | 225400.00 | 396063.00 |
| 2 | പൊതുമരാമത്ത് | 377425.00 | 195607.00 | 480486.00 | 289698.00 | 486154.00 |
| 3 | വിദ്യാഭ്യാസം | 11790-00 | 4750.00 | 1117.00 | 11430.00 | 11917.25 |
| 4 | പൊതുജനാരോഗ്യം | 1065 | - | 12425.00 | 3550 | 87798.00 |
| 5 | ജലവിതരണം | - | - | - | - | - |
| 6 | തെരുവ് വിളക്കുകൾ | 85073.15 | 92678.00 | 97983.00 | 98647.00 | 13730.00 |
| 7 | മറ്റുള്ളവ | 192076.50 | 156252.50 | 186625.00 | 66199.00 | 171857.00 |
| | ആകെ | 1033000.20 | 1336650.10 | 114585.00 | 694924.00 | 1088519.20 |

പഞ്ചായത്തിന് ഇതുവരെയുണ്ടായിരുന്ന ധനകാര്യ അവകാശങ്ങളുടെ പരിമിതി സാമ്പത്തിക കാര്യങ്ങളിൽ പ്രകടമായി കാണാവുന്നതാണ്. ധനകാര്യ അവകാശങ്ങളിലും, ചട്ടങ്ങളിലും ഭേദഗതി ഉണ്ടാകുമെന്നതിനാൽ പൊതുവിലുള്ള വരവു ചെലവ് ഇനങ്ങളിൽ കാതലായ മാറ്റം പ്രതീക്ഷിക്കുന്നു.

### വിദേശപ്പണം

ഗൾഫ് കുടിയേറ്റത്തിൻെറ സ്വാധീനം വളരെ പ്രകടമായിട്ടുള്ള ഒരു പഞ്ചായത്താണിത്. ആയിരത്തിലധികം പേർ വിദേശരാജ്യങ്ങളിൽ ജോലി നോക്കുന്നുണ്ട്. കേരളത്തിനു പുറത്ത് ഇൻഡ്യയിലെ മറ്റു സംസ്ഥാനങ്ങളിലായി ആയിരത്തിലധികം പേരും ജോലി നോക്കുന്നുണ്ട്. ഗൾഫ് രാജ്യങ്ങളിലാണ് കൂടുതൽ പേരും വിദേശത്തുള്ളത്. 1980 നു ശേഷമാണ് ഗൾഫ് മേഖലയിലേക്കുള്ള ജോലി തേടിപ്പോകൽ കുടുതലായി തുടങ്ങിയത്. ഗൾഫിൽ നിന്നും മടങ്ങി വന്നവർ 200ൽ ത്താഴെ മാത്രമേ ഉള്ളൂ. ഗൾഫ് വരുമാനത്തിൻെറ പ്രധാനപ്രതിഫലനം ഭൂമിയുടെ വിലവർദ്ധനവും, കെട്ടിടനിർമ്മാണ സാമിഗ്രികളുടെ അപര്യാപ്തതയും ഉണ്ടാക്കിയതാണ്. തൊഴിൽ മേഖലയിൽ പ്രകടമായ വ്യതിയാനം ഉണ്ടായി. കെട്ടിടങ്ങളുടെ ആവശ്യം കർഷകത്തൊഴിലാളികളെയും മറ്റും കെട്ടിടനിർമ്മാണ രംഗത്തേക്കാകർഷിച്ചു.

കാർഷികവ്യാവസായികമേഖലയിൽ ഗൾഫിൽ നിന്നു വരുന്ന പണത്തിനെ പ്രയോജനപ്പെടുത്തുവാൻ കഴിഞ്ഞിട്ടില്ല. ബാങ്കു നിക്ഷേപം വഴി വരുന്ന പണം മറ്റു സംസ്ഥാനങ്ങളിലെ വ്യവസായ സംരംഭങ്ങളിലേക്കും, ഷെയർ ബിസിനസ്സിലേക്കും വഴിമാറി ഒഴുകുന്ന അവസ്ഥയാണുള്ളത്. വിദേശപ്പണത്തിൽനിന്നും നാട്ടിലെ സാമൂഹ്യ സാംസ്കാരിക സാമുദായിക മേഖലയിലെ പൊതുപ്രവർത്തനങ്ങൾക്ക് വേണ്ടവിധത്തിൽ സംഭാവന ലഭിക്കുന്നില്ല. ഗൾഫിൽ പണിയെടുക്കുന്നവരുടെ സമ്പാദ്യങ്ങൾ നാടിൻെറ വികസനത്തെകൂടി ലാക്കാക്കി ക്രമപ്പെടുത്തിയാൽ വലിയ ഒരളവു വരെ സാമ്പത്തിക രംഗം മെച്ചപ്പെടുത്തുവാൻ സാധിക്കും. ഈ സമ്പാദ്യങ്ങൾ കാർഷികവ്യാവസായിക മേഖലയുടെ വികസനത്തിനുതകും വണ്ണം തിരിച്ചുവിടേണ്ടതായിട്ടുണ്ട്. വിദേശ മലയാളികളുടെ പക്കൽനിന്നും നാടിൻെറ വികസനത്തിനാവശ്യമായ രീതിയിൽ തുകകൾ സംഭാവനയായി സ്വീകരിച്ച് പൊതുജനക്ഷേമത്തെ മുൻനിർത്തിക്കൊണ്ടുള്ള പ്രവർത്തനങ്ങൾ ചെയ്യാവുന്നതാണ്. ശരിയായ കണക്കും മോണിട്ടറിംഗ് സംവിധാനവും ആവശ്യമായ ഒരു പദ്ധതിയാണിത്.

### സന്നദ്ധപ്രവർത്തനം

വികസനപ്രക്രിയയിൽ സന്നദ്ധപ്രവർത്തനങ്ങൾ വളരെ

വിരളമായേ നടക്കുന്നുള്ളൂ. എല്ലാം ഭരണകൂടത്തിൻെറ ചുമതലയാണെന്ന തെറ്റായ ധാരണ ജനങ്ങളിൽ അറിഞ്ഞോ അറിയാതെയോ ഉണ്ടായിട്ടുണ്ട്. കഴിഞ്ഞ ദശകങ്ങളിൽ കാര്യമായ ഒരു സന്നദ്ധപ്രവർത്തനങ്ങളും പഞ്ചായത്തിൽ നടന്നിട്ടില്ല എന്നുതന്നെ പറയാം. ജനങ്ങളെ ബോധവൽക്കരണത്തിലൂടെ സന്നദ്ധപ്രവർത്തനങ്ങളുടെ നേട്ടത്തെക്കുറിച്ച് അറിയിക്കുന്നതിനുള്ള സംവിധാനമില്ലായ്മ, അമിതമായ രാഷ്ട്രീയ ഇടപെടലുകൾ, പരസ്പരധാരണയില്ലായ്മ, ഉത്സാഹക്കുറവ്, പ്രേരകശക്തിയില്ലായ്ക ഇവയെല്ലാം ഇതിനുകാരണങ്ങളായി പറയാവുന്നതാണ്.

സന്നദ്ധസംഘടനകൾ ഉണ്ടെങ്കിലും സാമൂഹ്യപ്രവർത്തനരംഗത്ത് അവരുടെ സേവനം വിരളമായേ ലഭിക്കുന്നുള്ളൂ. അസംതൃപ്തമായ ഒരു സാമൂഹ്യ ജീവിതരീതി വളർന്നുവരുന്നതും, ജനങ്ങളുടെ അന്ധമായ രാഷ്ട്രീയാഭിമുഖ്യവും തടഞ്ഞെങ്കിലേ സന്നദ്ധപ്രവർത്തനങ്ങൾ കാര്യക്ഷമമാകയുള്ളൂ.

## മനുഷ്യവിഭവം

നല്ല ആരോഗ്യമുള്ള ഒരു ജനതയാണ് ഈ പഞ്ചായത്തിലെ ഏറ്റവും വലിയ വിഭവം. കാർഷികമേഖല, വ്യാവസായിക മേഖല, ബൗദ്ധികമേഖല തുടങ്ങിയ രംഗങ്ങളിൽ ജോലി ചെയ്യുന്നതിനാവശ്യമായ ശേഷിയുള്ള ജനസമൂഹമാണിവിടുള്ളത്.

അഭ്യസ്ത വിദ്യരായ യുവതീയുവാക്കൾ, സാങ്കേതിക പരിജ്ഞാനമുള്ളവർ, തൊഴിലില്ലാതെ ഭവനങ്ങളിൽ കഴിഞ്ഞുകൂടുന്ന വനിതകൾ, സേവനസന്നദ്ധരായ ജോലിയിൽ നിന്നു വിരമിച്ചവർ ഇവരുടെയെല്ലാം കർമ്മശേഷി വേണ്ട വിധത്തിൽ പ്രയോജനപ്പെടുത്തിയാൽ കാർഷിക, വ്യാവസായിക, സാമൂഹ്യ, സാംസ്കാരിക രംഗത്ത് ഒരു വിപ്ലവാത്മകമായ പരിവർത്തനത്തിന് സാദ്ധ്യതയുണ്ട്.

വനിതകളുടെ കായികശേഷി ഏറ്റവും കൂടുതൽ പ്രയോജനപ്പെടുത്തത്തക്ക സംരംഭങ്ങൾക്ക് മുൻതൂക്കം കൊടുക്കേണ്ടത് അനിവാര്യമായിരിക്കുന്നു.

വൈദ്യുതിമേഖലയിലെ പ്രതിസന്ധി വ്യാവസായിക രംഗത്ത് വളരെയധികംപ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. വൈദ്യുതി കണക്ഷൻ കിട്ടുന്നതിനുള്ള കാലതാമസവും, കിട്ടിയാൽതന്നെ അടിക്കടി നടപ്പാക്കുന്ന ലോഡ് ഷെഡിങ്ങും വ്യവസായ സംരഭത്തെ തളർത്തുന്നു. വൈദ്യുതി പ്രശ്നം പരിഹരിക്കാതെ വ്യവസായ രംഗത്തുനിന്ന് വിഭവ സമാഹരണം എളുപ്പമല്ല.

കാർഷികരംഗവും ഇന്ന് മുരടിച്ചു വരുന്ന പരിതസ്ഥിതിയാണ്. കൃഷിയിടങ്ങൾ താമസപ്പറമ്പുകളായും, മറ്റാവശ്യങ്ങൾക്കായും രൂപഭേദം വരുത്തുന്ന പ്രവണത നിലനിൽക്കുന്നു. പരിസ്ഥിതി പ്രശ്നങ്ങളും ഒരു പരിധിവരെ കാർഷിക മേഖലയെ പിന്നോക്കം കൊണ്ടുപോകുന്നു. കാർഷിക മേഖലയുമായി ബന്ധപ്പെട്ട തൊഴിൽ പ്രശ്നങ്ങൾ ഈ മേഖലയെ തളർത്തുന്നു. മുൻപറഞ്ഞ കാരണങ്ങൾ ഉൽപാദനക്ഷമതയെ സാരമായി ബാധിക്കുന്നു.

മനുഷ്യവിഭവ ശേഷി കാർഷിക മേഖലയിലും വ്യാവസായിക മേഖലയിലും വേണ്ടവണ്ണം വിനിയോഗിക്കുവാൻ സാധിച്ചാൽ ഉൽപാദനരംഗത്ത് ക്രമാനുഗതമായ വളർച്ച നേടിയെടുക്കുവാൻ കഴിയും. ഈ രണ്ടു മണ്ഡലങ്ങളിലും ഫലപ്രദമായ മാറ്റങ്ങൾ വരുത്തുന്നതിനാവശ്യമായ നടപടികൾ അനിവാര്യമായിരിക്കുന്നു.

## പ്രശ്നങ്ങൾ

1. പഞ്ചായത്തിൻെറ വരുമാന സാദ്ധ്യതകൾ പൂർണ്ണമായി ഉപയോഗപ്പെടുത്തായ്മ
2. ഭരണച്ചെലവിലെ വർദ്ധനവ്
3. കോൺട്രാക്ടർമാരും മറ്റിടത്തട്ടുകാരും തട്ടിയെക്കുന്ന അമിതലാഭം
4. ധനകാര്യസ്ഥാപനങ്ങളിൽ നിന്ന് വായ്പ ലഭിക്കുന്നതിനുള്ള തടസ്സങ്ങൾ
5. പ്രാദേശിക ആവശ്യങ്ങൾക്കനുസരിച്ച് സ്കീമുകൾ തയ്യാറാക്കുന്നതിലുള്ള അസൗകര്യങ്ങൾ
6. വായ്പകളുടെ ലക്ഷ്യം വിട്ടുള്ള ഉപയോഗം
7. സംഭാവനകളുടേയും, മറ്റും അടിസ്ഥാനത്തിലുണ്ടാകുന്ന പൊതുഫണ്ടുകളുടെ ദുർവിനിയോഗം
8. സന്നദ്ധപ്രവർത്തനങ്ങളിലെ താല്പര്യക്കുറവ്
9. മനുഷ്യവിഭവം, പ്രകൃതിവിഭവം മുതലായവ വേണ്ട വിധത്തിൽ പ്രയോജനപ്പെടുത്താഴിക
10. സുതാര്യതക്കുറവ്

## പരിഹാരമാർഗ്ഗങ്ങൾ

1. നികുതിപിരിവ് കുറഞ്ഞുവരുന്ന മേഖലകളിൽ ചോർച്ച കണ്ടെത്തി പരിഹരിക്കണം.
2. ഭരണച്ചെലവ് കുറയ്ക്കണം.
3. യുവജനസംഘടനളുമായി ബന്ധപ്പെട്ട് അവരുടെ അദ്ധ്വാനവും സേവനവും ലഭ്യമാക്കണം.
4. നിധികൾ സ്വരൂപിയ്ക്കൽ.
5. പഞ്ചായത്തിന് ഒരു ക്രെഡിറ്റ് പ്ലാൻ തയ്യാറാക്കൽ.
6. സഹായപദ്ധതികൾ ഫലപ്രദമായി ഉപയോഗപ്പെടുത്തൽ
7. പഞ്ചായത്ത് നിയമം നൽകുന്ന പുതിയ നികുതിയധികാരങ്ങൾ ഉപയോഗപ്പെടുത്തൽ

8. വനിതകളെ കൂടുതൽ സന്നദ്ധപ്രവർത്തനങ്ങളുമായി ബന്ധപ്പെടുത്തൽ
9. രജിസ്റ്റർ ചെയ്ത വികസനസമിതികൾ രൂപീകരിച്ചുള്ള പദ്ധതി നടപ്പാക്കൽ
10. സുതാര്യത വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിയ്ക്കൽ.

### വിഭവസമാഹരണം - കൂടുതൽ വരുമാനം കണ്ടെത്തുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ

1. വീട്ടുകരം പുനഃസംവിധാനം ചെയ്യണം. വീടിന്റെ നിർമ്മാണത്തിനും, അലങ്കാരത്തിനും വരുന്ന ചെലവുകണക്കാക്കി നികുതി നിർണ്ണയിക്കയും, അത് സത്യസന്ധമാണ് എന്നുറപ്പുവരുത്താൻ ഒരു സൂപ്പർ ചെക്ക് കമ്മറ്റിയേ നിയമിക്കയും വേണം.
2. കച്ചവടക്കാർക്കുള്ള ലൈസൻസ്ഫീസ് ശാസ്ത്രീയമായി പരിഷ്ക്കരിക്കണം.
3. നായ്ക്കളെ വളർത്തുന്നതിന് ലൈസൻസ് ഫീസ് ഏർപ്പെടുത്തണം.
4. പാറപൊട്ടിക്കാനുള്ള അവകാശം റവന്യൂ വകുപ്പിൽ നിന്നും പഞ്ചായത്തിന് കൈമാറണം. പഞ്ചായത്തിന് പാറപൊട്ടിക്കലിൽ നിന്നും നല്ല വരുമാനം കിട്ടിക്കൊണ്ടിരുന്നു. എന്നാൽ റവന്യൂവകുപ്പിന് ലൈസൻസിങ്ങ് അധികാരം നല്കിയതോടെ ഈ വരുമാനം പഞ്ചായത്തിനു കിട്ടുന്നില്ല. എന്നു മാത്രമല്ലാ സർക്കാരിന് ഭീമമായ നഷ്ടം വരുത്തുകയും ഗുണഭോക്താവിന് ലാഭം ഇല്ലാതാക്കുകയും ചെയ്യുന്നു. അതിനാൽ പാറപൊട്ടിക്കലിനുള്ള അവകാശം കൊടുക്കാനുള്ള അധികാരം പഞ്ചായത്തിനു കൈമാറണം.
5. പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന ആറ്റുമണൽ വ്യവസ്ഥകൾക്കു വിധേയമായി ലേലം ചെയ്തു കൊടുക്കണം
6. കേബിൾ TV യുള്ള വീടുകളിൽ നിന്നും വിനോദ നികുതി ഏർപ്പെടുത്തണം
7. ഒരേക്കറിൽ കൂടുതൽ റബ്ബർതോട്ടമുള്ളവരിൽ നിന്ന് നികുതി ഈടാക്കണം.
8. 3ൽ അധികം പേർ ജോലിചെയ്യുന്ന തൊഴിൽ ശാലകൾ, കച്ചവടസ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്ന് തൊഴിൽക്കരം ഈടാക്കണം.
9. പൊതുസ്ഥലങ്ങളിലും, ചന്തകളിലും സ്റ്റാളുകൾ നിർമ്മിച്ച് വാടകയ്ക്കു കൊടുക്കണം
10. പരസ്യങ്ങൾക്കും, പരസ്യബോർഡുകൾക്കും നികുതി ഏർപ്പെടുത്തണം
11. നേഴ്സറികൾക്ക് (റബ്ബർ, തെങ്ങ്) ലൈസൻസ് ഏർപ്പെടുത്തണം
12. 5 ഏക്കറിൽ കൂടുതൽ ഭൂമി കൈവശമുള്ളവരിൽ നിന്നും പ്രത്യേക നികുതി ഏർപ്പെടുത്തണം
13. മത്സ്യബന്ധനത്തിന് ലൈസൻസ് ഏർപ്പെടുത്തണം
14. ഗൾഫ് മേഖലയിൽ ജോലി ചെയ്യുന്നവരിൽ നിന്നും കൂടുതൽ സംഭാവന സ്വീകരിക്കണം.
15. നികുതി ചോർച്ച കർശനമായി തടയണം.

### സാദ്ധ്യതകൾ

1. തരിശു കിടക്കുന്ന പൊതുസ്ഥലങ്ങളിൽ പച്ചക്കറികൃഷി ചെയ്യുക.
2. പഞ്ചായത്തുവക സ്ഥലങ്ങളിൽ കെട്ടിടങ്ങൾ പണിത് വാടകയ്ക്കു നൽകുക
3. പഞ്ചായത്ത് വകയായി ചന്തകൾ തുടങ്ങുക അവിടെ സ്റ്റാളുകൾ പണിത്, വാടകയ്ക്ക് കൊടുക്കുക
4. വാണിജ്യബാങ്ക് ശാഖ തുടങ്ങുക
5. വാണിജ്യബാങ്കുകളിൽ നിന്നും, സഹകരണബാങ്കുകളിൽ നിന്നും കുറഞ്ഞ പലിശനിരക്കിൽ പ്രവർത്തന മൂലധനം സംഭരിക്കുക.

### ആവശ്യങ്ങൾ

1. പഞ്ചായത്തിൽ ഒരു ട്രഷറിയും, സബ് രജിസ്ട്രാർ ആഫീസും അനുവദിക്കുക
2. വിദ്യാഭ്യാസസ്ഥാപനങ്ങളിൽ കുട്ടികൾക്കായി ഇൻഷുറൻസ് ഏർപ്പെടുത്തണം
3. പഞ്ചായത്ത് ഫണ്ടുകൾ മാറിക്കിട്ടുന്നതിനുള്ള കാലതാമസം ഒഴിവാക്കുക
4. വസ്തുവിന്റെ ക്രയവിക്രയങ്ങൾ പഞ്ചായത്ത് അറിഞ്ഞ് നടത്തുവാൻ കഴിയണം
5. നിർമ്മാണപ്രവർത്തനങ്ങൾ യുവസംഘടനകൾക്കു നൽകണം
6. അനധികൃതമായി റോഡരികിൽ ഇടുന്ന കല്ലും മണ്ണും പഞ്ചായത്ത് കണ്ടുകെട്ടുക
7. വൈദ്യുതി ചാർജ്ജിൽ നിന്ന് പഞ്ചായത്തിനെ ഒഴിവാക്കണം
8. നികുതി പിരിവിന് വ്യക്തമായ മാനദണ്ഡം ഏർപ്പെടുത്തണം
9. ഇന്ദിരാവികാസ് പത്രയിൽ നിക്ഷേപിക്കുന്ന തുകയുടെ 50% പഞ്ചായത്ത് വികസനത്തിന് പ്രയോജ

നപ്പെടുത്തക്ക വണ്ണം നിയമഭേദഗതി ഉണ്ടാവണം

10. മനുഷ്യാധ്വാനത്തിലൂടെ സൗജന്യമായി പദ്ധതികൾ നടപ്പാക്കുക
11. ധനകാര്യസ്ഥാപനങ്ങളുടെ സേവനം ലഭിക്കാത്തിടത്ത് ലഭ്യമാക്കുന്നതരത്തിൽ സ്ഥാപനം ആരംഭിക്കണം.
12. ഭരണച്ചെലവ് കുറയ്ക്കുകയും, നടപ്പിൽ വരുത്തുന്ന പദ്ധതികൾ പരമാവധി പ്രയോജനം കിട്ടുന്നു എന്നുറപ്പുവരുത്തുകയും ചെയ്യുക.

## ധനകാര്യസ്ഥാപനങ്ങൾ

രണ്ട് സർവ്വീസ് സഹകരണബാങ്കുകൾ, മൂന്ന് വാണിജ്യ ബാങ്കുകൾ, ചിട്ടി സ്ഥാപനങ്ങൾ എന്നിവയാണ് പ്രധാന ധനകാര്യസ്ഥാപനങ്ങൾ ഗൾഫ് രാജ്യങ്ങളിൽ നിന്ന് ഒഴുകിയെത്തുന്ന പണം വേണ്ടവിധത്തിൽ പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് പ്രയോജനപ്പെടുത്തേണ്ടിയിരിക്കുന്നു.

> യഥാർത്ഥതിന്മ അലസതയാണ്
> നമ്മുടെ ദാരിദ്ര്യത്തിന്റെ പ്രധാന ഹേതു അതാകുന്നു.
>
> —സ്വാമി വിവേകാനന്ദൻ

# നന്ദിയോടെ.......

ഒരു പുത്തൻ വികസന സംസ്കാരത്തിനു രൂപം കൊടുത്തുകൊണ്ടുള്ള ജനകീയാസൂത്രണ പ്രക്രിയയുടെ എളിയ പങ്കാളിയാകുവാൻ അവസരം ലഭിച്ചതിൽ അതിയായ സന്തോഷമുണ്ട്. ഗ്രാമീണവികസനം ഔദ്യോഗിക മസ്തിഷ്കത്തിൽ രൂപപ്പെട്ട് സാധാരണക്കാരുടെ പേരിൽ ജനങ്ങളേ അടിച്ചേല്പിക്കുന്ന വികലമായ സങ്കല്പത്തിന് കേരളം അവധികൊടുത്തിരിക്കുന്നു. ജനങ്ങൾക്കുവേണ്ടി ജനങ്ങൾ ആസൂത്രണം ചെയ്ത് ജനപങ്കാളിത്തത്തോടെ നടപ്പാക്കുന്ന പരിപാടിയാണ് ജനകീയാസൂത്രണം. 73-ാം ഭരണഘടനാഭേദഗതിയിലൂടെ അധികാര വികേന്ദ്രീകരണം ഭാരതം അംഗീകരിച്ചിരിക്കുന്ന സാഹചര്യത്തിൽ, എല്ലാക്കാലവും ഗുണകരമായ മാറ്റങ്ങൾക്ക് നാന്ദി കുറിക്കുന്ന കേരളത്തിലെ സർക്കാരും, ആസൂത്രണ ബോർഡും ചേർന്നു രൂപം കൊടുത്ത മുദ്രാവാക്യമാണ്"അധികാരം ജനങ്ങളിലേക്ക്" ഗ്രാമങ്ങളിൽ ജീവിക്കുന്ന ഭാരതത്തിന്റെ ഭാഗധേയം നിർണ്ണയിക്കുന്നത് ഗ്രാമവാസികളുടെ അധികാരമാണ് എന്ന് ആദ്യം അംഗീകരിച്ചത് കേരള സർക്കാരാണ്. കഴിഞ്ഞുപോയ പഞ്ചവത്സരപദ്ധതികൾ ഒക്കെ ദേശീയ തലത്തിൽ ഒരേ അച്ചിൽ രൂപപ്പെടുത്തിയവയായതിനാൽ വിവിധ ജനവിഭാഗത്തിന് ഒരുപോലെ ഗുണകരമായി എന്നുവരില്ല. അതിനാൽ ഗുണഭോക്താക്കൾ തന്നെ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് നിർവ്വഹണ പ്രക്രിയയ്ക്ക് നേതൃത്വം കൊടുക്കുകയാണ് ഇനി ചെയ്യുന്നത്. വള്ളിക്കോടു പഞ്ചായത്തിൽ ചേർന്ന ഗ്രാമസഭയിൽ ഉന്നയിക്കപ്പെട്ട ആവശ്യങ്ങളും നിർദ്ദേശങ്ങളും പരമാവധി ഉൾപ്പെടുത്താൻ ശ്രമിച്ചിട്ടുണ്ട്. വിശാലമായ പഞ്ചായത്തിന്റെ പൂർവ്വകാല ചരിത്രത്തിലേക്കു ഒരു തിരനോട്ടം നടത്തുവാനും ശ്രമിച്ചിട്ടുണ്ട്. ദ്വിതീയ വിവര ശേഖരണത്തിലും ചർച്ചയിലും കൂടി ചുരുളഴിഞ്ഞ ചരിത്ര സത്യങ്ങൾ ചേർത്തിട്ടുള്ളതിലേറെ ചേർക്കാൻ കഴിയാതെ പോയിട്ടുണ്ട്. സ്ഥലപരിമിതികൊണ്ട് കലാസാംസ്കാരിക കായിക രംഗങ്ങളിലുള്ള ഒട്ടനേകം വസ്തുതകൾ വിട്ടുകളയേണ്ടതായി വന്നു. മനപൂർവ്വമല്ല.

പഞ്ചായത്തിന്റെ വിരിമാറിലൂടെ തലങ്ങും വിലങ്ങും സഞ്ചരിച്ച് ശേഖരിച്ച സാമൂഹ്യ സാമ്പത്തിക സാംസ്കാരിക അറിവുകളും ഭൂമിശാസ്ത്രപരവും, കാർഷികവും, ജലവിഭവങ്ങളെ സംബന്ധിച്ച് നേരിൽ കണ്ട വിവരങ്ങളും ക്രോഡീകരിച്ചുകൊണ്ട് റിപ്പോർട്ടു നല്കാൻ സമ്മതിച്ചിരുന്നവർ അവരുടെ ജോലി പരമാവധി വസ്തുനിഷ്ഠമായും സത്യസന്ധമായും നിർവ്വഹിച്ചിട്ടുണ്ട്. എങ്കിലും ആ റിപ്പോർട്ടുകളും കുറ്റമറ്റതും സമ്പൂർണ്ണവുമാണ് എന്ന് അവകാശപ്പെടുന്നില്ല. ചോർച്ചയോ അസ്പഷ്ടതയോ ഉണ്ടെങ്കിൽ വികസന സെമിനാറിൽ പരിഹരിക്കാവുന്നതാണ്.

കൃഷിക്കും, വ്യവസായത്തിനും, വനിതാ ക്ഷേമത്തിനും പട്ടികജാതിപട്ടികവർഗ്ഗവികസനത്തിനും, മറ്റുപലതിനേക്കാളും ഊന്നൽ നല്കി. ഈ രംഗത്തുള്ള പുരോഗതി ഉറപ്പുവരുത്താനായി കൂടുതൽ പദ്ധതികൾക്കു രൂപം കൊടുത്തിട്ടുണ്ട്. നിലവിലുള്ള മറ്റു മേഖലകളുടെ പ്രാധാന്യം കുറയ്ക്കുന്നതിനോ അതുവഴി സന്തുലിതത വികസനത്തിന് ഭംഗം വരുത്താനോ ശ്രമിച്ചിട്ടില്ല.

ഈ മഹത്തായ യജ്ഞം വിജയിപ്പിക്കുവാൻ ജനങ്ങൾക്കു നേതൃത്വം നൽകിയ പഞ്ചായത്തു ഭരണസമിതിയുടെ നിസ്വാർത്ഥവും നിസ്സീമവുമായ അധ്വാനം ഈ പഞ്ചായത്തിലെ ജനങ്ങൾക്കു പ്രചോദനമായിട്ടുണ്ട്. അവരുടെ കർമ്മധീരതയിലും, കക്ഷിരാഷ്ട്രീയത്തിനതീതമായ കാഴ്ചപ്പാടിലും ഇന്നാട്ടിലെ ജനസമൂഹത്തിനഭിമാനമുണ്ട്.

ഇന്നാട്ടിലെ വിവിധ ഭാഗങ്ങളിൽ നിന്നും പ്രഗത്ഭരും പ്രശസ്തരുമായ ഏതാനും വ്യക്തികൾ സംസ്ഥാന ജില്ലാതലങ്ങളിലും, പഞ്ചായത്തു തലത്തിലും പരിശീലനം നേടിയിട്ടുണ്ട്. അവർ ഈ പദ്ധതിയുടെ വിജയത്തിനുള്ള മാർഗ്ഗനിർദ്ദേശം നല്കി ജനങ്ങളെ ബോധവൽക്കരിക്കാൻ ശ്രമിച്ചിട്ടുണ്ട്. വികസന രേഖ തയ്യാറാക്കുന്നതിൽ അവർ നല്കിയ സഹകരണവും നിർദ്ദേശവും കുറച്ചൊന്നുമല്ല.

ജില്ലാ, താലൂക്ക് വില്ലേജ് തലങ്ങളിൽ പ്രവർത്തിക്കുന്ന വകുപ്പുദ്യോഗസ്ഥന്മാർ ഈ സംരംഭത്തോടു കാണിച്ച കൂറും ആത്മാർത്ഥതയും ഈ വികസന രേഖ തയ്യാറാക്കുന്നതിൽ അങ്ങേയറ്റം സഹായകമായിട്ടുണ്ട്.

വള്ളിക്കോട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ നേതൃത്വത്തിലുള്ള ആഫീസ് സ്റ്റാഫ് എല്ലാ സമയത്തും ഈ പ്രവർത്തനവുമായി ബന്ധപ്പെടുകയും എല്ലായ്പ്പോഴും സഹകരണം നല്കുകയും ചെയ്തിട്ടുണ്ട്. എന്നു പ്രത്യേകം പറയേണ്ടിയിരിക്കുന്നു.

മൺമറഞ്ഞ ഫ്യൂഡൽ വ്യവസ്ഥിതിയുടേയും ഉദ്യോഗസ്ഥമേധാവിത്വത്തിന്റെയും നീരാളിപ്പിടുത്തത്തിൽ നിന്നും വികസന പ്രക്രിയയേ മോചിപ്പിച്ച്, അധ്വാനിക്കുന്നവന്റേയും ഭാരം ചുമക്കുന്നവന്റേയും കൈകളിലേക്ക് ഏല്പിച്ചു കൊടുത്ത കേരളത്തിലെ ഇന്നത്തെ സർക്കാരിന്റെ വിശാല വീക്ഷണത്തിലും, പുരോഗമനോന്മുഖമായ കാൽവയ്പിലും സംസ്ഥാനത്തെ മുഴുവൻ ജനങ്ങളും സന്തോഷിക്കുന്നു എന്ന വസ്തുത, ഈ പദ്ധതിക്കുള്ള ബഹുജനപങ്കാളിത്തത്തിൽ നിന്നും മനസ്സിലാക്കാം. ജനങ്ങൾ ജനങ്ങൾക്കു നേതൃത്വം കൊടുക്കുന്ന ജനങ്ങളുടെ പരിപാടിയുടെ നിർണായ.. പങ്കു വഹിക്കാൻ ഞങ്ങൾക്കവസരം നല്കിയ ഇന്നാട്ടിലെ ജനങ്ങളോടും പഞ്ചായത്തു ഭരണസമതിയോടുമുള്ള നിസ്സീമമായ നന്ദിയോടെയാണ് ഈ വികസനരേഖ ബഹുജന ഹസ്തങ്ങളിലേക്ക് സമർപ്പിക്കുന്നത്.

എഡിറ്റോറിയൽ ബോർഡ് അംഗങ്ങൾക്കുവേണ്ടി

എം.കെ. രാഘവൻ
ചീഫ് എഡിറ്റർ


പത്തനംതിട്ട